www.malankaralibrary.com

# ക്രിസ്തീയ കുടുംബ ഡയറി

ഫാ. ഗീവർഗീസ് കമുകുംപള്ളി



www.malankaralibrary.com

GEORGE VARGHESE

# ക്രിസ്തീയ കുടുംബ ഡയറി

ഫാ. ഗീവർഗീസ് കമുകുംപള്ളി
ചുട്ടിവെട്ടം, കൂടൽ

വില 75.00

www.malankaralibrary.com



**Christeeya Kudumba Diary**
(Malayalam)

Fr. Geevarghese Kamugumpally
Chuttivattom, Koodal

First Edition : 2000

Type Setting & Cover Designing:
Graphic Zone, Kottayam-1

Printed at:
Catholicate Offset Press, Kottayam-38

Copies: 1000

Published by
K.G. John KamugumPally
South Canara

**Price: Rs. 75.00**

www.malankaralibrary.com



**JOSEPH POWATHIL**
METROPOLITAN ARCHBISHOP
OF CHANGANASSERY

ARCHBISHOP'S HOUSE
CHANGANASSERY - 686 101
KERALA, S. INDIA
Tel. 0481-420040, Fax 422540

പ്രിയ ദിവ്യശ്രീ ഗീവർഗ്ഗീസ് കശ്ശീശ്ശാ,

പ്രായവും അസുഖമൊന്നും വകവയ്ക്കാതെ ഇവിടെ വരികയും നേരിട്ടു ജീവചരിത്രം എത്തിക്കയും ചെയ്തതിന് നന്ദി പറയുന്നു. അച്ചനെ കാണാൻ കഴിഞ്ഞതിൽ സന്തോഷമുണ്ട്. അച്ചന്റെ ചുറുചുറുക്കും തീക്ഷണതയും ഞാൻ ശ്രദ്ധിച്ചു.

വളരെ അറിവുകൾ നല്കുന്ന ഒരു പുസ്കമാണിത്.

തിരിച്ചുള്ള യാത്ര സുഖകരമായിരുന്നോ? എല്ലാ ആശംസകളും നേരുന്നു. ഇനിയും ഈ വഴി കടക്കുമ്പോൾ ഇവിടെ വരുമെന്നു കരുതട്ടെ.

ഈശോയിൽ സ്നേഹത്തോടെ

**ആർച്ച് ബിഷപ്പ് ജോസഫ് പവ്വത്തിൽ**

www.malankaralibrary.com



"Caritas Numquam Excidit"

*Fr. Mathew Vazhappilleth* M. Th.
(Vicar)

Malankara Catholic Church
Lourdgiri
Thattayil P.O., Adoor 691523
Kerala, India.
Phone : 0473-428197

# ആശംസ

ഒരു നൂറ്റാണ്ടുകാലത്തോളം നിറഞ്ഞുനില്ക്കുന്ന ധന്യമായ ജീവിതത്തിന്റെ ഉടമയായ ദിവ്യശ്രീ. ചുട്ടിവട്ടത്തച്ചന്റെ 'ക്രിസ്തീയ കുടുംബ ഡയറി' എന്ന പുസ്തകം മലങ്കരസഭാ വിശ്വാസികൾക്ക് ഒരു അനുഗ്രഹമാണ് എന്ന് പറയുന്നതിൽ സന്തോഷമുണ്ട്. ദൈവസ്നേഹത്തിൽ ജ്വലിച്ചെരിയുന്ന ആ ജീവിതത്തിന്റെ സായാഹ്നവേളയിലും എന്തെങ്കിലുമൊക്കെ നന്മ ചെയ്തുകൊണ്ടിരിക്കണമെന്ന നിർബന്ധത്തിൽ നിന്നും ഉരുത്തിരിഞ്ഞതാണ് ഈ കൃതി. കാഴ്ച മങ്ങി, കേൾവി മന്ദീഭവിച്ച് കൈകൾക്കു വിറയൽ അനുഭവപ്പെടുന്ന ഈ തൊണ്ണൂറ്റി അഞ്ചിന്റെ വന്ദ്യ ദേഹം മലങ്കരസഭയേയും സഭാ മക്കളെയും എത്രമാത്രം സ്നേഹിക്കുന്നു എന്നതിന്റെ വ്യക്തമായ അടയാളം കൂടിയാണ് ഈ കൃതി. ദൈവാനുഗ്രഹത്തിന്റെ നീർച്ചാലുകൾ അനേകായിരങ്ങളിലേക്ക് സമൃദ്ധമായി ലഭ്യമാക്കാൻ യത്നിച്ച മഹദ് വ്യക്തിത്വത്തിൽ ഒരു പൊൻതൂവൽ കൂടി................ ചേർക്കപ്പെട്ടിരിക്കുന്നു.

ഗ്രന്ഥ കർത്താവിന് ആയുരാരോഗ്യങ്ങൾ നേരുന്നതോടൊപ്പം വിശ്വാസികളുടെ എല്ലാ ഭവനങ്ങളിലും ഈ പുസ്കത്തിന്റെ ഒരു കോപ്പി ഉണ്ടായിരിക്കട്ടെ എന്ന് ആശിക്കുകയും ചെയ്യുന്നു.

www.malankaralibrary.com



# മുഖവുര

യേശു ക്രിസ്തു ജയന്തി 2000 മഹാജൂബിലി വർഷം എങ്ങനെ വ്യത്യസ്തമാക്കണമെന്ന് ചിന്തിച്ചിരിക്കെ ഒരുനാൾ ഒരു ശ്രേഷ്ഠ വൈദിക സഹോദരൻ എന്നെ കാണാൻ വന്നു. അങ്ങ് സ്വസ്ഥനായിരിക്കയല്ലേ. ഉയിർപ്പുപെരുനാൾ മുതൽ സെപ്തംബർ 14 വരെയുള്ള ഞായറാഴ്ച ......നാം ഉപയോഗിക്കുന്ന കൃംത്യാ നമസ്ക്കാരത്തിന്റെ ഒരു വിവരണം തയ്യറാക്കിക്കൂടെ എന്ന് എന്നോടു ചോദിച്ചു. എനിക്കും അതു സന്തോഷകരമായി തോന്നി.

മഹാജൂബിലി വർഷാരംഭത്തിൽ തന്നെ അത് നിവർത്തിക്കാമെന്ന് ആഗ്രഹത്തിൽ ആരംഭിച്ചു എങ്കിലും വേണ്ടവിധം പൂർത്തിയാക്കാൻ സാധിക്കാതെ വന്നു. പെട്ടെന്നുണ്ടായ അസുഖമായിരുന്നു കാരണം. എങ്കിലും കഴിവത് പ്രവർത്തിക്കണമെന്നുള്ള പ്രത്യാശ വിടാതെ സ്വന്തം അനുഭവത്തിൽ നിന്നും മറ്റുള്ളവരിൽ നിന്ന് കടമെടുത്തും ചിന്താവിഷയത്തിനു ഉപകരിക്കത്തക്ക പല കഥകൾ കൂട്ടിചേർത്ത് ഈ കൃതി തയ്യാറാക്കുകയായിരുന്നു.

ഇതിന്റെ മാറ്റർ എഴുതിത്തരാൻ രണ്ടു സ്നേഹിതന്മാരോട് ആവശ്യപ്പെട്ടു എങ്കിലും അവരുടെ സഹകരണം ലഭിക്കാതെ വന്നതിനാൽ സൗത്ത് കാനറായിൽ സ്ഥിരതാമസക്കാരനായ എന്റെ അനുജൻ കെ.ജി.ജോൺ കമുകുംപള്ളിയെ വരുത്തി ഇത് ഏല്പിച്ചു. അദ്ദേഹം എന്റെ ആഗ്രഹം നിറവേറ്റി. സഭാ സണ്ടേ സ്കൂൾ ഇൻസെപ്കടറുമാണ് അനുജൻ .സഹോദരനോടുള്ള നന്ദി ഇവിടെ രേഖപ്പെടുത്തികൊള്ളുന്നു.

ഈ കൃതി അച്ചടിപ്പിച്ച് വിതരണം ചെയ്യണമെന്ന് പല സ്നേഹിതന്മാരും ആവശ്യപ്പെട്ടതനുസരിച്ച്, മലങ്കര കത്തോലിക്കാ സഭയുടെ അടൂർ, തട്ടയിൽ ലൂർദ് ഗിരിപള്ളി വികാരി. വെരി. റവ. ഫാദർ മാത്യു വാഴപ്പിള്ളിയേത്തിനെ ഏല്പിച്ചു. അദ്ദേഹം ജോലിത്തിരക്കുള്ള ഒരാളാണെങ്കിലും എന്റെ അഭ്യർത്ഥന അനുസരിച്ച് വായിച്ചുനോക്കിയശേഷം ചിന്തിക്കുന്നവർക്ക് ഈ കൃതി ഉപകാരപ്രദമാണെന്ന് അഭിപ്രായപ്പെട്ടു. അദ്ദേഹത്തിനോടുള്ള അളവറ്റ സ്നേഹവും നന്ദിയും രേഖപ്പെടുത്തികൊള്ളുന്നു. എന്റെ മകന്റെ ഭാര്യാ സഹോദരനും കോട്ടയം ദേവലോകം കാതോലിക്കേറ്റ് ഓഫ് സെറ്റ് പ്രസ്

www.malankaralibrary.com



മാനേജരുമായ ബഹുമാനപ്പെട്ട ജോൺ ശങ്കരത്തിൽ അച്ചൻ എന്നെ കാണാൻ വന്നപ്പോൾ ഈ കൃതി അച്ചടിപ്പിച്ചു തരുന്നതിനായി ഏല്പിക്കുകയായിരുന്നു. പ്രിയ അച്ചനോടും മറ്റു ജീവനക്കാരോടും ഉള്ള നന്ദിയും പ്രത്യേകം അറിയിക്കട്ടെ.

മലങ്കര കത്തോലിക്കാ സഭ തിരുവനന്തപുരം അതിരൂപതാ സഹായമെത്രാപ്പോലിത്താ നി. വ. ദി. ശ്രീ ജോഷ്വാ മാർ ഇഗ്നാത്യോസ് തിരുമനസ്സ് 51-ാം വയസിലേക്ക് പ്രവേശിക്കുന്ന ഈ കാലയളവിൽ ഗ്രന്ഥം വന്ദ്യപിതാവിന് സമർപ്പിച്ചുകൊള്ളുന്നു.


**ഫാ. ഗീവറുഗ്ഗീസ് കമുകുംപള്ളി**
ചുട്ടിവെട്ടം ഹൗസ്
കൂടൽ, പത്തനംതിട്ട

www.malankaralibrary.com





തിരുവനന്തപുരം ആർച്ച് ബിഷപ്പ് അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് പിതാവും ഗീവറുഗീസ് കമുകുംപള്ളി അച്ചനും



അച്ചന്റെ സഹധർമ്മിണി ശോശാമ്മ ഗീവറുഗീസ്

www.malankaralibrary.com

www.malankaralibrary.com



# ആമുഖം

ചുട്ടിവട്ടത്ത് അച്ചൻ; ശരിക്കുംപറഞ്ഞാൽ ഞാൻ ചുട്ടിവട്ടത്ത് അച്ചനല്ല. ചുട്ടിവട്ടത്ത് താമസമാക്കിയതിനാൽ ബന്ധുക്കൾക്കും ദേശവാസികൾക്കും ചുട്ടിവട്ടത്ത് അച്ചനായി. യഥാർത്ഥത്തിൽ ഞാൻ കമുകുംപള്ളി അച്ചനാണ്. ഓമല്ലൂർ പടിഞ്ഞറെക്കുറ്റ് കുടുംബത്തിൽ നിന്ന് 120 കൊല്ലം മുമ്പ് മാത്തൻ ഗീവറുഗീസ് എന്നയാൾ കൂടലിൽ കുടിയേറിപ്പാർത്തു. പിന്നീട് കലഞ്ഞൂർ വയലിറക്കത്തുപള്ളി സ്ഥാപിച്ചപ്പോൾ ആ ഇടവകാംഗമായി. അധികനാൾ കഴിയും മുമ്പ് യാക്കോബായ സഭ ഭിന്നിപ്പിലായി. ബാവാകക്ഷി, മെത്രാൻകക്ഷി എന്ന് രണ്ട് വിഭാഗം തിരിഞ്ഞു. മാത്തൻ ഗീവറുഗീസ് ബാവാകക്ഷിയും വയലിറക്കത്തുപള്ളി ഇടവകാംഗങ്ങൾ മെത്രാൻ കക്ഷിക്കാരും ആയിരുന്നു. തന്റെ വിശ്വാസം നിലനിർത്താൻ കൂടലിൽ കാഞ്ഞിരം നിൽക്കുന്നതിൻ പുരയിടം വിലക്കുവാങ്ങി സ്വന്തം നിലയിൽ ഒരു പള്ളി വെച്ച് ഓമല്ലൂർ ഇലവിനാമണ്ണിൽ വന്ദ്യ ദിവ്യ ശ്രീ സ്കറിയാ മല്പാൻ അച്ചനേയും പ്രക്കാനം പാറയ്ക്കൽ ദിവ്യ ശ്രീ തോമസ് അച്ചനേയും വരുത്തി ആത്മീയകർമ്മാദികൾ മുടക്കം കൂടാതെ നടത്തിവന്നിരുന്നു. ഓമല്ലൂർ നിന്നും കൂടലിലേക്ക് 20 കിലോ മീറ്റർ കൂടുതൽ ദൂരമുണ്ട്. വാഹന സൗകര്യമില്ലാത്തതിനാൽ കാൽനടയായാണ് പോയിവന്നിരുന്നത്. വിവരങ്ങൾ അറിയാനും അച്ചന്മാർ വരാനുമുള്ളപ്രയാസങ്ങൾ മാത്തൻ ഗീവറുഗീസിനെ അലട്ടികൊണ്ടിരുന്നതിനാൽ കൂടൽ ഇടവകയ്ക്ക് ഒരു പട്ടക്കാരൻ അത്യാവശ്യമെന്നുകണ്ടു. 13 വീട്ടുകാരുള്ള ഇടവകയിൽ ഈകാര്യത്തിന് .........യുവാക്കൾ ഇല്ലാത്തതിനാൽ തന്റെ മൂത്ത മകളുടെ മകനായ എന്നെ ദത്ത് എടുത്തു. കോന്നി, വകയാർ കമുകുംപള്ളി കുടുംബത്തിൽ വറുഗീസിന്റേയും ഏലിയാമ്മയുടെയും 9 മക്കളിൽ രണ്ടാമനായ 1909 ജനുവരി 21 ന് ജനിച്ച എന്നെ 1931ൽ ശെമ്മാശനാക്കി. അദ്ദേഹത്തിന്റെ ചുമതലയിൽ വൈദികപഠനത്തിനായി അയയ്ക്കുകയും ചെയ്തു. എന്നാൽ ഞാൻ വൈദികനാകുന്നത് കാണ്മാൻ മാത്തൻ ഗീവറുഗീസിന് സാധിച്ചില്ല. എന്റെ പഠനം തുടങ്ങിഒന്നരകൊല്ലത്തിനുശേഷം അദ്ദേഹം കർത്താവിൽ നിദ്ര പ്രാപിച്ചു.

അതിനുശേഷം ഞാൻ വൈദികപഠനം പൂർത്തിയാക്കി വിവാഹം കഴിച്ചു. 1935 ൽ കശീശാ പട്ടം സ്വീകരിച്ച് ചുട്ടിവട്ടത്തുവീട്ടിൽ താമസവും തുടങ്ങി. ചുട്ടിവട്ടത്തുപള്ളിയിൽ വികാരിയായതിനാൽ ഞാൻ ചുട്ടിവട്ടത്ത് അച്ചനായി അറിയപ്പെട്ടു. യഥാർത്ഥത്തിൽ ഞാൻ കമുകുംപള്ളി അച്ചനാണ്. എന്റെ പിതൃ

www.malankaralibrary.com



മാതൃ ബന്ധത്തിൽ ധാരാളം ശ്രേഷ്ഠവൈദികർ ഉണ്ട്. മാതൃ ബന്ധത്തിൽ വെരി. റവ. ഫാദർ മാത്യു വാഴപ്പിള്ളിയേത്ത് പിതൃബന്ധത്തിൽ പുത്തൻ പീടികയിൽ വെരി.റവ. ഫാദർ ജോഷ്വാ പീടികയിൽ, ഓമല്ലൂർ റവ.ഫാ. തോമസ് കുഴിയാനിപ്പുറം (ഇപ്പോൾ റോമിൽ,) വകയാർ കമുകുംപള്ളി റവ. ഫാദർ തോമസ് ശാമുവൽ (എന്റെ പിതാവിന്റെ അനുജൻ മാത്തച്ചന്റെ മകൻ ശാമുവേലിന്റെ മകനാണ്.) കൂടാതെ ഏറെസഹോദരങ്ങൾ വൈദിക വൃത്തിയിലും കന്യാസ്ത്രീകളായി മഠങ്ങളിലുമുണ്ട്.

എന്റെ ഇളയ മകൻ അനിയൻകുഞ്ഞ് കുമ്പഴശങ്കരത്തിൽ കുടുംബാംഗം എൽസികുട്ടിയെയാണ് വിവാഹം കഴിച്ചിരിക്കുന്നത്. എൽസിക്കുട്ടിയുടെ പിതൃ സഹോദരൻ വന്ദ്യ ദിവ്യ ശ്രീ യോഹന്നാൻ ശങ്കരത്തിൽ കോർ എപ്പിസ്കോപ്പാ(ഇപ്പോൾ അമേരിക്കയിൽ)യാണ്. ഇളയ സഹോദരൻ റവ. ഫാദർ ജോൺ ശങ്കരത്തിൽ (കോട്ടയം ദേവലോകം അരമന). ഇങ്ങനെ സ്വന്തത്തിലും ബന്ധത്തിലും അനേക ശ്രേഷ്ഠവൈദികർ ഉള്ളതിൽ കാരുണ്യവാനായ ദൈവത്തെ മഹത്വപ്പെടുത്തി ഞാൻ അഭിമാനം കൊള്ളുന്നു.

കുമ്പഴ മുതൽ പുനലൂർ വരെയുള്ള റോഡരികിൽ പല ക്രിസ്തീയ ദേവാലയങ്ങൾ (70കൊല്ലം മുമ്പ്) ഉണ്ടായിരുന്നു എങ്കിലും കോന്നി സെന്റ് ജോർജ് പള്ളിയുടെ മുമ്പിൽ മാത്രമെ ഒരു കുരിശിൻ തൊട്ടി ഉണ്ടായിരുന്നുള്ളു. അതുപോലെ പല ദേവാലയങ്ങൾക്കും നല്ല കെട്ടിടങ്ങൾ ഉണ്ടായിരുന്നില്ല. ഈ കാലയളവിൽ കൂടലിൽ മനോഹരമായ പള്ളിയും കുരിശിൻതൊട്ടിയും പണികഴിപ്പിക്കുവാൻ എനിക്ക് സംഗതിയായി. ഇപ്പോൾ എല്ലാ പള്ളികളും അതിമനോഹരങ്ങളാണ്. അതിൽ പ്രധാനപ്പെട്ട സ്ഥാനം വകയാർ സെന്റ് മേരീസ് പള്ളിക്കുണ്ട്. ഈ ദേവാലയത്തിന് ഒരേക്കർ സ്ഥലം ദാനം ചെയ്തത് എന്റെ വല്യപ്പച്ചൻ കമുകുംപള്ളി കുഞ്ഞുമ്മനാണ്. പള്ളി പണിയുടെ ചുമതല വഹിച്ചത് എന്റെ പിതൃ സഹോദരപുത്രൻ കമുകുംപള്ളി ദാനിയേൽകുട്ടിയാണ്.

കുമ്പഴ മുതൽ പുനലൂർ വരെ ചുറ്റുവട്ടമുള്ള മലമ്പ്രദേശങ്ങളിൽ നിന്നും ക്രിസ്തീയ സമുദായത്തിൽ വൈദികരുണ്ടായിരുന്നില്ല. അടൂർ, കണ്ണംകോട്, ഓമല്ലൂർ മുതലായ സ്ഥലങ്ങളിൽ നിന്നുമാണ് വൈദികർ വന്ന് കർമ്മാദികൾ നടത്തിയിരുന്നത്. ഈ പ്രദേശങ്ങളിലെ ആദ്യ വൈദികൻ എന്ന അഭിമാനത്തിനും ഞാൻ അർഹനായി. എല്ലാം ദൈവകൃപയാൽ തന്നെ എന്നു വിശ്വസിച്ച്, പിതൃ പുത്ര പരിശുദ്ധാത്മാവായ ത്രീയേകദൈവത്തിന് സ്തുതിയും സ്തോത്രവും നന്ദിയും പ്രാർത്ഥനയും സദാ സമർപ്പിച്ചുകൊണ്ട് ഇപ്പോൾ വിശ്രമജീവിതം നയിക്കുന്നു. കാരുണ്യവാനായ ദൈവം നമ്മെ ഓരേരുത്തരെയും അനുഗ്രഹിക്കട്ടെ. ആയതിനായി പ്രാർത്ഥിച്ചുകൊണ്ട്.

**ഫാദർ ഗീവറുഗീസ് കമുകുംപള്ളി**


ചുട്ടിവെട്ടം ഹൗസ്, കൂടൽ, പത്തനംതിട്ട

www.malankaralibrary.com





അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ്
മെത്രാപ്പോലീത്തായും ഗ്രന്ഥകർത്താവും.



റവ.ഫാ. മാത്യു വാഴപ്പിള്ളിയേത്തും
ഗീവറുഗീസ് കമുകുംപള്ളി അച്ചനും

www.malankaralibrary.com





റവ. ഫാ. ഡാനിയേൽ വടക്കേക്കരയും (ചന്ദനപ്പള്ളി)
ഗ്രന്ഥ കർത്താവും.



ജോജോ കെ. ഏബ്രഹാമും (പത്തനാപുരം)
ഗ്രന്ഥ കർത്താവും.

www.malankaralibrary.com



# ഉള്ളടക്കം


ആശംസ.

മുഖവുര

ആമുഖം.

ഒന്നാം ഭാഗം

അദ്ധ്യായം 1.

1 - ഒരു കൗമ്മായുടെ പ്രാധാന്യം 17

2 - ആണ്ടിന്റെ പ്രാധാന്യം 20

3 - ആഴ്ചയിലെ ദിവസങ്ങളുടെ പ്രാധാന്യം 22

4 - ക്യംതാ വിവർത്തനം 23

5 - ക്യംതാ ഞായറാഴ്ച പ്രഭാത പ്രാർത്ഥനയുടെ ആരംഭം 24

അദ്ധ്യായം - 2

1 - സ്ലീബാ പെരുന്നാൾ 29

2 - കുദെശ് ഈത്തോ ഞയർ 30

3 - ഹൂദെശ് ഈത്തോ ഞയർ 32

4 - സഖറിയായോടുള്ള അറിയിപ്പ് 32

5 - പരി: ദൈവമാതാവിനോടുള്ള അറിയിപ്പ് 32

അദ്ധ്യയം –3

1 - പദയാത്ര 33

2 - ഭാരത ന്യൂമാന്റ അല്പം ചരിത്രം 35

അദ്ധ്യായം– 4

1 - ആചാര്യന്മാർക്കുവേണ്ടിയുള്ള ധൂപ പ്രാർത്ഥന 36

2 - പരേതർക്കുവേണ്ടിയുള്ള ധൂപ പ്രാർത്ഥന 38

3 - രോഗികൾക്കു വേണ്ടിയുള്ള പ്രാർത്ഥന 39

4 - മരണത്തെപ്പറ്റി ഓർമ്മയിൽ ഇരിക്കേണ്ട 4 കാര്യങ്ങൾ 41

അദ്ധ്യായം 5

1 - വിവാഹനിശ്ചയം 42

www.malankaralibrary.com




2 - വിവാഹത്തിന് ഒരുങ്ങി ഇറങ്ങുമ്പോൾ 43
3 - കെട്ടിടത്തിന് കല്ലിടുമ്പോൾ 43
4 - കെട്ടിടത്തിന് ഉത്തരം വെയ്ക്കുമ്പോൾ 44
5 - ജന്മദിനം 45
6 - വഴിയാത്രക്കു വേണ്ടിയുള്ള പ്രാർത്ഥന 46
7 - വാഹനങ്ങൾ ആശീർവദിക്കുന്നതിനുള്ള പ്രാർത്ഥന 46
8 - ഭവന സന്ദർശനം 47
9 - വീടുകൂദാശക്രമത്തിൽ നിന്ന് 47
10 - മാർ അപ്രേം 48


## രണ്ടാം ഭാഗം


അദ്ധ്യായം -1
1 - അത്ഭുതം പ്രവർത്തിക്കുന്ന യേശു 49
2 - പരി: ദൈവമാതാവിന്റെ ജനനം 50
3 - പരി: ദൈവമാതാവിന്റെ ചരിത്രം 54
4 - സ്നാപകയോഹന്നാന്റെ ജനനം 55
5 - മറിയത്തെ സ്തുതിക്കുന്ന ഏലിശുബാ 56

അദ്ധ്യായം -2
1 - യേശുവിന്റെ ജനനം 57
2 - കാനായിലെ വിവാഹം 59
3 - അമ്മയെ വാത്സല്യശിഷ്യനെ ഏല്പിക്കുന്നു 59
4 - ദൈവമാതാവിന്റെ സ്വർഗ്ഗാരോഹണം 60

അദ്ധ്യായം -3
1 - പരിശുദ്ധാന്മാരോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന 63
2 - പൗരോഹിത്യ ചുമതല 64

അദ്ധ്യായം - 4
1 - യേശുവിന്റെ ജ്ഞാന സ്നാനം 66
2 - സഭയിലെ സ്നാനം 69
3 - തല തൊടുന്ന വ്യക്തിയുടെ ചുമതല 69

അദ്ധ്യായം - 5
1 - സഭയുടെ വിശുദ്ധീകരണം 70

www.malankaralibrary.com



2 - ഓശാന ഞായർ 71
3 - ദു:ഖ വെള്ളിയാഴ്ച 73
4 - പീഡാനുഭവ ആഴ്ചയിലെ ചിന്താവിഷയം 76
5 - കേത്താന ശീല 78
6 - വിലാപയാത്രാഗീതം യേശുവിന്റെ മരണം 79
7 - തേജസ്ക്കരണം 79

അദ്ധ്യായം 6
1 - പരി: ഗീവറുഗീസ് സഹദായുടെ ചുരുങ്ങിയ ചരിത്രം 81
2 - പരി: ഗീവറുഗീസ് സഹദായുടെ ചരിത്ര ഐതിഹ്യം 86
3 - പരി: ഗീവറുഗീസ് സഹദായുടെ കുതിരയുടെ കുളമ്പടികേട്ട കഥ 89

## അനുബന്ധങ്ങൾ

1 - ദു:ഖവെള്ളിയാഴ്ചത്തെ പാട്ടുകൾ 92
2 - കുടുംബ പാരമ്പര്യമുള്ള ഒരു സ്ത്രീ 93
3 - ഒരമ്മ മകനു കൊടുത്ത ഉപദേശം 95
4 - അയൽ വീട്ടിൽ തീയ്ക്ക് പോയ പെൺകുട്ടി 96
5 - മത്തച്ചന്റെ കഥ 97
6 - വേട്ടക്കാരന്റെ കഥ 97
7 - തള്ളയെ അനുസരിക്കാത്ത ആട്ടിൻകുട്ടി 98
8 - സായിപ്പും മകനും കൂടിയുള്ള ഉല്ലാസയാത്ര 99
9 - സന്യാസിയും സേവകനും കൂടിയുള്ള യാത്ര 99
10 - കോഴിയുടെ കഥ 100
11 - സുപ്രസിദ്ധ പ്രാസംഗികന്റെ പരിപാടി 101
12 - പാലായിലെ രണ്ട് കത്തോലിക്കാ കുടുംബം 102
13 - പരി: ദൈവമാതാവ് പ്രത്യക്ഷപ്പെട്ടത് 106

www.malankaralibrary.com

# ഒന്നാം ഭാഗം

## യേശുക്രിസ്തു ജയന്തി - 2000
## മഹാ ജൂബിലി - പുതു വർഷം

**അദ്ധ്യായം 1**

### ഒരു കൗമ്മായുടെ പ്രാധാന്യം

ക്രിസ്തീയ അപ്പോസ്തോലിക സഭകൾ മുഴുവനും തങ്ങളുടെ സഭാ ഭരണഘടന അനുസരിച്ച് ഏതു കൂദാശയോ പള്ളിക്രമങ്ങളൊ ആണ്ട് ക്രമങ്ങളൊ നടത്താൻ- ഒരുമിച്ച് കൂടുമ്പോഴും പള്ളികളിലോ, പൊതുസ്ഥലങ്ങളിലോ, ഭവനങ്ങളിലോ പ്രാർത്ഥിക്കുവാൻ ആരംഭിക്കുമ്പോഴും ഒരു കൗമ്മായോടുകൂടി മാത്രമെ- അതാത് അവസരത്തിൽ ക്രമീകരിച്ചിരിക്കുന്ന പ്രാർത്ഥനകൾ നടത്താറുള്ളൂ. ആ ഒരു കൗമ്മായുടെ പ്രാധാന്യത്തെപ്പറ്റിയാണ് ഇവിടെ വിവരിക്കുന്നത്

**ഒരു കൗമ്മാ ആരംഭം**

*ഒന്നാം പാര* - പിതാവും പുത്രനും......ഇതിൽ നിന്നും നാം മനസ്സിലാക്കേണ്ടത് മുന്നമെ - ത്രിയേക ദൈവത്തിനു സ്തുതി പറയുന്നു.

രണ്ടാം പാര - തന്റെ സ്തുതികളാൽ .......ഇതിൽ നിന്നും മനസ്സിലാകുന്നത് അത്യുന്നതങ്ങളിൽ സ്രോപ്പെ മാലാഖമാർ ത്രിയേക ദൈവത്തെ സ്തുതിക്കുന്നത് പരിശുദ്ധൻ -പരിശുദ്ധൻ-പരിശുദ്ധൻ എന്നാണ്. ആ മാലാഖമാരോടൊത്ത് നാമും സ്തുതിക്കുന്നു, (ഓശാന) പാടുന്നു.

*മൂന്നാം പാര-* ദൈവമായ കർത്താവിന്റെ........ ഇതിൽ നിന്നും മ്ശിഹാ വന്നവനും, ഇനിവരാനിരിക്കുന്നവനും ആകുന്നു എന്ന് പൂർണ്ണമായി വിശ്വസിച്ച് വാഴ്ത്തി സ്തുതിക്കുന്നു.

*നാലാം പാര-* ദൈവമേ നീ പരിശുദ്ധനാകുന്നു..... ഇതിൽ നിന്ന് അനേകവൻരഹസ്യങ്ങൾ ഗ്രഹിക്കുവാനുണ്ട് പീലാത്തോസ് പ്രധാനാചാര്യ

www.malankaralibrary.com



ന്മാരുടെ മുറ വിളിയാൽ യേശുവിനെ ക്രൂശിക്കാൻ വിധിച്ചു. പടയാളികൾ നമ്മുടെ രക്ഷകനെ കൊണ്ട് കഴുകുമരം ചുമപ്പിച്ച് കൊണ്ടുപോയി ക്രൂശിക്കുന്നു. ആ ക്രൂശിനരികെയും ചുറ്റുപാടുമായി തന്റെ പരി: മാതാവും വാത്സല്യ ശിഷ്യന്മാരും തന്നിൽ നിന്ന് സൗഖ്യം പ്രാപിച്ചവരും തന്നെ സ്നേഹിച്ചിരുന്നവരുമായ ഒരു വലിയ ജനക്കൂട്ടം നിന്നിരുന്നു. ആ കൂട്ടത്തിൽ രാത്രിയിൽ തന്നെ സമീപിച്ച നിക്കോദിമോസും യൗസെപ്പുമുണ്ടായിരുന്നു

ക്രൂശിൻ മേൽ മൂന്നാണികളാൽ തറയ്ക്കപ്പെട്ട് തൂങ്ങികിടക്കുന്ന യേശു അത്യുച്ചത്തിൽ തന്റെ പിതാവിന്റെ അടുക്കൽ നില വിളിക്കുന്നു- ഏലോയി- ഏലോയി- ലമ്മാ ശബ്ദക്കാനി അതായത് എന്റെ ദൈവമേ- എന്റെ ദൈവമേ എന്റെ ദൈവമേ- എന്നെ കൈവിട്ടത് എന്ത്. ഈ നിലവിളികേട്ട് പിതാവാം ദൈവത്തിൽ നിന്നും മറുപടി ഒന്നും ലഭിച്ചില്ല- കാരണം പിതാവാം ദൈവം തന്റെ വാത്സല്യപുത്രനെക്കാൾ കൂടുതൽ സ്നേഹിച്ചത് തന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിച്ച ആദാമിനെയും സന്തതികളെയും അത്രേ- എന്നാൽ പിതാവാം ദൈവത്തോട് നിലവിളിച്ചപ്പോൾ പിതാവിൽ നിന്നു ഒരു മറുപടിയും ലഭിക്കാതെ വന്നപ്പോൾ യഹൂദന്മാർ നമ്മുടെ കർത്താവിനെ പരിഹസിച്ചു. ആ അവസരം - സ്രോപ്പേ മാലാഖമാർ - ദൈവമേ നീ പരിശുദ്ധൻ എന്നും രണ്ടാമത് ക്രൂബെ മാലാഖമാർ ബലവാനെ നീ പരിശുദ്ധൻ എന്നും മുന്നാമത് മോറാവൊസെ- മാലാഖമാർ- മരണമില്ലാത്തവനെ നീ പരിശുദ്ധനാകുന്നു എന്ന് പാടി സ്തുതിച്ച് ഏറ്റു പറയുന്നതുകേട്ട്- തന്റെ ക്രൂശിന്റെ അടുത്ത് നിന്നിരുന്ന നിക്കോദേമോസും യൗസെപ്പും ഏറ്റുപാടിയതത്രേ ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനെ ഞങ്ങളെ അനുഗ്രഹിക്കണമേ-യെന്ന് - ഇത് അവർ മൂന്നു പ്രാവശ്യം ആവർത്തിച്ചിരിക്കുന്നു.

*അഞ്ചാംപാര-* നിക്കോദേമോസും യൗസെപ്പും വിണ്ടും ഞങ്ങളുടെ കർത്താവെ ഞങ്ങളെ അനുഗ്രഹിക്കണമെ.

***ആറാം പാര-*** അവർ വിണ്ടും ദൈവത്തെ സ്തുതിക്കുന്നു ദൈവമേ- നിനക്ക് സ്തുതി. ബലവാനെ നിനക്ക് സ്തുതി. മരണമില്ലാത്തവനെ നിനക്ക് സ്തുതി. പാപികളായ അടിയാരോട് കൃപചെയ്യുന്ന മ്ശിഹാ രാജാവെ നിനക്ക് സ്തുതി. ബാറക്മോർ. ബാറക്മോർ എന്നുള്ളത് സുറിയാനി വാക്കാണ് അതിന്റെ അർത്ഥം- കർത്താവെ ഞങ്ങളെ അനഗ്രഹിക്കേണമേ എന്നത്രേ. ഇതിൽ നിന്നും അവരുടെ പൂർണ്ണവിശ്വാസം നമുക്ക് മനസ്സിലാക്കാം.

***ഏഴാം പാര-*** യേശു തന്റെ വാത്സല്യശിഷ്യന്മാരൊടുകൂടി സഞ്ചരിച്ച് പല അത്ഭുത പ്രവർത്തികളും നടത്തുന്നതും കൂടെ കൂടെ പ്രാർത്ഥിക്കുന്നതും കണ്ട് വിദ്യാഹീനരായ തന്റെ ശിഷ്യന്മാർ - ഗുരുവിനോട് തങ്ങളെയും പ്രാർത്ഥിപ്പാൻ പഠിപ്പിക്കണമെയെന്ന് യാചിച്ചു.അപ്പോൾ നിങ്ങൾ ഇപ്രകാരം പ്രാർത്ഥി

www.malankaralibrary.com



ക്കുവിൻ എന്ന് പറഞ്ഞ് അവരെ പഠിപ്പിച്ച പ്രാർത്ഥനയാണ് 7-ാം പാര. ഇതിൽ വിലതീരാത്ത പലസംഗതികളുമുണ്ട്. സ്വർഗ്ഗസ്ഥനായ പിതാവ് സകലരുടെയും പിതാവുതന്നെ- നിന്റെ - നാമം പരിശുദ്ധമാകപ്പെടേണമെ- നിന്റെ രാജ്യം വരണമെ, നിന്റെ തിരുവിഷ്ടം സ്വർഗ്ഗത്തിലെ പോലെ ഭൂമിയിലും ആകണമേ- അതായത് സ്വർഗ്ഗത്തിലെ മാലാഖമാർ തന്നെ സ്തുതിച്ച് വന്ദിക്കുന്നതുപോലെ ഭൂമിയിലെ സകലസൃഷ്ടികളും തന്നെ വന്ദിച്ച് സ്തുതിക്കണം എന്നുള്ളതുതന്നെ. മനുഷ്യൻ ജീവിക്കണമെങ്കിൽ ആഹാരം ആവശ്യമാണ് ആയതിനായി അപ്പം ഇന്ന് ഞങ്ങൾക്ക് തരണമെ. അടുത്തത് വില തീരാത്ത ഒന്നു തന്നെ ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചതുപോലെ കടങ്ങളും പാപങ്ങളും ക്ഷമിക്കണമെ. ഇതിൽ നിന്നും മനസിലാക്കേണ്ടത് കടക്കാരോട് ക്ഷമിക്കാത്ത വ്യക്തിക്ക് പാപമോചനം ലഭിക്കുകയില്ല തീർച്ച. തന്നെ പരീക്ഷിച്ച സാത്താൻ ഓരോരുത്തരെയും പരീക്ഷിക്കും. ആ പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ- അടുത്തത് ദുഷ്ടനിൽ നിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. ഇതെല്ലാം പിതാവാം ദൈവത്തിന്റെ കരുണയിൽ ഭാരമേല്പിച്ചിട്ടുള്ള ഒരു പ്രാർത്ഥനയത്രേ- ഒടുവിൽ രാജ്യവും ശക്തിയും മഹത്വവും എന്നേക്കും പിതാവാം ദൈവത്തിൽ സമർപ്പിച്ചുകൊണ്ട് ആമ്മീൻ പറയുന്നു. ആമ്മീൻ - എന്ന് പറഞ്ഞാൽ സത്യമാണെന്ന് അർത്ഥം-

*എട്ടാം പാര–* ആരംഭം തന്നെ (വി.ലൂക്കോ- 1:28 -ൽ) സ്പഷ്ടമായി പറയുന്നു. പിതാവാം ദൈവം സൃഷ്ടിച്ച മനുഷ്യനെ സാത്താൻ കീഴ്പ്പെടുത്തി. അവനെ വീണ്ടെടുക്കാൻ തന്റെ മനുഷ്യസ്നേഹം മൂലം തന്റെ ഏകജാതനെ അയക്കുന്നു. അത് വചനം മൂലം മാലാഖമാരിൽ പ്രധാനിയായ ഗബ്രിയേൽ വഴിയായിരുന്നു (-വി: യോഹന്നാൻ 1:-1-ൽ പറയുന്നു) അതാണ് മാലാഖ വഴി നിവർത്തിക്കപ്പെട്ടത്. ആ മാലാഖ യൗസെപ്പിന് വിവാഹം നിശ്ചയിച്ചിരിക്കുന്ന കന്യക മറിയത്തിന് പ്രത്യക്ഷപ്പെട്ട് പറഞ്ഞതാണ് കൃപ നിറഞ്ഞവളെ സമാധാനം നമ്മുടെ കർത്താവ് നിന്നോടെ കൂടെ- മറിയം ഭയന്നു. വീണ്ടും മാലാഖ അവൾക്ക് വിശ്വാസയോഗ്യമാകാൻ മുൻ സംഭവിച്ച ഒരു കാര്യം പറഞ്ഞു. നിന്റെ ചാർച്ചക്കാരിയായ ഏലിശുബാ- ഇതാ ഗർഭം ധരിച്ചിരിക്കുന്നു, ദൈവത്തിന് കഴിയാത്തത് ഒന്നും തന്നെയില്ല. അതുകേട്ട് മറിയം സമ്മതം മൂളി. മാലാഖ പറഞ്ഞത് നേരിൽ കണ്ടറിയാൻ മറിയം ഏലിശുബായെ സന്ദർശിച്ചു. മറിയത്തിന്റെ അഭിവാദ്യം കേട്ടപ്പോൾ ഏലിശുബാ പരിശുദ്ധാത്മാവു നിറഞ്ഞുകൊണ്ട് ഘോഷിച്ചതാണ്- (വി :ലൂക്കാ- 1: 42-ൽ) നീ സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവളാണന്നും - നിന്റെ ഉദരഫലമായ ഈശോ അനുഗ്രഹിക്കപ്പെട്ടത് എന്നും എട്ടാം പാരയിൽ വ്യക്തമാക്കിയിരിക്കുന്നു.

അതോടുകൂടി അതിന്റെ അവസാനത്തിൽ ആ അമ്മയോടെ ഒരപേക്ഷ മാത്രം ചേർത്തിരിക്കുന്നത്. വി: മാതാവെ തമ്പുരാന്റെ അമ്മേ, പാപികളായ

www.malankaralibrary.com



ഞങ്ങൾക്കുവേണ്ടി ഇപ്പോഴും ഞങ്ങളുടെ മരണസമയത്തും തമ്പുരാനോട് അപേക്ഷിച്ചു കൊള്ളണമെ-

കൊത്തിനെ പട്ടണത്തിലെ കല്ല്യാണ വിരുന്നിൽ ഉണ്ടായ (വീഞ്ഞിന്റെ കുറവിനെ) തന്റെ മാതാവിന്റെ അറിയിപ്പാലും അപേക്ഷയാലും യേശു പച്ച വെള്ളം മേൽത്തരം വീഞ്ഞാക്കി കൊടുത്ത വിശ്വാസത്തിൽ തന്റെ അമ്മയുടെ മദ്ധ്യസ്ഥതയിൽ നമ്മുടെ ഉദ്ദിഷ്ട കാര്യങ്ങൾ സാധിച്ചു കിട്ടുമെന്നുള്ള വിശ്വാസത്തിലത്രേ- എട്ടാം പാരയോടു കൂടി ഒരു കൗമ്മ അവസാനിക്കുന്നത്-.....

## ആണ്ടിന്റെ പ്രാധാന്യം

അപ്പോസ്തോലിക സഭകൾ ആണ്ടിനെ രണ്ടായി ഭാഗിച്ചിട്ടുണ്ട്. നമ്മുടെ കർത്താവിന്റെ മനുഷ്യാവതാരം മുതൽ സ്വർഗ്ഗാരോഹണം വരെയുള്ള മുപ്പത്തിമൂന്ന് ചില്വാനം കാലത്തെ അതായത് തന്റെ ജനനത്തിനുള്ള വാർത്ത മുതൽ ഉള്ളതത്രേ-

ആയതിന്റെ ആരംഭം താഴെ വിവരിക്കുന്ന പ്രകാരമാണ് ഉയിർപ്പ് ഞായറാഴ്ച മുതൽ സെപ്തംബർ -14-വരെയും, സെപ്തംബർ 14 - മുതൽ ഓശാന ഞായർ വരെയും. ഓശാനമുതൽ ഉയിർപ്പ് ഞായറാഴ്ചയുടെ - ഇടയ്ക്കുള്ള ഒരാഴ്ച കഷ്ടാനുവുഭവ ആഴ്ചയായും ആചരിക്കുന്നു. സുവിശേഷം എന്നാൽ നല്ലവാർത്ത, അതു യേശു മരിച്ചവരിൽ നിന്ന് ഉയിർത്ത് എഴുന്നേറ്റു- എന്നുള്ളതു തന്നെ- ആയത് ഇതിനുമുമ്പ് സംഭവിച്ചിട്ടില്ലാത്തതും മേലിൽ സംഭവിക്കാത്തതുമായ ഒരു അത്ഭുതമത്രേ - യേശുവിന്റെ മുപ്പത്തിമൂന്നിലധികമുള്ള സംഭവങ്ങൾ ഒരു കൊല്ലം കൊണ്ട് പൂർത്തീകരിച്ച് ദൈവീക അനുഗ്രഹങ്ങൾ പ്രാപിപ്പാനാണ് ഇപ്രകാരം ഭാഗിച്ചിരിക്കുന്നത്.

ഉയിർപ്പ് മുതലുള്ള അത്ഭുതങ്ങളെപ്പറ്റിയുള്ള പൂർണമായി അല്ലെങ്കിലും ചുരുക്കമായി അല്പം ചിന്തിക്കാം.

യേശുതന്റെ പെസഹാപ്പെരുന്നാൾ ആഘോഷിക്കുന്നത് മാർക്കോസിന്റെ വൻ മാളികയിൽ വച്ചായിരുന്നു. പെസഹായിൽ യേശു ഗോതമ്പ് അപ്പമെടുത്തു പിതാവാം ദൈവത്തെ കാണിച്ച് വാഴ്ത്തി ശുദ്ധീകരിച്ച് മുറിച്ച് തന്റെ ശിഷ്യന്മാർക്കുകൊടുത്ത് ഇപ്രകാരം അരുളിചെയ്തു; ഇത് എന്റെ ശരീരം. മുന്തിരിച്ചാറ് (വീഞ്ഞ്) എടുത്ത് അതേപ്രകാരം വാഴ്ത്തി ശുദ്ധീകരിച്ച് ഇത് എന്റെ രക്തം, ഇതു പാനം ചെയ്യുവിൻ. ഇത് കടങ്ങളുടെ പരിഹാരത്തിനും പാപമോചനത്തിനും നിത്യജീവനും വേണ്ടിയത്രേ. അതിനുശേഷം അരുളി ചെയ്തത് ഞാൻ വരുന്നതുവരെ ഇപ്രകാരം ചെയ്യുവിൻ. അപ്രകാരം ചെയ്യുന്നതിനായി താൻ ഉയിർത്തെഴുന്നേറ്റതിന്റെ നാലാം ദിവസം മാർക്കോസിന്റെ മാളികയിൽ തന്റെ ശിഷ്യഗണത്തിന്റെ മദ്ധ്യത്തിൽ വച്ച് വി. യാക്കോബിനെ കൊണ്ട് അർപ്പിച്ച് അവനെ പഠിപ്പിച്ചു. അതത്രേ- അന്നാപ്പുറ-

www.malankaralibrary.com



അതായത് തിരുബലി- (വി: കുർബ്ബാന) അതാണ് ഇന്നും അപ്പോസ്തോലികസഭകളിൽ മുടങ്ങാതെ ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും അർപ്പിക്കുന്ന തിരുബലി (വി.കുർബ്ബാന). വി. യാക്കോബ്ബ് ശ്ലീഹാ. വി. കുർബ്ബാന അർപ്പിച്ചത് ബുധനാഴ്ചയായിരുന്നു. കുർബ്ബാന തക്സായിൽ ആദ്യം ആരംഭിക്കുന്നതും വി. യാക്കോബ്ബ് ശ്ലീഹായുടെ ക്രമമാണ്.

കർത്താവ് യാക്കോബ് ശ്ലീഹായെ കൊണ്ട് വി:ബലി അർപ്പിച്ചതിന്റെ തുടർച്ചയല്ലേ, നമ്മുടെ അഭിവന്ദ്യപിതാക്കന്മാർ തന്റെ ശിഷ്യഗണത്തിന് ഗുരുപട്ടം നല്കിയിട്ട് നവ പൂജ അഭിവന്ദ്യപിതാക്കന്മാരുടെ മേൽ നോട്ടത്തിൽ നടത്തിക്കുന്നത്? ഇതും പിൻതുടർച്ച അല്ലേ - കൂടാതെ പള്ളി കുദാശക്ക് ശേഷമുള്ള ബലി-പട്ടംകൊട സമയത്തെ ബലി, ഉയിർപ്പ് ഞായറാഴ്ചത്തെ ബലി,- ജനന പെരുനാൾ മുതലായ പ്രാധാന്യം അർഹിക്കുന്ന ദിവസങ്ങളിലെ ബലി. നവ പൂജ നടത്തുന്ന പുരോഹിതനും അന്നത്തെ ബലി- ഇതുതന്നെയെല്ലാം വി: യാക്കോബിന്റെ ക്രമം (അന്നാപ്പുറ) തന്നെ ആയിരിക്കണമെന്ന് കാനോൻ നിയമമാണ്. ഒന്നാം ഞായർ (പുതു ഞായറാഴ്ച) കർത്താവിന്റെ വാത്സല്യശിഷ്യന്മാർ യഹൂദന്മാരോടുള്ള ഭയം മൂലം മാർക്കോസിന്റെ മാളികയിൽ വാതിലുകൾ അടച്ച് ഇരിക്കുന്ന അവസരത്തിൽ താൻ അവരുടെ മദ്ധ്യേ പ്രത്യക്ഷപ്പെട്ട് തന്റെ സമാധാനം അവർക്ക് നല്കി അവരെ ധൈര്യപ്പെടുത്തുന്നു. ആ സമാധാനം മനുഷ്യ വർഗ്ഗത്തിന് മുഴുവനും ഉള്ളതത്രേ. ആ അവസരം തന്റെ ശിഷ്യഗണത്തിൽപ്പെട്ട വി. തോമ്മാശ്ലീഹായില്ലായിരുന്നു. എന്നാൽ ഉയിർപ്പിന്റെ രണ്ടാം ഞായറാഴ്ച മുൻ പ്രകാരം ശ്ലീഹന്മാർ ആ മാളികയിൽ കൂടി ഇരിക്കുമ്പോൾ- വീണ്ടും കർത്താവ് അവരുടെ മദ്ധ്യേ എഴുന്നള്ളി സമാധാനം നല്കിയശേഷം തോമ്മാ ശ്ലീഹായെ പ്രത്യേകം വിളിച്ച് തന്റെ വിലാപ്പുറവും- തൃക്കൈയിലെ ആണിപ്പഴുതും കാണിച്ചിട്ട് വിശ്വാസ സ്ഥിരനാക്കി.അതും നമുക്ക് ഏവർക്കുമുള്ള വിശ്വാസ സ്ഥിരതയ്ക്ക് വേണ്ടിയത്രേ- അതിനുശേഷം- പരി: ശ്ലീഹന്മാർക്ക് തങ്ങളുടെ ഗുരുവിനെ കൂടെ കൂടെ കാണായ്കയാൽ ശ്ലീഹന്മാരിൽ പ്രധാനിയായ - പരി:പത്രോസ് ശ്ലീഹ. പഴയ പ്രവൃത്തിയിലേക്ക് അതായത് മീൻ പിടിക്കാൻ പോകുകയാണെന്ന് കൂട്ടുകാരോട് പറഞ്ഞു. തന്നോടുകൂടെ എതാനും പേരും കുടി പോയി രാത്രി മുഴുവനും അദ്ധ്വാനിച്ചെങ്കിലും ഒന്നും ലഭിച്ചില്ല. പ്രഭാതത്തിൽ കടൽക്കരയിൽ വന്നു നിന്ന ആൾ പറഞ്ഞതനുസരിച്ച് പ്രവർത്തിച്ചപ്പോൾ അതി സന്തോഷത്തിന് ഇടയായി- എന്ന്- വി.യോഹന്നാന്റെ സുവിശേഷത്തിൽ നിന്നും ഗ്രഹിക്കാവുന്നതാണ്. എന്നാൽ അതിനുശേഷം ഭക്ഷണം കഴിച്ച് തൃപ്തരായ ശേഷം ആ ശിഷ്യപ്രമാണിയോട് മൂന്ന് പ്രാവശ്യം തന്നെ സ്നേഹിക്കുന്നുവോ എന്ന ചോദ്യത്തിനു മറുപടി കേട്ടശേഷം ഒന്നാമതായി തന്റെ ആടുകളേയും രണ്ടാമതായി തന്റെ പെണ്ണാടുകളെയും മൂന്നാമതായി തന്റെ കുഞ്ഞാടുകളേയും മേയിക്കുക. എന്നത്രേ അരുളി ചെയ്തത് (തന്റെ സഭാ മക്കളെ മേയ്ക്കാ

www.malankaralibrary.com



നുള്ള അധികാരം പരി: പത്രോസിനു നൽകി). എന്നാൽ പത്രോസും മറ്റുള്ളവരും രാത്രി മുഴുവനും വല വീശി അദ്ധ്വാനിച്ചിട്ടും ഒന്നും ലഭിച്ചില്ല. മീനിന്റെ കൂട്ടസ്ഥലവും വലവീശുന്നതിനുള്ള മുൻ പരിചയവും അവർക്ക് ഉണ്ടായിരുന്നിട്ടും ഒന്നും കിട്ടിയില്ല. കാരണം ദൈവം അവരോടു കൂടെ ഉണ്ടായിരുന്നില്ല. ദൈവം സമീപിച്ച് അരുളിച്ചെയ്ത പ്രകാരം പ്രവർത്തിച്ചപ്പോൾ അവർ വളരെ സന്തുഷ്ടരായി.

അതിനുശേഷം ഉയിർപ്പിന്റെ നാലാം ദിവസം തന്റെ പരി:മാതാവിന്റെയും പരി:ശ്ലീഹന്മാരുടെയും മദ്ധ്യേവച്ച് യേശുതമ്പുരാൻ മുൻകൂട്ടി അരുളിചെയ്തിരുന്ന പ്രകാരം സ്വർഗ്ഗാരോഹണം ചെയ്തു. പിതാവാം ദൈവത്തിന്റെ വലത്ത് ഇരുന്ന് സകലർക്കുവേണ്ടിയും മദ്ധ്യസ്ഥത അർപ്പിക്കുന്നു. അഞ്ചാം ദിവസം ത്രിത്വത്തിൽ മൂന്നാമനായ പരി:റൂഹായെ അയച്ച് ശ്ലീഹന്മാരെ ശക്തിപ്പെടുത്തി ധൈര്യവാന്മാരാക്കിത്തീർത്തു. അന്നേദിവസം വി: പത്രോസിന്റെ പ്രസംഗത്തിൽ 3000- പേരേ ക്രിസ്തുവിൽ വിശ്വസിപ്പിച്ചു. അതിനുശേഷം പരി:ശ്ലീഹന്മാർ തങ്ങളുടെ ഗുരുവിന്റെ നിർദ്ദേശപ്രകാരം ഭൂലോകം മുഴുവനും പ്രസംഗിക്കാനായി ചീട്ട് ഇട്ട് സ്ഥലങ്ങൾ നിശ്ചയിച്ചു. പരി:തോമ്മാശ്ലീഹായ്ക്ക് ചീട്ട് വീണത് ഇന്ത്യയിലേക്കാണ്. അതിൻപ്രകാരം എ.ഡി.52-ൽ തോമ്മാ ശ്ലീഹാ ഇന്ത്യയിൽ വന്ന് സുവിശേഷം അറിയിച്ചു. അദ്ദേഹത്തിന്റെ മക്കളായ മാർ തോമ്മാ ക്രിസ്ത്യാനികളാണ് നാം ഓരോരുത്തരും.

## ആഴ്ചയെ ഏഴു ദിവസമായി തിരിച്ചിരിക്കുന്നു

ഒന്നാം ദിവസം - ഞായർ- രണ്ടാം ദിവസം-തിങ്കൾ
മൂന്നാം ദിവസം- ചൊവ്വ- നാലാം ദിവസം - ബുധൻ
അഞ്ചാം ദിവസം -വ്യാഴം - ആറാം ദിവസം- വെള്ളി
ഏഴാം ദിവസം - ശനി

ഈ ഓരോ ദിവസത്തെ ഏഴ് യാമങ്ങളായി വേർതിരിച്ചിരിക്കുന്നു. ഈ ഏഴ് യാമങ്ങൾക്കായി - പരി: സഭാ പിതാക്കന്മാർ പ്രത്യേകമായി പ്രാർത്ഥനകൾ ക്രമീകരിച്ചിട്ടുണ്ട്. ആ പ്രാർത്ഥനകളിൽ ആദ്യം കൗമ്മാ- സ്ലൂസോ- മസുമൂറാകൾ- ഗീതങ്ങൾ, പ്രുമിയോൻ- സെദറാ- എത്രോ- വി:വേദവായനകൾ മുതലായവയാണ്-

ഒന്നാം ദിവസം (ഞായർ) ക്യംത്യാ എന്നും പേർ നല്കി. നമ്മുടെ കർത്താവിന്റെ ഉയിർപ്പിന്റെ അത്ഭുതത്തിന്റെ ബഹുമാനാർത്ഥമുള്ള പ്രാർത്ഥനകൾ.

രണ്ടും മൂന്നും ദിവസങ്ങളായ തിങ്കൾ, ചൊവ്വാ, ദിവസങ്ങളിലെ പ്രാർത്ഥനകളും മറ്റും അനുതാപത്തിന്റേതുതന്നെ -

നാലാം ദിവസങ്ങളായ ബുധനാഴ്ചയുടെ പ്രാർത്ഥനകളും മറ്റും പരി:ദൈവമാതാവിന്റെ മദ്ധ്യസ്ഥതക്കായിട്ടുള്ളതത്രേ

www.malankaralibrary.com



അഞ്ചാം ദിവസമായ വ്യാഴാഴ്ചയുടെ പ്രാർത്ഥനകളും മറ്റും 12-ശ്ലീഹന്മാരുടെയും സഹദേന്മാരുടേയും ശുദ്ധിമാന്മാരുടേയും രക്തസാക്ഷികളുടെയും ഓർമ്മക്കായും മദ്ധ്യസ്ഥതക്കായിട്ടുള്ളതത്രേ-

ആറാം ദിവസമായ വെള്ളിയാഴ്ചയുടെ പ്രാർത്ഥനകളും മറ്റും നമ്മുടെ രക്ഷകനായ മ്ശിഹാ ആദാമിനെ വീണ്ടെടുക്കാനായി ക്രൂശിക്കപ്പെട്ട കഴുകുമരമായ ജയത്തിന്റെയും രക്ഷയുടെയും വി:സ്ലീബായെ പുകഴ്ത്തിയുള്ളതത്രേ-

ഏഴാം ദിവസമായ ശനിയാഴ്ചയുടെ പ്രാർത്ഥനകളും മറ്റും പരി: സഭയെ പരി: പത്രോസിന്റെ പിൻഗാമികളായ മേൽപട്ടക്കാർ - ബ: വൈദികശ്രേഷ്ഠർ- ശെമ്മാശ്ശന്മാർ- പരി: സഭാ മക്കളായ വിശ്വാസികൾ മുതലായവരുടെ ഓർമ്മ കൊണ്ടാടുന്നതിനും അവർക്കുവേണ്ടി ക്രമീകരിച്ചിട്ടുള്ളതാണ്. ഇത് സുറിയാനി ശ്ലീമാ നമസ്ക്കാരത്തിൽ ക്രമീകരിച്ചിട്ടുണ്ട്. ഏബാറക്മോർ അതിന്റെ ശരി തർജ്ജമ 1970 -ൽ മലയാളത്തിൽ അച്ചടിച്ച് പ്രസിദ്ധം ചെയ്തിട്ടുണ്ട്.

പ്രസിദ്ധം ചെയ്തവർ-

1- വെരി. റവ: ഫാദർ എബ്രഹാം-ഒ-ഐ.സി-

2-വെരി. റവ : ഫാദർ സിറിയക്ക് -ഒ-ഐ.സി-

ഇതിൽ നിന്നും ഓരോ ആഴ്ചയിലെ യാമപ്രാർത്ഥനകൾ കൂടുതൽ ഗ്രഹിക്കാവുന്നതാണ്.

## നാലാം ഭാഗം ക്യംത്യാ വിവർത്തനം

ആണ്ടിനെ രണ്ടായി ഭാഗിച്ച വിവരം നേരത്തെ പ്രസ്താവിച്ചുവെങ്കിലും , ഉയിർപ്പുമുതൽ- സെപ്റ്റംബർ-14- സ്ലീബാപെരുനാൾ വരെയും- ക്യംത്യാ ഞായറായിത്തന്നെ സഭ ആദ്യകാലം മുതൽ ആചരിച്ചുപോകുന്ന എല്ലാ ഞായറാഴ്ചകളിലുമുള്ള പ്രഭാത പ്രാർത്ഥന ഒന്നു തന്നെ; അതാണ് ക്യംത്യാ.

നമ്മുടെ പ്രാർത്ഥനാ രീതി രണ്ട് ഗ്രൂപ്പുകളായി നിന്ന് ഇടത്തുവശത്ത് യുവാക്കളും വലതുവശത്ത് യുവതികളും നിന്ന് അവരുടെ സ്വരവാസന പുറകിൽ നില്ക്കുന്നവരെ രസിപ്പിക്കാനല്ലാതെ ക്യംത്യാ പ്രാർത്ഥനയുടെ വിലയോ അതിന്റെ അർത്ഥമൊ- മനസിലാക്കികൊണ്ടാണൊ എന്നും സംശയിക്കുന്നുണ്ട്. പോരായെങ്കിൽ സങ്കീർത്തനത്തിൽ പറയുന്ന പ്രകാരം തമ്പുരുകളാലും-വീണകളാലും അവനെ സ്തുതിപ്പിൻ എന്നതു പാലിക്കാൻ കുറെ ഉപകരണങ്ങളും ഉപയോഗിച്ച് ക്യംത്യായിലെ ഗീതങ്ങളും മറ്റും നിവർത്തിക്കുന്നു. എന്നാൾ സഭയിലെ കുദാശക്രമങ്ങൾ - ആണ്ടുതക്സാക്രമങ്ങൾ- യാമപ്രാർതഥനകൾ, സ്ലൂസോ, പ്രുമിയോൻ- സെദറാ- എത്രോ- വേദവായനകൾ ഇവയെല്ലാം രചിച്ചിട്ടുള്ളത് സഭാപിതാക്കന്മാരായ പരി: മാർ.അപ്രേം- മാർ യാക്കോബ്, മാർബാലായി എന്നീ ആദ്യകാല പിതാക്കന്മാരും മറ്റുമാണെന്നുള്ള ഓർമ്മ നമുക്ക് വേണ്ടിയിരിക്കുന്നു. സഭാ പിതാക്കന്മാർ വേണ്ട

www.malankaralibrary.com



വിധം തർജ്ജമ ചെയ്തിട്ടുള്ളതു തന്നെ. അതിൽ അവരുടെ അഭിപ്രായം ഒട്ടും തന്നെ ചേർത്തിട്ടില്ല. ഇവയെല്ലാം രചിച്ചവരും തർജ്ജമ ചെയ്തിട്ടുമുള്ള പിതാക്കന്മാർ പരിശുദ്ധാത്മ നിറവോടെയത്രേ നിവർത്തിച്ചിട്ടുള്ളത്.

### അഞ്ചാംഭാഗം ക്യംത്യാ ഞായറാഴ്ച പ്രഭാത പ്രാർത്ഥനയുടെ ആരംഭം

കൗമ്മാക്ക് ശേഷം പട്ടക്കാരൻ പിതാവിനും പുത്രനും- പരിശുദ്ധാത്മാവിനും സ്തുതി പറയുന്നു. അതെതുടർന്ന് വിശ്വാസികളായ ജനം സത്യപ്രതിജ്ഞ ചെയ്യുന്നു. തുടർന്നു പട്ടക്കാരൻ ആദ്യപ്രാർത്ഥന- സത്യപ്രതിജ്ഞയിൽ ജനങ്ങൾ ബലഹീനരും പാപികളുമാണന്ന് പൂർണ്ണമായി സമ്മതിച്ച് അനുഗ്രഹങ്ങളും കൃപയും യാചിക്കുന്നു. ഈ ലോകത്തിൽ തന്നെയല്ല നമ്മുടെ മരണശേഷമുള്ള പരലോകത്തിലും അനുഗ്രഹം ചൊരിയപ്പെടുന്നതിന് പട്ടക്കാരൻ ആവശ്യം സമർപ്പിക്കുന്നു. പാപ പ്രവൃത്തികളാൽ കുരുടായ നമ്മുടെ ആത്മീയ കണ്ണുകളെ പ്രകാശ കതിരുകളാൽ പ്രകാശിപ്പിച്ച്- ആ മരക്കുരിശിൽ മനുഷ്യവർഗ്ഗത്തിന്റെ രക്ഷക്കുവേണ്ടി തൂങ്ങികിടന്നതായ നിന്നെ കാണാൻ ഞങ്ങളുടെ കണ്ണുകളെ പ്രകാശിപ്പിക്കണമേ- എന്നും നിന്റെ മഹത്വമുള്ള ഉയിർപ്പുദിനത്തിൽ (മരിച്ചവരുടെ ഇടയിൽ നിന്നുള്ള ഉയിർപ്പ്) ഞങ്ങളെ ആനന്ദിപ്പിച്ച് സന്തോഷവാന്മാരാക്കേണമെ- ജീവന്റെ ആശാബന്ധവും ആത്മാക്കളുടെ രക്ഷിതാവും ആ യമശിഹാതമ്പുരാന്റെ തിരു സന്നിധിയിൽ കൃപക്കായി യാചിക്കുന്നതത്രേ ഈ പ്രാർത്ഥന- ഇതിൽ പൂർണ്ണവിശ്വാസം അർപ്പിച്ച് വിശ്വാസികൾ ആമ്മീൻ പറയുന്നു- ആമ്മീൻ എന്നുവച്ചാൽ സത്യം എന്നാണ് അർത്ഥം- അങ്ങിനെ സത്യപ്രതിജ്ഞ ചെയ്യുന്നു.

### (അടുത്തത്) 51-ാം സങ്കീർത്തനം

ഇത് അനുതാപത്തിന്റെ ഒന്നാം സങ്കീർത്തനമാണ്. ഇതിൽ -19- വാക്യങ്ങൾ അടങ്ങിയിരിക്കുന്നു. അവ ഓരോന്നിനെക്കുറിച്ചും അല്പം ചിന്തിച്ചാൽ നമുക്ക് ആവശ്യമായ എല്ലാ രഹസ്യങ്ങളും പരസ്യമായി അടങ്ങിട്ടുണ്ട്. ഇതിൽ പാപമോചനത്തിനും നിത്യജീവനും ആവശ്യമായത് ഗ്രഹിക്കാവുന്നതാണ്.

***ഒന്നാം വാക്യം.*** ദൈവത്തിന്റെ കൃപ വിലതീരാത്തതാണന്നും ആ കരുണയിൽ അശ്രയിക്കണമെന്നും, ആ കരുണകൊണ്ടല്ലാതെ നമ്മുടെ പാപങ്ങൾക്ക് മോചനം ലഭിക്കുകയില്ലന്നും വിശ്വസിച്ച് എന്റെ കുറ്റങ്ങൾ മായിച്ച് കളയണമെന്നുള്ള യാചന സൂചിപ്പിക്കുന്നു-

***2-ാം വാക്യം-*** എന്റെ അന്യായത്തിൽ നിന്ന്........ നമ്മുടെ പാപങ്ങളിൽ നിന്നും നമ്മെ വെടിപ്പാക്കാൻ ആ കാരുണ്യവാനായ ദൈവത്തിനല്ലാതെ മറ്റാർക്കും കഴികയില്ല എന്ന സൂചനയാണ്.

***3-ാം വാക്യം-*** എന്തെന്നാൽ എന്റെ അതിക്രമങ്ങൾ ----- ഇതിൽ നിന്നും

www.malankaralibrary.com



ഗ്രഹിക്കാവുന്നത് കഴിഞ്ഞു പോയ ജീവിതത്തെപ്പറ്റി ചിന്തിക്കാനും- അനുതപിക്കാനും ഓർമ്മിപ്പിക്കുന്നു.

*4-ാം വാക്യം* നിനക്കെതിരായിതന്നെ- - - - ദൈവത്തിനു വിരോധമായും- സഭാ കല്പനകൾക്ക് വിരോധമായും ചെയ്തുപോയ സകലപാപങ്ങളും കർത്താവിന്റെ മുമ്പിൽ ഉള്ളതിനാൽ നാം അനുതപിച്ച് ന്യായവിധിയെപ്പറ്റി ഓർക്കുക-

*5-ാം വാക്യം* എന്തന്നാൽ അന്യായത്തിൽ — - - - നമ്മുടെ മാതാവിന്റെ ഉദരത്തിൽ നാം ഉരുവാകുന്നതുതന്നെ പാപം വഴിയാണ്- ചിന്തിച്ച് അനുതപിക്കുക.

*6-ാം- വാക്യം* എന്നാൽ നീതിയിൽ നീ- - - - - നമ്മുടെ രക്ഷകൻ കല്പിച്ചതെല്ലാം പാലിച്ചാൽ ഇഷ്ടപ്പെട്ട് ജ്ഞാനത്തിന്റെ രഹസ്യങ്ങൾ മൂലം നമ്മെ ധന്യരാക്കും-

*7-ാം വാക്യം* സോപ്പാ കൊണ്ട്- - - -സോപ്പാകൊണ്ട് തളിച്ച് നമ്മെ വെണ്മയാക്കാനും ഉറച്ച മഞ്ഞിനെപ്പോലെയാക്കാനും ദൈവത്തിനല്ലാതെ മറ്റാർക്കും കഴികയില്ല എന്ന് സ്പഷ്ടം-

*8-ാം വാക്യം* നിന്റെ ആനന്ദവും സന്തോഷവും - - - - നമ്മെ ആനന്ദിപ്പിക്കുവാനും സന്തോഷിപ്പിക്കുവാനും തൃപ്തനാക്കുവാനും ദൈവത്തിനു മാത്രമേ കഴിയുകയുള്ളു എന്നും തൻ നിമിത്തം നമ്മുടെ അസ്ഥികൾ പോലും സന്തോഷിക്കും എന്ന് ഓർമ്മപ്പെടുത്തുന്നു.

*9-ാം വാക്യം* എന്റെ പാപങ്ങളിൽ നിന്ന് - - - - നമ്മുടെ പ്രവൃത്തികളും- പാപങ്ങളും തിരു മുമ്പിൽ ഉണ്ട്. ആയതിൽ ശ്രദ്ധിക്കാതെ നമ്മുടെ അതിക്രമങ്ങൾ എല്ലാം മായിച്ച് കിട്ടുന്നതിനുമുള്ള അപേക്ഷ- യാചനയത്രേ- സൂചിപ്പിക്കുന്നത്.

*10-ാം വാക്യം* ദൈവമേ ! വെടിപ്പുള്ള ഹൃദയം- - - - പാപം കൂടാത്തതും വെടിപ്പുള്ളതുമായ ഹൃദയം നമ്മിൽ സൃഷ്ടിക്കാൻ ദൈവത്തിനു മാത്രമേ കഴിയുകയുള്ളൂ. വി:മാമ്മോദീസാ വഴി സ്ഥിരതയുള്ള ആത്മാവിനെ ലഭിച്ച നമ്മിൽ എന്നും അതിനെ പുതുതാക്കണമേ എന്ന് യാചിക്കുന്നു. അത് ദൈവത്തിനു മാത്രമെ കഴികയുള്ളൂ.

*11-ാം വാക്യം* നിന്റെ തിരുമുമ്പിൽ നിന്ന്- - - - നമ്മുടെ പാപവും- കല്പനലംഘനവും വഴി തിരു സന്നിധിയിൽ നില്പാൻ യോഗ്യതയില്ല. ദയവു തോന്നി തള്ളികളയാതെയും അങ്ങയുടെ കൃപാകടാക്ഷത്താൽ നല്കിയ പരിശുദ്ധാത്മാവിനെ നമ്മിൽ നിന്നും എടുത്താൽ ആനന്ദവും രക്ഷയും നമുക്ക്

www.malankaralibrary.com



തിരിച്ചു തരാൻ ദൈവത്തിനല്ലാതെ മറ്റാർക്കും സാധ്യമല്ല. അതുപോലെ തന്നെ നമ്മെ താങ്ങി നിറുത്തുവാനും അവിടുത്തേക്കു മാത്രമേ കഴികയുള്ളൂ.

*12-ാം വാക്യം* എന്നാലൊ നിന്റെ ആനന്ദവും- - - 11-ാം വാക്യത്തിൽ വിവരിച്ച പരിശുദ്ധാത്മാവിനെ നമ്മിൽ നിന്ന് എടുക്കാൻ ആനന്ദവും രക്ഷയും നമുക്ക് തിരിച്ച് തരാൻ ദൈവത്തിനല്ലാതെ മറ്റാർക്കും സാധ്യമല്ല. അതുപോലെ തന്നെ നമ്മെ താങ്ങി നിറുത്തുവാനും അവിടുത്തേക്കു മാത്രമെ കഴിയുകയുള്ളു.

*13-ാം വാക്യം* അപ്പോൾ ഞാൻ അതിക്രമക്കാരെ - - - തന്നിൽ വിശ്വസിച്ച് പ്രവർത്തിച്ചാൽ തെറ്റുകാരെ നേർ വഴി നടത്തുവാനും തൻ നിമിത്തം പാപികൾ അനുതപിച്ച് യേശുവിലേക്ക് തിരിയുമെന്നും സൂചിപ്പിക്കുന്നു.

*14-ാം വാക്യം* എന്റെ ദൈവമേ- - - - രക്തപാതകത്തിൽ നിന്ന് നമ്മെ രക്ഷിക്കുവാൻ കാരുണ്യവാനായ ദൈവത്തിനല്ലാതെ മറ്റാർക്കും കഴികയില്ല ആയതിനാൽ നമ്മുടെ നാവ് തന്റെ നീതിയെ സ്തുതിപ്പാൻ കടമപെട്ടവരത്രേ-

*15-ാം വാക്യം* കർത്താവെ എന്റെ അധരങ്ങൾ- - - - - പാപമേറിയ നമ്മുടെ അധരങ്ങൾ നമുക്ക് തുറന്നു തരാൻ നമ്മുടെ രക്ഷകനല്ലാതെ മറ്റാർക്കും കഴികയില്ല. അങ്ങനെ ദൈവകൃപയാൽ തുറന്നു കിട്ടിയാൽ ദൈവത്തെ പാടി സ്തുതിപ്പാനും- നന്ദി പ്രകടിപ്പിക്കാനും- നാം കടപ്പെട്ടവരത്രേ-

*16-ാം വാക്യം* എന്തന്നാൽ ബലികളിൽ നീ ............. നന്മകൾ പ്രവർത്തിക്കാതെയും- കല്പനകൾ എത്ര കൊടുത്താലും അതിലെങ്ങും- നമ്മുടെ കർത്താവ് രമ്യതപ്പെടുന്നില്ല എന്ന് പ്രത്യേകം സൂചിപ്പിക്കുന്നു-

*17-ാം വാക്യം* ദൈവത്തിന്റെ ബലികൾ ................. താഴ്മയുള്ള ജീവിതം, ശരിയായ പശ്ചാത്താപത്തോടെയുള്ള കണ്ണുനീർ ഇവയാണ് ദൈവത്തിന് ഇഷ്ടം- എന്ന് സൂചിപ്പിക്കുന്നു

*18-ാം വാക്യം* നിന്റെ ഇഷ്ടത്താൽ ............... നാം ദൈവത്തോടെ പ്രത്യേകമുള്ള ഒരപേക്ഷയാണിത്. അതുപോലെ നമുക്ക് ആവശ്യമുള്ളതും യാചിപ്പാൻ ഓർമ്മിപ്പിക്കുന്നു.

*19-ാം വാക്യം* അപ്പോൾ ബലികളിലും............. മേൽ പറഞ്ഞവയെല്ലാം പാലിക്കുന്നുണ്ടങ്കിൽ കാരുണ്യവാനായ ദൈവം നമ്മിൽ പ്രീതിപ്പെടുകയും ബലികൾ സ്വീകരിക്കുകയും ചെയ്യുമെന്ന് ഓർമ്മിപ്പിക്കുന്നു.

അതിനുശേഷം നമ്മൾ ദൈവത്തെ യോഗ്യമായി സ്തുതിച്ച് ബാറെക്-മോർ- പറയുന്നു. (ബാറെക്മോർ -കർത്താവെ ഞങ്ങളെ അനുഗ്രഹിക്കണെ

www.malankaralibrary.com



മെ-). അതിനുശേഷം പട്ടക്കാരൻ ത്രിത്വത്തിനു സ്തുതി അർപ്പിക്കുന്നു- ജനം സത്യപ്രതിജ്ഞ ചെയ്യുന്നു.

**എനിയോനോ**

ഇത് ഗീതമാണ്. ഓരോ ഖണ്ഡികയിലും നാല് വരികൾ വീതം ക്രമീകരിച്ചിരിക്കുന്നു. എന്നാൽ അഞ്ചാമത്തെ ഖണ്ഡിക നിർത്തുന്ന സമയം- ബാറെക് മോർ - പറയുന്നു- അവിടെ പട്ടക്കാരൻ ത്രിത്വത്തിന് സ്തുതി പാടുകയും ജനം പ്രതിജ്ഞയും ചെയ്തശേഷം- ആറാം ഖണ്ഡിക തുടങ്ങി- അത് അവസാനിക്കുമ്പോൾ കുറിയേലായിസ്സോൻ പറയുന്നു. ഇത് സുറിയാനി പദമത്രേ- ഇതിന്റെ അർത്ഥം ഞങ്ങളുടെ കർത്താവെ! ഞങ്ങളെ അനുഗ്രഹിക്കണമെ -എന്നാകുന്നു-

**എനിയോനോ**

ഒന്നാം പാര- ഒന്നു മുതൽ ആറുവരെയുണ്ട്. അതിൽ ഒന്നാമത്തേത് മഹിമയൊടാ .................... അതിൽ നിന്ന് യേശു മഹിമയോടെ ഉയർത്തെഴുന്നേറ്റതും തന്റെ സൃഷ്ടികളെ ശോഭിപ്പതിനും ആ ശോഭയ്ക്ക് യേശുവിനെ പ്രത്യേകം സ്തുതിക്കുന്നതാകുന്നു.

*2-ാം പാര-* ശെമഓനും .................... ശെമഓനും യോഹന്നാനും ചെന്ന് ആ കബറിങ്കൽ സ്തുതി പാടി സന്തോഷത്തോടെ അവർ പോയതുപോലെ നാമും ഈ ബലിയിൽ സംബന്ധിച്ച് അതി സന്തോഷത്തോടെ സ്തുതി പാടി പോകണം-

*3-ാം പാര-* ആഴ്ചയുടെ ആദ്യദിനമായ ഞായറാഴ്ച നമ്മുടെ രക്ഷകന്റെ മഹിമയേറിയ ഉയർത്തെഴുന്നേല്പു മൂലം മൺമയരായ നമുക്കും ഉയർപ്പുണ്ടായി.

*4-ാം പാര-* തന്നെ കൊന്നവരെ- തന്റെ ഉയർപ്പുമൂലം ലജ്ജിപ്പിച്ചതിനാൽ- പള്ളികളിലും- ദയറാകളിലുമുള്ള തന്റെ മക്കൾ ഇന്ന് അതിയായി ആനന്ദിക്കുന്നു.

*5-ാം പാര-* തന്റെ കൃപയാൽ നമ്മിൽ നിന്നു വാങ്ങിപ്പോയ സകല മൃതരുടെയും ആത്മാക്കൾ- അവരുടെ മേൽ പനിനീർ വീഴ്ത്തിയ കരുണയെ ഓർക്കുന്നു- ബാറെക്മോർ- പട്ടക്കാരൻ വീണ്ടും ഇവിടെ ത്രിത്വത്തിന് സ്തുതി പാടുന്നു. ജനം സത്യപ്രതിജ്ഞയും നടത്തുന്നു.

*6-ാം പാര-* രക്ഷകനെ നിന്നെയും ........... നിന്റെ മഹത്വമേറിയ ഉയർപ്പിനെ കൊണ്ടാടുന്ന പാപികളായ നിന്റെ മക്കൾക്ക് അവിടുന്ന് മുൻ അരുളിചെയ്ത പ്രകാരം ഉയിർപ്പ് നല്കണമേ - കുറിയേലായിസ്സോൻ

www.malankaralibrary.com



**63-ാം സങ്കീർത്തനം**

ഇതിൽ പന്ത്രണ്ട് വാക്യങ്ങൾ അടങ്ങിയിരിക്കുന്നു.

1- എന്റെ ദൈവമേ- - - - - അങ്ങ് എന്റെ സൃഷ്ടാവും രക്ഷകനും ആകുന്നു. ആയതിനാൽ എന്റെ ആത്മാവും ജഡവും അങ്ങേക്കായി കാത്തിരിക്കുന്നു.

2- വെള്ളത്തിനായി ദാഹിച്ചിരിക്കുന്ന ഭൂമിയെപ്പോലെ നമ്മുടെ ആത്മാവും ജഡവും പ്രത്യാശയോടെ ആ ജീവജലത്തിനായി കാത്തിരിക്കണമെന്നത്രേ-

3- നിന്റെ ബലത്തെയും- ബഹുമാനത്തെയും കാണ്മാൻ എപ്പോഴും രക്ഷകനെ നോക്കിക്കൊണ്ടിരിക്കണം.

4- ദൈവത്തിന്റെ കരുണ ജീവനെക്കാൾ വിലതീരാത്തതാകയാൽ നമ്മുടെ അധരങ്ങൾ എപ്പോഴും ദൈവത്തെ സ്തുതിക്കണം

5- നാം ജീവനോടിരിക്കുമ്പോൾ മാത്രമെ തന്നെ വാഴ്ത്തുവാനും നമ്മുടെ കൈകൾ മലർത്തിയും ഉയർത്തിയും ദൈവത്തോടെ പ്രാർത്ഥിപ്പാൻ കഴികയുള്ളൂ.

6- നിന്റെ കൊഴുപ്പുകൊണ്ടും മേദസ്സുകൊണ്ടും പുഷ്ടിയാകണമെങ്കിൽ നിന്നെ തന്നെ നിർമ്മലീകരിച്ച് കൊണ്ട് തന്നെ സ്തുതിക്കണം.

7- നമ്മുടെ കിടക്കയിലും രാത്രികാലങ്ങളിലും ധ്യാനിക്കുകയും കണ്ണീരൊടെ പ്രാർത്ഥിക്കുകയും ചെയ്യേണ്ടത് ആവശ്യമത്രേ

8- യേശുതമ്പുരാൻ നമുക്ക് സഹായകനും തന്റെ ചിറകിൻ കീഴിൽ നമ്മെ മറയ്ക്കുകയും ചെയ്യുന്ന രക്ഷിതാവത്രേ-

9- നമ്മുടെ ആത്മാവും- ശരീരവും തന്റെ കല്പനകൾ അനുസരിച്ച് ജീവിച്ചാൽ തന്റെ വലതു കൈ നമ്മെതാങ്ങും

10- ആര് നമ്മെ നശിപ്പിക്കാൻ ആഗ്രഹിച്ചാലും തന്റെ മഹാ കരുണയാൽ അവർ നശിക്കും എന്ന വിശ്വാസം ഉണ്ടായിരിക്കണം-

11- തന്റെ തിരുവചനത്തിൽ വിശ്വാസമുണ്ടങ്കിൽ നമ്മുടെ ശത്രുക്കൾ പരാജയപ്പെടുകതന്നെയല്ല- വാളിനും കുറുനരികൾക്കും അവർ ഇരയായി തീരും.

12- കള്ളം പറയുന്നവരുടെ വായ് അടയ്ക്കപ്പെടും എന്നാൽ ദൈവത്തെ കൊണ്ട് ആണയിടുന്നവർ സന്തോഷത്തോടെ പുകഴ്ത്തപ്പെടുകയും ചെയ്യും - എന്നുള്ളത് എപ്പോഴും ഓർമ്മയിൽ ഉണ്ടായിരിക്കണം-

ദൈവമേ സ്തുതിക്ക് എപ്പോഴും നീ യോഗ്യനത്രേ- പട്ടക്കാരൻ- വീണ്ടും ത്രിത്വത്തിന് സ്തുതി അർപ്പിക്കുന്നു ജനം ഏറ്റു പറയുന്നു-

www.malankaralibrary.com



അദ്ധ്യായം 2

## സെപ്തംബർ- 14- (സ്ലീബാ പെരുനാൾ)

ആണ്ടിനെ രണ്ടായി ഭാഗിച്ചതിന്റെ രണ്ടാം പകുതി സെപ്റ്റംബർ - 14ന് ആരംഭിക്കുന്നു.(സ്ലീബാ പെരുനാൾ മുതൽ) ഇതു മുതൽ കഷ്ടാനുഭവ ആഴ്ച വരെ എല്ലാ ഞായറാഴ്ചകളിലെയും പ്രഭാത നമസ്ക്കാരം- ഓരോ ആഴ്ചയിലുമുള്ള പ്രഭാതനമസ്ക്കാരത്തിൽ ഉൾപ്പെട്ട ബുധനാഴ്ചയുടെ പ്രഭാതനമസ്ക്കാരമാണ് ഉപയോഗിക്കുന്നത്. കാരണം ഉയർപ്പു മുതൽ സെപ്തംബർ -14 വരെ നമ്മുടെ രക്ഷകന്റെ മഹിമയേറിയ ഉയർപ്പിന്റെ ബഹുമാനത്തിനും സെപ്തംബർ -14- മുതൽ പരി: ദൈവമാതാവിന്റെ ബഹുമാനത്തിനായിട്ടുമാണ് സഭ ക്രമീകരിച്ചിരിക്കുന്നത്.

പരി:മറിയത്തോട് ഗബ്രിയേൽ മാലാഖ വചനം അറിയിച്ചപ്പോൾ ഒരു കാര്യം സാക്ഷ്യപ്പെടുത്തിയിരുന്നു. "കണ്ടാലും നിന്റെ ചാർച്ചക്കാരിയായ ഏലിശുബാ ഇതാ വാർദ്ധക്യത്തിൽ ഒരു പുത്രനെ ഗർഭം ധരിച്ചിരിക്കുന്നു. മച്ചി എന്ന് വിളിക്കപ്പെട്ടവൾക്ക് ഇത് ആറാം മാസമാകുന്നു." ഇത് നേരിൽ കണ്ട് വിശ്വസിക്കേണ്ടതിന് പിറ്റേ ദിവസം അതിരാവിലെ ആചാര്യനായ സഖറിയായുടെ ഭവനത്തിലെക്ക് മറിയം തിരിച്ചു. ഏലിശുബായെ കണ്ട് കുശലം പറഞ്ഞ ശേഷം- പരി:മറിയം പറഞ്ഞത് (ലൂക്കോ-1:48) ഇപ്പോൾ മുതൽ സകലതലമുറകളും എന്നെ ഭാഗ്യവതി എന്ന് പ്രകീർത്തിക്കും എന്നതത്രേ- സെപ്റ്റംബർ 14 മുതൽ കൂദശ് ഈത്തോവരെയുള്ള ഞായറാഴ്ചകൾ വന്ദിക്കപ്പെട്ടതും ജയമുള്ളതുമായ സ്ലീബായെപ്പറ്റിയുള്ളതുമാകുന്നു. എന്നാൽ കൂദെശ് ഈത്തോ- ഞായറാഴ്ച മുതലാണ് സഭാവത്സരം- കുദെശ് ഈത്തോ മുതൽ- പിറ്റേ കുദെശ് ഈത്തോവരെയുള്ള കാലങ്ങളിൽ നമ്മുടെ രക്ഷകന്റെ ജനനം ജ്ഞാനസ്നാനം, പരസ്യാരാധന, അത്ഭുതപ്രവൃത്തികൾ, ഓശാന, കഷ്ടാനുഭവം, മരണം, കബറടക്കം, മഹിമയോടുള്ള ഉയർപ്പ്, സ്വർഗ്ഗാരോഹണം-ത്രിത്വത്തിൽ മൂന്നാമനായ പരിശുദ്ധാത്മാവിനെ അയച്ചത്,വീണ്ടും ന്യായവിധിക്കായുള്ള വരവ്- ഇവയെല്ലാം സഭ ഒരു വർഷം കൊണ്ട് പൂർത്തീകരിക്കുന്നു. തന്റെ മുപ്പത്തിമൂന്നിലധികം വർഷത്തെ സംഭവങ്ങൾ എല്ലാം തന്നെ.

എന്നാൽ കുദെശ് ഈത്തോ ആരംഭം സഭാ പഞ്ചാംഗം നോക്കാതെ ഏവർക്കും എളുപ്പം മനസ്സിലാക്കാനുള്ള മാർഗ്ഗം ഓരോ ആണ്ടിന്റെയും പത്താം മാസമാകുന്ന ഒക്ടോബർ-30-31 തീയതി ഞായറാഴ്ചയാകുന്നങ്കിൽ ആ ദിവസം കൂദെശ് ഈത്തോ ഞായർ ആണെന്നതാണ്.

30-31 ഞായറാഴ്ച അല്ലെങ്കിൽ നവംബർ- ആദ്യ ഞായറാഴ്ച കൂദെശ് ഈത്തോ ഞായറായിരിക്കും- സെപ്റ്റംബർ 14- മുതലുള്ള ഞായറാഴ്ചകളിലെ പ്രഭാതപ്രാർത്ഥന ഒന്നുതന്നെ. ക്യംത്യായിൽ നിന്ന് വ്യത്യസ്ഥതയുള്ളത്

www.malankaralibrary.com



ആദ്യപ്രാർത്ഥന- പ്രുമിയോൻ സെദറാ- എനിയോനുകൾ- കൊലൊ- ബോവുസാ- എന്നിവയാണ്. പ്രത്യേകം വായിച്ച് ധ്യാനിച്ചാൽ വിലതീരാത്ത അർത്ഥങ്ങൾ മനസ്സിലാക്കാം എന്നാൽ സങ്കീർത്തനങ്ങളോ സുവിശേഷ ഭാഗങ്ങളോ എല്ലാം-കൃംത്യാ ഞായറാഴ്ചയുടെതുതന്നെ- ഇവയെല്ലാം- പരി: കന്യകമറിയത്തിന്റെയും- പരിശിദ്ധന്മാരൊടുള്ള പ്രത്യേക മദ്ധ്യസ്ഥതയും - അപേക്ഷയും ഉൾക്കൊണ്ടതാണ്.

## കുദെശ് ഈത്തോ ഞായർ

കുദെശ് ഈത്തോ ഞായർ ഉൾപ്പെടെ എട്ട് ഞായറാഴ്ചകൾക്ക് ശേഷമായിരിക്കും കർത്താവിന്റെ ജനനപ്പെരുന്നാൾ. (യൽദോ) ആഘോഷിക്കുന്നത്. ഈ എട്ട് ഞായറാഴ്ചകൾ രക്ഷകന്റെ മാഹാത്മ്യത്തെ ഓർമ്മിക്കുന്നു. ഈ എട്ട് ഞായറാഴ്ചകൾ താഴെപറയുന്നവയാണ്.

1,- കുദെശ് ഈത്തോ- 2,- ഹുദെശ് ഈത്തോ- 3,- സഖറിയായോടുള്ള അറിയിപ്പ് -4,- പരി:ദൈവമാതാവിനൊടുള്ള അറിയിപ്പ് 5- പരി:മാതാവ് ഏലിശുബായെ സന്ദർശിച്ചത് 6,.— വി: യോഹന്നാന്റെ ജനനം 7,— വി: യൗസേപ്പിനുണ്ടായ വെളിപാട് 8,—- യൽദോയ്ക്ക് മുമ്പുള്ള ഞായർ- ഇതിൽ ചില വർഷം ചിലവ്യത്യാസം ഉണ്ടായി എന്നു വരാം. കുദെശ് ഈത്തോ ഞായറാഴ്ചയെപ്പറ്റിയും അതിന്റെ വിശ്വാസം അറിയാനും അവരിൽ തന്നെക്കുറിച്ച് ഉള്ള വിശ്വാസം ഉറപ്പിക്കുവാനും അവരോട് ചോദിച്ച ചോദ്യത്തിന് ശിഷ്യന്മാരിൽ പ്രഥമശിഷ്യനായ ശിമയെന്റെ മറുപടികേട്ട തന്റെ ഗുരു അരുളിചെയ്ത്- വി:മത്തായി- 16: 13-20-)

1- യോനായുടെ പുത്രനായ ശിമയോനെ നീ ഭാഗ്യവാൻ

2- സ്വർഗ്ഗസ്ഥനായ എന്റെ പിതാവാണ് നിനക്ക് ഇത് വെളിപ്പെടുത്തിയത്

3- ഞാൻ നിന്നോടു പറയുന്നു നീ പത്രോസാണ്- (കീഫാ പാറ-)

4- ഈ പാറമേൽ എന്റെ സഭ ഞാൻ സ്ഥാപിക്കും

5- നരകകവാടങ്ങൾ അതിനെ പ്രബലപ്പെടുത്തുകയില്ല.

6- സ്വർഗ്ഗ രാജ്യത്തിന്റെ താക്കോലുകൾ നിനക്ക് ഞാൻ തരും

7- നീ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗരാജ്യത്തിലും കെട്ടപ്പെടും

8- നീ ഭൂമിയിൽ അഴിക്കുന്നതെല്ലാം സർഗ്ഗരാജ്യത്തിലും അഴിക്കപ്പെടും

9- താൻ ക്രിസ്തുവാണന്ന് ആരോടും പറയരുത് എന്ന് പൊതുവെ ശിഷ്യന്മാരൊട് കല്പിച്ചു.

www.malankaralibrary.com



10- വി: യോഹന്നാൻ- 21: 15-17 യേശു തന്റെ പ്രഥമശിഷ്യനായ പത്രോസിന് ഈ അധികാരമെല്ലാം കൊടുത്ത് ഉയർപ്പിനുശേഷം ശിഷ്യന്മാർക്ക് മൂന്നാം പ്രാവശ്യം പ്രത്യക്ഷപ്പെട്ടപ്പോൾ താൻ സ്ഥാപിച്ചതായ തന്റെ സഭാമക്കളായ ആടുകളെ മേയ്പാനുള്ള അധികാരവും നല്കുന്നു. അതും മൂന്ന് പ്രാവശ്യമായി. ഒന്നാമതായി ആടുകളെ,രണ്ടാമതായി, പെണ്ണാടുകളെ, മൂന്നാമതായി കുഞ്ഞാടുകളെ. ഇതിൽ നിന്നെല്ലാം യേശു സ്ഥാപിച്ച സഭ ഏതെന്നും അതിന്റെ ഭരണകർത്താക്കൾ ആരാണെന്നും ദൈവവചനം വിശ്വസിക്കുന്ന ആർക്കും മനസ്സിലാകുന്ന സത്യം തന്നെയാണ്. ആ പ്രഥമശിഷ്യനായ പത്രോസിനാൽ സ്ഥാപിച്ചിട്ടുള്ളതാണ് സത്യ ക്രിസ്തീയസഭ.(കത്തോലിക്കാസഭ) അതിനെതിരായുള്ള സഭകൾ അധികാരവാഞ്ചയും സ്ഥാനമാനമോഹവും ദുരാഗ്രഹത്തിനും വേണ്ടിയുള്ളതാണ്.

കുദെശ് ഈത്തോ- എന്നതിന്റെ അർത്ഥം സഭാ ശുദ്ധീകരണം എന്ന് നാം ഗ്രഹിച്ചു. സഭ എന്നത് നാം ഓരോരുത്തരും ഉൾപ്പെട്ടതായതുകൊണ്ട് നാം ശുദ്ധീകരിക്കപ്പെടണം- നമ്മുടെ ശുദ്ധീകരണം പരി:സഭയിലുള്ള കൂദാശകളിൽ ഒന്നായ കുമ്പസാരം എന്ന കൂദാശ വഴിയാണ്. നമ്മൾ ഓരോരുത്തരുടെയും ശുദ്ധീകരണം- കുമ്പസാരിക്കുന്ന വ്യക്തി പാപത്തെപ്പറ്റി ഓർക്കുക- പാപത്തെപ്പറ്റി പശ്ചാത്താപപ്പെടുക- ലജ്ജ കൂടാതെ പാപത്തെ ഏറ്റുപറയുക- നിശ്ചയിക്കപ്പെട്ട പ്രതിവിധികൾ നിവർത്തിക്കുക- മേലിൽ പാപം ചെയ്യുകയില്ലെന്ന് തീരുമാനിക്കുക- അതാണ് സത്യകുമ്പസാരം. എന്നാൽ പാപത്തെ മറച്ചുവച്ചുകൊണ്ടുള്ള കുമ്പസാരം നടത്തിയാൽ ശിക്ഷാവിധിക്ക് യോഗ്യരാകുന്നു; അതായത് അനന്യാസിനും അവന്റെ ഭാര്യ സഫീറായ്ക്കും സംഭവിച്ചത്. (അപ്പോപ്ര-5:1-11-)

ചിലപ്രായം ചെന്ന സ്ത്രീകളും പുരുഷന്മാരും അതുപോലതന്നെ ചില യുവതീ-യുവാക്കളും അവരുടെ കഠിനമായ പാപങ്ങൾ എങ്ങനെയാണ് തന്നെ അധികം സ്നേഹിക്കുന്ന ബ: അച്ചന്റെ മുമ്പിൽ പറയുക എന്ന വിചാരത്തിൽ പാപം മറച്ചുവച്ച് കുമ്പസാരം നടത്തിയെന്നു വരാം. എന്നാൽ ഇത് തെറ്റിദ്ധാരണയാണ്. പാപങ്ങളെ കേട്ട് പ്രതിവിധി നൽകിയ വൈദികൻ കൂടുതൽ സ്നേഹിക്കുകയേയുള്ളൂ. കാരണം നമ്മുടെ രക്ഷകൻ പാപികളുടെയും മറ്റും സ്നേഹിതനായിരുന്നു. അനേകരുടെ കുമ്പസാരം കേൾക്കുന്ന വൈദികന് ഓരോരുത്തരുടെയും പാപങ്ങൾ ഓർക്കാൻ സാധിക്കയില്ല. കുമ്പസാരം കേൾക്കുന്ന പുരോഹിതൻ തനിക്ക് ലഭിച്ച പരിശുദ്ധാത്മാവ് വഴിയാണ് പാപമോചനവും പ്രതിവിധിയും നൽകുന്നത്. അഥവാ ഒരു വൈദികൻ തന്നെ ഭാരമേല്പിച്ചതിന് എതിരായി പ്രവർത്തിച്ചാൽ തനിക്കുലഭിച്ച പരിശുദ്ധാത്മവരം തന്നെ നഷ്ടപ്പെടും എന്നാണ് സഭയുടെ വിശ്വാസം. ആയതിനാൽ ലജ്ജ കൂടാതെ കുമ്പസാരം നടത്തി സഭാമക്കൾ ശുദ്ധീകരണം പ്രാപിക്കണം.

www.malankaralibrary.com



## ഹുദശ് ഈത്തൊ ഞായർ

ഹുദശ് ഈത്തൊ- ഇത് സുറിയാനി പദമാണ്, ഇതിന്റെ അർത്ഥം പുതുക്കം എന്നത്രേ- ക്രിസ്തു വി:പത്രോസിൽ മേൽ സ്ഥാപിച്ച സഭ പുതുക്കപ്പെടുന്നു. പരി:സഭയിൽ പല നല്ല കാര്യങ്ങളും നിവർത്തിക്കപ്പെടുന്ന ഞായർ. അതേ ദിവസം നാം ഓരോരുത്തരും പുതിയ മനുഷ്യരായി (നവീകരണം പ്രാപിച്ച്) പുതുക്കപ്പെട്ട സഭയുടെ മക്കളായി ജീവിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

## സഖറിയായോടുള്ള അറിയിപ്പ്

വി: ലൂക്കോ- 1:11-20 - ആചാര്യനായ സഖറിയോടുള്ള അറിയിപ്പിൽ പല ഗുണപാഠങ്ങളും നമുക്ക് ഗ്രഹിക്കാനുണ്ട്.

(1) സഖറിയായുടെ പ്രാർത്ഥന ദൈവസന്നിധിയിൽ കേട്ടിരിക്കുന്നു എന്ന് മാലാഖ ആദ്യമായി അറിയിക്കുന്നു. അതുപോലെ നമ്മുടെ പ്രാർത്ഥനകളും ദൈവസന്നിധിയിൽ കേൾക്കും

(2) മാലാഖമാർ ദൈവസന്നിധിയിൽ നില്ക്കുന്നവരാണന്നു നമ്മെ ഓർമ്മിപ്പിക്കുന്നു. നമുക്ക് ഓരോരുത്തർക്കും ഓരോ കാവൽ മാലാഖമാർ ഉണ്ടന്നും അവർ നമ്മുടെ പ്രവൃത്തികളെ ദൈവസന്നിധിയിൽ അറിയിക്കുന്നുണ്ടെന്നും ഗ്രഹിക്കണം.

(3) മാലാഖയുടെ വചനത്തിൽ സഖറിയായുടെ അവിശ്വാസം മൂലം മാലാഖ അദ്ദേഹത്തെ ശിക്ഷിക്കുന്നു. അങ്ങനെ സംസാരിക്കാൻ കഴിവില്ലാത്തവനായി.

## പരി:ദൈവമാതാവിനൊടുള്ള അറിയിപ്പ്

വി: ലൂക്കോ- 1: 26-38: രക്ഷകന്റെ ജനനത്തിന് 400-വർഷം മുമ്പ് മഹത്വമുള്ള യെശയ്യാ ദീർഘദർശി പ്രവചിച്ചത് അതാ നിവൃത്തിയാകാൻ പോകുന്നു-( യെശയ്യാ-7:14-) കർത്താവുതന്നെ നിനക്ക് അടയാളം തരും. കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും അവൻ ഇമ്മാനുവൽ എന്ന് വിളിക്കപ്പെടും. (ഇമ്മാനുവേൽ- ദൈവം നമ്മോടുകൂടെ) ആയത് നിവർത്തിക്കപ്പെടുന്നു. (വി:യോഹ-1-1-ൽ ആദിയിൽ വചനമുണ്ടായിരുന്നു. ആ വചനം ദൈവത്തോടു കൂടെയായിരുന്നു ആ വചനം ദൈവമായിരുന്നു. ഇവ രണ്ടും ഇതാ ഇവിടെ നിവർത്തിക്കപ്പെടുന്നു. ഇതത്രേ ലൂക്കോസിന്റെ സുവിശേഷത്തിൽ നിന്ന് ഗ്രഹിക്കുന്നത്. യരുശ്ലേം ദേവാലയ അതിർത്തിയിൽപ്പെട്ട യൂയാക്കിം- ഹന്ന- ദമ്പതികൾക്ക് മറിയം എന്ന ഏകപുത്രിയെ ദൈവം നല്കി. മാതാപിതാക്കളുടെ മുൻകൂട്ടിയുള്ള നേർച്ച പ്രകാരം മൂന്നുവയസുകാരിയായ മറിയത്തിനെ - യരുശ്ലേം ദേവാലയത്തിൽ സമർപ്പിച്ചു. മറിയത്തിന് മാലാഖമാർ വഴിയാണ് ഭക്ഷണം നല്കികൊണ്ടിരുന്നത്. മറിയത്തിന് പന്ത്രണ്ട് വയസ്സായപ്പോൾ ദേവാലയത്തിലെ മരപ്പണിക്കാരനായ യൗസേഫിന്റെ കൂടെ വിവാ

www.malankaralibrary.com



ഹനിശ്ചയം നടത്തി അയച്ചു. എന്നാൽ ഒരു ദിവസം ഒരു ദൈവദൂതൻ അവിടെ പ്രത്യക്ഷപ്പെട്ടു. 400 വർഷം മുമ്പുള്ള യെശയ്യാ പ്രവാചകന്റെ ദീർഘദർശനം ഇവിടെ പൂർത്തിയായി. എന്നാൽ രാജകന്യകമാർ തുടങ്ങി അനേക കന്യകമാർ കാത്തിരുന്നെങ്കിലും ദൈവത്താൽ അയക്കപ്പെട്ട ഗബ്രിയേൽ മാലാഖ ഗലീലയിലെ നസ്രേത്ത് എന്ന പട്ടണത്തിൽ ദാവീദിന്റെ വംശത്തിൽ ഉൾപ്പെട്ട യൗസെഫിന് വിവാഹം നിശ്ചയിക്കപ്പെട്ട കന്യകയുടെ അടുത്തേക്കാണ് വന്നത്. (വി: ലൂക്കോ- 1:26-38-) അതിൽ നിന്നും മനസ്സിലാക്കേണ്ടത് നമ്മുടെ ഓരോരുത്തരുടെയും പേര് സ്വർഗ്ഗത്തിൽ എഴുതപ്പെട്ടിരിക്കുന്നു. മാലാഖ ആദ്യമായി സമാധാനം പറയുന്നു. ദൈവത്തിന്റെ കൃപനിറഞ്ഞവളെ!എന്നാണ് സംബോധന ചെയ്യുന്നത്. അപ്പോൾ മറിയം നേരത്തെതന്നെ ദൈവകൃപ നിറഞ്ഞവളായിരുന്നു എന്നു സ്പഷ്ടം. അടുത്തതായി നമ്മുടെ കർത്താവ് നിന്നോടു കൂടെ- ആ വചനം വഴി നമ്മുടെ കർത്താവ് മറിയത്തിന്റെ ഗർഭപാത്രത്തിൽ ഉരുവായി. എന്നാൽ മറിയം ഈ സമാധാനത്തെയും വചനത്തെയും പറ്റി ചിന്തിച്ച് ഭയപ്പാടോടെ നില്ക്കുമ്പോൾ ദൂതൻ പറയുന്നു. നീ ഭയപ്പെടെണ്ടാ- എന്തുകൊണ്ടെന്നാൽ ദൈവസന്നിധിയിൽ നിന്ന് നീ കൃപകണ്ടെത്തിയിരിക്കുന്നു. നീ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. അവനെ യേശു എന്ന് പേരിടണം. ഇക്കാര്യങ്ങൾ ദൂതൻ പറഞ്ഞുകഴിഞ്ഞപ്പോൾ മറിയം ദൂതനോട് സംശയം ചോദിച്ചു. അപ്പോൾ ദൂതൻ ഒരു അടയാളം പറഞ്ഞുകൊടുത്തു. ഇതാ നിന്റെ ചാർച്ചക്കാരിയും വൃദ്ധയുമായ ഏലിശുബാ ഒരു പുത്രനെ ഗർഭം ധരിച്ചിരിക്കുന്നു. മച്ചി എന്ന് പറയപ്പെട്ടവൾക്ക് ഇത് ആറാം മാസമാകുന്നു "ദൈവത്തിനു കഴിയാത്തത് യാതൊന്നുമില്ലല്ലോ" എന്നുള്ള വചനത്തിൽ മറിയം പൂർണ്ണമായി വിശ്വസിച്ച് ഏറ്റുപറയുന്നു. "കണ്ടാലും കർത്താവിന്റെ ദാസിയായ ഞാൻ; നിന്റെ വചനപ്രകാരം സംഭവിക്കട്ടെ" മറിയത്തിന്റെ മറുപടിയിൽ നിന്ന് ഗ്രഹിക്കാവുന്ന ഒന്ന് തന്റെ വിലതീരാത്ത താഴ്മയാണ്.

**അദ്ധ്യായം 3**

## പദയാത്ര

കാലം ചെയ്ത ഭാഗ്യസ്മരണീയനായ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ- (ആർച്ച് ബിഷപ്പ് തിരുമേനി.) അന്ത്യ വിശ്രമം കൊള്ളുന്ന പട്ടം സെന്റ് -മേരീസ് കത്തീഡ്രലിലേക്കുള്ള വിശ്വാസികളുടെ പദയാത്രയാണ് ഇവിടെ പരാമർശിക്കുന്നത്.

**ചിന്താവിഷയം**

ഒന്നാമതായി- നാം എവിടെനിന്നും വരുന്നു(പുറപ്പെടുന്നു)

രണ്ടാമത് നാം എവിടെക്ക് പോകുന്നു

മൂന്നാമത് നാം എന്തിനു പോകുന്നു

www.malankaralibrary.com



ഒന്നാമത് നല്ലഫലം പുറപ്പെടുവിച്ചിരുന്ന മുന്തിരി തായ്ത്തടിയിൽ നിന്നും മുറിച്ച് മാറ്റപ്പെട്ട ശിഖരത്തെ- തായ്ത്തടിയോടെ ഒട്ടിച്ച് ചേർക്കാൻ അതായത് നല്ല ഫലം പുറപ്പെടുവിക്കാൻ അനേകവർഷങ്ങൾക്ക് മുമ്പ് സകലതും ഉപേക്ഷിച്ച് പെരുനാട് മുണ്ടൻ മലയിൽ നിന്നും ഇറങ്ങിയതിന്റെ സ്മരണക്കായി ആസ്ഥലത്തു നിന്നും പുറപ്പെടുന്നു.

**രണ്ടാമത്**

അഭിവന്ദ്യപിതാവ് അന്ത്യവിശ്രമം കൊള്ളുന്ന പട്ടം കത്തീഡ്രലിൽ മുണ്ടൻ മലപോലതന്നെ ഉയർന്ന സ്ഥലത്ത് സ്ഥിതിചെയ്യുന്ന സെന്റ് മേരീസ് ദേവാലയത്തിലെ പരിശുദ്ധ പിതാവിന്റെ കബറിങ്കലേക്ക്.

**മൂന്നാമതായി** നാം എന്തിനുപോകുന്നു: വിലതീരാത്ത രഹസ്യവും ചിന്താവിഷയുമാണ്. ആ പിതാവിന്റെ മദ്ധ്യസ്ഥതയാൽ പാപമോചനവും കടങ്ങൾക്ക് പരിഹാരവും പിശാചിന്റെ പരീക്ഷകളിൽ നിന്നുള്ള വിടുതലും രോഗശാന്തിയും- അഭിഷ്ടകാര്യങ്ങൾ സാധിക്കുന്നതിനും മറ്റും.

**പ്രാർത്ഥിക്കാം**

ആദ്യമായി നമ്മുടെ അഭിവന്ദ്യപിതാവിനുവേണ്ടി പ്രാർത്ഥിക്കാം

പരി: പിതാവ് ഗുരു പട്ടം സ്വീകരിച്ച നാൾ മുതൽ അന്ത്യം വരെ അർപ്പിച്ചിട്ടുള്ള വി:ബലിയുടെ അവസാനത്തിൽ നമ്മെ ഭരമേൽപിച്ചിട്ടുള്ളതാണ്. നിങ്ങൾ സമാധാനത്തോട് പോകുവിൻ, എന്നേക്കും എനിക്കുവേണ്ടി പ്രാർത്ഥിക്കുവിൻ, അപ്പോൾ നാം ജീവിച്ചിരിക്കുന്ന കാലം മുഴുവനും ആയത് നിറവേറ്റാൻ പ്രാർത്ഥിക്കുവാൻ കടപ്പെട്ടവരത്രേ. നമ്മുടെ പ്രാർത്ഥനയിൽ ബ: പട്ടക്കാരുടെ ഓർമ്മകഴിക്കുമ്പോൾ ഉപയോഗിക്കുന്ന പ്രുമിയോൻ-സെദറാ-, ശ്രദ്ധിക്കുക.

യഹോവയായ ദൈവം സ്വപ്നത്തിൽ രാജാവായ അബിമലേക്കിനോട് പറയുന്നു. അവന്റെ ഭാര്യയെ തിരിച്ചേല്പിക്കുക. അവൻ പ്രവാചകനാണ് അവൻ നിനക്കുവേണ്ടി പ്രാർത്ഥിക്കും- നീ ജീവിക്കുകയും ചെയ്യും. എന്തുകൊണ്ടന്നാൽ എന്റെ സ്നേഹിതനായ അബ്രഹാമിന്റെ പ്രാർത്ഥന ഞാൻ കേൾക്കും. (ഉല്പത്തി-20:7.)

തേമാന്യനായ എലിഫാസിനോട് യഹൊവായ ദൈവം അരുളിചെയ്യുന്നു. അതിനാൽ ഇപ്പോൾ തന്നെ ഏഴ് കാളകളെയും ഏഴ് മുട്ടാടുകളെയും കൊണ്ട് ജോബിന്റെ അടുക്കൽ ചെന്ന് നിങ്ങൾക്കുവേണ്ടി ദഹനബലി അർപ്പിക്കുവിൻ എന്റെ ദാസനായ ജോബ് നിങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കും. ഞാൻ അവന്റെ പ്രാർത്ഥന സ്വീകരിച്ച് നിങ്ങളുടെ ദോഷത്തിന് നിങ്ങളെ ശിക്ഷിക്കുകയില്ല. ജോബ്-42:7-11)

www.malankaralibrary.com



(എഫെ- 6: 18-19 1-തെസ്സ - 5: 25. യാക്കോബ് - 5: 16) വായിക്കുക

മൂശ അറുനൂറായിരം ഭടന്മാർക്ക് ദൈവത്തിൽ നിന്ന് പാപമോചനം നേടി കൊടുത്തു- അതുപോലെതന്നെ ഈ വന്ദ്യപിതാവിന്റെ സന്നിധിയിൽ അടുത്തുവന്നിരിക്കുന്ന അവസരത്തിൽ വന്ദ്യപിതാവ് - നമുക്കുവേണ്ടിയും പിതാവാം ദൈവത്തിന്റെ വലതുഭാഗത്ത് ഇരിക്കുന്ന മിശിഹാ തമ്പുരാനോട് മദ്ധ്യസ്ഥത അർപ്പിക്കുന്നതിനായും- കരുണ ലഭിക്കുന്നതിനുമായും പാപമോചനം പ്രാപിക്കുന്നതിനും നിത്യജീവനിലേക്കുള്ള പ്രവേശനം ലഭിക്കുന്നതിനും മായിട്ടത്രേ ഈ പദയാത്ര അത് നമുക്ക് സഫലമാക്കണം. പിതാവ് ദൈവസന്നിധിയിൽ നിന്ന് പ്രീതി ലഭിച്ച് പുനരുത്ഥാന ദിനത്തിൽ നമുക്കുവേണ്ടി ശക്തിയായി വാദിക്കും.

## ഭാരതന്യൂമാന്റെ അല്പം ചരിത്രം

ഭാരതത്തിന് ധാരാളം മെത്രാന്മാരെ സംഭാവന ചെയ്ത മാവേലിക്കരയിൽ പണിക്കർ കുടുംബത്തിൽ തോമസ്സ് പണിക്കരുടെയും- അന്നമ്മയുടെയും സീമന്തപുത്രനായി 1882- സെപ്റ്റംബർ-21-ാം തീയതി ജനിച്ചു. ഗീവറുഗ്ഗീസ് എന്ന നാമധേയം മാമ്മോദീസാ വഴി ലഭിച്ചു. തന്റെ വിദ്യാഭ്യാസ സമയത്തു തന്നെ(ഹൈസ്കൂൾ) പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസ് തിരുമേനിയിൽ നിന്ന് പുത്തൻകാവുപള്ളിയിൽ വച്ച് ശെമ്മാശു പട്ടം സ്വീകരിച്ചു. തുടർന്നു കോട്ടയം C.M.S കോളെജ്, മദ്രാസ് ക്രിസ്ത്യൻ കോളജ്. ഇവിടങ്ങളിൽ നിന്ന് B.A, M.Aഡിഗ്രി കരസ്ഥമാക്കി. 1908 ൽ ഓഗസ്റ്റ്-15-ാം തീയതി പരുമലപള്ളിയിൽ വച്ച് വട്ടശ്ശേരിയിൽ മാർ ദിവന്നാസ്യോസ് തിരുമേനിയിൽ നിന്ന് കശ്ശീശ പട്ടം സ്വീകരിച്ചു പിന്നീട് മാർ ഈവാനിയോസ് എന്ന പേരിൽ മെത്രാപ്പോലിത്തായായി ഉയർത്തപ്പെട്ടു. ആ വന്ദ്യപിതാവിലൂടെ മലങ്കര സഭയ്ക്ക് ലഭിച്ച നിരവധി അനുഗ്രഹങ്ങൾ ഓർക്കുകയും ആ വ്യക്തിത്വത്തിന്റെ മാഹാത്മ്യം മനസ്സിലാക്കുകയും അതിൽ നിന്നും മലങ്കര സഭ സ്വന്തമാക്കേണ്ട ദൗത്യവും ഉൾക്കാഴ്ചയും അനുസ്മരിക്കുകയുമാണ്. മാർ ഈവാനിയോസ് തിരുമേനി- മലങ്കര സഭയുടെ വിമോചകനും സഭാ ഐക്യത്തിന്റെ പ്രവാചകനുമായിരുന്നു. അഗാധമായ പാണ്ഡിത്യവും നിറഞ്ഞകഴിവുകളാണ് അദ്ദേഹത്തെ മഹാനാക്കിയത്.

മലങ്കര സഭക്ക് പരി: കതോലിക്കായേയും, സ്വാതന്ത്ര്യവും പ്രത്യേകിച്ച് ഓർത്തോഡോക്സ്- എന്ന നാമകരണവും സമ്പാദിച്ച മഹാനാണ് അദ്ദേഹം. 1882-സെപ്റ്റംബർ-21 മുതൽ- 1930 സെപ്റ്റംബർ 21വരെ ഒന്നാം ഘട്ടവും- 1930 മുതൽ 1953 ജൂലൈ 15 വരെ രണ്ടാംഘട്ടവുമാണ്.

www.malankaralibrary.com



അദ്ധ്യായം 4

## ആചാര്യന്മാർക്കു വേണ്ടി ധൂപ പ്രാർത്ഥന

**ഒരു കൗമ്മാ- കുക്കിലിയോൻ**

ചാർത്തും നീതിയെ നിന്നാചാര്യന്മാരും
മഹിമയെ നിൻ നയവാന്മാരും-ഹാ— ഹാ--ഹാ
നിന്നഭിഷിക്ത മുഖം തിരിപ്പിക്കല്ലെ
നിൻ ദാസൻ ദാവീദിനെയോർത്ത്
നിൻ പുത്രൻമാർ കാത്തിടുമെങ്കിൽ- ഹാ- ഹാ-
എൻ നിയമത്തെയും ഞാനുപദേശിക്കും.
സാക്ഷ്യമിതും- ബാറെക് മോർ

**എക്ബോ**

ശുചിയോടു ശുദ്ധ്യാബസ്ക്കുദിശാ- സ്പർശിച്ചുള്ള പാദങ്ങൾ
പറുദീസിൻ വാതിൽ പുകി- വാനവരൊത്തു വസിക്കേണം— സതൗമെൻ കാലൊസ് - കുറി- - -

**പ്രുമിയോൻ**

പ്രധാന പുരോഹിതനും താലന്തുകൾ വിഭജിച്ച് കൊടുക്കുന്നവനും മനുഷ്യമക്കളെ കുപ്പയിൽ നിന്ന് തന്റെ സിംഹാസനത്തിലെക്ക് ഉയർത്തി തന്റെ ഭണ്ഡാരത്തിന്മേൽ അധികാരം നല്കുന്നവനുമായ കർത്താവെ നിനക്ക് സ്തുതി. നിനക്ക് ഈ സമയത്തും എല്ലാ പെരുന്നാളുകളിലും ഞങ്ങളുടെ ആയുഷ്കാലം മുഴുവനും സ്തുതിയും ബഹുമാനവും ആരാധനയും യോഗ്യമാകുന്നു.

**സെദറാ**

ഞങ്ങളുടെ കർത്താവ് യേശുമ്ശിഹാ ആയ ദൈവമേ വെടിപ്പോടും വിശുദ്ധിയോടും കൂടെ തിരു മുമ്പാകെ ശുശ്രൂഷ നടത്തിയിട്ടുള്ള ഞങ്ങളുടെ ......... വേണ്ടിയും എല്ലാ ശ്രേഷ്ഠാചാര്യന്മാർക്കും നിർമ്മലരായ ശെമ്മാശന്മാർക്ക് വേണ്ടിയും അശുദ്ധരും നിന്റെ ദാസന്മാരുമായ ഞങ്ങൾ നിന്റെ ദയയ്ക്ക് അപേക്ഷിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

അവരെ നീ ന്യായം വിധിക്കരുതേ- കർത്താവെ നിന്റെ വി:മദ്ബഹായുടെ പടികളിൽ ചവിട്ടീട്ടുള്ള കാലുകളെ അഗ്നികനലുകളിൽ ചവിട്ടുവാൻ നീ വിട്ടുകൊടുക്കരുതേ. കർത്താവെ നിനക്ക് ആത്മീയ കീർത്തനങ്ങൾ പാടീട്ടുള്ള വായ്കളും നാവുകളും അടച്ച് പൂട്ടിയവയായിത്തീരുവാൻ തക്കവണ്ണം അവയെ മൗനമാക്കരുതേ. നിന്റെ വിശുദ്ധ ഗ്രന്ഥങ്ങളിൽ നോക്കീട്ടുള്ളതായ കണ്ണുകൾ ചിതലിനും പുഴുവിനും കൂടുകളായി ഭവിക്കുമാറ് അവയെ അന്ധകാര

www.malankaralibrary.com



മാക്കി തീർക്കരുതേ- കർത്താവെ! വിശുദ്ധങ്ങളും വന്ദ്യങ്ങളുമായ നിന്റെ രഹസ്യങ്ങളെ ആഘോഷിച്ചിട്ടുള്ള കൈകൾ അഗ്നിയിൽ ചുരുട്ടപ്പെടുവാൻ നീ ഇടയാക്കരുതേ! കർത്താവെ അവർക്ക് വേണ്ടിയുള്ള ഞങ്ങളുടെ ബലഹീനമായ പ്രാർത്ഥനകളെ കേട്ട് ഞങ്ങളും അവരും ചെയ്തു പോയിട്ടുള്ള സകല തെറ്റുകളും പാപങ്ങളും നീ പരിഹരിച്ച് മോചനം നല്കണമേ. നീ ഉത്തമനും നൽവരങ്ങളിൽ സമ്പന്നനും ദാനങ്ങളുടെ ഉറവിടമാകുന്നുവല്ലോ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധാത്മാവിനും ഇപ്പോഴും എന്നേക്കും സ്തുതിയും സ്തോത്രവും അർപ്പിക്കും.

**കോലൊകൾ**

ദൈവം സൃഷ്ടിച്ചാദത്തെ- സൃഷ്ടാവോടു തുല്യം സൃഷ്ടി-
യായ് മണ്മയനുദ്യാനത്തിൽ- തരുനിരയിൽ പോയിവന്നീടും—
ന്നതു കാണ്മാനുള്ളാനന്ദം- സൂക്ഷിച്ചും കൊണ്ടേ മേവി-
കുറിന്നീറെന്മാർ- മണ്ണിനുയർച്ചയിലാശ്ചര്യം- ബാറെക് മോർ ശുബഹോ-

ആദ്യ ചാർച്ചത്വം കൈക്കൊ- ബഹറോൻ മുശ യോടൊന്നിച്ചു
സക്കറിയാവരെ നൽകി മുശ- നിത്യചാര്യനാമീശോ-
സർവ്വലോകോദ്ധാരണാർത്ഥം- നൽകി തൻ ശ്ലീഹന്മാർക്കും -മെനഓലം

നാനാ ഭൂവിഭാഗങ്ങൾ- ക്കേകി ശ്ലീഹന്മാർ മെനഓലം
നിൻ ഗാത്രം കൈകൊണ്ടും നിൻ- രക്തത്താൽ പുണ്യപ്പെടും
നിദ്രാ പ്രാപ്തന്മാരോർക്ക- പ്പെടണം സ്വർഗ്ഗീയോർശ്ലേമിൻ
സന്തുഷ്ടന്മാരാ- യവർ നിൻ വലയമായി നിൽക്കേണം- മൊറിയോ- - -
മുടികൾ മുടഞ്ഞൊട്ടിത്തകിടും- ബലപീഠത്തിലിരിപ്പുണ്ട്
നിർമ്മലരായ് പരി കർമ്മിപ്പോ- രാ-ചാര്യർക്കവ ചുടീടും
(അല്ലെങ്കിൽ)
ആചാര്യേശാ മ്ശിഹാ കൂദാ- ശക ളർപ്പിച്ചോ-
രാചാര്യന്മാർക്കേകുക പുണ്യം,- നാഥാ സ്ത്രോത്രം-

**പ്രാർത്ഥനയുടെ ശക്തി.**

ചോദിക്കുവിൻ നിങ്ങൾക്ക് ലഭിക്കും, അന്വേഷിപ്പിൻ നിങ്ങൾ കണ്ടെത്തും. മുട്ടുവിൻ നിങ്ങൾക്ക് തുറക്കപ്പെടും. ചോദിക്കുന്ന ഏവനും ലഭിക്കുന്നു. അന്വേഷിക്കുന്നവൻ കണ്ടെത്തുന്നു മുട്ടുന്നവന് തുറക്കപ്പെടുകയും ചെയ്യുന്നു. (വി:മത്തായി -7:7-8-)

നമുക്ക് ചോദിക്കാം. പ്രത്യേകം യാചിക്കാം കർത്താവെ! നല്ല ബുദ്ധിയും ജ്ഞാനവും തിരിച്ചറിവുള്ള ഹൃദയവും പരസ്പര സ്നേഹവും എനിക്ക് നല്ക

www.malankaralibrary.com



ണമെ. പ്രത്യേകിച്ച് നിന്റെ തൃക്കൈയിൽ എന്റെ ആത്മാവിനെ ഭരമേല്പിക്കുവാൻ സംഗതിയാകണമേ...,

പരസ്പരമുള്ള പ്രാർത്ഥന കർത്താവിൽ നമ്മെ ഒരുമനയിൽ ഉറപ്പിച്ച് നിറുത്തും- ദൈവത്തിലുള്ള അടിയുറച്ചവിശ്വാസവും പരസ്പരസ്നേഹവും ജീവിത പീഢനങ്ങൾക്ക് മദ്ധ്യത്തിൽ നിന്ന് വിടുതൽ ശക്തിയും കർത്താവിൽ നമ്മെ ഒരുമനയിൽ നിർത്തും. കുരുടനും കുഷ്ഠരോഗിയും യാചിച്ചതുപോലെ നമുക്കും യാചിക്കാം. കർത്താവെ! ദാവീദു പുത്രാ എന്നിൽ കനിയണമേ-

## ആനീദേ

## പരേതർക്കു വേണ്ടിയുള്ള ധൂപ പ്രാർത്ഥന

**കൗമ്മാ -പ്രാരംഭ പ്രാർത്ഥന-**

ഞങ്ങളുടെ മ്ശിഹാ തമ്പുരാനെ- നിന്റെ ശരണത്തിൽ മുൻ കൂട്ടി നിദ്ര പ്രാപിച്ച് നിന്റെ സ്വർഗ്ഗീയ വാഗ്ദാനങ്ങൾക്കായി നോക്കി പാർത്തിരിക്കുന്ന നിന്റെ ദാസന്മാരും ആരാധകരുമായവരെ നീ അനുകൂലമാക്കി ആശ്വസിപ്പിക്കണമെ- ഞങ്ങളുടെ രക്ഷക്കായി വന്നവനും ഞങ്ങളുടെ പുനരുത്ഥാനത്തിനും എന്നേക്കും ഞങ്ങളുടെ വർഗ്ഗത്തിന്റെ നവീകരണത്തിനുമായി വരുവാനിരിക്കുന്നവനുമായ മ്ശിഹാ തമ്പുരാനെ ഞങ്ങൾ സ്തുതിയും സ്തോത്രവും ഇപ്പോഴും എല്ലാ സമയത്തും എന്നേക്കും സമർപ്പിക്കും. ആമ്മീൻ.

**കുക്കിലിയോൻ**

മക്കളിലപ്പൻ കൃപചെയ്വതുപോലെ-ഹാ-ഹാ- ഭക്തന്മാരിൽ ദൈവം കൃപ ചെയ്യും.......... പുല്ലിനുതുല്ല്യം നരനുടെ നാളുകളഹോ- ഹാ- ഹാ-

പൂക്കുന്നിതു വയലിൽ പൂച്ചെടി പോലെ— - ബാറക് മോർ

ശുബഹോ-

മെനഓലം

**എക്ബോ**

ശരണത്താലെ നിൻ കൃപയിൽ മരണെമടഞ്ഞൊരു ദാസരെ-

നിൻ- ജീവസ്വര മതുണർത്തണമേ- കബറീനും പറുദീസാക്കായി - സെതൗമൻ കാലോസ് കുറിയേലായിസോൻ

**പ്രുമിയോൻ**

തന്റെ മരണത്താൽ ഞങ്ങളുടെ മരണത്തെ മായിക്കുകയും ഞങ്ങൾക്ക് വേണ്ടിയുള്ള തന്റെ ബലിയാൽ ആദാമിന്റെ സകലമക്കളെയും പുണ്യമാക്കു

www.malankaralibrary.com



കയും ചെയ്ത ഉത്തമനായ കർത്താവിനെ ഈ സമയത്തും സകലപെരുന്നാളുകളിലും നേരങ്ങളിലും നാഴികകളിലും കാലങ്ങളിലും ആയുഷ്ക്കാലം മുഴുവനും നാം ഓർത്ത് മഹത്വപ്പെടുത്തണം- ആമ്മീൻ-

**സെദറാ**

മരിച്ചവരെ അനുകൂലമാക്കുന്നവനും കബറടക്കപ്പെട്ടവരെ ഉയർത്തെഴുന്നേല്പിക്കുന്നവനുമായ കർത്താവെ! ഇന്ന് ആർക്കുവേണ്ടി പ്രാർത്ഥിക്കുന്നുവോ- ആ- നിന്റെ (ദാസരുടെ) ആത്മാവിനെ കൈകൊള്ളേണമെ എന്റെ കർത്താവെ! നിന്റെ സ്നേഹിതന്മാരായ അബ്രഹാം- ഇസഹാക്ക്- യാക്കോബ് എന്നിവരൊടു കൂടെയും നിന്റെ തിരുവിഷ്ടം പ്രവർത്തിച്ച് നിന്നെക്കുറിച്ചുള്ള പ്രത്യാശയിൽ നിദ്ര പ്രാപിച്ച സകലവിശ്വാസികളൊടു കൂടെയും നിന്റെ പിതാവിന്റെ വാഴ്ത്തപ്പെട്ട ഭവനത്തിൽ (ഇവനെ, ഇവളെ) വസിപ്പിക്കണമേ, നിന്റെ വലതുഭാഗത്ത് നിർത്തണമെ. (ഇവനെ, ഇവളെ) ഉയർത്തെഴുന്നേല്പിച്ച് നിന്റെ വലതുഭാഗത്ത് നിർത്തണമെ- ഞങ്ങൾ എല്ലാവരുടെയും മേൽ നിന്റെ കരുണചൊരികയും ചെയ്യണമെ- ഞങ്ങൾ ഒരുമിച്ച് നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധാത്മാവിനും സ്തുതിയും സ്തോത്രവും അർപ്പിക്കും (ആമ്മീൻ)

ഉയിരേകുന്നോൻ രാജാ- ഉയരത്തിൽ നിന്നെഴുന്നള്ളി-
ജീവൻ മൃതരാം- മേവർക്കും നല്കുന്നു- കബറുകളുള്ളിൽ നിന്നിങ്ങ-
വരവരുയിരോടെഴുന്നേറ്റു- ഉയിരേകും നി-ന്നെ സ്തുതി ചെയ്തീടുന്നു-
ബാറെക്മോർ -ശുബഹോ- മെനഓലം-
എന്റെ ശരീരം ഭക്ഷി-ച്ചെൻ രക്തം പാനം ചെയ്വോൻ
പാതാളത്തിൽ-പോകാനായി വിടാ ഞാൻ- എന്നു മവൻ ജീവിപ്പോ-
നങ്ങെത്തീട്ടു- മരിച്ചതുഞാൻ- എന്നും കർത്താ തൻ അരുളിന്നു മഹത്വം
മൊറിയോ.............

**ബോവുസാ**

മരമതിനുയരെ കർത്താവെ-! - കള്ളനു കിട്ടിയ നിന്റെ വരം
ത്രിത്വത്തെ കൊണ്ടാടി മരിച്ചോരും- കൈകൊണ്ടീടെണം
അനുഗ്രഹങ്ങൾ നിറഞ്ഞിരിക്കുന്നവനെ ...........
കരുണനിറഞ്ഞവനെ- പുനരുത്ഥാനത്തിൽ ............

## രോഗിക്കു വേണ്ടിയുള്ള പ്രാർത്ഥന

തന്നോട് അപേക്ഷിക്കുന്നവരെ സൗജന്യമായി സുഖപ്പെടുത്തുന്ന മഹാവൈദ്യനായ ദൈവമേ! നിന്റെ ദയവിന്റെ കരുണയിൽ അഭയം പ്രാപിക്കുന്ന

www.malankaralibrary.com



ഈ ദാസനെ നീ സൗഖ്യപ്പെടുത്തണമെ. ഇവന്റെ കുറ്റങ്ങളെ മോചിച്ച് ഇവന്റെ രോഗങ്ങളെ നീക്കി കളയുകയും ഇവന്റെ അവയവങ്ങളെ ബലപ്പെടുത്തി രോഗക്കിടക്കയിൽ നിന്ന് ഇവനെ എഴുന്നേല്പിക്കുകയും ചെയ്യണമെ. മ്ശിഹാ തമ്പുരാനെ ഇവനോടുള്ള നിന്റെ സർവ്വ കൃപകൾക്കും വേണ്ടി ഇവൻ എന്നേക്കും നിന്നെ സ്തോത്രം ചെയ്യുവാനായി ഇവന്റെ പാപങ്ങളെയും കുറ്റങ്ങളെയും പരിഹരിച്ച് മോചിക്കണമേ-

വചനത്താൽ ശക്തിയെ അറിയിക്കുകയും പ്രവൃത്തിയാൽ സംഗതികളെ നിവർത്തിക്കുകയും ചെയ്യുന്ന സർവ്വശക്തനും സഹായങ്ങളെയും ഔഷധങ്ങളെയും വഹിച്ച് കൊണ്ട് ഞങ്ങളുടെ ബലഹീനതയുടെ അടുക്കലെക്ക് എഴുന്നള്ളിയ ഉത്തമവൈദ്യനുമായ ദൈവമായ കർത്താവെ! നിന്റെ ദയവിന്റെ കരുണയിൽ അഭയം പ്രാപിക്കുന്ന ഈ നിന്റെ ദാസനെ നീ സ്വസ്ഥനാക്കണമെ ഇവന്റെ രോഗങ്ങളെ നീക്കികളഞ്ഞ് ഇവന്റെ അവയവങ്ങൾക്ക് ബലം കൊടുക്കണമെ. ഇവന്റെ അകൃത്യങ്ങളെ മായിച്ചു കളയണമെ. ഇവന്റെ കുറ്റങ്ങളും പാപങ്ങളും മോചിക്കണമെ നിന്റെ ശക്തിയാൽ രോഗക്കിടക്കയിൽ നിന്ന് ഇവനെ എഴുന്നേല്പിക്കണമെ. പിതാവും പുത്രനും പരിശുദ്ധ റുഹായുമെ- ഇവനോടുള്ള നിന്റെ സഹായങ്ങൾക്ക് വേണ്ടി ഇവൻ എന്നേക്കും നിന്നെ സ്തുതിക്കുകയും ചെയ്യുമാറാകണമെ--ഹോ ശോ- - - -

### രോഗിക്കുവേണ്ടി പ്രാർത്ഥന- വേറൊന്ന്

ഞങ്ങളുടെ മ്ശിഹാ തമ്പുരാനെ നീ സാക്ഷാൽ ഉത്തമവൈദ്യനാകുന്നു. രഹസ്യവും പരസ്യവുമായ ഏത് കഠിന രോഗവും നിഷ്പ്രയാസം സുഖപ്പെടുത്തുവാൻ നീ ശക്തനാകുന്നു- രോഗബാധിതനും നിന്റെ ദയയിൽ അഭയം തേടുന്നവനുമായ ഈ ദാസൻ തന്റെ വേദനയിൽ നിന്റെ സഹായവും അവയവങ്ങൾക്ക് സൗഖ്യവും യാചിക്കുന്നു. ഞങ്ങളും ഇവനുവേണ്ടി കാരുണ്യവാനായ നിന്നോട് അപേക്ഷിക്കുന്നു. ഇവന്റെ വേദനകളെ വിലക്കണമേ- രോഗം സുഖപ്പെടുത്തണമെ-ക്ലേശങ്ങൾ ശമിപ്പിക്കണമേ. സകലശിക്ഷകളും കോപഫലമായ ദണ്ഡനങ്ങളും ഇവനിൻ നിന്ന് ഒഴിവാക്കണമെ. ഇവൻ എഴുന്നേറ്റ് നിന്റെ സർവ്വ കൃപകളെയും കുറിച്ച് നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും സ്തോത്രം തരുവാൻ ഇടയാക്കണമെ.

### പട്ടക്കാർക്കുമാത്രം അവകാശമുള്ളത്

പിതാവിന്റെയും പുത്രന്റെയും പരിശുദ്ധറൂഹായുടെയും + നാമത്തിൽ നീ വെടിപ്പാക്കപ്പെട്ട് ശുദ്ധീകരിക്കപ്പെടെട്ടേ. മനസ്സോടും മനസ്സ് കൂടാതെയും അറിവോടും അറിവു കൂടാതെയും നീ ചെയ്തു പോയിട്ടുള്ള നിന്റെ കടങ്ങളും പാപങ്ങളും ക്ഷമിക്കപ്പെടട്ടെ. സകല ദുർ വിചാരങ്ങളും പൈശാചിക വ്യാപാരങ്ങളും നിന്നിൽ നിന്ന് മായിക്കപ്പെടട്ടെ..

www.malankaralibrary.com



**മരണകരമായ പാപങ്ങൾ**

1- നിഗളം 2- അസൂയ 3- കോപം 4- ഉദാസീനത 5- അത്യാഗ്രഹം 6- മടി 7- ദുർമോഹം 8 അനുതാപമില്ലാത്ത മറ്റ് പാപങ്ങൾ

ഇവയെപ്പറ്റി തന്നത്താൻ ചിന്തിച്ചാൽ ഈ പാപങ്ങൾ ഓരോന്നിന്റെയും പ്രസക്തി മനസ്സിലാക്കാൻ ഒരു പ്രയാസവുമില്ല. ആയതിനാൽ ഇവ ഓരോന്നിനെപ്പറ്റിയും വിവരിക്കുവാൻ ഉദ്ദേശിക്കുന്നില്ല എങ്കിലും, അനുതാപമില്ലാത്തപാപം- അല്ലങ്കിൽ. ഞാൻ പറഞ്ഞതോ തെറ്റല്ല- എന്ന് തന്നത്താൻ നീതികരിക്കുന്നത് വലിയ പാപമാണ്. ചിന്തിച്ചാൽ നമ്മുടെ ജീവിതത്തിൽ പ്രവർത്തിച്ച നന്മ-തിന്മകളെപ്പറ്റി നമ്മുടെ ഓർമ്മയിൽ വരും-

## മരണത്തേപ്പറ്റിസദാ ഓർമ്മയിൽ ഇരിക്കേണ്ട 4-കാര്യങ്ങൾ

1- മരണം 2- ന്യായവിധി 3- നരകം 4 സ്വർഗ്ഗം

ഇത് നാലും നമ്മുടെ ഓർമ്മയിൽ ഉണ്ടങ്കിൽ പാപപ്രവർത്തികളിൽ നിന്നും നാം പ്രത്യാശയുള്ളവരാണ്. അതായത് വി:പൗലോസ് കൊലോസ്യർക്ക് എഴുതിയ ലേഖനം 3:3-4-ൽ പറയുന്നു. നിങ്ങൾ ഭൂമിയിലുള്ളവഗ്രഹിക്കാതെ സ്വർഗ്ഗത്തിലുള്ളത് ഗ്രഹിപ്പിൻ നിങ്ങൾ മരിച്ച് നിങ്ങളുടെ ജീവൻ മ്ശിഹായോടുകൂടെ ചേർന്നിരിക്കുന്നു. ജീവനുള്ള മ്ശിഹാ പ്രത്യക്ഷപ്പെടുമ്പോൾ അവനോടുകൂടെ നിങ്ങളും പ്രത്യക്ഷപ്പെടും. ഇതാണ് നമ്മുടെ പ്രത്യാശ. ഭൂമിയിൽ ജനിക്കുന്ന സകലരും മരിക്കും നീതിമാന്മാരായ മോശ- അബ്രഹാം- മുതലായ പരിശുദ്ധന്മാർ മരിച്ചവല്ലോ- നമ്മുടെ രക്ഷകനായ മ്ശിഹാ തമ്പുരാനും മരിച്ചു. പക്ഷേ നമ്മുടെ മ്ശിഹാതമ്പുരാൻ മഹിമയോടെ ഉയർത്തെഴുന്നേറ്റു- അതു കാരണം നമുക്കും ഉയർപ്പ് നിശ്ചയം. ആയതിന് നാം ചെയ്യേണ്ടത് ജീവനോടിരിക്കുമ്പോൾ തന്നെ നിത്യ ജീവനായി- ഉയർപ്പിനായി പ്രയത്നിക്കണം- (വി: ലൂക്കോ- 18:18-27) യുവാവും ധനികനുമായ ഒരുവൻ യേശുവിനെ കണ്ട് നിത്യജീവനു വേണ്ടി എന്ത് ചെയ്യണമെന്ന് ചോദിച്ചപ്പോൾ യേശു തമ്പുരാൻ യുവാവായ ധനികനു കൊടുത്ത മറുപടി നമുക്ക് ഏവർക്കും ചിന്താവിഷയമായിരിക്കണം. മരണത്തെപ്പറ്റിയുള്ള സമയം പറയാൻ എപ്പോൾ ഏതു സമയമെന്ന് മുൻകൂട്ടി പ്രസ്താവിക്കാൻ ഒരു വിദ്വാനോ ഒരു ശാസ്ത്രജ്ഞനോ സാധിക്കാത്ത ഒന്നത്രേ മരണം. ആയതിനാൽ മരണം മുന്നിലുണ്ട് എന്ന ഓർമ്മ ഉണ്ടായിരിക്കണം. ഈ കാസാ നാം ഏവരും കുടിച്ചേ മതിയാകുകയുള്ളൂ.

**ന്യായവിധി**

ധനികനായ യുവാവ്, യേശുവിനെ കണ്ട് നിത്യജീവൻ പ്രാപിപ്പാൻ എന്തു ചെയ്യണമെന്നു ചോദിച്ചു. യേശുവിന്റെ മറുപടിയിൽ ആ യുവാവ് കുപിതനായി മടങ്ങിപ്പോയി. അതിനുശേഷം യേശുവിന്റെ അരുളപ്പാടിൽ ശ്രദ്ധിച്ച ശിഷ്യന്മാരിൽ പ്രധാനിയായ പത്രോസ് തന്റെ ഗുരുവിനോടെ - സകലതും

www.malankaralibrary.com



ഉപേക്ഷിച്ച് നിന്നെ അനുഗമിച്ച ഞങ്ങൾക്ക് എന്തു കിട്ടും എന്ന് ചോദിച്ചപ്പോൾ യേശു അരുളിച്ചെയ്യുന്നു- സത്യമായി ഞാൻ നിങ്ങളൊടു പറയുന്നു. പുനർ ജീവിതത്തിൽ മനുഷ്യപുത്രൻ തന്റെ മഹത്വത്തിൽ സിംഹാസനത്തിൽ ഉപവിഷ്ടനായി ഇരിക്കുമ്പോൾ എന്നെ അനുഗമിച്ച നിങ്ങൾ ഇസ്രയേലിന്റെ പന്ത്രണ്ട് ഗോത്രങ്ങളെ വിധിച്ചുകൊണ്ട് പന്ത്രണ്ട് സിംഹാസനങ്ങളിൽ ഇരിക്കും. ഇതിൽ വിശ്വസിക്കുന്നവർക്കു ന്യായവിധിയുണ്ടെന്ന് വേറെ തെളിവിന് ആവശ്യമില്ല. കൂടാതെ യേശു അവരോട് അരുളിച്ചെയ്യുന്നതു തന്നെ സത്യമായിട്ട് എന്നാണ്. ആയതിനാൽ ന്യായവിധി നിശ്ചയം തന്നെ. വി:മത്തായി -24 : 35-36-കൂടി ശ്രദ്ധിക്കുക- ആകാശവും ഭൂമിയും കടന്നു പോകും എന്നാൽ എന്റെ വചനങ്ങൾ കടന്നുപോകുകയില്ല ആ ദിവസത്തെക്കുറിച്ചോ മണിക്കൂറിനെക്കുറിച്ചോ പിതാവിനല്ലാതെ മറ്റാർക്കും സ്വർഗ്ഗത്തിലെ ദൂതന്മാർക്കോ പുത്രനുപോലും അറിഞ്ഞുകൂടാ. (3-4 നരകം, സ്വർഗരാജ്യം) ഇവ രണ്ടും ഉണ്ടെന്നുള്ളത് പൂർണ്ണമായി വിശ്വസിക്കാൻ താഴെ കാണുന്ന വേദഭാഗം കൂടി ശ്രദ്ധിക്കുക. വി:മത്തായി-16:19-31- ലാസർ മരിച്ചു. പാതാളത്തിൽ പിശാചുക്കളുടെ ബന്ധനത്തിൽ - അവിടെ കിടന്ന് ധനവാൻ- അബ്രഹാമിനോട് യാചിക്കുന്നതും- മറുപടിയും- നമുക്ക് ചിന്താ വിഷയമത്രേ- ആയതിനാൽ സ്വർഗ്ഗരാജ്യത്തിനുവേണ്ടി നമ്മെ ഏല്പിച്ചിരിക്കുന്നത് പാലിക്കുക. ഇതു രണ്ടും ഇല്ലെന്നും എല്ലാം ഈ ലോകാനുഭവമാണെന്നും പറഞ്ഞ് ജീവിക്കുന്ന ചിലരുണ്ട് അവരുടെ പുറകെ പോകരുത് എന്നും ഓർമ്മിപ്പിക്കുന്നു.

**പ്രത്യാശ**

ഭൂമിയിലുള്ളതല്ല മുകളിൽ ഉള്ളത് വിചാരിക്കുവിൻ

നിങ്ങൾ മരിച്ചിരിക്കുന്നു. നിങ്ങളുടെ ജീവൻ മ്ശിഹായോട് കൂടെ ദൈവത്തിൽ മറഞ്ഞിരിക്കുകയും ചെയ്യുന്നു.

നമ്മുടെ ജീവനായ മ്ശിഹാ എപ്പോൾ വെളിപ്പെടുന്നുവോ- അപ്പോൾ നിങ്ങളും അവനോടുകൂടെ മഹത്വത്തിൽ വെളിപ്പെടും

കോലൊസി-3 : 2- 3- 4-

**അദ്ധ്യായം 5**

## വിവാഹനിശ്ചയം

സഹോദര സ്നേഹം നിങ്ങളിൽ നിലനില്ക്കട്ടെ. അതിഥികളുടെ പേരിൽ വേണ്ടത്ര സ്നേഹം ഉണ്ടായിരിക്കുവിൻ. എന്തെന്നാൽ ഇതു മൂലം ചിലർ ദൈവദൂതന്മാർ എന്നറിയാതെ അവരെ സ്വീകരിക്കുവാൻ യോഗ്യന്മാരായി ത്തീരുന്നു...

വിവാഹം- സകലത്തിലും മാന്യമാകുന്നു അവരുടെ കിടക്ക നിർമ്മലമാകുന്നു. (എബ്രാ- 13:-1-4)

www.malankaralibrary.com



**കൗമ്മാ**

വിശുദ്ധസഭയെ വിവാഹനിശ്ചയം ചെയ്ത് തനിക്ക് വധുവാക്കി തീർത്ത സാക്ഷാൽ സത്യമണവാളനായ മ്ശിഹാ തമ്പുരാനെ, അനശ്വരമായ അനുഗ്രഹവും നിത്യമായ സഹായവും പരിശുദ്ധമായ ഐക്യവും നിന്നോട് യാചിക്കുന്നവരായ നിന്റെ ആരാധകരുടെ ഈ വിവാഹ നിശ്ചയത്തെ കൃപയോടെ നീ ആശീർവ്വദിക്കണമെ + കർത്താവെ-! മനുഷ്യസ്നേഹത്തോടെ ഇവരെ അനുഗ്രഹിക്കണമേ + ഇവരുടെ വിവാഹം നടക്കുകയും ഇവർ സന്തോഷിക്കുകയും ചെയ്യത്തക്കവണ്ണം സൗഭാഗ്യകാലങ്ങൾ ഇവർക്ക് നല്കണമേ. അദൃശ്യമായ നിന്റെ വലതുകൈ ഇവരിൽ അവസാനിപ്പിച്ച് + നിന്റെ സ്ലീബായാൽ ഇവരെ കാത്തുകൊള്ളുകയും ഉപദ്രവങ്ങളിൽ നിന്ന് ഇവരെ സംരക്ഷിക്കുകയും ചെയ്യണമെ. ആയുഷ്കാലം മുഴുവനും ഇവർ നിനക്കും, നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും സ്തുതിയും സ്തോത്രവും ചെയ്യുമാറാകണമേ-

## വിവാഹത്തിന് ഒരുങ്ങി ഇറങ്ങുമ്പോൾ

കാനാവിൽ ഒരു കല്ല്യാണമുണ്ടായിരുന്നു യേശുതമ്പുരാന്റെ അമ്മയും അവിടെയുണ്ടായിരുന്നു. യേശുതമ്പുരാനും ശിഷ്യന്മാരും അവിടെ ക്ഷണിക്കപ്പെട്ടിരുന്നു-(വി:യോഹ - 2:-1)

വി:സഭയിൽ വിവാഹ കുദാശ അനുവദിച്ച സത്യമണവാളനായ ഞങ്ങളുടെ ദൈവമായ മ്ശിഹാ തമ്പുരാനെ, നിന്റെ കൃപയാൽ ഇവരുടെ സംബന്ധത്തിന് മദ്ധ്യസ്ഥനായിരുന്ന് ഇതിനെ നടത്തണമെ. ഈ നിന്റെ ദാസന്-(ദാസിക്ക്) വിട്ടുപിരിയാത്തതായ വാഴ്വും തോറ്റു പോകാത്ത സഹായവും വിശുദ്ധിനിറഞ്ഞ ജീവിതവും ദൈവഭക്തിയുടെ പൂർണ്ണതയും നൽകണമെ. ഇവന് (ഇവൾക്ക്) മനുഷ്യസഹജമായ നിന്റെ സ്നേഹത്താൽ സന്തോഷകാലങ്ങളും പുത്രസമ്പത്തും നൽകണമെ. അദൃശ്യമായിരിക്കുന്ന നിന്റെ തൃക്കൈ ഇവന്റെ (ഇവളുടെ) മേൽ ആവസിപ്പിച്ച് നിന്റെ സ്ലീബായാൽ കാത്തു സൂക്ഷിച്ച് ഉപദ്രവങ്ങളിൽ നിന്ന് സംരക്ഷിക്കയും ചെയ്യുമാറാകണമെ, ഇവരുടെ ആയുഷ്കാലം ഒക്കയും ഇവർ ഇരുവരും നിനക്കും നിന്റെ പിതാവിനും -വി:റൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റുമാറാകണമേ,,

## കെട്ടിടം പണിക്ക് കല്ലിടുമ്പോൾ

തെരഞ്ഞെടുക്കപ്പെട്ടതും അതിശ്രഷ്ഠവും മുഖ്യവുമായ മൂലക്കല്ല് ഞാൻ സെഹിയോനിൽ ഇടും. അതിൽ ആശ്രയിക്കുന്നവൻ ലജ്ജിക്കുകയില്ല (യെശയ്യാ- 28: 16-) കണ്ടാലും സീയോനിൽ ഉറപ്പുള്ള അടിസ്ഥാനമായി ശോധന ചെയ്ത കല്ലും വിലയേറിയ കല്ലും മൂലകല്ലുമായി ഒരടിസ്ഥാനകല്ല് ഞാൻ സ്ഥാപിക്കും-(1-പത്രോ-2:-6)

www.malankaralibrary.com



**കൗമ്മാ**

സ്വർഗ്ഗത്തിൽ നിന്നിറങ്ങിവരികയും നസ്രേത്തിലെ എളിയ ഭവനത്തിൽ വസിക്കുകയും ചെയ്ത മ്ശിഹാ തമ്പുരാനെ നിന്റെ മഹാ കരുണയാലും ധാരാളമായ അനുഗ്രഹത്താലും ഇന്ന് കല്ലിട്ട് (അടിസ്ഥാനമിട്ട്) പണി ആരംഭിക്കുന്ന ഈ ഭവനത്തെ നീ സന്ദർശിക്കുകയും ഇതിനെ ശുദ്ധീകരിച്ച് അനുഗ്രഹിക്കുകയും ചെയ്യണമെ. ഇതിന്റെ നിർമ്മാണത്തിൽ നിന്റെ തിരുഹിതം ഉണ്ടായിരിക്കുകയും ഇത് പണികുറവ് തീർന്ന് പൂർണ്ണതയിൽ എത്തുവാൻ നിന്റെ വാഴ്വുകളെ ചൊരിയുകയും ചെയ്യണമെ. അതിന്റെ പണിയിൽ അല്പമായോ അധികമായോ സഹായിക്കുന്ന എല്ലാവരെയും അനുഗ്രഹിക്കണമെ. ഈ ഭവനം ശ്രേഷ്ഠതപ്പെടുകയും അനുഗ്രഹപൂർവ്വം സംരക്ഷിക്കുകയും ചെയ്യണമെ. പരിശുദ്ധമായ കുടുബത്തിൽ ക്ഷേമവും സമാധാനവും സൗഹാർദ്ദവും സന്തുഷ്ടിയും കളിയാടിയിരിക്കുന്നതുപോലെ ഈ ഭവനത്തിലും ഉണ്ടാകണമെ- നിന്നിൽ നിന്നുള്ള സകല അനുഗ്രഹങ്ങളും വാഴ് വുകളും കൊണ്ട് ഇതിനെ നീ വർദ്ധിപ്പിക്കണമെ- ഇതിൽ വസിക്കുന്നവർക്ക് മുഖപ്രസാദം കൊടുക്കണമെ. അവരുടെ രഹസ്യങ്ങളും പരസ്യങ്ങളുമായ എല്ലാകാര്യങ്ങളിലും നിന്നെ പ്രസാദിപ്പിക്കുകയും ചെയ്യുമാറാകണമെ. അവരുടെ മരിച്ചുപോയവർക്ക് നല്ല ഓർമ്മയും ആശ്വാസവും കൊടുക്കണമെ- ഞങ്ങളുടെ ദൈവമായ മ്ശിഹാ തമ്പുരാനെ! നിന്റെ പരിശുദ്ധ ശ്ലീഹന്മാരുടെയും- നിന്റെ മാതാവായ പരി: മറിയാമ്മിന്റെയും ഇന്ത്യയുടെ കാവൽ പിതാവായ മാർ തോമ്മാ ശ്ലീഹയുടെയും പ്രാർത്ഥനകളാൽ ഈ ഭവനത്തിന് അടിസ്ഥാനമിടുന്ന ഈ കല്ലിനെ നീ വാഴ്ത്തി ശുദ്ധീകരിക്കണമെ. എന്തെന്നാൽ നീ നിന്റെ പിതാവിനോടും പരിശുദ്ധ റൂഹായോടും കൂടി പരിശുദ്ധനാകുന്നുവല്ലോ-ഹോ ശോ.......

പിതാവിന്റെയും പുത്രന്റെയും പരിശുദ്ധറുഹായുടെയും നാമത്തിൽ ഈ കല്ല് വെയ്ക്കപ്പെടുന്നു. ബാറെക്മോർ- (കല്ല് വാനത്തിൽ വച്ചു കൊണ്ട്) ബശ്മോദാബോ....... അനന്തരം കല്ലിനെ മറ്റ കല്ലുകൾ കൊണ്ട് മൂടുന്നു- സ്വർഗ്ഗസ്ഥനായ പിതാവെ...... ബസ്മൽക്കാ..... ഹുത്തോമ്മ-

## കെട്ടിടത്തിന് ഇത്തരവും (കട്ടിള) വയ്ക്കുന്നതിനുള്ള പ്രാർത്ഥന

ഒരു കൗമ്മാ, ഹഗ്ഗായി 1: - 8-

നിങ്ങൾ മലമുകളിലെക്ക് പോയി മരം കൊണ്ടു വരുവിൻ എന്നിട്ട് ആലയം പണിയുവീൻ ഞാൻ അതിൽ പ്രസാദിച്ച് അതിനെ മഹത്വപ്പെടുത്തും.

നമ്മുടെ ആരംഭവും പുണ്യങ്ങളുടെ പുരോഗതിയും വർദ്ധനവുമായ ദൈവമെ! ഞങ്ങളുടെ അപേക്ഷ കേൾക്കണമെ. ഞങ്ങൾ നിന്റെ തിരുനാമത്തിന്

www.malankaralibrary.com



സ്തുതികരേറ്റുവാനും അർപ്പിക്കുവാനും നിന്റെ പിതൃ ജ്ഞാനത്തിന്റെ പ്രതിഫലത്തെ അന്ത്യം വരെ പിൻചെല്ലുവാനും ഇടയാകണമെന്ന് ഞങ്ങളുടെ കർത്താവായ യേശു മ്ശിഹാ മുഖാന്തിരം നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു- ആമ്മീൻ (1-രാജാക്കന്മാർ- 2 :1 - 4)

നിത്യ ദൈവമെ നിന്റെ ഏക പുത്രനായ ഞങ്ങളുടെ കർത്താവേശുമ്ശിഹായുടെ സ്മരണക്കായി- ഈ ഉത്തരം (കട്ടിള) ആശിർവദിച്ച് + ശുദ്ധീകരിക്കുന്നതിന് + - തിരുവുള്ളം തോന്നണമെ. ഇതിനാൽ യേശുമ്ശിഹായെ വണങ്ങി ബഹുമാനിക്കുന്നവർക്കു ഇഹത്തിൽ സമൃദ്ധിയായ അനുഗ്രഹങ്ങളും നിന്റെ കൃപയും പരത്തിൽ നിത്യ മഹത്വവും ഞങ്ങളുടെ കർത്താവായ യേശു മ്ശിഹാ മുഖാന്തിരം എന്നേക്കും നീ നൽകുമാറാകണമെ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ- ഈ ഉത്തരം (കട്ടിള) ആശീർവദിക്കപ്പെട്ട് ശുദ്ധീകരിക്കപ്പെടുന്നു. ബാറെക് മോർ- ബസ്മോദാബൊ- - - - ബസ്മൽക്കാ- ആശീർവാദം- സങ്കീ- 138- ലൂക്കോ-7 : 1-14

## ജന്മദിനം

(സങ്കീ-90: 12, വി:യോഹ- 9: 4)

ജീവദാതാവായ സ്വർഗ്ഗീയ പിതാവെ! ഈ നിന്റെ മകന്റെ മകളുടെ ജന്മദിനത്തിൽ- ഇവന് ഇന്നുവരെ നൽകിയ എല്ലാ നൽവരത്തിനും അനുഗ്രഹത്തിനും ദിവ്യനടത്തിപ്പിനും വേണ്ടി ഞങ്ങൾനിന്നെ സ്തോത്രം ചെയ്യുന്നു. ഈ നിന്റെ മകന്റെ ജീവിതകാലം മുഴുവനും നിന്റെ പ്രീതിയും വാത്സല്യവും സംരക്ഷണവും ഉണ്ടായിരിക്കണമെ. ഭാവിയിൽ നേരിടാവുന്ന എല്ലാ പരീക്ഷകളിലും നീ ഇവന് സഹായിയും- കാവൽക്കാരനുമായിരിക്കണമെ. സകല ആപത്തുകളിൽ നിന്നും ദാരിദ്ര്യത്തിൽ നിന്നും രോഗത്തിൽ നിന്നും ഇവനെ സംരക്ഷിച്ചുകൊള്ളണമെ. ആത്മ ശരീര മനസുകളുടെ വേദനയേ ഇവനിൽ നിന്നും അകറ്റിക്കളയെണമെ. പിശാചുക്കളുടെ ഉപദ്രവങ്ങളിൽ നിന്നും ദുഃഷ്ടമനുഷ്യരുടെ പീഡനങ്ങളിൽ നിന്നും അസൂയക്കാരുടെ കെണിയിൽ നിന്നും- നിന്റെ കൃപ ഇവനെ സംരക്ഷിച്ചുകൊള്ളണമെ. പ്രതികൂല സാഹചര്യങ്ങളെ വിജയകരമായി നേരിടുവാനും അവയെ അതിജീവിക്കുവാനുള്ള ശക്തി ഇവന് നൽകണമെ. എല്ലാവിധ പ്രതികൂലങ്ങളിൽ നിന്നും, കാവൽ മാലാഖമൂലം ഇവനെ കാത്ത് പ്രകാശത്തിന്റെ പുത്രനായി വളർത്തി കൊള്ളണമെ.

ഇവന്റെ ആയുസ്സിന്റെ നാളെല്ലാം സമാധാനത്തോടും സന്തുഷ്ടിയോടും നിന്റെ ദിവ്യമായ പരിപാലനയിൽ ഇവനെ സൂക്ഷിച്ചു കൊള്ളണമെ- ഇവന്റെ മനസ്സ് നിന്നിൽ സ്ഥിരമായിരിപ്പാനും നിന്നിലുള്ള വിശ്വാസം ബലപ്പെട്ട് ദിവ്യ സ്നേഹത്തിൽ ജ്വലിക്കുവാനും ഇവന് കൃപ നൽകണമെ. ഇവൻ സമ്പാദിക്കുന്ന സകലത്തെയും വാഴ്ത്തുകയും വർദ്ധിപ്പിക്കുകയും ചെയ്യണമെ. സുകൃത ജീവിതത്തിൽ ഇവനെ അലങ്കരിക്കണമെ. നിന്റെ രാജ്യത്തിൽ അവ

www.malankaralibrary.com



കാശിയായി തീരുവാൻ ഇവന് സംഗതിയാകണമെ. ഇവന്റെ ആയുസ്സിൽ ഒരു വർഷം കൂടി പിന്നിട്ടിരിക്കുന്ന ഇവൻ നല്ല തീരുമാനങ്ങളൊടും ദർശനത്തോടും കൂടെ പുതിയ വർഷത്തിലേക്ക് പ്രവേശിപ്പാൻ ഇവനെ സഹായിക്കണമെ. ഇവന്റെ ശിഷ്ടായുസ്സിനെ നിന്റെ ദിവ്യപരിപാലനത്തിൽ നയിക്കണമെ. ഞങ്ങളും ഇവനും നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധാത്മാവിനും സ്തുതിയും സ്തോത്രവും ഇപ്പോഴും എല്ലായിപ്പോഴും എന്നെക്കും അർപ്പിക്കുമാറാകണമെ- ആമ്മീൻ

## വഴിയാത്രക്ക് വേണ്ടിയുള്ള പ്രാർത്ഥന

**ഒരു കൗമ്മ**

കർത്താവെ ഈ യാത്രയിൽ നീ ഇവനോടുകൂടി ആയിരിക്കണമെ. നിന്റെ കൃപ ഇവനിൽ ശക്തിപ്പെടുത്തണമെ. നിന്നെ അത്യധികം സ്നേഹിപ്പാനും മഹത്വപ്പെടുത്തുവാനും ഇവന് (ഇവൾക്ക്) സംഗതിയാകണമെ. പരിശുദ്ധ കന്യക മറിയമെ ഈ യാത്രയിൽ ഇവർക്ക് സഹായി ആയിരിക്കണമെ-

തന്റെ ശ്ലീഹാന്മാരെ വഴി നടത്തി ലോകാവസാനത്തോളം അവരൊടുകൂടി ഉണ്ടായിരിക്കുമെന്ന് അരുളിചെയ്തവനായ ദൈവമായ കർത്താവെ ഈ നിന്റെ ദാസനെ വഴിനടത്തുകയും ഇവനോടുകൂടി ആയിരിക്കുകയു ചെയ്യണമെ- അനുഗ്രഹപ്രദമായി ഇവനെ തിരിച്ചു വരുത്തുകയും ചെയ്യണമെ- നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും സ്തുതിയും സ്തോത്രവും എന്നേക്കും ഞങ്ങൾ അർപ്പിക്കുമാറാകണമെ- ആമ്മീൻ- ബസ്മൽക്കാ- സ്വർഗ്ഗസ്ഥനായ പിതാവെ- നന്മ നിറഞ്ഞ മറിയമെ- ആശീർവാദം-

## വാഹനങ്ങളും മറ്റും ആശീർവദിക്കുന്നതിനുള്ള പ്രാർത്ഥന

(1- രാജാ- 2 :1 -4)

നിത്യദൈവമെ! നിന്റ ഏകപുത്രനായ ഞങ്ങളുടെ കർത്താവേശു മ്ശിഹായുടെ സ്മരണക്കായി ഈ വാഹനം ആശീർവദിച്ച് + ശുദ്ധീകരിക്കുന്നതിന് + തിരുവുള്ളം തോന്നണമെ. ഇതിനാൽ യേശുമ്ശിഹായെ വണങ്ങി ബഹുമാനിക്കുന്നവർക്ക് ഇഹത്തിൽ സമൃദ്ധിയും അനുഗ്രഹങ്ങളും നിന്റെ കൃപയും പരത്തിൽ നിത്യമഹത്വവും ഞങ്ങളുടെ കർത്താവേശുമ്ശിഹാ മുഖാന്തിരം എന്നേക്കും നീ- നൽകുമാറാകണമെ- പിതാവിന്റെയും+ പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും + നാമത്തിൽ ഈ വാഹനം ആശീർവദിച്ച് ശുദ്ധീകരിക്കപ്പെടുന്നു- ബാറെക്മൊർ ബശ്മോദാബൊ— - — -

(1- തീ മോത്തി-4-4)

നിന്റെ തിരുവചനത്താൽ സമസ്ത വസ്തുക്കളെയും വിശുദ്ധീകരിച്ച ദൈവമെ! ഈ സൃഷ്ടി വസ്തുവിന്റെ മേൽ നിന്റെ അനുഗ്രഹത്തെ + നീ

www.malankaralibrary.com



വർഷിപ്പിക്കണമെ- നിന്റെ ഇഷ്ടപ്രകാരം നിയമാനുസൃതമായി ഇതിനെ നന്ദിപൂർവ്വം ഉപയോഗിക്കുന്നവർക്ക്, നിന്റെ പരിശുദ്ധനാമത്തെ ചൊല്ലി വിളിക്കുന്നവർക്ക് ഇതുമൂലം ശരീരത്തിന് ആരോഗ്യവും ആത്മാവിന് സ്വസ്ഥതയും സൃഷ്ടാവായ നിന്നിൽ നിന്ന് ലഭിക്കുവാൻ ഇടയാകണമെന്ന് ഞങ്ങളുടെ കർത്താവേശുമിശിഹാ മുഖാന്തിരം നിന്നോട് ഞങ്ങൾ പ്രാർത്ഥികികുന്നു. പിതാവിന്റെയും+ പുത്രന്റേയും + പരിശുദ്ധാത്മാവിന്റെയും + നാമത്തിൽ ആശീർവദിക്കപ്പെട്ട് ശുദ്ധീകരിക്കപ്പെടുത്തട്ടെ- ബാറെക്മോർ ബശ് മോദാബോ........ കുക്കിലിയോൻ സങ്കീ- 138- ഏശയ്യാ 43:5- ഭയപ്പെടേണ്ട ഞാൻ നിന്നോടുകൂടെയുണ്ട്,

## ഭവന സന്ദർശനം

നിങ്ങൾ പ്രവേശിക്കുന്ന സകലഭവനങ്ങൾക്കും സമാധാനം നല്കുവിൻ എന്ന് തിരുവായ് മൊഴിഞ്ഞവനായ കർത്താവായ യേശുമ്ശിഹാ നിനക്ക് സ്തുതി. കർത്താവെ! നിന്റെ സമാധാനവും ഐക്യവും ഈ ഭവനത്തിൽ ഉണ്ടാകുമാറാകണമെ. എല്ലാവിധ നാശങ്ങളിൽ നിന്നും ഇതിന്റെ വാതിൽപടിക്ക് നീ മുദ്രയിടണമെ- സകല വിധവേദനകളിൽ നിന്നും രോഗങ്ങളിൽ നിന്നും ഇവരെ കാത്തുകൊള്ളണമെ- ഇതിൽ വസിക്കുന്നവരെ ഞെരുക്കങ്ങളിൽ നിന്നും മ്ലേഛതകളിൽ നിന്നും രക്ഷിച്ചുകൊള്ളണമെ- ഈ ഭവനത്തിലെ സമീപസ്ഥരെ കാത്തുകൊള്ളുകയും ദൂരസ്ഥരെതിരിച്ചുവരുത്തുകയും രോഗികളെ ദർശിക്കുകയും പരേതർക്ക് പാപ പരിഹാരം നൽകുകയും ചെയ്യണമെ- ഈ സമയത്തും സകലപെരുന്നാളുകളിലും നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും ഇപ്പോഴും എല്ലായിപ്പോഴും എന്നേക്കും സ്തുതിയും സ്തോത്രവും കരേറ്റും- ആമ്മീൻ-

നിങ്ങൾ ചെല്ലുമ്പോൾ നിങ്ങളെ സ്വീകരിക്കുന്ന ഏതു ഭവനവും എന്നെയാണ് സ്വീകരിക്കുന്നത് എന്ന് തന്റെ പരിശുദ്ധ ശ്ലീഹന്മാരൊട് അരുളിചെയ്ത മ്ശിഹാ തമ്പുരാനെ, നിന്റെ ആരാധകരുടെ ഈ ഭവനത്തെ അനുഗ്രഹിക്കണമെ+ നിന്റെ പരിശുദ്ധനാമം മൂലം നിന്റെ ദാസരെ സന്തോഷിപ്പിക്കുകയും ആനന്ദം നിറഞ്ഞ പ്രസന്നമുഖങ്ങളൊടെ നിന്നിൽ നിന്ന് രണ്ട് ലോകത്തിലും നല്ല പ്രതിഫലം പ്രാപിക്കുവാൻ ഇവർക്ക് കൃപ നല്കുകയും ചെയ്യണമെ- ആമ്മീൻ

## വീടു കുദാശക്രമത്തിൽ നിന്നും

**ഒരു കൗമ്മാ**

കർത്താവെ നിന്റെ ശാന്തിയും സമാധാനവും ഈ ഭവനത്തിൽ വർഷിപ്പിക്കണമെ- ഇതിലുള്ള സകലവും നീ - വാഴ്ത്തണമെ. ഇതിലെ വരവു ചില

www.malankaralibrary.com



വുകൾ തിരുനാമ മഹത്വത്തിനും നീതിയുടെ പരിപാലനത്തിനും ആയിരിക്കണമെ. നിന്നിൽ നിന്നുള്ള സകല അനുഗ്രഹത്തിനും നന്മകൾ കൊണ്ടും ഐശ്വര്യ സമൃദ്ധമാക്കണമെ. ഇതിൽ വസിക്കുന്നവർക്ക് നീ മുഖ പ്രസന്നത നൽകണമെ. ആയുഷ്കാലം മുഴുവനും-രഹസ്യകാര്യങ്ങളിലും പരസ്യകാര്യങ്ങളിലും ഇവർ നിന്നെ പ്രസാദിപ്പിക്കുമാറാകണമെ. ഞങ്ങളുടെ കർത്താവും ദൈവമെ ഇവരുടെ മരിച്ചു പോയവർക്ക് സൽ സ്മരണയും ആശ്വാസവും നൽകണമെ - ആമ്മീൻ

കരുണ നിറഞ്ഞ കർത്താവെ! നിന്റെ കൃപയാൽ ഈ ഭവനത്തെ നീ അനുഗ്രഹിക്കണമെ- ഇതിൽ വസിക്കുന്ന എല്ലാവരെയും നീ.. ഐശ്വര്യസമൃദ്ധമാക്കണമെ-

കർത്താവെ! ഇപ്പോൾ ഈ ഭവനത്തിനു വേണ്ടിയും ഇതിൽ വസിക്കുന്നവർക്കുവേണ്ടിയും കരുണയും കൃപയും നിന്നോടു ഞാൻ യാചിക്കുന്നു. ഈ നിന്റെ ദാസന്റെ യാചന തിരുസന്നിധിയിൽ എത്തുകയും ഈ ഭവനം ഐശ്വര്യം പ്രാപിക്കുകയും ഇതിലെ നിവാസികൾ നീതീകരിക്കപ്പെട്ട് രക്ഷ നേടുകയും ചെയ്യണമെ. നിന്റെ കുഞ്ഞാടുകൾ നിന്റെ മേച്ചിൽ സ്ഥലങ്ങളിൽ മേയുകയും നിന്റെ ആടുകൾ നിന്റെ നന്മകളാൽ തൃപ്തരാകുകയും ഞങ്ങൾ എല്ലാവരും നിന്നിൽ നിന്ന് കരുണ പ്രാപിക്കുകയും ചെയ്യണമെ

സുവിശേഷം വി: ലൂക്കോ-19: 1-10

## മാർ അപ്രേം

പരി: അപ്പോസ്തോലിക സഭയിലെ കീർത്തനം മുതലായവ രചിച്ചിട്ടുള്ളതിൽ പ്രഥമൻ- മാർ അപ്രേം ആണ്. ഇദ്ദേഹം വിശുദ്ധനും -പണ്ഡിതനും -മിസ്റ്റിക്കും കവിയുമായിരുന്നു. മാർ അപ്രേം -306- ഡിസംബറിൽ ജനിച്ച് -373- ജൂൺ- 9-ാം തീയതി കാലം ചെയ്തു. അദ്ദേഹം മ്ശംശോനോയും (ഡീക്കൻ) വലിയ വിശ്വാസിയുമായിരുന്നു. അദ്ദേഹം രചിച്ച ഗീതങ്ങളിലും - പ്രസംഗങ്ങളിലും അത് വ്യക്തമാണ്. ദൈവാരാധനക്കായി കീർത്തനങ്ങൾ രചിച്ചതും കൂടാതെ തിരു ജനനം-ദനഹാ-പെസഹാ- പീഡാനുഭവം- ഉത്ഥാനം- സഭാ വിശ്വാസം മുതലായവയിൽ അദ്ദേഹത്തന്റെ കൃതികൾ ധാരാളമുണ്ട്. അദ്ദേഹത്തെ കൂടാതെ- മാർ യാക്കോബ് -മാർ ബാലായി എന്നീ പിതാക്കന്മാരും ധാരാളം കൃതികൾ രചിച്ചിട്ടുണ്ട്-

www.malankaralibrary.com

# രണ്ടാം ഭാഗം

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.
ദൈവത്തിനു സ്തുതി
ഹാലെലൂയ്യാ

## വരു യേശു നിന്നെ വിളിക്കുന്നു

### നിനക്ക് മനസെങ്കിൽ- യേശു നിന്നിൽ അത്ഭുതം- പ്രവർത്തിക്കും

1. "ഇതാ ഞാൻ വാതിൽ മുട്ടുന്നു ആരെങ്കിലും എന്റെ സ്വരം കേട്ട് വാതിൽ തുറന്നു തന്നാൽ ഞാൻ അവന്റെ അടുത്തുള്ളവരും അവനോടു കുടി ഭക്ഷിക്കും"[1]
2 "ശിമയോനെയും അവന്റെ സഹോദരനായ അന്ത്രയോസിനെയും വിളിക്കുന്ന യേശു."[2]
3 "ചുങ്കക്കാരിൽ മത്തായിയെ വിളിക്കുന്ന യേശു"[3]
4 "ചുങ്കക്കാരിൽ പ്രധാനിയും ധനികനുമായിരുന്ന സഖായിയെ വിളിക്കുന്ന യേശു"[4]
5 "സമറിയാക്കാരി സ്ത്രീക്ക് വരുവാനിരിക്കുന്ന മ്ശിഹായെ കാണിച്ചു കൊടുക്കുന്ന യേശു"[5]
6 "ലോകസ്ഥാപനം മുതൽ നമുക്കായി ഒരുക്കപ്പെട്ടിരിക്കുന്ന ദൈവരാജ്യം അവകാശപ്പെടുത്തുവാൻ വിളിക്കുന്ന യേശു"[6]
7. പിലിപ്പോസിനെയും നഥാനിയേലിനെയും വിളിക്കുന്നയേശു.[7]

---

1- വെളിപാട് - 3 : 20
2- മത്തായി - 4 : 19-22
3- മത്തായി - 9 : 9-
4- ലൂക്കോസ് - 19: 1-10
5- യോഹന്നാൻ - 4: 6-26
6- മത്തായി - 4 : 6-22
7- യോഹന്നാൻ - 1: 43 - 49

www.malankaralibrary.com



പിലിപ്പോസ് യേശുവിനെ കണ്ടവിവരം നഥാനിയേലിനോട് പറയുന്നു- നഥാനിയേൽ നസ്രേത്തിൽ നിന്ന് വല്ല നന്മയും ഉണ്ടാകുമൊ- പിലിപ്പോസ് വന്നുകാൺക; നഥാനിയേൽ പിലിപ്പോസിനോടുകൂടി പോയി യേശു ഇരിക്കുന്നതിന് വളരെ അകലെവച്ച് തന്റെ അടുക്കലേക്ക് വരുന്ന നഥാനിയെലിനെ കണ്ട്- " സാക്ഷാൽ ഇസ്രായെല്യൻ, അവനിൽ കപടമില്ല എന്നരുളിചെയ്തു നഥാനിയേൽ - ഗുരൊ- അങ്ങ് എവിടെ വച്ച് എന്നെ കണ്ടു; യേശു - പിലിപ്പോസ് നിന്നെ വിളിക്കും മുമ്പെ നീ- അത്തി വൃക്ഷത്തിന്റെ കീഴിൽ ഇരിക്കുമ്പോൾ തന്നെ ഞാൻ നിന്നെ കണ്ടു- നഥാനിയേൽ അങ്ങ് ദൈവപുത്രൻ തന്നെ എന്നു പറഞ്ഞു. യേശു അവനോട്: സത്യമായി നിന്നോട് പറയുന്നു ഇപ്പോൾ മുതൽ സ്വർഗ്ഗം തുറക്കപ്പെട്ടിരിക്കുന്നതും മാലാഖമാർ വരുന്നതും കേറുന്നതും നീ കാണും"-

നമ്മുടെ ജീവിതം, കല്പനലംഘനം മുതലായവ ദൈവത്തിന്റെ വലത്ത് ഇരിക്കുന്ന മ്ശിഹാതമ്പുരാൻ കാണുന്നു എന്ന് ഇതിന് സാക്ഷ്യമാണ്.

യേശു നിന്നെ വിളിക്കുന്നു വാതിൽ മുട്ടുന്നു. തുറന്നുകൊടുക്കുക പിന്നാലെ പോകുക, സ്വർഗ്ഗരാജ്യത്തിന് അവകാശിയാകുക.

## എട്ടു നോമ്പ്

**പരി: ദൈവമാതാവിന്റെ ജനനം**

വി: യോഹന്നാൻ - 21: 25 -യേശു ചെയ്ത മറ്റു പല കാര്യങ്ങളുമുണ്ട്. അതെല്ലാം എഴുതിയിരുന്നങ്കിൽ ആ ഗ്രന്ഥങ്ങൾ ഉൾക്കൊള്ളാൻ ലോകത്തിന് തന്നെ സാധിക്കാതെ വരുമെന്നാണ് എനിക്ക് തോന്നുന്നത്.

(വി: വേദപുസ്തകത്തിന് വി: സഭയിലുള്ള സ്ഥാനം വിവരിക്കുക,)

## സഭാ ചരിത്രം

**പരി: അമ്മയുടെ ജനനം-**

പിതാവ്- യൂയാക്കീം, മാതാവ്- ഹന്ന;ഇവർ യേറുസലേം ദേവാലയ അതിർത്തിയിൽ ഉൾപ്പെട്ടവരാണ്- മുശൈക്യ ന്യായ പ്രമാണം അനുസരിച്ച് ജീവിക്കുന്നവരും - ദശാംശം- ആദ്യഫലം- ബലി- ഇവയിലെല്ലാം മുടക്കം വരാതെ ഇരുന്നവരും ആയതിനാൽ പ്രധാനാചാര്യന്മാർക്കും ആചാര്യന്മാർക്കും ഇവനോട് പ്രത്യേക സ്നേഹവും പ്രതിപത്തിയുമുണ്ടായിരുന്നു. അസൂയക്കാരിൽ പ്രധാനി അയൽ വാസിയായിരുന്ന റൂബെൽ എന്ന ആളായിരുന്നു. അവൻ ചിന്തിച്ച് ഒരു വഴി കണ്ടു പിടിച്ചു.

www.malankaralibrary.com



മുശക്യ ന്യായപ്രമാണപ്രകാരം ഓരോരുത്തരും അവരവരുടെ പാപ പരിഹാരത്തിനായി ആണ്ടിൽ ഒരിക്കൽ ബലി വസ്തുവായി- രണ്ട് പ്രാവിൻകുഞ്ഞിനെയോ, രണ്ട് ചെങ്ങാലിയെയോ നൽകിയിരിക്കണം.

യൂയാക്കിമിന്റെയും ഹന്നായുടെയും ബലി സമയം അന്വേഷിച്ചറിഞ്ഞ് മുൻകൂട്ടി അസൂയക്കാരനായ റുബേൽ പ്രധാനാചാര്യനെ കണ്ട് യുയാക്കിമിന്റെ ബലി അങ്ങ് സ്വീകരിക്കരുത് എന്ന് ശക്തിയായി പറഞ്ഞു. മഹാ പുരോഹിതൻ റുബേലിനോട് യുയാക്കിം കുടുംബവും മുശൈക്യ നായപ്രമാണം അനുസരിച്ച് ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്തുവരവെ ഞാൻ ബലി നിരസിക്കുന്നത് പ്രയാസമല്ലേ റുബേൽ.

റുബേൽ പ്രധാനാചാര്യനോട് അങ്ങ് മുശൈക്യ ന്യായപ്രമാണം ഗ്രഹിക്കുന്നില്ലേ- സന്തതിയില്ലാത്തവരുടെ ബലി സ്വീകരിപ്പാൻ പാടില്ല എന്നുള്ള പ്രമാണം പറഞ്ഞാൽ മതി.

യുയാക്കീമിന് സന്തതിയില്ലാ എന്നുള്ള വിവരം പ്രധാനാചാര്യന് മുൻ കൂട്ടി അറിവില്ലായിരുന്നു.

അസൂയക്കാരനായ റുബേലിന്റെ ഈ പരിപാടി നീതിമാനായ യുയാക്കീം അറിയുന്നില്ല. യുയാക്കീം ബലി വസ്തുക്കളെയും കൊണ്ട് പ്രധാനാചാര്യനെ സമീപിച്ചു. പ്രധാനാചാര്യൻ ദു:ഖത്തോടെ- പ്രിയ യുയാക്കീമെ- നിന്റെ ബലി സ്വീകരിക്കുവാൻ മുശൈക്യ ന്യായപ്രമാണം അനുസരിച്ച് നിവർത്തിയില്ലാ എന്നുപറഞ്ഞു. യുയാക്കീം ഞാൻ എന്ത് തെറ്റ് ചെയ്തു നിയമപ്രകാരം എല്ലാം ഞാൻ മുടക്കം കൂടാതെ ചെയ്തു കൊണ്ടിരിക്കുകയാണന്ന് അങ്ങേക്ക് അറിയാമല്ലോ-

പ്രധാനാചാര്യൻ: നിന്നിൽ യാതൊരുതെറ്റുമില്ല; എന്നാൽ സന്തതിയില്ലാത്തവരുടെ ബലി സ്വീകരിക്കരുത് എന്ന് മുശൈക്യ ന്യായപ്രമാണത്തിലുണ്ട് അതു കാരണത്താൽ മാത്രം.

യുയാക്കീം ദു:ഖത്തോടെ വീട്ടിൽ ചെന്ന് തന്റെ കുടുംബ ചരിത്രം പരിശോധിച്ചു. സന്തതിയില്ലാത്തവരായി ആരും തന്നെയില്ല. പിതാവായ അബ്രഹാമിനുപോലും വാർദ്ധക്യത്തിൽ ഒരു പുത്രനെ കൊടുത്തു. വീണ്ടും ഹന്നായുടെ കുടുംബചരിത്രം പരിശോധിച്ചു അവിടെയും സന്തതിയില്ലാത്തവരാരും തന്നെയില്ല എന്ന് സ്പഷ്ടമായി കണ്ടുപിടിച്ചശേഷം യഹോവായ്ക്ക് കഴിയാത്തത് യാതൊന്നുമില്ല എന്നുള്ള വിശ്വാസത്തിൽ യുയാക്കീമും ഹന്നായും ഒരു തീരുമാനമെടുത്തു. പഴയകാലത്ത് കാര്യസാദ്ധ്യത്തിനായി മലയിൽ പോയി പ്രാർത്ഥിക്കുക, ഉപവസിക്കുക എന്ന ഒരു പതിവ് ഉണ്ടായിരുന്നു. അങ്ങനെയുള്ളവർക്ക് മാലാഖമാർ വഴി മറുപടിയും ലഭിച്ചിരുന്നു.

ഈ നിയമം വച്ചായിരിക്കും നമ്മുടെ കർത്താവും യോർദ്ദാനിൽ നിന്ന് സ്നാനം ഏറ്റുകഴിഞ്ഞ ഉടനെ മലയിൽ പോയി 40-ദിവസം പ്രാർത്ഥിച്ചതും- ഉപവസിച്ചതും.

www.malankaralibrary.com



യുയാക്കിമും ഹന്നായും ഒരു തീരുമാനമെടുത്തു യഹോവയായ ദൈവം നമുക്ക് ഒരു സന്തതിയെ തരുന്നങ്കിൽ ആണായാലും പെണ്ണായാലും അതിനെ ദൈവസന്നിധിയിൽ സമർപ്പിച്ചുകൊള്ളാം. ഈ തീരുമാനത്തിനു ശേഷം യുയാക്കീം പ്രാർത്ഥിക്കാനായി- മലയിലെക്കു പോയി- ഹന്നാ ദു:ഖത്തോടെ വീട്ടിലിരുന്ന് ഞങ്ങളുടെ പാപപരിഹാരബലി സ്വീകരിച്ചില്ല, അതിനും പുറമെ എന്റെ ഭർത്താവ് എന്നെ വിട്ടുപിരിഞ്ഞു; എന്നിങ്ങനെ ദു:ഖത്തോടെ കരുണക്കായി യഹോവയായ ദൈവത്തോട് പ്രാർത്ഥിച്ചുകൊണ്ടിരുന്നു.

പഴയ കാലത്ത് കടമുള്ള ദിവസങ്ങളിൽ കുടുംബത്തിലെ സ്ത്രീകൾ രാവിലെ കുളി കഴിഞ്ഞ് പുതുവസ്ത്രങ്ങൾ ധരിച്ച് ഉല്ലസിക്കുക പതിവായിരുന്നു. അപ്രകാരമുള്ള ഒരു ദിവസം ഹന്നാ രാവിലെ എഴുന്നേറ്റ് വീട്ടുമുറ്റത്ത് ഒരു വൃക്ഷചുവട്ടിൽ നില്ക്കുമ്പോൾ മേല്പോട്ട് നോക്കി, വൃക്ഷകവരത്തിൽ രണ്ട് പക്ഷികൾ തങ്ങളുടെ കുഞ്ഞുങ്ങളൊടുകൂടി ഇരിക്കുന്നതു കണ്ട് ഹന്നാ- യഹോവായ ദൈവമെ ഈ പക്ഷികൾക്കുപോലും അങ്ങ് സന്തതിയെ കൊടുത്തുവല്ലോ. എന്നാൽ ഞങ്ങൾക്കും ഒരു സന്തതിയെ തരേണമെ എന്ന് വിലാപത്തോടെ പ്രാർത്ഥിച്ചുകൊണ്ട് നില്ക്കുമ്പോൾ തന്റെ ദാസിവന്ന് സ്നേഹത്തോടുകൂടിയ അധികാരത്തിൽ ഈ ദിവസത്തെപ്പറ്റി അറിയുന്നില്ലേ- വേഗം പോയി കുളിച്ച് പുതുവസ്ത്രം ധരിച്ച് ഉല്ലസിക്കുക. പുതു വസ്ത്രം ഇല്ലെങ്കിൽ നിങ്ങൾ കടമുള്ള ദിവസം ധരിക്കാൻ എനിക്കു തന്ന മേൽത്തരം വസ്ത്രം എടുത്ത് ധരിച്ചുകൊൾക്" എന്നു പറഞ്ഞു.

ഹന്നാ പ്രാർത്ഥനയിൽ മുഴുകിനില്ക്കുന്ന സമയത്ത് മലയിൽ ഉപവാസത്തോടു കൂടി പ്രാർത്ഥിച്ചു കൊണ്ടിരുന്ന യുയാക്കീമിന് ദൂതൻ പ്രത്യക്ഷപ്പെട്ട് യുയാക്കിമെ- സന്തോഷത്തോടെ പോകുക നിന്റെ പ്രാർത്ഥന യഹോവാ കേട്ടിരിക്കുന്നു നിനക്ക് ഒരു സന്തതിയെ തരും. ഇതുകേട്ട് അവൻ സന്തോഷവാനായി ദൈവത്തെ സ്തുതിച്ച് വീട്ടിലേക്ക് മടങ്ങി. ഇതാ ഹന്നാ എഴുന്നേറ്റു അവളുടെ പ്രാർത്ഥനയുടെയും യാചനയുടെയും ഫലമായി ഗർഭം ധരിച്ച് ഒരു പെൺകുഞ്ഞിനെ പ്രസവിച്ചു. ഈ കുഞ്ഞിന്റെ ജനനം – സെപ്തംബർ എട്ടാം തീയതി ആയിരുന്നു. അതിന് മറിയം എന്ന് പേരിട്ടു. ഈ കുഞ്ഞ് നേർച്ചകുട്ടിയായതിനാൽ ഇതിനെ ദേവാലയത്തിൽ സമർപ്പിക്കേണ്ടതുമാകയാൽ ഈ കുഞ്ഞിനെ കന്യകമാരെ എടുക്കാവു- കുളിപ്പിക്കാവു- എന്നും മറ്റും തീരുമാനമെടുത്തു. ഒരു വർഷമായപ്പോൾ യുയാക്കീമും- ഹന്നായും- അവരുടെ ശപഥം നിറവേറ്റാൻ തീരുമാനിച്ചു. എന്നാൽ ഒരു വയസ്സായ കുഞ്ഞിനെ ദേവാലയത്തിൽ കൊണ്ടുപോയി മഹാപുരോഹിതന്മാരെ ഏല്പിച്ചാൽ അവർക്ക് പലതരത്തിലുള്ള പ്രയാസം ഉണ്ടാകുമെന്ന് കരുതി. അതിനാൽ മൂന്നുവയസ്സ് പൂർത്തിയാകുമ്പോൾ നമുക്ക് ആഹ്ലാദപൂർവ്വം കൊണ്ടുചെന്ന് ഏല്പിക്കാം എന്ന് അവർ ഇരുവരും തീരുമാനം എടുത്തു. അതുപ്രകാരം

www.malankaralibrary.com



മൂന്ന് വയസ് തികഞ്ഞപ്പോൾ -101- തൂക്കുവിളക്ക് - വാദ്യമേളങ്ങൾ എന്നിവയുടെ അകമ്പടിയോടെ ആഘോഷപൂർവ്വം ശിശുവായ മറിയത്തിനെ യെറുശലേം - ദേവാലയത്തിൽ കൊണ്ടു ചെന്ന് മഹാപുരോഹിതന്മാരെ ഏല്പിച്ച ശേഷം സന്തോഷത്തോടെ അവർ മടങ്ങി. പൈതലിന്റെ ചിന്ത പുറകോട്ട് വരാതിരിക്കുന്നതിനാണ് ആഘോഷത്തോടെ കൊണ്ടാക്കിയത്.

ദേവാലയത്തിൽ സമർപ്പിക്കപ്പെടുന്ന സകലരുടെയും ചുമതല ആചാര്യന്മാർക്കാണ്. അവർക്ക് ഭക്ഷണം- വസ്ത്രം- അവരെ പഠിപ്പിക്കുക. ജോലി അഭ്യസിപ്പിക്കുക- പ്രായമായാൽ വിവാഹം നടത്തുക, മുതലായ എല്ലാ ചുമതലയും അവർക്കാണ്. ഓരോരുത്തരുടെയും കാര്യങ്ങൾക്കായി അതാതു സമയം ആചാര്യന്മാർ ധൂപം വച്ച് പ്രാർത്ഥിച്ചശേഷം- ലഭിക്കുന്ന അരുളപ്പാടു മുഖാന്തിരം അവർ ചെയ്തുകൊണ്ടിരുന്നു. എന്നാൽ യുയാക്കിമിന്റെയും- ഹന്നായുടെയും- മകളായ മറിയത്തിന് ആഹാരം സ്വർഗ്ഗത്തിൽ നിന്നും മാലാഖമാർ വഴി ലഭിച്ചുകൊണ്ടിരുന്നു എന്നാണ് ചരിത്രം-

പൈതൽ വളർന്നപ്പോൾ കൈതയ്യൽ പണിയും പഠിപ്പിച്ചിരുന്നു. മറിയത്തിന് -12-വയസ്സ് ആയപ്പോൾ എന്തുചെയ്യണമന്ന് അറിയാനായി മഹാ പുരോഹിതൻ ധൂപം വച്ച് പ്രാർത്ഥിച്ചപ്പോളുണ്ടായ അരുളപ്പാട് യെറുശലേം ദേവാലയാതൃത്തിയിൽ താഴെ പറയുന്ന പ്രകാരം പരസ്യപ്പെടുത്തുക. ദേവാലയ അതിർത്തിയിലുള്ള സകലപുരുഷന്മാരും തങ്ങളുടെ വടിയുമായി കൃത്യദിവസം ദേവാലയത്തിൽ ഹാജരാകുക. അവരവരുടെ വടികൾ എല്ലാം ബലിപീഠത്തിന് മുൻപിൽ വച്ചിട്ട് ധൂപം കാട്ടി പ്രാർത്ഥിക്കുക- പിന്നീട് അവരവരുടെ വടി എടുക്കാൻ ആജ്ഞാപിക്കുക. ആരുടെ വടിയിൽ നിന്നും അത്ഭുതം പുറപ്പെടുന്നോ- ആ ആളിന്റെ കൂടെ മറിയത്തിനെ കൂട്ടി അയയ്ക്കുക. എന്നാൽ വീണ്ടും ഒരറിയിപ്പ് ഉണ്ടായതിനുശേഷമെ വിവാഹമുള്ളൂ. അതുപ്രകാരം ചെണ്ട കൊട്ടിച്ച് വിളമ്പരം ചെയ്തു. എല്ലാവരും പ്രത്യേകിച്ച് യുവാക്കൾ കൃത്യസമയത്ത് തങ്ങളുടെ വടികളുമായി ഹാജരായി. പള്ളിയിൽ പ്രവേശിക്കാത്ത യുവാക്കൾ പോലും വന്നിരുന്നു. കാരണം മറിയം അത്രസുന്ദരിയായിരുന്നു. ദേവാലയത്തിലെ മരപ്പണിക്കാരനായ യൗസേപ്പും തന്റെ വടി കൊണ്ടുവച്ചു. തനിക്ക് വിവാഹം വേണമെന്നെയില്ലായിരുന്നു. എങ്കിലും കല്പന ആചരിക്കണമല്ലോ. എന്നാൽ പ്രധാന ആചാര്യൻ ധൂപം കാട്ടി പ്രാർത്ഥിച്ചശേഷം അവരവരുടെ വടി എടുക്കാൻ ആജ്ഞാപിച്ചു. ഓരോരുത്തരും താന്താന്റെ വടിയെടുത്തു. യൗസെപ്പിന്റെ വടി എടുത്തപ്പോൾ ആ വടി തളിർത്ത് ഇരിക്കുന്നതും അതിൽ നിന്നും ഒരു പക്ഷി പറന്ന് യൗസെപ്പിന്റെ തലയിൽ ഇരിക്കുന്നതും കണ്ടു. പ്രധാന ആചാര്യൻ യൗസേപ്പിന്റെ കൂടെ മറിയത്തെ വിവാഹ നിശ്ചയം ചെയ്ത് അയക്കാൻ തീരുമാനിച്ചു. അപ്പോൾ യൗസെപ്പ് പലകാരണവശാൽ പിൻമാറാൻ ശ്രമിച്ചു. പ്രധാനാചാര്യൻ- യഹോവായ ദൈവത്തിന്റെ അരുളപ്പാട് നീ

www.malankaralibrary.com



നിഷേധിക്കുന്നുവോ- എന്നുള്ള ചോദ്യത്തിന്റെ ഫലമായി യൗസെപ്പും മറിയയുമായുള്ള വിവാഹനിശ്ചയം നടത്തി. യൗസേപ്പിന്റെ കൂടെ മറിയത്തെ അയച്ചു. ഇനി ഒരറിയിപ്പ് ഉണ്ടായ ശേഷമെ വിവാഹമുള്ളൂ. മറ്റ് പല യുവാക്കളും സൗന്ദര്യവതിയായ മറിയത്തെ കിട്ടാഴ്കയാൽ തങ്ങളുടെ വടി അവിടെ വച്ചു തന്നെ ഒടിച്ചു കളഞ്ഞു.

യൗസേപ്പ് തന്നോടു കൂടി അയച്ച മറിയത്തെ തന്റെ വീട്ടിൽ കൊണ്ടുവന്നു. ഒരു പിതാവ് തന്റെ മകൾക്ക് കൊടുക്കുന്നതരത്തിൽ കുറെ ഉപദേശങ്ങൾ മറിയത്തിന് കൊടുത്തു. മറിയമെ- നീ ദേവാലയത്തിൽ വളർത്തപ്പെട്ടവൾ. കൂടാതെ മാലാഖമാരാൽ ഭക്ഷണം ലഭിക്കപ്പെട്ടവൾ- നമ്മുടെ വിവാഹം നടന്നിട്ടില്ല. അതിനാൽ നീ- നിന്നെ തന്നെ സൂക്ഷിച്ചു കൊള്ളണം- ഇതെല്ലാം മറിയം സന്തോഷത്തോടെ കേട്ടിരുന്നു. പതിവും പ്രകാരം യൗസെപ്പ് എന്നും ആശാരിവേലക്ക് ദേവാലയത്തിൽ പോയിക്കൊണ്ടിരുന്നു.

ഈ കാലയളവിൽ ദേവാലയത്തിന് ഒരു പുതിയ മറ (തിരശ്ശീല) തയ്യിപ്പിക്കുന്നതിനുള്ള അരുളപ്പാടുണ്ടായി. അതിന് ആവശ്യമായ തുണിയും-പട്ടുനൂലും ശേഖരിച്ചു. തയ്യിക്കുന്നതിന്- ഏഴ് കന്യാസ്ത്രീകൾ വേണം- അന്വേഷണത്തിൽ ആറ് പേരെ കിട്ടി. ഒരാളിന്റെ കുറവ് ഉണ്ടായി. അന്വോഷണത്തിൽ ദേവാലയത്തിൽ വളർത്തപ്പെട്ടവളായ യൗസെപ്പിനൊട് കൂടെ അയക്കപ്പെട്ട മറിയമിനെ കണ്ടെത്തി. സന്തോഷത്തോടെ അവളെ കൂട്ടികൊണ്ടുവന്നു. തയ്യൽ ജോലി ഓരോരുത്തർക്കും ഏത് എന്നുള്ള ചീട്ട് ഇട്ടപ്പോൾ മേൽത്തരം പട്ടുനൂൽ പണി മറിയത്തിനായിരുന്നു. എല്ലാം ഏറ്റുവാങ്ങി വീട്ടിൽ വന്ന് ഭംഗിയായി കുറെശ്ശെ തയ്യൽ പണി നടത്തിക്കൊണ്ടിരിക്കേ, ഒരു ബുധനാഴ്ച ഉച്ചയോടു കൂടി തയ്യൽ പണി മാറ്റിവച്ച് കുടവും എടുത്ത് വെള്ളം ശേഖരിക്കാൻ കിണർക്കരയിലെക്ക് പോകുമ്പോൾ അതാ ഒരു പ്രകാശം അതിന്റെ മദ്ധ്യേ ഒരാൾ പ്രത്യക്ഷപ്പെട്ടു; മറിയം ഭയന്ന് അവിടെനിന്നു- വി:ലൂക്കാ - 1 : 26- മുതലുള്ള വാക്യങ്ങൾ വിവരിക്കുക-

## പരി: ദൈവമാതാവിന്റെ ചരിത്രം

വി: ലൂക്കാ - 1 : 26- മുതൽ 38 വരെ

എന്നാൽ ആറാം മാസം ഗബ്രീയേൽ ദൂതൻ ഗലീലയിൽ നസറേത്ത് എന്ന പട്ടണത്തിൽ ദാവീദിന്റെ വംശത്തിൽ പെട്ട ജോസഫ് എന്നു പേരായ പുരുഷനുമായി വിവാഹനിശ്ചയം ചെയ്തിരുന്ന കന്യകയുടെ അടുത്ത്- ദൈവത്താൽ അയക്കപ്പെട്ടു. അവളുടെ പേര് മറിയം എന്നായിരുന്നു. ദൂതൻ അവളുടെ അടുത്തുവന്നു പറഞ്ഞു ദൈവ കൃപ നിറഞ്ഞവളെ! സ്വസ്തി. കർത്താവ് നിന്നോടു കൂടെ! ഈ വചനം കേട്ട് അവൾ വളരെ അസ്വസ്ഥയായി. എന്താണ് ഈ അഭിവാദനത്തിന്റെ അർത്ഥം, എന്ന് അവൾ ചിന്തിച്ചു. ദൂതൻ അവളൊടു

www.malankaralibrary.com



പറഞ്ഞു. മറിയമെ നീ ഭയപ്പെടേണ്ട, ദൈവസന്നിധിയിൽ- നീ- കൃപ കണ്ടെത്തിയിരിക്കുന്നു. നീ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും നീ അവന് യേശു എന്ന് പേരിടണം. അവൻ വലിയവനായിരിക്കും അത്യുന്നതന്റെ പുത്രൻ എന്ന് വിളിക്കപ്പെടും അവന്റെ പിതാവായ ദാവീദിന്റെ സിംഹാസനം ദൈവമായ കർത്താവ് അവനു കൊടുക്കും. യാക്കോബിന്റെ ഭവനത്തിൻ മേൽ അവൻ എന്നെക്കും ഭരണം നടത്തും. അവന്റെ രാജ്യത്തിന് അവസാനമുണ്ടാകുകയില്ല. മറിയം ദൂതനൊട് ചോദിച്ചു ഇതെങ്ങനെ സംഭവിക്കും ഞാൻ പുരുഷനെ അറിഞ്ഞിട്ടില്ലല്ലോ. ദൂതൻ മറുപടി പറഞ്ഞു. പരിശുദ്ധാത്മാവ് നിന്റെ മേൽ വരും അത്യുന്നതന്റെ ശക്തി നിന്റെ മേൽ ആവസിക്കും. ആകയാൽ ജനിക്കാൻ പോകുന്ന ശിശു പരിശുദ്ധൻ, ദൈവ പുത്രൻ എന്ന് വിളിക്കപ്പെടും. ഇതാ നിന്റെ ചാർച്ചക്കാരി വൃദ്ധയായ ഏലിശബേത്ത് ഒരു പുത്രനെ ഗർഭം ധരിച്ചിരിക്കുന്നു. വന്ധ്യായെന്ന് പറഞ്ഞിരുന്നവൾക്ക് ഇത് ആറാം മാസമാണ്. എന്തുകൊണ്ടെന്നാൽ ദൈവത്തിന് ഒന്നും കഴിയാത്തതല്ല. മറിയം പറഞ്ഞു. ഇതാ ഞാൻ കർത്താവിന്റെ ദാസി നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ, അപ്പോൾ ദൂതൻ അവളുടെ മുമ്പിൽ നിന്നും മറഞ്ഞു-

ഈ ദുതനെപ്പറ്റി കുറെകൂടി അറിയാനുണ്ട്, ഈ ദൂതനാണ് ആദ്യമായി- കർത്താവ് എന്ന് സംബോധന ചെയ്തത്. കൂടാതെ സുവിശേഷത്തിൽ-26-ാം വാക്യത്തിൽ തുടങ്ങുന്നത്. ആറാം മാസത്തിൽ എന്നാണ്. അപ്പോൾ ആറുമാസത്തിനുമുമ്പ് ഏതോ ഒരു അത്ഭുതം നടന്നിരുന്നു എന്ന് സംശയമില്ല, അത് നമുക്ക് എന്ത് എന്ന് ചിന്തിക്കാം-

## സ്നാപകയോഹന്നാന്റെ ജനനം

മഹാ പുരോഹിതനായ സഖറിയായിക്ക് ധൂപം കാട്ടേണ്ട സമയം വന്നു. അവൻ ധൂപം കാട്ടിക്കൊണ്ടിരിക്കെ, ബലി പീഠത്തിന് വലതുഭാഗത്ത് ഒരു ദൂതൻ വന്നു നിന്നു. സക്കറിയായോട് സ്നാപകയോഹന്നാനെപ്പറ്റി അറിയിച്ചു. അതെല്ലാം കേട്ടശേഷം ആചാര്യനായ സഖറിയാ കാര്യകാരണ സഹിതം ഇവ എന്തിനാൽ സംഭവിക്കും, ഞാൻ കിഴവൻ - എന്റെ ഭാര്യ വൃദ്ധ- എന്നു പറഞ്ഞു- അപ്പോൾ ദൂതൻ ഞാൻ ദൈവസന്നിധിയിൽ നില്ക്കുന്ന ഗബ്രിയേൽ ആണ്. യഥാകാലം നിവൃത്തിയാകാനുള്ള എന്റെ വചനം നീ വിശ്വസിക്കാഞ്ഞതിനാൽ ഇത് സംഭവിക്കുന്ന ദിവസം വരെ നീ മൗനിയായിരിക്കും. 1 ദൂതന്റെ ശക്തി മനസ്സിലായല്ലോ- ആ ദൂതൻ തന്നെയാണ് തന്റെ ഗംഭീരത ഒന്നും കാട്ടാതെ വിനീതനായി മറിയത്തിന്റെ മുമ്പിൽ ദൈവശക്തിയും മുൻ സംഭവിച്ചതും വിവരിക്കുന്നത്. കാരണം ദൂതൻ ഗംഭീരനാണെങ്കിലും അവൻ അപ്പോൾ നില്ക്കുന്നത് കർത്താവിന്റെ മുമ്പിലാണ്- അതായത് അവൻ മറിയത്തിന് പ്രത്യക്ഷപ്പെട്ട് സ്വസ്ഥി പറഞ്ഞശേഷം, "കർത്താവു നിന്നോടു

www.malankaralibrary.com



കൂടെ"- എന്ന് പറഞ്ഞ മാത്രയിൽ മ്ശിഹാ തമ്പുരാൻ, മറിയത്തിന്റെ ഗർഭപാത്രത്തിൽ ഉരുവായി. അതത്രേ - കർത്താവിന്റെ മുമ്പിൽ എന്നു പറയുന്നത്.

എന്നാൽ അപ്പോൾ മുതൽ മറിയം ചിന്താ ഭാരമുള്ളവളായി ഈ കാര്യം യൗസെപ്പിനോട് പറയാനും സാധിച്ചില്ല. ദൂതൻ തന്നോട് പറഞ്ഞത് നേരാണൊ എന്നറിയാൻ വെളുപ്പിനെ എഴുന്നേറ്റ് താല്പര്യത്തോടുകൂടി ആചാര്യനായ സഖറിയായുടെ ഭവനത്തിലെക്ക് യാത്രയായി. സഖറിയായുടെ ഭവനത്തിൽ പ്രവേശിച്ച് ഏലിശുബായോടെ കുശലം ചോദിച്ചു

1- ലൂക്കാ- 1 : 10-19

## മറിയത്തെ സ്തുതിക്കുന്ന ഏലിശുബാ-

മറിയത്തിന്റെ അഭിവാദനം കേട്ടപ്പോൾ ഏലിസബേത്തിന്റെ ഉദരത്തിൽ ശിശു കുതിച്ചു ചാടി. (അതായത് യജമാനനെ കാണുമ്പോൾ ദാസൻ വണങ്ങുക പതിവുണ്ടല്ലോ-)

എലിസബേത്ത് പരിശുദ്ധാത്മാവു നിറഞ്ഞവളായി അട്ടഹസിച്ച് പറഞ്ഞു- നീ- സ്ത്രീകളിൽ അനുഗ്രഹിതയാകുന്നു. നിന്റെ ഉദരഫലവും അനുഗ്രഹിതം- എന്റെ കർത്താവിന്റെ അമ്മ എന്റെ അടുത്തുവരാനുള്ള ഭാഗ്യം എനിക്ക് എവിടെ നിന്ന് (മറിയത്തിനെപ്പറ്റി എന്റെ കർത്താവിന്റെ അമ്മ- എന്ന് ആദ്യമായി പ്രസ്താപിച്ചത് ഏലിശുബാ തന്നെ എന്ന് സുവിശേഷകൻ രേഖപ്പെടുത്തിയിരിക്കുന്നു.) ഇതാ നിന്റെ അഭിവാദന സ്വരം എന്റെ ചെവികളിൽ പതിഞ്ഞപ്പോൾ ശിശു എന്റെ ഉദരത്തിൽ സന്തോഷത്താൽ കുതിച്ചു ചാടി. കർത്താവ് അരുളി ചെയ്ത കാര്യങ്ങൾ നിറവേറുമെന്ന് വിശ്വസിച്ചവൾ ഭാഗ്യവതി-::

"അവിടുന്ന് തന്റെ ദാസിയുടെ താഴ്മയെ കടാക്ഷിച്ച് ഇപ്പോൾ മുതൽ സകലതലമുറകളും എന്നെ ഭാഗ്യവതി എന്ന് പ്രകീർത്തിക്കും". ഇതാണ് ലോകം ഇന്ന് അമ്മയെ ബഹുമാനിക്കുന്നത്- എന്നാൽ മൂന്നു മാസക്കാലം മറിയം ഏലിശുബായുടെ കൂടെ താമസിച്ചു. അതിനുശേഷം യൗസെപ്പിന്റേതായ തന്റെ ഭവനത്തിൽ വന്ന് താമസിച്ചു വരവെ ഒരു ദിവസം യൗസെപ്പ് തന്റെ ജോലി കഴിഞ്ഞ് വീട്ടിൽ വന്നപ്പോൾ മറിയത്തിൽ ചില ഭാവഭേദങ്ങൾ കാണുകയാൽ മറിയത്തോട് കാര്യങ്ങൾ അന്വേഷിച്ചു. ഞാൻ ഒരു തെറ്റും ചെയ്തിട്ടില്ല എന്നു പറഞ്ഞു (മുമ്പ് ദൂതൻ പ്രത്യക്ഷപ്പെട്ടകാര്യം പറയാൻ മറന്നുപോയിരുന്നു.) എന്തു ചെയ്യണമെന്നുള്ള ചിന്തയിൽ യൗസേപ്പ് ദുഃഖിതനായി കാരണം അവരുടെ വിവാഹം നടന്നിട്ടില്ല. മറിയം ഗർഭിണിയുമാണ്. ആ കാലത്ത് തെറ്റു ചെയ്യുന്നവരെ വിസ്തരിച്ച് പ്രധാനാചാര്യന്മാർ പുണ്യജലം കുടിപ്പിച്ച് മലയിലെക്ക് അയക്കും. തെറ്റുചെയ്തവർ തിരിച്ചു വരികയില്ല. കാട്ടുമൃഗങ്ങൾ അവരെ കൊന്നുകളയും. അതുപോലെ സുന്ദരിയായ ഇവളെ, അതേ- ദേവാലയത്തിൽ വളർന്ന് മാലാഖമാർ വഴി ഭക്ഷണം ലഭിച്ച ഇവളെ പരിഹാസപാ

www.malankaralibrary.com



ത്രമാക്കാൻ യൗസെപ്പിന് മടിയായിരുന്നു. അതിനാൽ ആരും അറിയാതെ അവളെ അകലെ വല്ല സ്ഥലത്തും കൊണ്ടു പോയി ഉപേക്ഷിക്കാം എന്നുള്ള ചിന്തയിൽ കിടന്നപ്പോൾ രാത്രി ഉറക്കത്തിൽ അദ്ദേഹത്തിന് ഒരു അരുളപ്പാടുണ്ടായി.

1 – ലൂക്കാ -1- : 48

## യേശുവിന്റെ ജനനം

കർത്താവിന്റെ ദൂതൻ സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട് അവനോട് ദാവീദിന്റെ പുത്രനായ യൗസെപ്പേ നീ മറിയത്തെ ഭാര്യയായി സ്വീകരിക്കാൻ ശങ്കിക്കേണ്ട അവൾ ഗർഭം ധരിച്ചിരിക്കുന്നത് പരിശുദ്ധാത്മാവു മുഖെനയാണ്. അവൾ ഒരു പുത്രനെ പ്രസവിക്കും നീ അവന് യേശു എന്നു പേരിടണം- എന്തന്നാൽ..........

വി: കന്യക മറിയം കല്ലിടാവിൽ യേശുവിനെ പ്രസവിച്ചു. മറ്റെങ്ങും സ്ഥലം കിട്ടാഴികയാൽ പുൽകുട്ടിൽ കീറ്റുശിലകളിൽ പൊതിഞ്ഞ് കിടത്തി. ആട്ടിടയന്മാരും ജ്ഞാനികളും വന്ന് കാഴ്ച നേർച്ചകൾ വച്ച് വന്ദിച്ചു -അവരിൽ നിന്നും- ഒരു രാജാവ് ജനിച്ചിരിക്കുന്നു എന്ന വാർത്ത ഹേറോദേസ് രാജാവ് അറിഞ്ഞു. ആ രാജകുമാരനെ നശിപ്പിക്കുവാൻ ഹേറോദേസ് കാത്തിരുന്നു- ദുഷ്ടനായ ഹേറോദേസ് ഒരു കല്പനയും പുറപ്പെടുവിച്ചു- തന്റെ അറിവിൽ പ്രകാരമുള്ള കാലം കണക്കാക്കി രണ്ടു വയസ്സിനു താഴെയുള്ള സകല ആൺകുട്ടികളെയും വധിപ്പാൻ ആജ്ഞ കൊടുത്തു. ആ കാലയളവിൽ യോഹന്നാൻ സ്നാപകനെയും വധിപ്പാൻ അന്വേഷിച്ച് പട്ടാളക്കാർ ആചാര്യനായ സഖറിയായെ പീഡിപ്പിച്ചു. എന്നാൽ ആചാര്യൻ ഓടി ദേവാലയത്തിൽ കയറി പട്ടാളക്കാർ പുറകെ കയറി ബലിപീഠത്തിനും ദേവാലയത്തിനും- മദ്ധ്യേവച്ച് ആചാര്യനായ സഖറിയായെ വധിച്ചു. ഈ വിവരം നീതിമാനായ യൗസെപ്പ് അറിഞ്ഞു. മറിയത്തിനെയും മകനെയും കൊണ്ട് നസ്രയത്തിലെക്ക് ഒളിച്ചോടി- വഴി മദ്ധ്യേ കൃഷിക്കാർ ഗോതമ്പ് വിതച്ചുകൊണ്ടിരിക്കുന്നത് മറിയം കണ്ടു. അവരിൽ നിന്നും കുറെ ഗോതമ്പ് വിത്ത് വാങ്ങി വിതച്ചിട്ട് പുറകെ കൊയ്തു കൊള്ളാൻ പറഞ്ഞു. ഗോതമ്പ് കൊയ്യാൻ പാകമാകുന്നതിന് ആറുമാസം വേണം. അതാ അവർ ഗോതമ്പ് കൊയ്തുകൊണ്ടിരിക്കുമ്പോൾ ഒരു കൂട്ടം പട്ടാളക്കാർ- പൈതലിനെ അന്വേഷിച്ച് വരികയായിരുന്നു. അവർ ഗോതമ്പ് കൊയിത്തുകാരോട് ഇതിലെ ഒരു കുഞ്ഞിനെയും കൊണ്ട് രണ്ടുപേർ കടന്നുപോയോ എന്ന് ചോദിച്ചു. കൊയിത്തുകാർ പോയല്ലോ എന്ന് പറഞ്ഞു. എപ്പോൾ പോയി എന്നുള്ള ചോദ്യത്തിന് മറുപടിയായി ഞങ്ങൾ ഈ ഗോതമ്പ് വിത്ത് വിതയ്ക്കുന്ന സമയം; അതുകേട്ട് പട്ടാളക്കാർ അപ്പോൾ ആറുമാസത്തിനു മുമ്പാണല്ലോ എന്ന് ചിന്തിച്ച് അവർ മടങ്ങിപ്പോയി.

www.malankaralibrary.com



യൗസേപ്പും മറിയാമും കുഞ്ഞിനെ കൊണ്ട് പോകുന്നത് കാടുവഴിയായിരുന്നു. വഴി മദ്ധ്യേ അവർക്ക് ദാഹിക്കുകയാൽ മറിയാമിനെ കുഞ്ഞിനൊടുകൂടി ഒരു വൃക്ഷ തണലിൽ ഇരുത്തിയിട്ട് യൗസെപ്പ് വെള്ളം ശേഖരിക്കാനായി അരുവി തേടി പോയി. തൽസമയം അതുവഴിയെ വന്ന രണ്ടുപേർ കുഞ്ഞിനെയും മറിയത്തെയും സമീപിച്ച് അവരുടെ പക്കലുള്ളത് അപഹരിക്കാനായിരുന്നു. അവർ പരിശോധിച്ചപ്പോൾ ഇവരുടെ പക്കൽ വിലപിടിപ്പുള്ള ഒന്നും ഇല്ലാന്ന് കണ്ടു. എന്നാൽ കുഞ്ഞ് ധരിച്ചിരുന്ന ഉടുപ്പ് വിലതീരാത്തതും തയ്യൽ ഇല്ലാത്തതുമായിരുന്നു. അവർ അത് കണ്ടു മോഹിച്ച് അത് ഊരിയെടുത്തു. അവർ കള്ളന്മാരായിരുന്നു അവർ പോയ ശേഷമാണ് യൗസേപ്പ് വെള്ളവുമായി വരുന്നത്. ദുഖിതനായ മറിയാമിനെ കണ്ട യൗസേപ്പ് വിവരം അറിഞ്ഞപ്പോൾ സാരമില്ല അവർ കുഞ്ഞിനെയും നിന്നെയും ഉപദ്രവിച്ചില്ലല്ലോ എന്ന് സമാധാനപ്പെടുത്തി അവർ യാത്ര തുടർന്നു.

മൂന്നു ദിവസങ്ങളുടെ ശേഷം അവർ പട്ടണത്തിൽ പ്രവേശിച്ചു. അതാ അവർക്കുനേരെ രണ്ടുപേർ വരുന്നു. അവർ മുഖാ മുഖമായി കണ്ടപ്പോൾ അവരിൽ ഒരുവൻ കൂട്ടുകാരനോട് നോക്ക് ആ കുഞ്ഞിനെ കണ്ടിട്ട് ഒരു രാജകുമാരനെപ്പോലിരിക്കുന്നു. സ്നേഹിതാ ആ കുഞ്ഞിന്റെ ഉടുപ്പല്ലെ നമ്മൾ ഊരി എടുത്തത് അത് അങ്ങ് കൊടുത്തു കൊൾക- മറ്റെ കള്ളൻ അതുസമ്മതിച്ചില്ല- പട്ടണത്തിൽ ധനികർക്ക് കൊടുത്താൽ നല്ല വില കിട്ടും- എങ്കിൽ ഞാനൊരു വ്യവസ്ഥ പറയാം ഇന്നലെ നമ്മൾ മോഷ്ടിച്ചു കിട്ടിയ എന്റെ വീതവും ഇന്ന് മോഷ്ടിക്കുന്ന എന്റെ വീതവും സ്നേഹിതൻ എടുത്തു കൊൾക. അതിനു പകരമായി ആ കുഞ്ഞിന്റെ ഉടുപ്പ് അതിനു കൊടുക്കുക- മറ്റവൻ ചിന്തിച്ചപ്പോൾ ഉടുപ്പ് വിറ്റുകിട്ടുന്നതിനെക്കാൾ ലാഭം അതാണന്ന് കരുതി ആ ഉടുപ്പ് നിർബന്ധിച്ച കള്ളന്റെ കയ്യിൽ കൊടുത്തു അവൻ ആ ഉടുപ്പ് മറിയത്തെ ഏല്പിച്ചു- N.B. ഈ കള്ളന്മാർ രണ്ടുപേരെയുമാണ് നമ്മുടെ കർത്താവിന്റെ കുരിശിന് വലത്തും- ഇടത്തുമായി ക്രൂശിച്ചത്. ഇതിൽ വലതുഭാഗത്തെ കള്ളനാണ് ദയതോന്നി ഉടുപ്പ് തിരികെ കൊടുത്തത്. അങ്ങിനെ കർത്താവ് ചെറുപ്പത്തിൽ തന്നെ പല അതിശയങ്ങളും കാണിച്ചിരുന്നു. നസ്രയത്തിൽ ജീവിച്ചിരുന്ന കാലത്ത് ആശാന്റെ കൂടെ പഠിച്ചിരുന്ന കാലത്ത് ആശാൻ ആദ്യ അക്ഷരമായ- ഓലപ്പ്- എന്ന് ചൊല്ലികൊടുത്താൽ -22- അക്ഷരവും ചൊല്ലിതീർക്കും. ആശാനെക്കാൾ ഉന്നതനായതിനാൽ നിവർത്തിയില്ലാതെ ആശാൻ തിരികെ കൊണ്ടുവന്ന് മാതാപിതാക്കളെ ഏല്പിക്കും. കൂട്ടുസഹപാഠികൾ കൂടി കളിച്ച് കിളി മുതലായ പറവകളെ ഉണ്ടാക്കിവച്ചാൽ കൈകൊട്ടി അവയെ പറപ്പിച്ച് കളയും. അങ്ങനെ കൂട്ടു സഹപാഠികളുടെ കൂടെ പഠിക്കുന്ന കാലത്തും ചെറിയ ചെറിയ അത്ഭുതങ്ങൾ ചെയ്തിരുന്നു. പഠിത്വവും കൂട്ടു സഹകരണവും വിട്ട് മാതാപിതാക്കളൊടൊത്ത് താമസിച്ചുവര

www.malankaralibrary.com



വെയാണ് യേറുസലേം ദേവാലയത്തിൽ തന്റെ മാതാപിതാക്കളും ഒത്ത് പതിവിൻ പ്രകാരം പെസഹാ പെരുന്നാളിന് പന്ത്രാം വയസിൽ പോയത്.

വി: ലുക്കാ - 2 : 41 - 52- ബാലനായ യേശു ദേവാലയത്തിൽ- വിവരിക്കുക-

വി: ലുക്കാ - 1 : 26. മുതൽ- മറിയത്തിന് മാലാഖ പ്രത്യക്ഷപ്പെട്ടത്- വിവരിക്കുക-

വി: ലുക്കാ - 1 : 40 മുതൽ മറിയം ഏലിശുബായെ സന്ദർശിക്കുന്നു- വിവരിക്കുക.

വി: ലുക്കാ - 1 : 48 ഇന്നു മുതൽ സകലവംശങ്ങളും എന്നെ ഭാഗ്യവതി എന്ന് കീർത്തിക്കും. ഇതാണ് പരി: സഭ അമ്മയ്ക്ക് കൊടുക്കുന്ന സ്ഥാനം

***വി: യോഹന്നാൻ 2 : 1 - 11 - വരെ -വെള്ളം വീഞ്ഞാക്കുന്നത്- വിവരിക്കുക-***

ഇവർക്ക് വീഞ്ഞ് കുറവുണ്ട് എന്ന് അമ്മ പറഞ്ഞപ്പോൾ എനിക്കും- നിനക്കും- എന്ത് എന്നുള്ള മറുപടിയിൽ രണ്ട് അർത്ഥമുണ്ട് ഒന്ന് - നീ വിചാരിച്ചാലും ഒരു കുറവ് നികത്താൻ സാധിക്കും- രണ്ടാമത് എന്നെയും- നിന്നെയും കല്ല്യാണത്തിന് ക്ഷണിച്ചു. അവരുടെ സൽക്കാരം സന്തോഷത്തോടെ സ്വീകരിച്ചാൽ പോരെ: എങ്കിലും അമ്മയുടെ അപേക്ഷപ്രകാരം - പച്ചവെള്ളം -അതെ-നിറമോ-ഗുണമൊ- ലഹരിയോ- ഇല്ലാത്ത വെള്ളം (ഒരു ശാസ്ത്രജ്ഞൻ പോലും പച്ചവെള്ളത്തെപ്പറ്റി ഇതുവരെ ഒന്നും പ്രസ്താവിച്ചിട്ടില്ല.) അതാ- തന്റെ കല്പനപ്രകാരം കോരിവച്ച വെള്ളം തന്റെ മുഖദർശനത്താൽ മേൽത്തരം വീഞ്ഞായി- അതെ നിറമുള്ളതും- ഗുണമുള്ളതും-ലഹരിയുള്ളതുമാക്കി- മണവാളൻ തന്നെ വിവരിക്കുന്നുണ്ട്. ആയത് ഈ ലേഖനത്തിൽ നിന്ന് മനസിലാക്കാം.

***വി : യോഹന്നാൻ - 19 : 26 - 27- അമ്മയെ തന്റെ വാത്സല്യ ശിഷ്യൻ യോഹന്നാനെ ഏല്പിക്കുന്നു.***

വളരെ ചിന്താ ഭാരമുള്ള ഒരു കാര്യമാണ്, തന്റെ പന്ത്രണ്ട് ശിഷ്യന്മാരിൽ ഒരുവനിൽ സാത്താൻ പ്രവേശിച്ച് രാത്രിയിൽ ചുമ്മനത്താൽ നമ്മുടെ രക്ഷകനെ ഒറ്റികൊടുത്തു.(ആ സാത്താന്റെ പിൻഗാമികൾ നമ്മിൽ ചിലരിൽ പ്രവേശിച്ച് സഭാപിതാക്കന്മാരെയും മാതാപിതാക്കന്മാരെയും മക്കളെയും സഹോദരങ്ങളെയും അയൽ വാസികളെയും ചുമ്മനം കൂടാതെ ഒറ്റികൊടുക്കുന്നില്ലെ- സ്വയം ചിന്തിച്ചുകൊൾക.) പടയാളി തന്നെ പിടിച്ച് പീലാത്തോസിന്റെ മുമ്പിൽ ഹാജരാക്കി. അവിടെ വച്ച് ഒരുവനിൽ നിന്നും ചെകിട്ടത്ത് അടിയേറ്റു. ചമ്മട്ടി കൊണ്ടുള്ള അടി- എടുക്കാൻ വയ്യാത്ത ഭാരമേറിയ മരകുരിശും വഹിച്ചുകൊണ്ടുള്ള യാത്ര- കുരിശും കൊണ്ട് മുട്ടു കുത്തിയുള്ള വീഴ്ച- എല്ലാം

www.malankaralibrary.com



സഹിച്ച്- മലയിൽ കൊണ്ടുചെന്ന് കുരിശിൻ മേൽ മലർത്തി കിടത്തി ഒരുവൻ ആ വലത്തു കൈ വലിച്ചുനീട്ടി ചവിട്ടി പിടിച്ചുകൊണ്ട് മറ്റൊരുവൻ അതാ- ഒരാണിയാൽ കുരിശിന്റെ പടിയിൽ ചേർത്ത് അടിക്കുന്നു- തറക്കുന്നു- അനേകരോഗികളുടെ തലയിൽ കൈവച്ച് സൗഖ്യമാക്കിയതും, അഞ്ച് അപ്പവും രണ്ടു മീനും വാഴ്ത്തി അയ്യായിരം പേരെ പോഷിപ്പിച്ചതും യായോറിസിന്റെ മരിച്ച മകളുടെ കൈക്ക് പിടിച്ച് എഴുന്നേല്പിച്ചതുമായ ആ കയ്യിൽ ഇതാ- ഇരുമ്പാണി തറക്കപ്പെടുന്നു- അതുപോലെ ഇടത്തുകൈയ്യും രണ്ട് കാലുകളും ഒന്നാക്കി ചേർത്തുവെച്ച് ഒരാണിയാൽ തറച്ച് ആ കുരിശോടുകൂടി നമ്മുടെ രക്ഷകനെ എടുത്ത് ആ കുഴിയിൽ ഇടിച്ചുതാഴ്ത്തി. ആ അതിവേദന സഹിച്ചുകൊണ്ട് തന്റെ പിതാവിന്റെ സന്നിധിയിൽ ഇതാ- നിലവിളിക്കുന്നു. ഏലോഹി - ലാമ്മാ- സപ്തക്കാനി- എന്റെ ദൈവമെ- എന്തുകൊണ്ട് എന്നെ കൈവിട്ട് എന്ന് മൂന്നു പ്രാവശ്യം നിലവിളിച്ചശേഷം- ഇതാ താഴോട്ട് ദർശിച്ചപ്പോൾ അനേക സ്ത്രീകളും തന്റെ ശിഷ്യന്മാരും തന്റെ അമ്മയും നില്ക്കുന്നതുകണ്ടു. തന്റെ വാത്സല്യ ശിഷ്യനായ യോഹന്നാനോട്- ഇതാ- നിന്റെ അമ്മ- തന്റെ അമ്മയോടെ- ഇതാ നിന്റെ മകൻ- അതെ- ചിന്തിക്കുക- മരണത്തോടെ മല്ലടിച്ച് അതിവേദന സഹിച്ച് കൊണ്ട് കിടക്കുന്ന അവസരത്തിലും തന്റെ അമ്മയോടുള്ള അതിരറ്റ സ്നേഹം; ആ അമ്മയാണ് പരിശുദ്ധസഭയുടെ അമ്മ- അതെ- നമ്മുടെ ഓരോരുത്തരുടെയും അമ്മ- ആ അമ്മയുടെ ജനനപ്പെരുനാൾ ആണ് നാം കൊണ്ടാടുന്നത്. അമ്മയുടെ മാദ്ധ്യസ്ഥതയാൽ നമ്മുടെ അഭിഷ്ടകാര്യം ദൈവം തമ്പുരാൻ നിറവേറ്റി തരും നിച്ചയം- (നാം ഓരോരുത്തും മദ്ധ്യസ്ഥ പ്രാർത്ഥനയിൽ ആവശ്യപ്പെടുന്നത് എപ്രകാരമെന്ന് ചിന്തിക്കുക-)

## ദൈവമാതാവിന്റെ സ്വർഗ്ഗാരോഹണം

ആഗസ്റ്റ്- 15-ാം തീയതി-

അമ്മയുടെ ജനനം- സെപ്തംബർ 8-ാം തീയതി- പുകഴ്ച-ഡിസംബർ 26-ന്. വിത്തുകളെ പ്രതി ഓർമ്മ ജനുവരി 15-ന് വചനിപ്പ്- മാർച്ച് 25 ദൈവമാതാവിന്റെ നാമത്തിൽ പ്രഥമ ദേവാലയം സ്ഥാപിച്ചത് ജൂൺ -15- (ഇത് കത്തോലിക്കാ സഭാ പഞ്ചാംഗത്തിലില്ല) ജൂലൈ-16 കർമ്മല മാതാവിന്റെ തിരുനാൾ-

വാങ്ങിപ്പിനുമുമ്പായി അമ്മയ്ക്ക് ഒരാഗ്രഹമുണ്ടായി തന്റെ മുൻപായി തന്റെ ഏകജാതനെ ഒന്നു കാണണം. ഇതുപോലെ നമ്മൾ പലർക്കും അനുഭവപ്പെടുന്നു. മാതാപിതാക്കൾ മരണത്തിന് മുമ്പ് മക്കളെ കാണണം എന്ന ആശയിൽ ചുറ്റും കണ്ണോടിക്കുമ്പോൾ ആ ആഗ്രഹം മനസ്സിലാക്കി മക്കളെ കാണിക്കാൻ ശ്രമിക്കുന്നു. ഇതുപോലെ തന്നെ ഒരാഗ്രഹം പരി:അമ്മക്കും മകൻ

www.malankaralibrary.com



സ്വർഗ്ഗാരോഹണം ചെയ്തത് ശ്ലീഹന്മാരോടൊപ്പം നേരിൽ കണ്ട അമ്മയ്ക്കുള്ള ആഗ്രഹം.

1 - ഒൻപതു മാസം തന്റെ ഉദരത്തിൽ വഹിച്ച തന്റെ ഏകജാതനെ ഒന്നു കാണണം-

2 - ശത്രുക്കളിൽ നിന്നും രാജകല്പനകളിൽ നിന്നും രക്ഷിപ്പാൻ താനും തന്റെ പിതാവുമായ യൗസെപ്പും കഷ്ടപ്പെട്ട് രക്ഷപ്പെടുത്തിയ തന്റെ ഏകജാതനെ-

3 - തന്റെ പന്ത്രണ്ടാം വയസിൽ മാതാപിതാക്കളൊടു കൂടി പെസഹാ പെരുന്നാളിന് യെറുസലേം ദേവാലയത്തിൽ പോയ താൻ അവിടെ തങ്ങിയ തന്റെ ഏകജാതൻ. തന്റെയും പിതാവിന്റെ ദു:ഖം കണ്ട് തന്നോടു കൂടി വന്ന് തങ്ങൾക്ക് അധീനനായി താമസിച്ച ഒരു ഏകജാതനെ-

4 - കൊത്തിനെ പട്ടണത്തിലെ കല്ല്യാണ വിരുന്നിനുണ്ടായ വീഞ്ഞിന്റെ കുറവിനെപ്പറ്റി താൻ ചെന്നു പറഞ്ഞപ്പോൾ പച്ചവെള്ളം കോരി ഒഴിച്ച് മേൽത്തരം വീഞ്ഞാക്കി കൊടുത്ത ആ ഏകജാതനെ-

5 - ദുഷ്ടന്മാരായ പടയാളികളാൽ പീഡിക്കപ്പെട്ട് എടുക്കാൻ വയ്യാത്ത മരകുരിശ് ചുമപ്പിച്ച് ചമ്മട്ടികൊണ്ടുള്ള അടിയേറ്റ് ശിരസിൽ നിന്ന് ധാരധാരയായി രക്തം ചക്കിൽ നിന്ന് മുന്തിരിച്ചാറ് വീഴും പോലെ ഒഴുകികൊണ്ടിരിക്കേ- ക്രൂശിൽ കിടന്ന് പിടഞ്ഞ് മരണത്തോടെ അടുത്തിരുന്ന സമയത്ത് - ഏലോഹി- ഏലോഹി- സപ്തക്കാനി എന്ന് നിലവിളിച്ചു കൊണ്ടിരുന്ന സമയത്ത് തന്റെ മാതാവായ എന്നെ കണ്ട് തന്റെ മാതാവായ വാത്സല്യശിഷ്യനെ ഏല്പിച്ച ആ ഏകജാതനെ-

6 - നാല്പതാം ദിവസം സ്വർഗ്ഗാരോഹണം ചെയ്തപ്പോൾ തന്റെ ശിഷ്യന്മാരൊടൊപ്പം തന്നെയും- ആ ആണി തറക്കപ്പെട്ട വലത്തു തൃകൈനീട്ടി ആശീർ വദിച്ച തന്റെ ഏകജാതനെ-

7 - അൻപതാം ദിവസം തന്റെ വാഗ്ദത്ത പ്രകാരം മാർക്കോസിന്റെ മാളികയിൽ വച്ച് പരിശുദ്ധാത്മാവിനെ അയച്ച് തന്നെയും തന്റെ പരി: ശ്ലീഹന്മാരെയും ശക്തിപ്പെടുത്തിയ തന്റെ ഏകജാതനെ-

8 - എട്ടാം ദിവസം പ്രത്യക്ഷപ്പെട്ട് തന്റെ വാത്സല്യ ശിഷ്യന്മാർക്കും എനിക്കും സമാധാനം നല്കിയ ആ തന്റെ ഏകജാതനെ-

9 - അതേ തന്റെ പിതാവിന്റെ വലത്തുഭാഗത്തിരുന്ന് മദ്ധ്യസ്ഥത അർപ്പിക്കുന്ന തന്റെ ഏകജാതനെ-

10 - അതേ- ഭൂലോകത്തെ ന്യായം വിധിപ്പാൻ വീണ്ടും വരുമെന്ന് കല്പിച്ച് അരുളി ചെയ്ത തന്റെ ഏകജാതനെ-

www.malankaralibrary.com



ഈ ആഗ്രഹം എങ്ങനെ സാധിക്കാനാ– എന്നാൽ പരി: ദൈവമാതാവിന്റെ ആഗ്രഹം സാധിച്ചതായി മലങ്കര മല്പാൻ പാമ്പാക്കുട കോനാട്ട് മാത്തൻ കോറെപ്പിസ്ക്കോപ്പ പ്രസിദ്ധീകരിച്ച ദൈവമാതാവിന്റെ ജീവചരിത്രത്തിൽ പറയുന്നു. അതിൽ നിന്നുമുള്ളവ താഴെ വിവരിക്കുന്നവ–

തന്റെ പന്ത്രണ്ട് ശ്ലീഹന്മാരിൽ നാലുപേർ നേരത്തെ മരിച്ചു പോയി- ശേഷിച്ച എട്ടുപേർ അവരവർക്ക് ചീട്ടു വീണപ്രകാരം എട്ട് സ്ഥലങ്ങളിൽ സുവിശേഷ വേല നടത്തികൊണ്ടിരുന്ന കാലയളവിലാണ് പരി:അമ്മയുടെ വേർപാട് തന്റെ ഏകജാതനെ കാണണമെന്നുള്ള ആഗ്രഹപ്രകാരം. പിതാവിന്റെ വലത്തുഭാഗത്തിരിക്കുന്ന മ്ശിഹാ തമ്പുരാൻ, പരിശുദ്ധാത്മാവിനെ അയച്ച് ശിഷ്യന്മാരെ മേഘ തൂണുകളിലും– കബറടങ്ങിയവരെ ഉയർപ്പിച്ചും– ആദാം മുതലുള്ള സകലവാങ്ങിപ്പോയവരെയും ഉയർപ്പിച്ചും തന്റെ മാതാവിന്റെ അടുക്കൽ എത്തിച്ചശേഷം മാലാഖമാരുടെ ഗണങ്ങളൊടുകൂടി തന്റെ അമ്മയുടെ കിടക്കയുടെ അരികിൽ എഴുന്നള്ളി തന്റെ മാതാവിന്റെ ശിരസിൽ ചുംബിച്ചശേഷം സ്ത്രീയേ– എന്തിന് എന്നെ കാണാൻ ആഗ്രഹിച്ചു എന്നുള്ള ചോദ്യത്തിനു മറുപടിയായി പരി: അമ്മറാബി എനിക്കൊരപേക്ഷ നേരിൽ അർപ്പിക്കാനാണ്, അല്ലാതെ മരണത്തിൽ നിന്നുള്ള വിടുതലൊ, ശത്രുക്കളിൽ നിന്നും കാത്തു കൊള്ളുന്നതിനോ ഒന്നുമല്ല. ആയതിൽ ഒന്നിലും എനിക്ക് ഭയവുമില്ല എന്നാൽ. പിശാചിനാൽ പീഡിക്കപ്പെടുന്നവരോ– കരയിലും കടലിലും യാത്രചെയ്യുന്നവരൊ– പെട്ടന്നുള്ള അപകടങ്ങളിൽ പെടുന്നവരോ– പ്രയാസത്തിലും മനോദു:ഖത്തിലും ഇരിക്കന്നവരോ– എന്നെ വിളിച്ച് അപേക്ഷിക്കുന്ന ഏവർക്കും അവരവരുടെ ആവശ്യങ്ങൾ നിറവേറ്റികൊടുക്കണം. ആയതിനാലാണ് ഞാൻ എന്റെ ഏകജാതനെ കാണാൻ ആഗ്രഹിച്ചത്. അങ്ങനെ വിലതീരാത്ത ഒരു വാഗ്ദാനം സമ്പാദിച്ച് നമുക്കുതന്ന ശേഷമാണ് പരിശുദ്ധ ദൈവമാതാവ് ഇഹ ലോകവാസം വെടിഞ്ഞത്. പരിശുദ്ധ മാതാവിന്റെ ശരീരം ശിഷ്യമാരും മറ്റും വേണ്ട പ്രകാരം കബറടക്കി– എന്നാൽ തന്റെ മാതാവിന്റെ ശരീരം മാലാഖമാർ സ്വർഗ്ഗത്തിലെക്ക് കൊണ്ടു പോകുകയായിരുന്നു. അതാണ്– ശുനോയോ– (സ്വർഗ്ഗരോഹണം) പരിശുദ്ധമാതാവിന്റെ ഓർമ്മ പരി:സഭാ മക്കൾ ആചരിച്ചു വരുന്നത് ഇതിനാലാണ്.

പരിശുദ്ധ റൂഹാ അമ്മയുടെ വേർപാട് വിവരം അറീക്കുമ്പോൾ ഇൻഡ്യയുടെ കാവൽ പിതാവായ. വി:തോമ്മസ് ശ്ലീഹ മുൻകൂട്ടി ചെന്നത്താൻ സാധിച്ചില്ല. എങ്കിലും മാതാവിന്റെ ശരീരം മാലാഖമാർ കൊണ്ടു പോകുന്നത് കണ്ടു. അപ്പോൾ അമ്മയുടെ മുഖം മൂടിയിരുന്ന തുവാല– പരി:ശ്ലീഹാക്ക് നല്കി– പരിശുദ്ധ ശ്ലീഹന്മാരുടെ കൂട്ടത്തിൽ വി:തോമ്മാ ശ്ലീഹാ വന്നപ്പോൾ ഞാൻ അമ്മയെ കണ്ടു എന്ന് പറഞ്ഞപ്പോൾ മറ്റുള്ളവർ വിശ്വസിച്ചില്ല. അപ്പോൾ തനിക്ക് നൽകിയ തുവാല കാണിച്ചു, അവർ വിശ്വസിച്ചു.

www.malankaralibrary.com



## പരിശുദ്ധന്മാരോടുള്ള മദ്ധ്യസ്ഥത

ക്രിസ്തു ദൈവത്തിന്റെയും മനുഷ്യരുടെയും മദ്ധ്യസ്ഥനായിരിക്കെ- പരിശുദ്ധന്മാരൊട് പ്രാർത്ഥിക്കുന്നത് എന്തിനാണ്-? എന്നാൽ ക്രിസ്തുവിന്റെ മദ്ധ്യസ്ഥതയ്ക്ക് ഒരു കോട്ടവും തട്ടാതെ ഒരു മനുഷ്യന് മറ്റൊരു മനുഷ്യനുവേണ്ടി മദ്ധ്യസ്ഥത നടത്താമെന്ന് ബൈബിൾ പഠിപ്പിക്കുന്നു- " ക്രിസ്തു ശിരസും നമ്മൾ അവയവങ്ങളുമാണ്"[1]

ശിരസ്സോടെ ചെന്ന് ബന്ധപ്പെട്ടിരിക്കുന്ന ഒരു മനുഷ്യന് മറ്റൊരു മനുഷ്യനെ പ്രാർത്ഥന വഴി സഹായിക്കാം. ക്രിസ്തുവിന്റെ ഏക മദ്ധ്യസ്ഥതയേപ്പറ്റി പഠിപ്പിക്കുന്ന വി. പൌലൊസ് ഇതുകൊണ്ടാണ് തനിക്കുവേണ്ടി പ്രാർത്ഥിപ്പാൻ അപേക്ഷിക്കുന്നത്. "നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കുവിൻ"[2] "ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുവിൻ"[3]

വി:യാക്കോബു ശ്ലീഹായും "പരസ്പരം പ്രാർത്ഥിക്കുന്നതിനെ പ്രോത്സാഹിപ്പിച്ചിരിക്കുന്നു. നീതിമാന്റെ പ്രാർത്ഥന വളരെ ശക്തിയുള്ളതും ഫലദായകവുമാണ്"[4]

നീതിമാന്മാരുടെ, വിശുദ്ധന്മാരുടെ പ്രാർത്ഥന യാചിക്കുന്നത് പുതിയ നിയമത്തിൽ എന്ന പോലെ പഴയ നിയമത്തിലും ആദിമസഭയിലും കാണാവുന്നതാണ്." അബ്രഹാമിന്റെ പ്രാർത്ഥന അപേക്ഷിക്കാൻ ദൈവം തന്നെ അബിമേലെക്കിനോട് കല്പിച്ചു"[5]

യോബിന്റെ സ്നേഹിതന്മാരൊട് ദൈവം പറഞ്ഞു എന്റെ ദാസൻ യോബ് നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കട്ടെ-"ഞാൻ അവന്റെ പ്രാർത്ഥന സ്വീകരിക്കും"[6]

ശ്ലീഹന്മാരും രക്തസാക്ഷികളും അവർ ലോകത്തിലായിരിക്കുമ്പോൾ മറ്റുള്ളവർക്ക് വേണ്ടി പ്രാർത്ഥിക്കാമായിരുന്നങ്കിൽ സ്വർഗ്ഗത്തിൽ തങ്ങളുടെ കിരീടങ്ങൾ നേടിയശേഷം എത്രയോ കൂടുതലായി മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കുവാൻ സാധിക്കും.

മൂശ അറുന്നൂറായിരം ഭടന്മാർക്ക് ദൈവത്തിൽ നിന്ന് പാപമോചനം നേടിക്കൊടുത്തു. സ്തേഫാനോസ് മർദ്ദിതർക്കുവേണ്ടി പ്രാർത്ഥിച്ചു- അപ്പോൾ അവർ സ്വർഗ്ഗത്തിൽ ക്രിസ്തുവിനൊടുകൂടി ഇരിക്കുമ്പോൾ അവരുടെ പ്രാർത്ഥനക്ക് ശക്തിയില്ലന്നോ-? വി: പൌലോസിന്റെ പ്രാർത്ഥനവഴി കപ്പലപകടത്തിൽപെട്ട - 276- ആളുകൾ രക്ഷപ്രാപിച്ചു. മരണശേഷം അദ്ദേഹം

1- റോമൻ - 12 : 5
2- എഫേസി- 6 : 18 -19-
3- 1 - തെസ്സ - 5 : 25
4- യാക്കോബ്- 5 : 16
5 - ഉല്പത്തി- 20 :7 - 17
6 - യോബ് - 42 : 8-

www.malankaralibrary.com



ഈ ലോകത്തിൽ കഷ്ടം അനുഭവിക്കുന്നവർക്ക് വേണ്ടി ദൈവസന്നിധിയിൽ ഒരക്ഷരം പോലും ശബ്ദിക്കുകയില്ലന്നോ- സ്വർഗ്ഗത്തിലെ വിശുദ്ധൻ മാലാഖമാരെ പോലെയാണ് മാലാഖമാർ മനുഷ്യർക്കുവേണ്ടി പ്രാർത്ഥിക്കുമെന്നും മനുഷ്യരുടെ പ്രാർത്ഥനകൾ ദൈവത്തിന് സമർപ്പിക്കുമെന്നും ബൈബിളിൽ കാണുന്നു". മാലാഖമാർ മനുഷ്യർക്കുവേണ്ടി പ്രാർത്ഥിക്കുന്ന സ്ഥിതിക്ക് വിശുദ്ധന്മാർക്ക് എന്തുകൊണ്ട് പ്രാർത്ഥിച്ചുകൂടാ-? ദൈവം നിന്നെ ശിക്ഷിക്കുന്നതായി നീ കാണുന്നുവെങ്കിൽ-ദൈവത്തിന്റെ ശത്രുക്കളുടെ പക്കൽ നീ പോകാതെ അവിടുത്തെ സ്നേഹിതന്മാരായ വിശുദ്ധരുടെയും രക്തസാക്ഷികളുടെയും സഹായം തേടുക-

## വിശുദ്ധരൊടുള്ള മദ്ധ്യസ്ഥത

"ആകാശവും ഭൂമിയും കടന്നു പോകും എന്നാൽ എന്റെ വചനങ്ങൾ കടന്നുപോകുകയില്ല ആ ദിവസത്തെക്കുറിച്ചോ- മണിക്കൂറിനെ കുറിച്ചോ പിതാവല്ലാതെ മറ്റാർക്കും സ്വർഗ്ഗത്തിലെ ദൂതന്മാർക്കോ പുത്രനുപോലുമൊ അറിഞ്ഞു കൂടാ... മത്തായി 24: 35 .36

## പൌരൊഹിത്യ ചുമതല

അഗ്നി നല്കി ഇതാ നിന്റെ മാലിന്യം നീക്കപ്പെട്ടു നിന്റെ പാപം ക്ഷമിക്കപ്പെട്ടിരിക്കുന്നു- "ആരെയാണ് അയക്കേണ്ടത് ആരാണ് നമുക്കുവേണ്ടി പോകുക- ഞാൻ പറഞ്ഞു ഇതാ ഞാൻ എന്നെ അയച്ചാലും"[1] അവിടുന്ന് അരുളിചെയ്തു പോകുക, ഈ ജനത്തോടു പറയുക-

"മാതാവിന്റെ ഉദരത്തിൽ നിനക്ക് രൂപം നൽകുന്നതിനുമുമ്പ് ഞാൻ നിന്നെ അറിഞ്ഞു ജനിക്കുന്നതിന് മുമ്പ് ഞാൻ നിന്നെ വിശുദ്ധീകരിച്ചു ജനതകൾക്ക് പ്രവാചകനായി നിന്നെ നിയമിച്ചു"[2]. മറുപടി- ദൈവമായ കർത്താവെ! ഞാൻ കേവലം ബാലനാണ് സംസാരിക്കുവാൻ എനിക്ക് പാടവമില്ല. കൈനീട്ടി അധരങ്ങളിൽ സ്പർശിച്ചു ഇതാ എന്നെ നിന്റെ നാവിൽ നിക്ഷേപിക്കുന്നു.

" വെള്ളിമുടക്കി വിദ്യനേടിയാൽ ഏറെ സ്വർണ്ണം കരസ്ഥമാക്കാം"[3] നിങ്ങളുടെ ഹൃദയം അവിടുത്തെ കരുണയിൽ ആഹ്ലാദിക്കട്ടെ- അവിടുത്തെ പ്രകീർത്തിക്കുമ്പോൾ നിങ്ങൾ ലജ്ജിക്കാതിരിക്കട്ടെ- ജോലി പൂർത്തിയാക്കുവിൻ യഥാകാലം ദൈവം നിനക്ക് പ്രതിഫലം നൽകും.

7 തോബിയാസ്സ് 12: 12-

പ്രഭാഷകൻ - 50-ാം അദ്ധ്യായം മുഴുവനും വായിക്കുന്നത് നല്ലത്. ഈ അദ്ധ്യായം പ്രധാന പുരോഹിതനായ ശിമയോനെപ്പറ്റിയാണ് ഇത് പുരോഹിതന്മാർക്ക് ചിന്താ വിഷയം കൂടിയാണ്.

---

1- ഏശായ -6 : 8 2- ജറമിയ 1 : 4-10 3- പ്രഭാഷകൻ- 51 : 28-30

www.malankaralibrary.com



സഹോദരങ്ങൾക്ക് നേതാവും ജനത്തിന് അഭിമാനവുമാണ്- അവൻ ദേവാലയം പുതുക്കി പണിയുകയും അതിൽ ജനങ്ങളെ കാത്തുസൂക്ഷിക്കുകയും അവനെ കാണുമ്പോൾ ജനം സന്തോഷത്താൽ നിറയുന്നു. അവനോ മേഘങ്ങൾക്ക് ഇടയിൽ പ്രഭാതാരം പോലയും ഉത്സവ വേളയിൽ പൂർണ്ണ ചന്ദ്രനെപ്പോലെയും അത്യുന്നതന്റെ ആലയത്തിൽ സൂര്യനെപ്പോലയും വസന്തത്തിൽ പനിനീർപൂപോലയും നീർചാലിനു അരികെ നിൽക്കുന്ന ലില്ലിച്ചെടിപോലയും ധൂപകലശത്തിൽ പുകയുന്ന സുഗന്ധദ്രവ്യം പോലയും പ്രശോഭിച്ചു എന്നു പറഞ്ഞാൽ ഒട്ടും അധികമാകുകയില്ല.

" ഈ കാര്യങ്ങളെപ്പറ്റി ചിന്തിക്കുന്നവൻ അനുഗ്രഹിതൻ അവയെ ഹൃദയത്തിൽ പ്രതീക്ഷിക്കുന്നവൻ ജ്ഞാനിയാകും. അവ അനുവർത്തിക്കുന്നവൻ എല്ലാറ്റിനും കഴിവുള്ളവനാകും. കർത്താവിന്റെ പ്രകാശമാണ് അവനെ നയിക്കുന്നത്"[4]

"ജനങ്ങളിൽ നിന്ന് ജനങ്ങൾക്കുവേണ്ടി തിരഞ്ഞെടുക്കപ്പെടുന്ന പ്രധാന പുരോഹിതൻ ദൈവീക കാര്യങ്ങൾക്ക് നിയമിക്കപ്പെടുന്നത് പാപ പരിഹാരത്തിനായി- ബലികളും കാഴ്ചകളും അർപ്പിക്കാനാണ്. അവൻ തന്നെ ബലഹീനനായതുകൊണ്ട് അജ്ഞരോടും വഴിതെറ്റിയവരോടും വേണ്ടത്ര സഹതാപത്തോടെ പെരുമാറാൻ അവനു കഴിയും. ഈ കാരണത്താൽ അവൻ ജനങ്ങളുടെ പാപങ്ങൾക്കുവേണ്ടി എന്ന പോലെ സ്വന്തം പാപങ്ങൾക്കുവേണ്ടിയും ബലി അർപ്പിക്കാൻ കടമപ്പെട്ടിരിക്കുന്നു- അഹറോനെ പ്പോലെ ദൈവത്താൽ വിളിക്കപ്പെടുകയല്ലാതെ സ്വയം ഈ ബഹുമതി ഏറ്റെടുക്കയല്ല-

അതുപോലതന്നെ ക്രിസ്തുവും പ്രധാന പുരോഹിതനാകുന്നതിന് തന്നെ തന്നെ മഹത്വപ്പെടുത്തിയില്ല. നീ എന്റെ പ്രിയ പുത്രനാണ് ഇന്നു ഞാൻ നിനക്ക് ജന്മം നല്കി എന്ന് അവനോട് പറഞ്ഞവൻ തന്നെയാണ് അവനെ മഹത്വപ്പെടുത്തിയത്. അവിടുന്ന് വീണ്ടും പറയുന്നു മെൽക്കിസെദേക്കിന്റെ ക്രമപ്രകാരം നീ എന്നേക്കും പുരോഹിതനാണ്. തന്റെ ഐഹിക ജീവിത കാലത്ത് ക്രിസ്തു മരണത്തിൽ നിന്ന് തന്നെ രക്ഷിപ്പാൻ കഴിവുള്ളവനാണ് കണ്ണുനീരോടും വലിയ വിലാപത്തോടും കൂടെ പ്രാർത്ഥനകളും യാചനകളും സമീപിച്ച് അവന്റെ ദൈവഭയം മൂലം അവന്റെ പ്രാർത്ഥന കേട്ടു. പുത്രനായിരുന്നിട്ടും തന്റെ സഹനത്തിലും അവൻ അനുസരണം അഭ്യർത്ഥിച്ചു. പരിപൂർണ്ണനാക്കപ്പെട്ടതുവഴി അവൻ തന്നെ അനുസരിക്കുന്നവർക്കെല്ലാം നിത്യ രക്ഷയുടെ ഉറവിടമായി- എന്തെന്നാൽ മെൽക്കിസെദേക്കിന്റെ ക്രമ പ്രകാരം അവൻ പ്രധാന പുരോഹിതനായി ദൈവത്താൽ നിയോഗിക്കപ്പെട്ടു"[5]

ചിന്താവിഷയം

ലൂക്കാ-19 : 12-27

മത്തായി- 25 : 14-30 (താലന്തിന്റെ ഉപമ)

4- പ്രഭാഷകൻ - 50 : 28-29 5- എബ്രായർ - 5 : 1-10

www.malankaralibrary.com



## യേശുവിന്റെ ജ്ഞാന സ്നാനം (മാമ്മോദീസ)

യേശു യോഹന്നാനിൽ നിന്നും സ്നാനം സ്വീകരിക്കുന്നതിനായി ഗലീലയിൽ നിന്ന് യോർദ്ദാനിൽ അവന്റെ അടുത്തേക്ക് വന്നു. വി : മത്തായി- 3:13- ഞാൻ നിന്നിൽ നിന്ന് സ്നാനം സ്വീകരിക്കേണ്ടിയിരിക്കേ- നീ- എന്റെ അടുത്തേക്ക് വരുന്നുവോ- എന്ന് ചോദിച്ചു കൊണ്ട് യോഹന്നാൻ അവനെ തടഞ്ഞു. എന്നാൽ യേശു പറഞ്ഞു. വി: മത്തായി- 3: 15 ഇപ്പോൾ ഇത് സമ്മതിക്കുക. അങ്ങനെ സർവ്വനീതിയും പൂർത്തിയാക്കുക നമുക്ക് ഉചിതമാണ്? അവൻ സമ്മതിച്ചു സ്നാനം കഴിഞ്ഞയുടൻ യേശു വെള്ളത്തിൽ നിന്ന് കയറി. അപ്പോൾ സ്വർഗ്ഗം തുറക്കപ്പെട്ട് ദൈവാത്മാവ് പ്രാവിന്റെ രൂപത്തിൽ തന്റെ മേൽ ഇറങ്ങിവരുന്നത് അവൻ കണ്ടു. ഇവൻ എന്റെ പ്രിയ പുത്രൻ ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു എന്ന് ഒരു സ്വരം സ്വർഗ്ഗത്തിൽ നിന്ന് കേട്ടു.

പരി: സഭയിൽ വി: ഏഴ് കൂദാശകൾ ഉണ്ടെന്ന് ഏവർക്കും അറിയാം അതിൽ പ്രാധാന്യം കല്പിക്കപ്പെടുന്നത് ആദ്യത്തെ മൂന്ന് കൂദാശകൾക്കാണ്- ആയത് സ്വീകരിക്കാത്ത ആർക്കും തന്നെ ദൈവരാജ്യത്തിൽ പ്രവേശിപ്പാൻ കഴിയുകയില്ല. ആദ്യത്തെ മൂന്നു കൂദാശകൾ- വി : മാമ്മോദീസയെപ്പറ്റി- പരി: നിഖ്യാ സുന്നഹദോസ് തീരുമാനം നമ്മുടെ വിശ്വാസ പ്രമാണത്തിന്റെ അവസാനഭാഗത്ത് ശക്തിയായി പ്രക്യാപിച്ചിട്ടുണ്ട് (പാപമോചനത്തിന് മാമ്മോദീസ ഒന്നു മാത്രമെ ഉള്ളൂ)

മാമ്മോദീസായുടെ പ്രധാന്യത്തെപ്പറ്റി പ്രത്യേകം ഗ്രഹിക്കാനുണ്ട്. നമ്മുടെ കർത്താവേശു മ്ശിഹാ സ്നാനം ഏൽക്കാൻ യുർദ്ദാൻ നദിയിൽ സ്നാപക യോഹന്നാന്റെ അടുക്കൽ ചെന്നപ്പോൾ. യോഹന്നാൻ തടസ്സം പറഞ്ഞു. അപ്പോൾ യേശു പറഞ്ഞ മറുപടി വിലതീരാത്ത ചിന്താവിഷയമാണ്. ഇപ്പോൾ ഇത് സമ്മതിക്കുക- (മത്തായി 3 : 15) അങ്ങിനെ സർവ്വനീതിയും പൂർത്തിയാകുക നമുക്ക് ഉചിതമാകുന്നു. എന്ത് പൂർത്തിയാകാനാണ് എന്നുള്ളത് വിലതീരാത്ത ചിന്താവിഷയമാണ്. സ്വർഗത്തിൽ വി: ത്രിത്വത്തെ സ്തുതിച്ചു കൊണ്ടിരുന്നത് പത്ത് വൃന്ദം മാലാഖമാർ ആയിരുന്നു. ആയതിനാൽ ഒന്നാം നിര മാലാഖമാർ അഹങ്കാരത്താൽ തൽ സ്ഥാനത്തുനിന്നും തള്ളപ്പെട്ടു. അവരാണ് സാത്താൻ എന്നു പറയുന്ന പിശാചുക്കൾ. അവർ ബുദ്ധിമാന്മാരും അത്ഭുതം പ്രവർത്തിക്കുവാൻ പ്രാപ്തരും. ഏതു കാര്യവും മുൻകുട്ടി അറിയാൻ കഴിവുള്ളവരുമായിരുന്നു.

ഒന്നാം നിരമാലാഖമാരെ പുറത്താക്കിയശേഷം ത്രിത്വത്തെ സ്തുതിപ്പാൻ ആൾ കുറഞ്ഞു എന്ന ചിന്തയിൽ തള്ളപ്പെട്ടവർക്ക് പകരമായി മനുഷ്യനെ

1 വി. മാമ്മോദിസ

2. വി. മൂറോൻ

3. വി. കുർബാന

www.malankaralibrary.com



സൃഷ്ടിക്കാം എന്ന് തീരുമാനിച്ചു. അപ്പോൾ തന്നെ ത്രിത്വത്തിൽ ഒരാലോചനയുണ്ടായി. അങ്ങിനെ മനുഷ്യനെ സൃഷ്ടിച്ചാൽ തള്ളപ്പെട്ട ബുദ്ധിമാന്മാരായ പിശാചുക്കൾ അവനെ തട്ടികൊണ്ട് പോകും. അപ്പോൾ ത്രിത്വത്തിൽ രണ്ടാമനായ പുത്രൻ തമ്പുരാൻ താൻ പോയി മനുഷ്യനെ വീണ്ടെടുത്തുകൊള്ളാമെന്നു സമ്മതിച്ചു. ത്രിത്വത്തിൽ മൂന്നാമനായ പരിശുദ്ധറൂഹാ ശക്തി പകർന്നുകൊള്ളാമെന്നുമുള്ള തീരുമാനത്തിൽ മനുഷ്യനെ സൃഷ്ടിക്കാമെന്ന് യഹോവായ ദൈവം തീർച്ചപ്പെടുത്തി. അവന് ആവശ്യമായ സകലതും നേരത്തെ സൃഷ്ടിക്കാമല്ലോ (ഉല്പത്തി- 1 : 1-25) അഞ്ചുദിവസം കൊണ്ട് അവന് ആവശ്യമായത് എല്ലാം ദൈവം സൃഷ്ടിച്ചു. എല്ലാം നല്ലത് എന്നും കണ്ടു.

എന്നാൽ ആറാം ദിവസം വെള്ളിയാഴ്ച വീണ്ടും ദൈവം അരുളിച്ചെയ്തു. നമുക്ക് നമ്മുടെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിക്കാം- ഉല്പത്തി- 1:26- (അപ്പോൾ നാം ദൈവത്തിന്റെ ഛായയും സാദൃശ്യവുമാണ് അത് എപ്പൊഴും ഓർമ്മയുണ്ടായിരിക്കണം) ദൈവം സൃഷ്ടിച്ച മനുഷ്യന് ആദം എന്ന് പേരിട്ടു- അവനു കൂട്ടായി ഹവ്വായേയും സൃഷ്ടിച്ചു. അവർക്ക് ഒരു കല്പനയും കൊടുത്ത് നിത്യാനന്ദമായ ഏദൻ പറുദീസായിൽ താമസിപ്പിച്ചു. ആ പറുദീസായിൽ അവർക്ക് അധികം താമസിക്കുവാൻ സാധിച്ചില്ല. വെറും മൂന്നുമണിക്കൂർ മാത്രം. (ദു:ഖവെള്ളിയാഴ്ചത്തെ പ്രാർത്ഥനയിലും- പ്രുമിയോൻ - സെദറാ- എന്നിവയിൽ കൃത്യമായി വിവരിച്ചിട്ടുണ്ട്) ബുദ്ധിമാനായ സാത്താൻ ഹവ്വായെ കൊണ്ട് കല്പന ലംഘിപ്പിച്ച് ആദാമിനെ പിശാചിന്റെ അടിമയാക്കി. അപ്പോൾ തന്നെ പിശാചിന് അറിയാം ദൈവം വന്ന് ആദാമിനെ വീണ്ടെടുക്കുമെന്ന്. ആയതിനാൽ ആ അവസരം അവനനുവദിക്കുവാൻ പിശാച് ആദാമിനെ കൊണ്ട് ഒരു കടച്ചീട്ട് എഴുതിവാങ്ങിയിരുന്നു. പരന്ന കരിംകല്ലിൽ ആദാമിന്റെ ആണിവിരൽ മുറിച്ച് ആ രക്തത്തിൽ ഞാൻ എന്നാളും നിനക്ക് അടിമയായിരുന്നു കൊള്ളാം, എന്നായിരുന്നു കടചീട്ട്. എവിടെ സ്ഥാപിക്കണമെന്നുള്ള ചിന്തയിൽ യോർദ്ദാൻ നദിയുടെ രണ്ട് കൈവഴി കൂടിചേർന്ന് ശക്തിയായി ഒഴുകി വീഴുന്ന യോർദ്ദാൻ നദിയുടെ അഗാധക്കുഴിയിൽ തന്നെയാകട്ടെ എന്ന് തീർച്ചപ്പെടുത്തി. മനുഷ്യരാരാലും എടുക്കാനോ ഒഴുകി പോകാനൊ- നഷ്ടപ്പെടാനൊ സാദ്ധ്യമല്ല എന്ന വിശ്വാസത്തിലായിരുന്നു. എന്നാൽ ദൈവം ആദാമിനെ വീണ്ടെടുക്കാൻ വരുന്ന അവസരം ഈ കല്ല് എടുത്ത് രേഖാ മൂലം വാദിച്ചു കൊള്ളാമെന്നായിരുന്നു പിശാചിന്റെ കണക്കുകൂട്ടൽ. ഒരു കാര്യം നേരത്തെ അറിഞ്ഞിരിക്കണം- യോർദ്ദാൻ നദിയോടെ രണ്ട് ചെറിയ നദി കൂടിചേർന്ന് മൂന്ന് നദി ഒന്നായ് ഒഴുകുന്നതാണ് യോർദ്ദാൻ നദി-

എന്നാൽ തന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിച്ച ആദാമിനെ വീണ്ടെടുക്കാൻ ത്രിത്വത്തിൽ രണ്ടാമനായ പുത്രൻ തമ്പുരാൻ മുൻ വാഗ്ദത്ത

www.malankaralibrary.com



പ്രകാരം മനുഷ്യനായി അവതരിച്ചു (ഒരു കഥയിൽ ഇപ്രകാരം കാണുന്നു. വഴിതെറ്റിപ്പോയ പള്ളാടുകളെ നയിക്കാൻ ഇടയൻ ഒരാടിന്റെ തുകൽ ധരിച്ച് ആടിന്റെ വേഷത്തിൽ മുമ്പിൽ നടന്നു. തന്റെ ആടുകളെ നേർ വഴിക്ക് നയിച്ച് യഥാസ്ഥാനത്ത് എത്തിച്ചു.) അപ്രകാരം തന്നെ മനുഷ്യനായ ആദാമിനെ വീണ്ടെടുക്കാൻ. ദൈവം കന്യകയിൽ മനുഷ്യനായി ജാതനായി. 30- വയസുവരെ തന്റെ മാതാപിതാക്കന്മാരോടു കൂടി താമസിച്ചും ജോലികളിൽ എപ്പോഴും മാതാപിതാക്കളെ സഹായിച്ചും ഇരിക്കെ തന്റെ മുന്നോടിയായ സ്നാപകയോഹന്നാൻ യൂർദാൻ നദിയിൽ ജ്ഞാന സ്നാനം നടത്തികൊണ്ടിരിക്കുമ്പോൾ സ്നാനം ഏൽക്കുന്നതിന് ഗലീലയിൽ നിന്നും യോർദ്ദാനിൽ വന്നു.

എന്നാൽ അതുവരെ യേശു ശിഷ്യന്മാരെ തിരഞ്ഞെടുക്കുകയോ, പരസ്യമായി അത്ഭുത പ്രവർത്തികൾ ചെയ്യുകയോ ചെയ്തില്ല. തന്റെ സ്നാനത്തിനുശേഷം 40 ദിവസം ഉപവാസവും പ്രാർത്ഥനയും കഴിഞ്ഞ് പിശാചിനാലുള്ള പരീക്ഷയും വിജയിച്ച ശേഷമാണ് ശിഷ്യന്മാരെ തിരഞ്ഞെടുത്തത്. സ്നാപകയോഹന്നാനെ തടവിലാക്കി എന്നറിഞ്ഞ് പരസ്യമായി പ്രസംഗിക്കുവാനും അത്ഭുതങ്ങൾ പ്രവർത്തിക്കുവാനും ആരംഭിച്ചു. എന്നാൽ സ്നാപകയോഹന്നാൻ തന്റെ സ്നാനം തടയുന്നു. അപ്പോൾ യേശു തമ്പുരാൻ പറഞ്ഞത് ഇപ്പോൾ ഇത് സമ്മതിക്കുക, അങ്ങിനെ സർവ്വ നീതിയും പൂർത്തിയാകുക നമുക്ക് ഉചിതമാണ്- (മത്തായി3 :15.) ഈ പറഞ്ഞതിന്റെ വില തീരാത്ത രഹസ്യം താൻ ആദാമിനെ വീണ്ടെടുക്കാനാണ് മനുഷ്യവേഷം ധരിച്ചുവന്നതെന്നും അത് സാധിക്കണമെങ്കിൽ ആദ്യം ആദാമിൽ നിന്നും പിശാച് എഴുതി വാങ്ങിയ ചീട്ട് മായിക്കണം (നഷ്ടപ്പെടുത്തണം) എന്നുമാണ്. "ഇപ്പോൾ സമ്മതിക്കുക സർവ്വനീതിയും പൂർത്തിയാക്കുക നമുക്ക് ഉചിതമാകുന്നു". അത് ഇതാ നിവർത്തിക്കപ്പെടുന്നു യേശു സ്നാനത്തിനായി ഇതാ യൂർദാൻ നദിയിൽ ഇറങ്ങുന്നു- ദൈവികശക്തിയാൽ കടച്ചീട്ട് എഴുതിയ കല്ല് താനെ പൊങ്ങിവരുന്നു. അതിന്മേൽ ചവുട്ടിനിന്നു യോഹന്നാനിൽ നിന്നും സ്നാനം ഏല്ക്കുന്നു. ആ സമയം കടച്ചീട്ട് ചവുട്ടി മായിച്ചു. അതത്രേ ഉദ്ദേശകാര്യത്തിന് സാധിച്ച മുന്നോടി.

ദു:ഖവെള്ളിയാഴ്ച യേശുതമ്പുരാൻ പാതാളത്തിൽ ഇറങ്ങി ആദാമിനെ വിളിക്കുന്നു. എന്റെ പിതാവായ ആദാമെ! എന്ന് രണ്ടുപ്രാവശ്യം വിളിച്ചു. ആദാം വിളികേൾക്കുന്നില്ല. മൂന്നാം പ്രാവശ്യം എന്റെ പുത്രനായ ആദാമെ എന്നു വിളിക്കുന്നു. അപ്പോൾ തന്റെ പിതാവിന്റെ ശബ്ദം കേട്ട് ആദാം പുറത്തു വന്നു. പക്ഷേ പിശാച് കടച്ചീട്ട് എഴുതിയ പാറക്കല്ല് എടുത്തുകൊണ്ടു വന്നു. എന്നാൽ അതിൽ എഴുതിയ എഴുത്ത് ഇല്ലാത്തതിനാൽ ലജ്ജിച്ചു പോയി.

www.malankaralibrary.com



എന്നാൽ യേശു വെള്ളത്തിൽ നിന്ന് കയറിയപ്പോൾ സ്വർഗ്ഗം തുറക്കപ്പെട്ടു പരിശുദ്ധാത്മാവ് പ്രാവു രൂപത്തിൽ പറന്ന് തന്റെ മേൽ ആവസിച്ചു. കൂടാതെ ഒരു ശബ്ദം 'ഇവൻ എന്റെ പ്രിയ പുത്രൻ ഇവനെ അനുസരിപ്പിൻ'

## സഭയിലെ- നമ്മുടെ മാമ്മോദീസാ. (ജ്ഞാനസ്നാനം)

1. കരിങ്കൽ തൊട്ടി 2- തണുത്ത വെള്ളവും ചൂടുവെള്ളവും 3- മൂറോൻ സ്നാപക യോഹന്നാൻ- (വന്ദ്യ പുരോഹിതൻ കാർമ്മികൻ)

മൂന്നുനദി ഒന്നായി ഒഴുകുന്നതാണ് യുർദാൻ നദി- 1 - ഹെർമോൻ നദി -2- യർമുക്കുനദി- 3- യാബോക്ക് നദി. ഹെർമോൻ നദി- ഹെർമോൻ മലയിൽ നിന്നും പുറപ്പെടുന്നു. ഇതിലെ വെള്ളത്തിന് മഞ്ഞുപൊലെ തണുപ്പുണ്ട്- യർമുക്ക് നദി- ദാൻ മരുഭൂമിയിൽ കൂടി ഒഴുകുന്നതിനാൽ ഇതിലെ വെള്ളത്തിന് ചെറിയതരം ചൂടുണ്ട്- യാബൊക്ക് നദി- കെസറിയാ പാറ പിളർപ്പിൽ നിന്ന് പുറപ്പെട്ട് ഗിലയാദ് താഴ്വരയിൽ കൂടി ഒഴുകുന്നു. ഇവിടെ ജടാമഞ്ചി- സുഗന്ധപരിമളങ്ങൾ ഉള്ളതിനാൽ അതിന്റെ ഇടയിൽ കൂടി ഒഴുകുന്നതിനാൽ ഇതിലെ വെള്ളത്തിന് സുഗന്ധമുണ്ട്. ഈ മൂന്നു നദി ഒന്നായി ഒഴുകുന്നതാണ് യോർദ്ദാൻ നദി- ഈ നദിയിലാണ് യേശു സ്നാനം ഏറ്റത്. ഇതിന്റെ പ്രതീകമാണ് കർത്താവ് കടച്ചീട്ട് ചവുട്ടി മായിച്ചുകളഞ്ഞതിന്റെ പ്രതീകമായ കരിങ്കൽ തൊട്ടിയിൽ- ഹെർമോൻ നദിയിലെ വെള്ളമായ തണുത്ത വെള്ളവും- യർമുക്ക് നദിയിലെ വെള്ളമായ ചൂടുവെള്ളവും- യാബോക്ക് നദിയിലെ വെള്ളമായ പരിമളവാസനയായ വി:മൂറോനും ചേർത്ത് ഒന്നാക്കി യൂർദാൻ നദിയിലെ വെള്ളമാക്കി തീർക്കുന്നു. ഈ വെള്ളത്തിലാണ് സ്നാപകയോഹന്നാന്റെ പ്രതീകമായ- അധികാരമുള്ള പുരോഹിതൻ(പുത്രസ്വീകാരത്വം ലഭിച്ചവൻ) സഭയിൽ നടത്തുന്ന സ്നാനം. യേശു കരയിൽ കയറിയപ്പോൾ പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ ആവസിച്ചു. അതത്രേ പരി: മുറോൻ പൈതലിനെ അഭിഷേകം ചെയ്ത് നിത്യജീവന് അവകാശിയാക്കി തീർക്കുകയാണ്. ഇതിന് എതിരായിട്ടുള്ളതൊന്നും യേശു ഏറ്റ സ്നാനത്തിന്റെ പ്രതീകമല്ല. സ്നാനം ഏറ്റ ആളിനെ വീണ്ടും സ്നാനപ്പെടുത്തുന്നത് കഷ്ടവും പാപവുമാണ്. പാപമോചനത്തിന് മാമ്മോദീസാ ഒന്നുമാത്രമെ ഉള്ളൂ.

## തലത്തൊട്ട ആളിന്റെ ചുമതല

മാമ്മോദിസാ സ്വീകരിക്കുന്ന പൈതലിന്റെ മാതാപിതാക്കന്മാരുടെ സ്വന്തക്കാർ ആയിരുന്നാൽ താൻ ഏറ്റ ചുമതല നിറവേറ്റാൻ സാധിക്കും. താൻ തലതൊട്ട പൈതൽ അടുത്ത കുദാശ സ്വീകരിക്കുന്നതുവരെ ആത്മീയ പിതാവ് ഈ പൈതലിനെ, പ്രാർത്ഥന, വേദപാഠം എന്നിവ പരിശീലിപ്പിക്കുന്നതിനും ആരാധനയിൽ സംബന്ധിക്കുന്നതിനും ആവശ്യമായ ഉപദേശങ്ങൾ നൽകു

www.malankaralibrary.com



ന്നതിനും ചുമതലപ്പെട്ടതാണ്. ഈ ചുമതല ദേവാലയത്തിൽ വച്ച് വന്ദ്യപുരോഹിതന്റെ മദ്ധ്യസ്ഥതയിൽ സ്വമനസ്സാലെ ഏറ്റതാണ് എന്നുള്ളത് ഓർമ്മയിൽ ഉണ്ടായിരിക്കണം. അല്ലങ്കിൽ കണക്കുകൊടുക്കേണ്ടിവരും പൈതൽ പ്രായമായി ഉദ്യോഗത്തിനോ- വിവാഹത്തിനോ- പ്രവേശിക്കുമ്പോൾ മാതാപിതാക്കൾ മാമ്മോദീസാ മദ്ധ്യസ്ഥനെ പ്രത്യേകം വിളിച്ച് ദക്ഷണകൊടുത്ത് ആശീർവാദം വാങ്ങുന്നത് അനുഗ്രഹപ്രദമാണ്.

കൂദാശക്രമത്തിൽ മാമ്മോദീസായുടെ ആദ്യഭാഗത്ത് ഇങ്ങനെ കാണുന്നു! അധഃപതിച്ചവനും നിർഭാഗ്യവാനുമായ ആദാം സങ്കടത്തോടെ അവനെ വിളിച്ചപേക്ഷിച്ചു. ദൈവമായ കർത്താവ് അവന് മറുപടി അരുളുകയും യൂർദാൻ നദി തീരത്തേക്ക് വന്ന് അവനെ ഉദ്ധരിക്കുകയും ചെയ്തു.

*കുദശ് ഈത്തോ- സഭയെ സ്ഥാപിച്ച് ശുദ്ധീകരിച്ചത്*

മത്തായി - 16 : 13 - 23- കുദശ് ഈത്തോ, എന്ന പദം സുറിയാനി വാക്ക് അത്രേ- അതിന്റെ അർത്ഥം- സഭയുടെ ശുദ്ധീകരണം എന്നാണ്. സഭ എന്നു പറയുന്നതുതന്നെ നമ്മുടെ കർത്താവ് യേശു മ്ശിഹാ തന്റെ ശിഷ്യന്മാരിൽ പ്രധാനിയായ ശിമയോനെ ഭാരമേല്പിച്ചതാണ്. മുൻവാക്യങ്ങളിൽ നിന്ന് സ്പഷ്ടമാണ് അതായത് തന്നെപ്പറ്റി താൻ പ്രവർത്തിക്കുന്ന അത്ഭുത പ്രവർത്തികളും മറ്റും കണ്ട് ജനങ്ങളും തന്റെ ശിഷ്യന്മാരും തന്നെ എപ്രകാരം ധരിച്ചിരിക്കുന്നു എന്നറിയാനും അവരിൽ വിശ്വാസം ഉറപ്പിക്കുവാനുമായിരുന്നു. അല്ലാതെ പ്രശസ്തിക്കുവേണ്ടിയല്ലായിരുന്നു എന്നുള്ളത് സ്പഷ്ടമാണ്.

ആദ്യമായി യേശുതന്റെ ശിഷ്യന്മാരൊട് തന്നെക്കുറിച്ച് മനുഷ്യരാൽ എന്തു പറയുന്നു എന്ന് ചോദിച്ചു. അവർ പലതും പറഞ്ഞു അത് കേട്ടശേഷം നിങ്ങൾ എന്തുപറയുന്നു എന്ന് വീണ്ടും അവരോട് ചോദിച്ചു. അതിന് ഉത്തരമായി ശിമയോൻ- അങ്ങ് ജീവനുള്ള ദൈവത്തിന്റെ പുത്രനായ മ്ശിഹായാകുന്നു. ആയത് കേട്ട ശേഷം യേശുതമ്പുരാൻ അരുളിചെയ്തത് യൗനായുടെ പുത്രനായ ശിമയോനെ നീ ഭാഗ്യവാനാകുന്നു. എന്ത് കൊണ്ടന്നാൽ ഇവ നിനക്ക് വെളിപ്പെടുത്തിയത് ജഡരക്തങ്ങളല്ല പിന്നയോ സ്വർഗ്ഗസ്ഥനായ എന്റെ പിതാവ് അത്രേ- ഞാനും നിന്നോട് പറയുന്നു നീ കീഫായാകുന്നു. ഈ പാറമേൽ ഞാൻ എന്റെ സഭ സ്ഥാപിക്കും സ്വർഗ്ഗരാജ്യത്തിന്റെ താക്കോലുകൾ ഞാൻ നിനക്ക് തരും. നീ ഭൂമിയിൽ കെട്ടുന്നത് എല്ലാം സ്വർഗ്ഗത്തിലും കെട്ടപ്പെടും നീ ഭൂമിയിൽ അഴിക്കുന്നതെല്ലാം സർഗ്ഗത്തിലും അഴിയപ്പെടും ഈ അധികാരങ്ങൾ എല്ലാം താൻ തന്റെ വാത്സല്യപ്രഥമശിഷ്യന് കൊടുത്ത് സഭ സ്ഥാപിച്ചു. ആയതിനുശേഷം- വി: യോഹന്നാൻ- 21 : 15 - 17- എന്നാൽ ഈ അദ്ധ്യായം മുഴുവനും വായിച്ചാൽ മനസ്സിലാക്കാം- ഇവിടെ മൂന്നു കാര്യ

www.malankaralibrary.com



ങ്ങൾ സൂചിപ്പിക്കുന്നു. വി: പത്രോസ് ശ്ലീഹാ തന്റെ ഗുരുവിനെ കൂടെകൂടെ കാണാഴികയാൽ തന്റെ പഴയ തൊഴിലിലെക്ക് പോകാൻ തീർച്ചപ്പെടുത്തി മറ്റ് ഏതാനും ശിഷ്യന്മാരൊടു കൂടി മീൻ പിടിക്കാൻ പോയി രാത്രി മുഴുവനും അധ്വാനിച്ചിട്ടും ഒരു ഊപ്പയേപോലും കിട്ടിയില്ല. പ്രഭാതത്തിൽ കരയിൽ നിന്നും ആളിന്റെ വാക്കും പ്രകാരം പ്രവർത്തിച്ചപ്പോൾ വൻ മത്സ്യംകൊണ്ട് വല നിറഞ്ഞു. കരയ്ക്കുനിന്ന് അരുളി ചെയ്തത് തന്റെ ഗുരുവാണന്ന് മനസ്സിലായ പത്രോസ് കടലിൽ ചാടി തന്റെ അടുക്കലെക്ക് വന്നു. പിന്നാലെ മറ്റുള്ളവരും മീൻ നിറഞ്ഞ വലയുമായി വന്നു അപ്പോൾ ചുട്ടമീനും അപ്പവും കണ്ടു- ഭക്ഷിച്ച് തൃപ്തിയായ ശേഷം യേശു പത്രോസിനോടെ ഇവരെക്കാൾ അധികമായി നീ എന്നെ സ്നേഹിക്കുന്നുവോ, എന്ന് മൂന്നു പ്രാവശ്യം ചോദിച്ചു. രണ്ടു പ്രാവശ്യം ഉവ്വ് എന്നു പറഞ്ഞപ്പോൾ നീ- എന്റെ ആടുകളെയും- പെണ്ണാടുകളെയും മേയ്ക്ക്. മൂന്നാമത്തെ ചോദ്യത്തിന് പത്രോസ് ദുഃഖിച്ച് മറുപടി പറഞ്ഞപ്പോൾ കുഞ്ഞാടുകളെയും മേയ്ക്കാ എന്നരുളിചെയ്തു. യേശു തന്റെ വ്യാപാര കാലത്ത് പത്രോസിൻ മേൽ സഭ സ്ഥാപിച്ചു. താൻ മരിച്ച് ഉയർത്തെഴുന്നേറ്റശേഷം ആടുകളെ മേയ്ക്കാനുള്ള അധികാരവും പത്രോസിനു നല്കി. ആയതിനാൽ പത്രോസിനാൽ സ്ഥാപിതമായ സഭയാണ്- യേശു സ്ഥാപിച്ച സഭയാണ് സാക്ഷാൽ സത്യസഭ. വി: പത്രോസിന്റെ പിൻഗാമി സാക്ഷാൽ റോമിലെ പരിഃമാർപ്പാപ്പ തന്നെ എന്ന് ആർക്കും അറിയാവുന്ന സത്യം തന്നെ. അതാണ് ഭാഗ്യസ്മരണനായ മാർ ഈവാനിയോസ് വെട്ടിമാറ്റപ്പെട്ട ശിഖരത്തെ -1930- സെപ്തംബർ- 20-ന് തായി തടിയോടെ ചേർത്ത മലങ്കര കത്തോലിക്കാ സഭ.

## ഓശാന

വി: മത്തായി - 21 : 1 - 17 ഓശാന എന്നത് ഹിബ്രു പദമാണ്.

ഇതിന്റെ അർത്ഥം

1 കർത്താവെ- രക്ഷിക്കണമെ

2 നാഥാ സംരക്ഷിക്കണമെ,

അടിമനുകവും പേറി നടന്ന ഇസ്രായേൽ ജനത്തിന്റെ പ്രാർത്ഥന-

സങ്കീർത്തനം 118 : 25 - കർത്താവെ! ഞങ്ങൾ അങ്ങയോട് അപേക്ഷിക്കുന്നു. ഞങ്ങളെ രക്ഷിക്കണമെ- കർത്താവെ! ഞങ്ങൾ അങ്ങയോടെ അപേക്ഷിക്കുന്നു. ഞങ്ങൾക്ക് വിജയം നൽകണമെ-

യേശുവിന്റെ രാജകീയ ജറുശലെം പ്രവേശനത്തെ അനുസ്മരിക്കുന്നു.

ഓശാന ഗീതങ്ങളാൽ യേശുവിനെ സ്വീകരിക്കുന്ന ജനം അങ്ങേ ദാവീദിന്റെ പുത്രനും ഇസ്രായേലിന്റെ രാജാവും തങ്ങളുടെ രക്ഷകനുമായി അംഗീകരിച്ച് ഏറ്റുപറയട്ടെ.

www.malankaralibrary.com



## പ്രവചനങ്ങളുടെ പൂർത്തീകരണം

സഖറിയ- 9 : 9 യറുശലെം പുത്രീ ആർപ്പു വിളിക്കുക- ഇതാ നിന്റെ രാജാവ് നിന്റെ അടുക്കലേക്ക് വരുന്നു. അവൻ പ്രതാപനും ജയശാലിയുമാണ് അവൻ വിനയാന്വിതനായി കഴുതക്കുട്ടിയുടെ പുറത്ത് കയറി വരുന്നു.

"ഭൂമിയുടെ അതിർത്തിവരെ കർത്താവ് പ്രഘോഷിക്കുന്നു സീയോൻ പുത്രിയോടുപറയുക ഇതാ നിന്റെ രക്ഷ വരുന്നു ഇതാ അവിടുത്തെ പ്രതിഫലം അവിടുത്തോടുകൂടെ സമ്മാനം അവിടുത്തെ മുമ്പിലും കർത്താവിനാൽ രക്ഷിക്കപ്പെട്ട വിശുദ്ധ ജനമെന്ന് അവർ വിളിക്കപ്പെടും"[1]

യേശു ഇസ്രായേലിന്റെ വിമോചകൻ. അടിമത്വത്തിലായിരുന്ന ഇസ്രായേൽ അവരുടെ മേലാക്കന്മാരുടെ പീഡനത്തിൽ നിന്നുള്ള മോചനത്തിനായി പ്രാർത്ഥിച്ചു. അവരാഗ്രഹിച്ചത് ലൗകികമായ മോചനം. എന്നാൽ കർത്താവു നല്കിയത് ആന്തരികമായ മോചനം.

പാപഭാരമുള്ളതും കയ്പ്പേറിയതുമായ നുകം ഒടിച്ച് കളഞ്ഞ് ലഘുവും മാധുര്യമുള്ളതുമായ നുകം ഏറ്റു വാങ്ങുക, അത് ദൈവമക്കളുടെ സ്വാതന്ത്ര്യത്തിലെക്ക് നമ്മെ നയിക്കും-

കഴുത മറ്റുള്ളവരുടെ വിഴുപ്പ് ഭാണ്ഡങ്ങൾ പേറുന്ന മൃഗമാണ്. ലോകത്തിന്റെ മുഴുവൻ പാപവും പേറുന്ന ദൈവത്തിന്റെ കുഞ്ഞാടിനെ വഹിക്കുന്ന കഴുത- ആയതിനാൽ മറ്റുള്ളവരുടെ വേദനയും ദു:ഖവും വഹിക്കുന്നവരാകണം- നാം- അപ്പോൾ- നാം- കർത്താവിനെ വഹിക്കുന്ന കഴുതയാകും കാരണം "ഈ ചെറിയവരിൽ ഒരുവന് ചെയ്തു കൊടുത്തപ്പോഴെല്ലാം നിങ്ങൾ എനിക്കാണ് ചെയ്യുന്നത്"[2]

ഓശാന- കർത്താവെ- രക്ഷിക്കണമെ

നാഥാ- രക്ഷിക്കണമെ

ദാവീദിന്റെ പുത്രന് ഓശാന അത്യുന്നതങ്ങളിൽ ഓശാന-

## ഓശാനയുടെ വാക്യങ്ങൾ

"അവൻ ജറുസലേമിൽ പ്രവേശിച്ചപ്പോൾ നഗരം മുഴുവൻ ഇളകിവശായി- ആരാണിവൻ എന്ന് ചോദിച്ചു. ജന കൂട്ടം പറഞ്ഞു ഇവൻ ഗലീലയിലെ നസറെത്തിൽ നിന്നുള്ള പ്രവാചകനായ യേശുവാണ്"[3]

"കർത്താവിന്റെ നാമത്തിൽ വരുന്ന രാജാവ് അനുഗ്രഹിതൻ സ്വർഗ്ഗത്തിൽ സമാധാനം അത്യുന്നതങ്ങളിൽ മഹത്വം എന്നവർ ആർത്തുവിളിച്ചു. ജനക്കൂട്ട

1 ഏശയ്യാ - 62 : 11 - 12

2 - മത്തായി - 25 : 40

3 - മത്തായി 21 : 10 - 11

www.malankaralibrary.com



ത്തിലുണ്ടായിരുന്ന ചില പാരീസർ അവനോടു പറഞ്ഞു. ഗുരൊ- നിന്റെ ശിഷ്യന്മാരെ ശാസിക്കുക അവൻ പ്രതിവചിച്ചു. ഇവർ മൗനം ഭജിച്ചാൽ ഈ കല്ലുകൾ ആർത്തുവിളിക്കുമെന്ന് നിങ്ങളൊടു പറയുന്നു"[4]

"ലാസറിനെ മരിച്ചവരിൽ നിന്ന് ഉയർപ്പിച്ച അവസരത്തിൽ അവനോടൊപ്പം ഉണ്ടായിരുന്ന ജനക്കൂട്ടം അവന് സാക്ഷ്യം നൽകിയിരുന്നു. അവൻ ഈ അടയാളം പ്രവർത്തിച്ചത് കേട്ടതുകൂടിയാണ് ജനക്കൂട്ടം അവനെ സ്വീകരിക്കുവാൻ വന്നത് അപ്പോൾ പരീസർ പരസ്പരം പറഞ്ഞ് നമുക്ക് ഒന്നും ചെയ്യാൻ സാധിക്കുന്നില്ല നോക്കു- ലോകം അവന്റെ പിന്നാലെ പോയി കഴിഞ്ഞു"[5]

## ദു:ഖവെള്ളിയാഴ്ച - ക്രൂശിതനായ ക്രിസ്തു

വി: മത്തായി - 27 : 27 - 56

വി: മർക്കോസ് - 15 : 16 - 41

വി: ലൂക്കോ - 23 : 33 - 54

വി: യോഹന്നാൻ 19 :17 - 37

യറുസലെം നഗരത്തിന് വടക്ക് പടിഞ്ഞാറായി സ്ഥിതി ചെയ്യുന്ന ഗോൽഗോഥായായിരുന്നു യാഗവേദി. ആ മലയുടെ തിരുനെറ്റിയിൽ ലോകാരംഭം മുതലുള്ള മനുഷ്യരുടെ പാപഭാരം കൊണ്ട് മനഞ്ഞെടുത്ത മരക്കുരിശിൽ സ്നേഹശൂന്യതയുടെ കാരിരുമ്പാണികൊണ്ട് ദൈവപുത്രൻ ക്രൂശിക്കപ്പെട്ടു. ആകാശത്തിനും ഭൂമിക്കും മദ്ധ്യേ മൂന്നാണികളാൽ തൂങ്ങി കിടന്നുകൊണ്ട് "ആ ആദിനാഥം"[6] ഏഴ് സ്വരങ്ങൾ പുറപ്പെടുവിച്ച് കൊണ്ട് പരമപിതാവിന് സ്വയം പാപ പരിഹാരബലിയായി-

## ക്രൂശിൽ കിടന്ന് കൊണ്ട് യേശു ഉച്ചരിച്ച സപ്തവാക്യങ്ങൾ

1. എന്നാൽ "പിതാവെ! ഇവർ ചെയ്യുന്നത് ഇന്നതെന്ന് അറിയായ്കകൊണ്ട് ഇവരോട് ക്ഷമിക്കണമെ"[7]
2. "സത്യമായി ഞാൻ നിന്നോടു പറയുന്നു നീ ഇന്ന് എന്നോടുകൂടെ പറുദീസായിൽ ആയിരിക്കും"[8]
3 "അമ്മയോടു പറഞ്ഞു സ്ത്രീയെ ഇതാ നിന്റെ മകൻ അനന്തരം ശിഷ്യനോടു പറഞ്ഞു. ഇതാ നിന്റെ അമ്മ"[9]

4 - ലൂക്കാ - 19 : 38 - 40

5 - യോഹന്നാൻ - 12 : 17 - 19-

6 - വി : യോഹന്നാൻ 1: 1-7

7 - ലൂക്കാ - 23 : 34

8 - ലൂക്കാ- 23 : 43

9 - യോഹന്നാൻ - 19 : 26- 27

www.malankaralibrary.com



4 "എന്റെ ദൈവമെ - എന്റെ ദൈവമെ - എന്തുകൊണ്ട് നീ എന്നെ ഉപേക്ഷിച്ചു"[10]

5 സകലതും തികഞ്ഞിരിക്കുന്നു എന്ന് യേശു അറിഞ്ഞിട്ട് തിരുവെഴുത്ത് നിവർത്തിയാകും വണ്ണം- "എനിക്കു ദാഹിക്കുന്നു"[11] എന്നുപറഞ്ഞു.

6 യേശു പുളിച്ച വീഞ്ഞ് കുടിച്ചശേഷം "എല്ലാം നിവർത്തിയായി എന്ന് പറഞ്ഞ് തല ചായിച്ചു ആത്മാവിനെ ഏല്പിച്ചുകൊടുത്തു"[12]

7 യേശു അത്യുച്ചത്തിൽ "പിതാവെ! ഞാൻ എന്റെ ആത്മാവിനെ തൃകൈയ്യിൽ ഏല്പിച്ചിരിക്കുന്നു ഇത് പറഞ്ഞിട്ട് പ്രാണനെ വിട്ടു"[13]

ആകാശത്തിനും ഭൂമിക്കും മദ്ധ്യേ കിടന്നുകൊണ്ട് നിലവിളിച്ച് യേശുവിന്റെ ശബ്ദം നിലച്ചു."സൂര്യൻ ഇരുണ്ടു അന്ധകാരം വ്യാപിച്ചു ദേവാലയത്തിന്റെ തിരശീല നടുവെ ചീന്തിപ്പോയി. ഭൂമി കുലുങ്ങി, പാറകൾ പിളർന്നു, കല്ലറകൾ തുറക്കപ്പെട്ടു. ശതാധിപനും യേശുവിനെ കാത്തു നിന്നവരും അവൻ ദൈവപുത്രൻ തന്നെയായിരുന്നു എന്ന് പറഞ്ഞ് ഏറ്റവും ഭയപ്പെട്ടു"[14]

ഇപ്പോഴെങ്കിലും നമുക്കും പോകാം യേശുവിന്റെ അടുക്കലെക്ക്, അടുത്ത് ചെന്ന് ആ മുഖത്തേക്ക്, ആ കണ്ണുകളിലെക്ക് ഒന്നു നോക്കു. തന്റെ കരുണാകടാക്ഷത്താൽ അനേകരെ ആശ്വസിപ്പിച്ച കണ്ണുകൾ അതാ അടഞ്ഞിരിക്കുന്നു. വാക്കുകളാൽ അനേകർക്ക് രോഗശാന്തി പ്രദാനം നല്കിയ യേശുവിന്റെ അധരങ്ങൾ ചലനരഹിതമത്രേ. നന്മ ചെയ്യാൻ എല്ലായിടത്തും ചുറ്റിനടന്ന കാലുകളും അനേകരെ തീറ്റിപ്പോറ്റാൻ അപ്പം വാഴ്ത്തിയ കൈകളും ഇതാ മരവിച്ചിരിക്കുന്നു-

ക്രിസ്തു സ്നേഹിത ആ തിരുഹൃദയ പിളർപ്പിലേക്ക് ഒന്നു സൂക്ഷിച്ചു നോക്കൂ. അവിടെ നിന്നും പൊട്ടി ഒഴുകുന്ന രക്തത്തിലും വെള്ളത്തിനും നിന്നോടല്പം മന്ത്രിക്കുവാനുണ്ട് എന്തന്നോ മകനെ നിന്റെ പാപം എന്റെ ഹൃദയത്തെ മുറിവേല്പിച്ചിരിക്കുന്നു. എങ്കിലും എന്നെ മുറിപ്പെടുത്തിയ പടയാളി എന്നപോലെ നീ ഓടിപ്പോകരുതെ എന്നത്രേ. സോദരരെ വി: അഗസ്തിനോസിനെ ഒരിക്കൽ കൂടെ ശ്രവിക്കു- തൂങ്ങി കിടക്കുന്ന ദിവ്യനാഥന്റെ തിരുമുറിവുകളെയും കണ്ടാലും നിന്നെ ചുംബിക്കുന്നതിനായി അവിടുത്തെ ശിരസ് ചായിക്കുന്നു. നിന്നെ സ്നേഹിക്കുന്നതിനായി ഹൃദയം തുറന്നിരി

10 - മത്തായി - 27 : 46
11 - യോഹന്നാൻ- 19 : 28
12 - യോഹന്നാൻ 19 :30
13 - ലൂക്കാ - 23 : 46
14 - മത്തായി - 27 : 51 - 55

www.malankaralibrary.com



ക്കുന്നു. നിന്നെ ആലിംഗനം ചെയ്യുന്നതിനായി കരങ്ങളെ നീട്ടുന്നു. നിന്നെ വീണ്ടെടുക്കുന്നതിനായി ശരീരം മുഴുവൻ തുറന്നു കാണിക്കുന്നു.

ക്രൂശിന്മേൽ ക്രൂശിന്മേൽ കാണുന്നതാരിതാ
പ്രാണനാഥൻ- പ്രാണനാഥൻ
എൻ പേർക്കായി ചാകുന്നു

ക്രിസ്തു കുരിശിൽ കിടന്നുകൊണ്ട് നിറവേറുകയായിരുന്നു. ആദാമിനെ സംസ്ക്കരിക്കുകയും മൽക്കിസേദക്ക് പൌരോഹിത്യം നടത്തുകയും ചെയ്ത സ്ഥലത്തു തന്നെ നമ്മുടെ രക്ഷിതാവായ യേശു തമ്പുരാന്റെ കുരിശുമരം നാട്ടി. രഹസ്യ പൂർണ്ണമായ ചോരയും വെള്ളവും ആദാമിന്റെ വായിലെക്ക് ഇറ്റിറ്റുവീണു. (സെദറ-)

## യേശുവിനെ വിധിക്കുന്നതിനുള്ള സാക്ഷികൾ

1 ഒന്നാം സാക്ഷി - പിശാച് - " നസറാനായ യേശുവെ! ഞങ്ങൾക്കും നിനക്കും എന്ത്- നീ ആര് എന്ന് ഞാൻ അറിയുന്നു ദൈവത്തിന്റെ പരിശുദ്ധൻ തന്നെ"-[1]

2 പിശാചുക്കൾ - " നീ ദൈവത്തിന്റെ പരിശുദ്ധൻ തന്നെ പുത്രനായ ക്രിസ്തു തന്നെ"- [2]

3 പരീശന്മാരും ശാസ്ത്രികളും- " ചുങ്കക്കാരുടെയും പാപികളുടെയും സ്നേഹിതൻ"[3]

4 പീലാത്തോസ്, "ഈ പുണ്യവാന്റെ രക്തത്തിൽ എനിക്ക് പങ്കില്ല ഞാൻ ഇവനിൽ ഒരു കുറ്റവും കാണുന്നില്ല"[4]

5 ശതാധിപനും കൂടെയുള്ളവരും- "ഭൂമി കുലുക്കവും മറ്റും കണ്ട് സത്യമായി ഇവൻ ദൈവപുത്രനാകുന്നു"[5]

6 പീലാത്തോസിന്റെ ഭാര്യ- "ആ പുണ്യവാന്റെ കാര്യത്തിൽ നീ ഇടപെടരുത് ഞാൻ സ്വപ്നത്തിൽ വളരെ കഷ്ടപ്പെട്ടു "-[6]

1- മത്തായി - 8 : 29
2- ലൂക്കാ - 4 : 41
3 - ലൂക്കാ - 15 : 2; മത്തായി 27 : 24
4 - മത്തായി - 23 : 24, യോഹ- 19 : 4
5 - മത്തായി - 27 : 54
6 - മത്തായി - 27 : 19

www.malankaralibrary.com



7 വലത്തുഭാഗത്തെകള്ളൻ– "ഇവൻ യാതൊരു അനീതിയും പ്രവർത്തിച്ചിട്ടില്ല"[7]

8 യുദാസ്ക്കറിയോത്ത – "ഞാൻ കുറ്റമില്ലാത്ത രക്തത്തെ കാണിച്ച് പാപം ചെയ്തു"[8]

9 ശതാധിപൻ – ദൈവത്തെ സ്തുതിച്ചുകൊണ്ട്: ഇവൻ സാക്ഷാൽ ദൈവപുത്രൻ"[9]

## പീഡാനുഭവ ആഴ്ചയിലെ ചിന്താവിഷയം

1 – വി : യോഹന്നാൻ – 5 : 1 -16 – ബത്സഥായിലെ രോഗശാന്തി.

2 – യോഹന്നാൻ – 18 : 21 – 22– യേശുവിന്റെ കരണത്ത് അടിച്ചവൻ

3 – കഴുകുമരം (കുരിശ്) ആർക്കുവേണ്ടി പണിതു അതിന്റെ ഭാരം

4 – കുരിശുവന്ദിക്കുന്നത് വിഗ്രഹാരാധനയോ–

ഒരു ഡോക്ടറൊ ഒരു വൈദ്യനൊ രോഗിയെ തേടി അവനെ സുഖപ്പെടുത്താൻ പോകുക പതിവില്ല. രോഗി വൈദ്യനെ തേടിപ്പോകുകയാണ് പതിവ്. ഇതുപോലെ യേശുവിനെ പല രോഗികളും സമീപിച്ച് അവരവരുടെ വിശ്വാസപ്രകാരം സൗഖ്യം പ്രാപിച്ചിരുന്നു എന്നാൽ അതിന് വിപരീതമായി (യോഹ-5: 1 – 16) "ബത്സഥാകുളത്തിന്റെ അഞ്ച് മണ്ഡപങ്ങളിൽ ഒന്നിൽ മുപ്പത്തെട്ട് വർഷമായി രോഗബാധിതനായി കിടന്നിരുന്ന ഒരുവനെ യേശു സമീപിച്ചു അവനെ സൗഖ്യമാക്കി. എന്നാൽ അവനോട് യേശു ചോദിച്ച ചോദ്യത്തിന്റെ മറുപടിയിൽ നിന്നു തന്നെ അവനു സൗഖ്യം പ്രാപിപ്പാൻ തൃപ്തിയില്ലായിരുന്നു എന്ന് മനസ്സിലാക്കാം. ധനം സമ്പാദിക്കുക എന്നതായിരുന്നു അവന്റെ ലക്ഷ്യം എന്ന് പിന്നീടുള്ള അവന്റെ സംസാരത്തിൽ നിന്ന് തെളിവാണ്. അവനെ സൗഖ്യമാക്കിയവനെ അവൻ അറിയുന്നില്ല. വീണ്ടും യേശുദേവാലയത്തിൽ വച്ച് കണ്ടപ്പോൾ പാപത്തിന്റെ കട്ടിയെപ്പറ്റി പറഞ്ഞു എന്നാലൊ അതിൽ നിരാശപ്പെട്ട് അവൻ പോയി യേശുവിന് വിരോധമായി ന്യായാധിപന്മാരെ അറിയിച്ചു. "തന്നെ സൗഖ്യമാക്കിയത് നസ്രായനായ യേശുവാണ്." ന്യായാധിപർ അവനെ അവരുടെ സേവകനായി നിയമിച്ചു. "അവനത്രേ, പീലാത്തോസിന്റെ മുമ്പിൽ വച്ച് നമ്മുടെ രക്ഷകന്റെ കരണത്തടിച്ച് പകരം വീട്ടിയത്" അവന്റെ ധനസമ്പാദ്യം നഷ്ടപ്പെടുത്തിയത് നസ്രയനായ യേശുവാണ്.

7 – മത്തായി – 23 : 41
8 – മത്തായി – 27 : 4
9 – ലൂക്കാ – 23 : 47

www.malankaralibrary.com



## മൂന്നാമത്തെ ചിന്താവിഷയം

കുറ്റവാളികളെ വധിപ്പാൻ അവരെ വിധിച്ചതിനുശേഷമെ അവർക്കായി കഴുകുമരം നിർമ്മിക്കാറുള്ളൂ. നേരത്തെ രണ്ട് കള്ളന്മാരെ മരണശിക്ഷയ്ക്ക് വിധിച്ച് തൂക്കിക്കൊല്ലുന്നതിനായി തടവിൽ പാർപ്പിച്ചിരുന്നു. അതിനുശേഷം കൊലപാതകിയും കള്ളനും കൊള്ളക്കാരനുമായ ബാറാബാ- എന്ന ഒരുവനെയും മരണത്തിനായി വിധിച്ച് തടവിലാക്കിയിരുന്നു. കഴുകുപണിക്കാരൻ നേരത്തെ രണ്ട് കഴുക് (കൊലമരം) പണിതിരുന്നു. പിന്നീട് ബാറാബാക്കും- കഴുക് പണിയാനുള്ള ആജ്ഞ ലഭിച്ചു. എന്നാൽ ഈ കൊലയാളിയായ ബാറാബാ പല കൊല നടത്തിയ കൂട്ടത്തിൽ കഴുകുപണിക്കാരന്റെ അപ്പനെയും കൊല ചെയ്തിരുന്നു. അതിന്റെ ദുഃഖത്തിന് പകരം വീട്ടാനായി ബാറാബായിക്ക് പണിയുന്ന കഴുക് മരം കൂടുതൽ ഭാരമേറിയതായിരിക്കണമെന്നു കരുതി ഏറ്റവും വലിപ്പത്തിലും ഭാരത്തിലും പണിതുവച്ചു. സാധാരണയിൽ ഇരട്ടിഭാരമുള്ളതായിരുന്നു ആ കഴുക് മരം. എന്നാൽ പ്രധാനാചാര്യന്മാരുടെയും ജനങ്ങളുടെയും മുറവിളികാരണം പീലാത്തോസ് നമ്മുടെ കർത്താവിനെ ക്രൂശിപ്പാനും. ബാറാബായെ വിട്ടുകൊടുക്കാനും വിധിച്ചു. തൻനിമിത്തം ബാറാബായിക്കുവേണ്ടി നിർമ്മിച്ച ആ ഭാരമേറിയ കുരിശ് നമ്മുടെ രക്ഷകൻ നമുക്കുവേണ്ടി ചുമക്കേണ്ടി വന്നു. ആ കുരിശിന്റെ ക്രമാതീതമായ ഭാരത്താൽ നമ്മുടെ രക്ഷകൻ മൂന്നു പ്രാവശ്യം വീണു. എന്നാൽ കുരിശ് ചുമന്ന മറ്റ് രണ്ട് കള്ളന്മാർ വീണില്ല. അവർക്ക് ചമ്മട്ടി കൊണ്ടുള്ള അടിയും ഏല്ക്കേണ്ടി വന്നില്ല- (മൂന്നു പേരെയും കൂടി ക്രൂശിൽ തറച്ച ഫോട്ടോയിൽ കുരിശിന്റെ വലിപ്പച്ചെറുപ്പം കാണാവുന്നതാണ്)

1- യോഹന്നാൻ- 5 : 1 -16 2 - യോഹന്നാൻ 18 :21 - 22

## നാലാമത്തെ ചിന്താവിഷയം

### തടി കുരിശ് വന്ദിക്കുന്നത് വിഗ്രഹാരാധന

ഇന്ന് നാം വന്ദിക്കുന്ന കുരിശ് ഒരു ആശാരി ഈട്ടി തേക്ക് പ്ലാവ് മുതലായ ഏതെങ്കിലും തടികൊണ്ട് പണിതതാണ്. ഇത് ഒരു വിഗ്രഹമല്ല. എന്നാലും ഇത് ഒരു രൂപമാണ്. യഹോവയായ ദൈവം മോശയ്ക്ക് കൊടുത്ത കല്പനയിൽ വിഗ്രഹങ്ങളെയോ രൂപങ്ങളെയോ വന്ദിക്കരുത് എന്ന് പ്രത്യേകം കല്പിച്ചിട്ടുണ്ട്. അപ്പോൾ നാം ഇന്നു ചെയ്യുന്നത് കല്പനലംഘനമല്ലെ എന്ന് പറയുന്ന ക്രിസ്ത്യാനികളുമുണ്ട്. ഭോഷാ ഈ തടികുരിശിനെയല്ല നാം വന്ദിക്കുന്നത്. രണ്ടായിരം വർഷം മുമ്പ് ഗോൽഗോഥാമലയിൽ നമ്മുടെ രക്ഷകന്റെ കുരിശിന്റെ മുമ്പിലാണ് കുമ്പിടുന്നത് എന്ന് നാം ഉച്ചരിക്കുന്നതിൽ നിന്നും സ്പഷ്ടമാണ്.

ഞങ്ങളുടെ ആത്മത്തിന് അതിനാലെ രക്ഷയുണ്ടായി എന്ന സ്ലീബായെ ഞങ്ങൾ കുമ്പിടുന്നു. മ്ശിഹാതമ്പുരാനെ നീ വരുമ്പോൾ ഞങ്ങളെയും

www.malankaralibrary.com



ഓർത്തുകൊള്ളണമെ എന്ന് ആ കള്ളനോടുകൂടി ഞങ്ങളും ചൊല്ലുന്നു. അപ്പോൾ ഈ തടികുരിശിനെയല്ല നാം വന്ദിക്കുന്നതെന്ന് സ്പഷ്ടമാണ്.

ജ്ഞാനികളുടെ ജ്ഞാനിയായ ശലോമോൻ പറയുന്നു– "മകനെ നിന്റെ പിതാവിന്റെ കല്പന കാത്തുകൊള്ളുക. മാതാവിന്റെ ഉപദേശം നിരസിക്കുകയും അരുത്"[1] അവയേ നിന്റെ ഹൃദയത്തിൽ സദാ ഉറപ്പിച്ചുകൊള്ളുക എന്നുള്ളത്രേ പിതാവാം മ്ശിഹാതമ്പുരാന്റെ പ്രമാണം. തന്റെ മണവാട്ടിയായ പരി: സഭയിൽ കൂടി നമുക്ക് തരുന്ന ഉപദേശമാണ് ദുഃഖവെള്ളിയാഴ്ച ഇപ്രകാരം നടത്തുവാനും പ്രവർത്തിക്കുവാനും കൂടാതെ സുഭാഷിതത്തിൽ പറയുന്നു. "മകനെ എന്റെ ഉപദേശം വിസ്മരിക്കരുത്. നിന്റെ ഹൃദയം എന്റെ കല്പനകൾ പാലിക്കട്ടെ[2]"

"എന്നാൽ പലരും ക്രിസ്തുവിന്റെ കുരിശിന്റെ ശത്രുക്കളായി ജീവിക്കുന്നു എന്ന് പലപ്പോഴും നിങ്ങളോട് ഞാൻ പറഞ്ഞിട്ടുള്ളതുതന്നെ. ഇപ്പോൾ കണ്ണീരോടെ ആവർത്തിക്കുന്നു നാശമാണ് അവരുടെ അവസാനം; ഉദരമാണ് അവരുടെ ദൈവം ലജ്ജാകരമായതിൽ അവർ അഭിമാനം കൊള്ളുന്നു. ഭൗതികമായതുമാത്രം അവർ ചിന്തിക്കുന്നു[3]" എന്നാൽ നമ്മുടെ പൗരത്വം സ്വർഗ്ഗത്തിലാണ്. അവിടെ നിന്ന് ഒരു രക്ഷകനെ, കർത്താവായ യേശുക്രിസ്തുവിനെ നാം കാത്തിരിക്കുന്നു. സകലത്തെയും തനിക്ക് കീഴ്പ്പെടുത്താൻ കഴിയുന്ന ശക്തിവഴി അവൻ നമ്മുടെ ദുർബല ശരീരത്തെ തന്റെ മഹത്വമുള്ള ശരീരം പോലെ രൂപാന്തരപ്പെടുത്തും.

## കേത്താനാശീല (കുരിശ് കബറടക്കത്തിന് ഉപയോഗിക്കുന്ന തുണി)

യൗസെപ്പും നിക്കേദേമോസും കൂടി നമ്മുടെ കർത്താവിനെ കുരിശിൽ നിന്നിറക്കി തന്റെ കബറടക്കത്തിനായി തന്റെ മേൽ ചുറ്റിയ ശീലയത്രേ– കേത്താനാശീലയായി നാം വിശ്വസിക്കുന്നത്. ഇത് കർത്താവിന്റെ പുറം കുപ്പായമായും വില കല്പിക്കുന്നുണ്ട്.

കുരിശു കബറടക്കത്തിന് ഉപയോഗിച്ച വെള്ള തുണി– കുന്തിരുക്കം– പഞ്ഞി– ഇവ മറ്റൊരു ആവശ്യത്തിനും ഉപയോഗിക്കാൻ പാടില്ല– വെള്ളതുണി പല കഷണങ്ങളായി മുറിച്ചെടുത്ത് നമ്മിൽ നിന്നും വേർപെടുന്നവരുടെ മൃതശരീരത്തിൽ (മുഖം മൂടിയായി) ഉപയോഗിക്കുകയും പഞ്ഞി, കുന്തിരുക്കം എന്നിവ മൃതശരീരത്തിൽ ഇട്ട് സൈത്ത് ഒഴിച്ച് അടക്കുകയായിരുന്നു മുൻകാലങ്ങളിലെ പതിവ്. യേശുവും വലിയ പുരുഷാരവുമായി ശമറിയായിൽ കൂടി കടന്നു പോകുമ്പോൾ 12 വർഷം രക്തശ്രവക്കാരിയായിരുന്ന സ്ത്രീ ചെന്ന്

1 – സുഭാഷിതം– 6 : 20-21–
2 – സുഭാഷിതം – 3 : 1 –1
3 – പിലിഫിയർ – 3 : 18 – 20

www.malankaralibrary.com



യേശുവിന്റെ പുറംകുപ്പായത്തിൽ തൊട്ട് സുഖം പ്രാപിച്ചു. യേശു അവളോട് നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചു എന്നു പറഞ്ഞു.

***ദു:ഖവെള്ളിയാഴ്ച കുരിശ് കുമ്പിടീൽ കഴിഞ്ഞ് പള്ളിക്കകത്തെ പ്രദക്ഷിണത്തിന് ഉപയോഗിക്കുന്ന വിലാപയാത്രാഗാനം- (പകർപ്പ്)***

നിക്കേദമോസും യൗസെപ്പും കൂടി കുരിശിൽ നിന്ന് യേശുവിനെ ഇറക്കിയപ്പോൾ മാതാവായ മറിയം ഇപ്രകാരം നിലവിളിച്ചു. എന്റെ മകനെ! നീ എന്നെ വിട്ട് പോയല്ലോ എന്റെ വാത്സല്യവാനെ! നിന്നെ അവർ പിടിച്ച് വലിച്ചിഴച്ചല്ലോ ചക്കിലിട്ട മുന്തിരി പഴത്തിൽ നിന്ന് ചാറ് തുടിക്കുന്നതുപോലെ നിന്റെ ശിരസ്സിൽ നിന്ന് രക്തം ഒഴുകുന്നുവല്ലോ. നിന്റെ മാതാവായ ഞാൻ എങ്ങനെ തലതല്ലി കരയാതിരിക്കേണ്ടു; എന്റെ മകനെ ശപിക്കപ്പെട്ട യൂദന്മാർ ദുരാലോചനചെയ്ത് ചതിവാൽ നിന്നെ പിടിച്ചുവല്ലോ. നിന്റെ വേർപാടു നിമിത്തം ഉണ്ടായ നഷ്ടം പരിഹരിക്കാവുന്നതല്ല വാത്സല്യവാനെ നിന്റെ നഷ്ടം എന്റെ സമസ്തവും നഷ്ടപ്പെടുത്തിയിരിക്കുന്നു..

## യേശുവിന്റെ മരണം

വി : മർക്കോസ് - 15 : 34 - 37
വി : മത്തായി - 27 : 46 - 50
വി : ലൂക്കാ - 33 : 46 - 49
വി : യോഹന്നാൻ - 19 : 28 - 30

ഏകദേശം ഒൻപതാം മണിയായപ്പോൾ യേശു ഉച്ചത്തിൽ നിലവിളിച്ചു. ഏലോയ്- ഏലോയ്- ലെമ്മാ സബ്ക്കത്താനി - അതായത് എന്റെ ദൈവമെ- എന്റെ ദൈവമെ- നീ എന്തുകൊണ്ട് എന്നെ ഉപേക്ഷിച്ചു: (കൈവിട്ടു)

## തേജസ്കരണം

മറുരൂപ പെരുനാൾ (കൂടാരപ്പെരുന്നാൾ)
ആഗസ്റ്റ് 6-ന് കൊണ്ടാടുന്നു

യേശുവിന് ഏകദേശം 1240- വർഷങ്ങൾക്ക് മുമ്പ് ജീവിച്ച് മരിച്ച ദീർഘദർശിയായ മോശയും- 850- വർഷങ്ങൾക്ക് മുമ്പ് മരിച്ച് ജീവിച്ച് ഉടലോടെ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ട ഏലിയായും അവരോടെ കൂടെ പ്രത്യക്ഷപ്പെട്ടു. വെള്ളിമേഘം അവരെ ആവരണം ചെയ്തു. മേഘത്തിൽ നിന്ന്, "ഇവൻ എന്റെ പ്രിയ പുത്രൻ ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു. ഇവനെ ചെവികൊള്ളുവിൻ എന്നൊരു സ്വർഗ്ഗീയ ശബ്ദമുണ്ടായി"[1] ഇതുകേട്ട ക്ഷണത്തിൽ ശിഷ്യന്മാർ കവിന്നുവീണു. യേശു അടുത്ത്ചെന്ന് അവരെ തൊട്ടു. അപ്പോൾ അവർ

1- മാർക്കോസ് - 9 : 2 - 8

www.malankaralibrary.com



ദൃഷ്ടിയുയർത്തി നോക്കിയേശുവിനെയല്ലാതെ മറ്റാരെയും അവിടെ കണ്ടില്ല. യേശു അവരോട് തന്റെ ഉത്ഥാനത്തിന് ശേഷമല്ലാതെ ഇത് ആരൊടും പറയരുത് എന്നും കല്പിച്ചു.

യേശു എന്തിനായി മനുഷ്യാവതാരം എടുത്തോ അത് നിർവഹിക്കുന്നതിനുള്ള ആലോചനാ സംഘമാണ് താബോർ മലയിൽ നടന്നത് "ആദാമിനെ വീണ്ടെടുക്കുന്നത് ദൈവിക അധികാരത്താൽ താൻ ജീവനൊടെ ഇരുന്നു വേണമൊ മരിച്ചു വേണമോ എന്നുള്ള ചർച്ചാ വിഷയമായിരുന്നു"[2] ശിഷ്യന്മാരിൽ വച്ച് താൻ കൂടുതൽ സ്നേഹിച്ച പത്രോസിനെയും യാക്കോബിനെയും. യോഹന്നാനെയും കൂട്ടികൊണ്ടാണ് യേശു താബോർമലയിലേക്ക് പോയത്. അവിടെവച്ച് താൻ മറുരൂപമെടുത്തു. അപ്പോൾ അതാ തന്നോടു കൂടി മരിച്ചവരുടെ പ്രതിനിധിയായി മോശയും ജീവനോടിരിക്കുന്നവരുടെ പ്രതിനിധിയായി ഉടലോടെ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടവനായ ഏലിയാവും പ്രത്യക്ഷപ്പെട്ടു സംഭാഷണം നടത്തുന്നതായി ശിഷ്യന്മാർ കണ്ടു. പത്രോസ് തന്റെ ഗുരുവിനോട് ഞങ്ങൾ മൂന്നുകുടിലുകൾ ഇവിടെയുണ്ടാക്കാം ഒന്ന് അങ്ങേയ്ക്കും ഒന്ന് മോശയ്ക്കും ഒന്ന് ഏലിയാവിനും എന്നു പറഞ്ഞു. അപ്പോൾ തന്നെ മേഘം അവരെ മൂടുകയും ആ മേഘത്തിൽ അവർ മറിഞ്ഞു വീഴുകയും ചെയ്തു. യേശു അവരെ തൊട്ട് എഴുന്നേല്പിച്ചു. അതിനുശേഷം തന്റെ ഉയിർപ്പിന് മുമ്പ് ഇത് ആരോടും പറയരുത് എന്ന് കല്പിച്ചു.

യേശു തന്നെക്കുറിച്ചുള്ള തന്റെ ശിഷ്യന്മാരുടെ അഭിപ്രായം ചോദിച്ചപ്പോൾ പത്രോസിന്റെ വിശ്വാസം "അങ്ങ് ജീവനുള്ള ദൈവത്തിന്റെ പുത്രനാകുന്ന മ്ശിഹാ ആകുന്നു എന്ന് പറഞ്ഞപ്പോൾ യേശു പത്രോസിനോട് യൗനായുടെ പുത്രനായ ശിമയോനെ, നീ ഭാഗ്യവാനാകുന്നു; എന്തുകൊണ്ടന്നാൽ ഇവ നിനക്ക് വെളിപ്പെടുത്തിയത് ജഡരക്തങ്ങളല്ല- പിന്നയോ എന്റെ സ്വർഗ്ഗസ്ഥനായ പിതാവത്രേ."[3]

യേശു തമ്പുരാൻ പത്രോസിനൊട് അരുളിചെയ്തത് സ്വർഗ്ഗസ്ഥനായ എന്റെ പിതാവ് അത്രെ താബോർമലയിൽ വച്ചുള്ള മറുരൂപസമയത്ത് തങ്ങൾ മൂന്ന് കുടിലുകൾ ഉണ്ടാക്കാമെന്നും യേശുവിനോട് സംസാരിച്ചത് മോശയും ഏലിയാവും ആണന്നും പത്രോസിന് വെളിപ്പെടുത്തി കൊടുത്തത് എന്നാണ്.

ആ പിതാവാം ദൈവത്തിന്റെ കൃപയാലാണ് പത്രോസ് 'അങ്ങ് ജീവനുള്ള ദൈവത്തിന്റെ പുത്രനായ മ്ശിഹാ ആകുന്നു' എന്ന് പൂർണ്ണവിശ്വാസത്തോടെ പറഞ്ഞത്. തൻമൂലം ഭാഗ്യവാൻ എന്ന് പേര് ലഭിക്കുകയും സഭയുടെ സകല ചുമതലകളും, സ്വർഗ്ഗരാജ്യത്തിന്റെ താക്കോലും- കെട്ടുവാനും അഴിക്കു

2- ലൂക്കാ - 9 : 28 - 36

3- മത്തായി - 16 : 13 - 23

www.malankaralibrary.com



വാനുമുള്ള അധികാരവും ആടുകളെ മേയ്ക്കാനുള്ള അധികാരവും ലഭിച്ചു. അതാണ് പരി: കത്തോലിക്കാ സഭ.

## പരിശുദ്ധ ഗീവറുഗീസ് സഹദായുടെ ചുരുങ്ങിയ ചരിത്രം

മ്ശിഹാ കാലം - 303 - ൽ

റോമ്മാ രാജാവ് - ദദ്യാന ആയിരിക്കുമ്പോൾ സാത്താൻ ഇളകി-

കാരണം- മ്ശിഹാ തമ്പുരാൻ സ്ഥാപിച്ച സഭയിൽ സത്യവിശ്വാസം വർദ്ധിക്കുകയും തന്റെ സഭയിൽ സമാധാനം ഉണ്ടായിരുന്ന കാലത്ത്.

ദുഷ്ടകാലം - കാവ്യത്തിൽ നിന്നുള്ള കഠിനവർഷവും- ചുഴലികാറ്റും ഉണ്ടായി. ദൈവവിശ്വാസത്തിൽ നിന്നും ആളുകളെ തിരിപ്പിക്കണം ആയതിന് ബലികൾ കഴിപ്പാൻ ആളുകളെ നിർബന്ധിച്ചു. ഇതിന് വിപരീതികളെ നശിപ്പിക്കാൻ ആ ദുഷ്ടൻ തീർച്ചപ്പെടുത്തി. ആ ദുഷ്ടന്റെ ചിന്ത- മറിയത്തിന്റെ മകനെ വന്ദിക്കുന്നു, എന്നുള്ളതായിരുന്നു-

(യുദന്മാർ ക്രൂശിൽ തൂക്കിയവനെ- വിവരിക്കുക) ദദ്യാന- വന്ദിക്കുന്ന ദേവന്മാരുടെ പേരുകൾ

1- അപ്പല്ലോൻ

2- ഹേറാക്ലീസിനോൻ

3- അർത്തമീസ്-

എന്നാൽ- എപ്പസിക്കാരുടെ അർത്തമീസ്- ദേവികളിൽ വലിയവളാകുന്നു-

ദദ്യാന- രാജാവ് തന്റെ അയൽ രാജാക്കന്മാരായ നാലുപേരെ വരുത്തി അവരുമായി ആലോചിച്ച് ക്രിസ്ത്യാനികളെ മൊത്തമായി നശിപ്പിക്കുന്നതിന് തീർച്ചപ്പെടുത്തി. ആദ്യമായി ദേവൻമാരെയും ദേവികളെയും വന്ദിക്കാത്തവരെ ഭയപ്പെടുകയുള്ളു. അതിൽ വഴങ്ങാത്തവരെ കൊല്ലുക. ക്രൂരമായി കൊലപ്പെടുത്തുന്നതിനായി എല്ലാ രാജാക്കന്മാരും കൂടി നിശ്ചയിച്ച ആയുധങ്ങൾ (കൊല്ലുന്ന വിധം) ഇങ്ങനെയായിരുന്നു.

1- ജീവനോടെ നിർത്തി തൊലി ഉരിക്കുന്നവ

2- ജീവനോടെ തീയിൽ വറുക്കുന്ന ഉരുളി-

3- ജീവനോടെ പൊടിക്കുന്ന യന്ത്രം-

4- അനേകമുള്ളാണിയുള്ള ചെരുപ്പ്-

ഇവയെല്ലാം ഉണ്ടാക്കി ദേവന്മാരെ വന്ദിക്കാത്തവരുടെ മേലുള്ള ശിക്ഷയെ ഭയന്ന് പല ക്രിസ്ത്യാനികളും മൂന്നുമാസകാലം വെളിപ്പെട്ടില്ല.

എന്നാൽ രാജ്യസേനാധിപനും കപ്പദുക്കായിലുള്ള ഒരു ശ്രേഷ്ഠകുടുംബക്കാരനും ധനാഢ്യനുമായ ഗീവറുഗ്ഗീസ് എന്ന പട്ടാളമേധാവി ഈ രാജകല്പനയും ക്രിസ്ത്യാനികൾക്ക് നേരെയുള്ള നടപടികളും അറിഞ്ഞു. തന്റെ

www.malankaralibrary.com



ജോലി രാജിവച്ചു. തനിക്കുള്ളതെല്ലാം ദരിദ്രർക്കും അഗതികൾക്കും കൊടുത്തശേഷം റോമാരാജാവായ ദദ്‌യാനയുടെ മുമ്പിൽ വന്നു ക്രിസ്ത്യാനികൾക്കായി വാദിക്കാൻ തുടങ്ങി. തന്റെ വാദത്തിൽ വാക്കുതർക്കമായപ്പോൾ രാജാവിന്റെ മുഖ്യപട്ടാളമേധാവി- മഗനാത്തിയോസ്- (ഗീവറുഗ്ഗീസിനുശേഷം ചാർജ്ജ് എടുത്ത ആൾ) നിന്റെ പേര് എന്ത് എന്ന് ചോദിച്ചപ്പോൾ. ഒന്നാമത്തെ പേര് ക്രിസ്ത്യാനി രണ്ടാമത്തേത് ഗീവറുഗീസ് എന്നുപറഞ്ഞു. ഇതിൽ ക്ഷുഭിതരായ രാജാവും ന്യായാധിപന്മാരും കൂടി ആലോചിച്ച് ഗീവറുഗീസിനെ തടവിലാക്കി.

ദദ്‌യാന രാജാവ്- ഗീവറുഗീസിനോടെ നിന്റെ ദൈവം വലിയവനാണെന്ന് നീ പറയുന്നു. എന്തുകൊണ്ടാണ് അവൻ വന്ന് നിന്നെ എന്റെ കൈയിൽ നിന്നും വിടുവിക്കാത്തത് എന്ന് ചോദിച്ചു. അതിനുശേഷം രാജാവും ന്യായാധിപന്മാരും കൂടിആലോചിച്ച് ഗീവറുഗ്ഗീസിനെ വധിക്കാൻ തീരുമാനിച്ചു. ജനമദ്ധ്യേവച്ച് ഗീവറുഗ്ഗീസനെ യന്ത്രത്തിലിട്ട് വറുത്ത് പൊടിച്ച് അഗാധമായ ഒരു കുഴിയിൽ ഇട്ടു. ഭീമമായ ഒരു കല്ല് കൊണ്ട്കുഴി മൂടുകയും ചെയ്തു. എന്നാൽ കർത്താവായ ദൈവം തമ്പുരാൻ തന്റെ ദാസൻ ലാസറിനെ ഉയർപ്പിച്ചതുപോലെ തന്റെ പ്രധാന മാലാഖയായ ഗബ്രിയേലിനോട് കല്പിച്ചു. ഗീവറുഗീസിനെ ഉയർപ്പിക്കുവാൻ ഗബ്രീയേൽ മാലാഖ വന്ന് മൂടികല്ല് നീക്കി കുഴിയിൽ ഇറങ്ങി ഗീവറുഗീസിന്റെ പൊടിവാരി പഴേപടി തന്നെ ഗീവറുഗീസാക്കി. എന്തന്നാൽ ദൈവത്തിന് കഴിയാത്തത് യാതൊന്നും ഇല്ലല്ലോ- മാലാഖ- ഉടനെ തന്നെ ഗീവറുഗീസിനെ ദദ്‌യാനരാജാവിന്റെ മുമ്പിൽ ഹാജരാക്കി. ഗീവറുഗീസ് രാജാവിനോട്: മഹാരാജാവേ അങ്ങ് വറുത്ത് പൊടിച്ച് അഗാധമായ കുഴിയിൽ ഇട്ടുമൂടിയ ഗീവറുഗീസാണു ഞാൻ നിന്റെ ദേവന്മാരേക്കാൾ ജീവനുള്ള ദൈവത്തെമാണ് എന്റേത് എന്നുപറഞ്ഞു. രാജാവ് ക്രുദ്ധനായി അവനെ തടവിലാക്കാൻ ആജ്ഞാപിച്ചു. അതിനുശേഷം മറ്റ് രാജാക്കന്മാരുമായി ആലോചിച്ചശേഷം ഗീവറുഗീസിനെ തടവിൽ നിന്നും കൊണ്ടുവന്ന് ദേവന്മാരെ വന്ദിപ്പാൻ നിർബന്ധിച്ചു. അവൻ നിരോധിച്ചപ്പോൾ എങ്ങനെ ഇവനെ പരിഹാസപാത്രമാക്കേണ്ടു എന്ന ചിന്തയിൽ ആ ദേശത്തുള്ള ഒരു വിധവയുടെ കൂടെ പാർപ്പിക്കാൻ തീർച്ചപ്പെടുത്തി.

രണ്ടാമത്തെ ശിക്ഷ- രാജകല്പനപ്രകാരം പട്ടാളക്കാർ ഗീവറുഗീസിനെ വിധവയുടെ വീട്ടിൽ കൊണ്ടുവന്നു. അപ്പോൾ ഗീവറുഗീസ് ആ വിധവയോടെ എനിക്ക് വിശക്കുന്നു വല്ലതും തരിക എന്നാവശ്യപ്പെട്ടു. വിധവയുടെ പക്കൽ ഒന്നും ഇല്ലായ്കയാൽ അവൾ ആഹാരത്തിനായി അടുത്ത വീട്ടിലെക്ക് പോയി. അവൾ തിരിച്ചുവന്നപ്പോൾ വീടിന്റെ ഒരുതൂണ് കിളിർത്ത് ഫലങ്ങളൊടെ നില്ക്കുന്നതും അതുവഴി ഗീവറുഗീസിന് ഭക്ഷണം കൊടുക്കുന്നതും അവൻ ഭക്ഷിക്കുന്നതും കണ്ടു. അവൾ ഗീവറുഗീസിന്റെ മുമ്പിൽ വീണ് യാചിച്ചു.

www.malankaralibrary.com



തനിക്ക് ഒരു മകനുണ്ട് അവന് കണ്ണുകാണുകയോ ചെവി കേൾക്കുകയോ ഇല്ല. നടക്കാൻ സ്വാതന്ത്ര്യവുമില്ല. അവനെ സൗഖ്യമാക്കിത്തരണമെ എന്ന് ഗീവറുഗീസിന്റെ കാല്ക്കൽ വീണ് യാചിച്ചു– അവനെ കൊണ്ടുവരിക എന്ന ഗീവറുഗീസ് ആജ്ഞാപിച്ചു. അവൾ മകനെ എടുത്തുകൊണ്ടുവന്നു. ഗീവറുഗീസ് അവളോട് നീ യേശുക്രിസ്തുവിൽ വിശ്വസിക്കുന്നുവോ എന്ന് ചോദിച്ചു. മറുപടിയായി ഞാൻ വിശ്വസിക്കുന്നു എന്ന് ഏറ്റുപറഞ്ഞു. ഉടനെ തന്നെ ഗീവറുഗീസ് പ്രാർത്ഥിച്ച് അവന്റെ തലയിൽ കൈവച്ചു. ഉടൻ തന്നെ ബാലൻ സംസാരിക്കുകയും കാണുകയും ചെയ്തു കേൾവിശക്തിയും ലഭിച്ചു. എന്നാൽ നടക്കുന്നതിനുള്ള സ്വാതന്ത്ര്യം ലഭിച്ചിരുന്നില്ല അവൾ വീണ്ടും അപേക്ഷിച്ചു. അവനെ നടത്തി തരേണമെയെന്ന് അത് പിന്നാലെ ആയിക്കൊള്ളട്ടെയെന്ന് ഗീവറുഗീസ് പറഞ്ഞു. ഇതെല്ലാം കണ്ടുനിന്ന പട്ടാളക്കാർ വിവരം രാജാവിനെ അറിയിച്ചു. ഗീവറുഗീസിനെ വീണ്ടും തടവിലാക്കാൻ രാജാവ് കല്പിച്ചു.

രാജാവ് അതിനുശേഷം കൊട്ടാരത്തിൽ വന്ന് തന്റെ രാജ്ഞിയായ അലക്സന്ത്രായോടെ തന്റെ വീര്യപ്രവൃത്തികൾ വിവരിച്ചു അപ്പോൾ രാജ്ഞി അദ്ദേഹത്തോട് മഹാരാജാവെ ജീവനുള്ള ദൈവത്തിന്റെ ദാസനിൽ നിന്ന് അകന്ന് അവൻ ആഗ്രഹിക്കുന്ന സ്ഥലത്ത് പോകുന്നതിന് അവനെ വിടുക എന്നു പറഞ്ഞു.

രാജാവാകട്ടെ ഗർജ്ജിച്ചുകൊണ്ട് അവളോട് അലക്സന്ത്രാ രാജ്ഞിയെ നീ വഞ്ചിക്കപ്പെടരുത് എന്റെ കയ്യിൽ നിന്നും അവൻ രക്ഷപെടുകയില്ല എന്നു പറഞ്ഞു

രാജ്ഞി: നിന്ദ്യനും രക്തം ചീന്തുന്നവനും സകലമനുഷ്യരെക്കാൾ അന്യായക്കാരനുമായ നീ രക്തവും മാംസവും ഭക്ഷിക്കുവാനാഗ്രഹിക്കുന്ന നിന്റെ പിതാവായ സാത്താനോടു കൂടി നിന്റെ ഓഹരി അനുഭവിക്കും എന്നുപറഞ്ഞു.

ഗീവറുഗീസ് കുഴിയിൽ നിന്നും ഉയർത്ത് രാജസന്നിധിയിൽ വന്ന് ക്രിസ്തുവിനുവേണ്ടിവാദിക്കുന്നതും ഗീവറുഗ്ഗീസിന്റെ ശിക്ഷയും ഗീവറുഗീസിന്റെ ദൈവികവിശ്വാസവും ധൈര്യവും കണ്ട് പട്ടാളക്കാരനായ അന്തോനിയോസും സൈന്യവും നേരത്തെ ക്രിസ്തുമതം സ്വീകരിച്ചിരുന്നു. ഗീവറുഗീസ് നേരത്തെ പലതരത്തിലുമുള്ള പീഡനങ്ങൾ സഹിച്ചിരുന്നു. കൂടാതെ മുള്ളാണികൾ തറച്ച ചെരുപ്പിൽ കയറ്റി നടത്തിച്ചു. തന്റെ കാലിൽ ആരോ പനനീർ തളിച്ചുകൊണ്ടിരിക്കുന്നതായി കാണികൾ കണ്ടിരുന്നു.

രാജ്ഞിയുടെ പ്രതികരണം മൂലം രാജാവ് ക്രുദ്ധനായി തന്റെ രാജ്ഞിയെ തൊലിയുരിച്ച് കൊല്ലാൻ കല്പന വിളംബരം ചെയ്തു. ആ സമയത്ത് തടവിൽ കിടക്കുന്ന ഗീവറുഗീസിനെയും കൊണ്ട് നിർത്തണമെന്ന് ആജ്ഞാപി

www.malankaralibrary.com



ച്ചു. രാജകല്പന പ്രകാരം രാജ്ഞികൊട്ടാരത്തിൽ നിന്നും ഇറങ്ങുമ്പോൾ കൊട്ടാരവാതിൽ അടച്ചില്ല. തന്റെ മരണസമയത്ത് രാജ്ഞി ഇപ്രകാരം പ്രാർത്ഥിച്ചു: ഗീവറുഗീസിന്റെ ദൈവമെ ഞാൻ എന്റെ കൊട്ടാരവാതിൽ അടച്ചിട്ടില്ല അങ്ങ് എനിക്ക് സ്വർഗ്ഗീയ വാതിൽ തുറന്നുതരണമെ രാജ്ഞിയെ സകലരും കാൺകെ തൊലിഉരിച്ചു. അപ്പോൾ രാജ്ഞി ഗീവറുഗീസിനോട് എനിക്ക് മാമോദീസ തരിക എന്ന് അപേക്ഷിച്ചു. ഗീവർഗീസ് നീ നിന്റെ രക്തത്തിൽ മാമ്മോദീസാ സ്വീകരിച്ചിരിക്കുന്നു എന്നുപറഞ്ഞു.

ഈ രാജ്ഞിയുടെ ഓർമ്മ ആണ്ടുതോറും പരി: സഭ കൊണ്ടാടുന്നു.

ദദ്യാന രാജാവ് പിന്നെ തന്റെ ചുറ്റുപാടുമുള്ള രാജാക്കന്മാരെയും പ്രഭുക്കന്മാരെയും ന്യായാധിപന്മാരെയും ക്ഷണിച്ചു വരുത്തി. അവരോട് കൂടെ രാജാവ് സിംഹാസനത്തിലിരുന്ന് ഗീവറുഗീസിനെ തടവിൽ നിന്നും കൊണ്ടുവന്ന് അവന്റെ ദൈവത്തിന്റെ അത്ഭുതം കാണിക്കാൻ പറഞ്ഞു. 200 വർഷം മുമ്പ് മരിച്ചവരുടെ ശവകുടീരത്തിൽ കൊണ്ടുനിറുത്തി.

മൂന്നാമത്തെ അത്ഭുതം- ഗീവറുഗീസ് മരിച്ചവരെ ഉയർപ്പിച്ചു ഉയർത്തവരിൽ പലരുടെയും പേരുകൾ രാജാക്കന്മാർ ചോദിച്ചറിഞ്ഞു എങ്കിലും ഗീവറുഗീസിനെ സ്വതന്ത്രനാക്കി വിടാൻ ഭാവമില്ലാതെ അവർ ആലോചിച്ച്. ഗീവറുഗീസ് ദേവന്മാരെ വന്ദിച്ചാൽ രാജ്യത്തിന്റെ പകുതിവരെയും കൊടുക്കാമെന്നും കൂടാതെ രാജാധിപൻമാരിൽ ഒന്നാം സ്ഥാനം നൽകാമെന്നും പറഞ്ഞു.

മറുപടിയായി ഗീവറുഗീസ്- ഇത് ആദ്യമെ ആകാമായിരുന്നല്ലോ, ഈ ഏഴു വർഷം എന്നെ ശിക്ഷിക്കുകയും നികൃഷ്ട രീതിയിൽ കഷ്ടപ്പെടുത്തുകയും വേണ്ടായിരുന്നല്ലോ ആകട്ടെ നിന്റെ ദേവൻ എവിടെ അവന്റെ പേരെന്ത്.

രാജാക്കന്മാർ സന്തുഷ്ടരായി ഗീവറുഗീസ് നമ്മുടെ ദേവന്മാരെ വന്ദിക്കുവാൻ തീർച്ചപ്പെടുത്തിയിരിക്കുന്നു എന്ന് പരസ്യം ചെയ്തു. ആയത് കാണാൻ അനേക ക്രിസ്ത്യാനികളും (ഒളിവിൽ കഴിഞ്ഞവരടക്കം) ധാരാളം ജനങ്ങളും വന്നു കൂടി. കൂട്ടത്തിൽ പഴയ ആ വിധവ അവളുടെ മകനെയും എടുത്തു കൊണ്ട് വന്നിരുന്നു. ഗീവറുഗീസ് രാജാക്കന്മാരോട് നിങ്ങളുടെ ദേവന്റെ പേര് എന്ത്?

രാജാക്കന്മാർ. - സന്തുഷ്ടരായി- അപ്പല്ലോ എന്നുപറഞ്ഞു

ഗീവറുഗീസ് ഓ അപ്പല്ലോ ആ ജനക്കൂട്ടത്തിന്റെ മദ്ധ്യേ നിന്ന വിധവയുടെ മകനെ ഇറക്കിവിടുക. നടക്കാൻ കഴിവില്ലാത്തവൻ ഗീവറുഗീസിന്റെ അടുത്തുവന്നപ്പോൾ നടന്നു. അവനോട് നീ അകത്തുചെന്ന് അപ്പല്ലോ ദേവനെ പുറത്ത് വരിക എന്നു പറയുക . അവൻ അകത്തുപ്രവേശിച്ച് ഗീവറുഗീസ്

www.malankaralibrary.com



പറഞ്ഞപ്രകാരം വിളിച്ചു. ഉടൻ വലിയ അട്ടഹാസത്തോടെ ദേവൻ പുറത്തു വരികയും ഗീവറുഗീസിന്റെ മുമ്പിൽ ഭൂമി രണ്ടായി പിളരുകയും അതിൽ ദേവൻ താഴുകയും ചെയ്തു. പിളർന്ന സ്ഥലം പഴയരൂപത്തിലായി ആരും ഒരിക്കലും അറിയാൻ സാധിക്കാത്ത പ്രകാരം തന്നെ.

രാജാക്കന്മാർ ക്രുദ്ധരായി ഗീവറുഗീസിനെ ഉടനെ തന്നെ വധിക്കാൻ പട്ടാളക്കാരെ ഏല്പിച്ചു.

പട്ടാളക്കാർ രാജവിധിപ്രകാരം ഗീവറുഗീസിനെ കൊണ്ടുപോകുമ്പോൾ ഗീവറുഗ്ഗീസ് മദ്ധ്യേ വച്ച് സേവകരോട് അല്പസമയം പ്രാർത്ഥിക്കുന്നതിന് അനുവാദം അപേക്ഷിച്ചു.

പട്ടാളക്കാർ ഗീവറുഗീസിന്റെ ആഗ്രഹപ്രകാരം ചെയ്യുന്നതിനുള്ള അനുവാദം കൊടുത്തു. ഗീവറുഗീസ് ഉടനെതന്നെ വഴി മദ്ധ്യേ തന്റെ കാൽമുട്ടുമടക്കി രണ്ട് കൈകളും വിരിച്ച് സ്വർഗ്ഗത്തിലേക്ക് തന്റെ കണ്ണുകളെ ഉയർത്തി അപ്പോൾ സ്വർഗ്ഗം തുറക്കപ്പെട്ടിരിക്കുന്നതും പിതാവാം ദൈവത്തിന്റെ വലത്തുഭാഗത്ത് മ്ശിഹാതമ്പുരാൻ ഇരിക്കുന്നതും കണ്ട് ഇപ്രകാരം പ്രാർത്ഥിച്ചു. കാരുണ്യവാനായ ദൈവം തമ്പുരാനെ മനുഷ്യവർഗ്ഗത്തെ രക്ഷിപ്പാനായി അങ്ങ് മനുഷ്യനായി പിറന്ന് കഷ്ടങ്ങളും ക്രൂശ് മരണവും സഹിച്ച് ഉയർത്തെഴുന്നേറ്റ് പിതാവാം ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരുന്ന് മദ്ധ്യസ്ഥത അർപ്പിക്കുന്ന മ്ശിഹാ തമ്പുരാനെ അങ്ങേക്ക് സ്തുതി. ഈ നിന്റെ ദാസന്റെ പ്രാർത്ഥനകേൾക്കണമെയെന്ന് യാചിക്കുന്നു. ഞെരുക്കത്തിലോ ദാരിദ്രത്തിലോ- പ്രയാസത്തിലോ- ബന്ധനത്തിലോ- പിശാചുബാധയിലോ- അടിമത്വത്തിലോ- യാത്രാക്ലേശത്തിലോ- ഭവനത്തിലോ- വ്യസനത്തിലോ ഇരിക്കുന്നവർ എന്നെ വിളിച്ച് കൊണ്ട് കണ്ണീരോടുകൂടി നിന്നെ സമീപിക്കുമ്പോൾ അവർ ഏവരുടെയും കാഴ്ചനേർച്ചകളും അങ്ങ് സ്വീകരിച്ച് എന്നെ ഓർത്ത് അവരുടെ യാചനകൾക്കും അപേക്ഷകൾക്കും ആശ്വാസമറുപടി നല്കുകയും അനുഗ്രഹിക്കുകയും അവരുടെ അഭിഷ്ട കാര്യങ്ങൾ നല്കുകയും അവർക്ക് പാപമോചനവും നിത്യശാന്തിയും നൽകണമെ, പ്രത്യേകിച്ച് അവരുടെ പരേതരുടെ ആത്മാക്കൾക്കും കൃപചെയ്യണമെ എന്ന് പ്രാർത്ഥിച്ച് എഴുന്നേറ്റു.

പട്ടാളക്കാർ അതിനുശേഷം ഗീവറുഗീസിനെ കൊണ്ടുപോയി വധിച്ചു. ആ പരിശുദ്ധന്റെ മദ്ധ്യസ്ഥതയിലാണ് വിശ്വാസത്തോടെ പരി:സഭാമക്കൾ അപേക്ഷിക്കുന്നത്.

ആ പരിശുദ്ധന്റെ ഓർമ്മ ഏപ്രിൽ 23-ാം തീയതിയാണ് പരി: സഭ അർപ്പിക്കുന്ന വി: കുർബ്ബാനയുടെ അവസാനത്തിലും യാമപ്രാർത്ഥനകളുടെ അവസാനത്തിലും നാം ചൊല്ലുന്ന കുക്കിലിയോൻ ശ്രദ്ധിച്ചാൽ മതിയാകും-

എക്ക്ബോ- ഒരു പോലിങ്ങും മാർ.......

ബോവൂസൊ- പരിശുദ്ധന്മാരെ നിങ്ങൾ......

www.malankaralibrary.com



## പരിശുദ്ധഗീവറുഗീസ് സഹദായുടെ ചരിത്രം

**ഐതിഹ്യം-**

ഔറേയാന ഐതിഹ്യം- അതാണ് പരിശുദ്ധന്റെ സകല ഫോട്ടോകളിലും കാണുന്നത്

**ചരിത്രം**

ഗീവറുഗീസ്- കപ്പഡോഷ്യാ രാജ്യത്തിൽ ലിബിയ എന്ന ഗ്രാമത്തിൽ ജാതനായി. കുലീന കുടുംബക്കാരനും ധനാഢ്യനുമായിരുന്ന യൗവനക്കാരനായ ഗീവറുഗീസ് - സിലിൻ പട്ടണത്തിൽ വന്ന് പട്ടാളത്തിൽ ചേർന്നു. പട്ടാളമേധാവിയായിരുന്ന ഉദ്യോഗം സ്വീകരിച്ച് ഇരിക്കെ-സിലിൻ പട്ടണത്തിന് സമീപമുള്ള ഒരു ചതുപ്പ് നിലത്തിൽ ഭീമാകാരമായ ഒരു ഡ്രാഗൺ ജീവിച്ചിരുന്നു. അത് ചിലപ്പോൾ പുറത്തിറങ്ങി മനുഷ്യരെയും മൃഗപക്ഷാദികളെയും നശിപ്പിച്ചിരുന്നു. കൂടാതെ ചതുപ്പു വാതുക്കൽ അവന്റെ വാസമായതുകൊണ്ട് ചതുപ്പിൽ നിന്ന് വെള്ളം വരാതെയും ഇരുന്നു. ആയതിനാൽ ആ ദേശത്ത് വെള്ളക്ഷാമവും അനുഭവപ്പെട്ടിരുന്നു. ആ രാജ്യത്തെ രാജാവ് ഇതിന് പരിഹാരം കണ്ടെത്തുന്നതിനായി ക്ഷുദ്രക്കാരെയും മാന്ത്രികന്മാരെയും വരുത്തി. പ്രശ്നത്തിൽ അവരുടെ തീർപ്പ് ഇപ്രകാരമായിരുന്നു ഡ്രാഗറിന് ആഹാരത്തിനായി കൊടുക്കേണ്ടത് ഒരു കന്യക- രണ്ട് ആട്- ഒരു വണ്ടി മറ്റ് ആഹാരസാധനങ്ങൾ

രാജാവ്— അത് സമ്മതിച്ച് തന്റെ രാജ്യത്തിലെ ജനങ്ങളുടെ ജീവിതത്തിന് വേണ്ടി അപ്രകാരം ചെയ്തിരുന്നു. ഡ്രാഗൺ- പുറത്തിറങ്ങുമ്പോൾ ചതുപ്പ് വാതിൽ തുറക്കപ്പെടുകയും ഒര മാസത്തേക്കുള്ള വെള്ളക്ഷാമം മാറുകയും ചെയ്യുമായിരുന്നു ഡ്രാഗണിന് പ്രജകളിൽ നിന്ന് കന്യകയെ ചീട്ടിട്ട് വരുന്ന ക്രമത്തിൽ കൊടുത്തുകൊള്ളണമെന്നായിരുന്നു രാജകല്പന. ആ നാട്ടിലെ പ്രജകളുടെ കന്യകമാർ എല്ലാം തീർന്നു എന്നറിഞ്ഞപ്പോൾ രാജാവ് വിഷമത്തിലായി-

ജനങ്ങൾ- ഒത്തുകൂടി തീരുമാനമെടുത്ത് രാജാവിനെ അറിയിച്ചു. മഹാരാജാവിന് രാജ്യഭരണവും തന്റെ പ്രജകളെയും വേണമെങ്കിൽ അടുത്ത പ്രാവശ്യം തന്റെ ഏകമകളെ ആ ദുഷ്ടനായ ഡ്രാഗിണ് കൊടുക്കണമത്രേ-

രാജാവ്- തന്റെ വാത്സല്യ പ്രജകളുടെ പ്രസ്താവന കേട്ട് അതീവ ദുഃഖിതനായി അദ്ദേഹം ആലോചിച്ച് ഒരു രാജകല്പന പരസ്യം ചെയ്തു. അത് ഇപ്രകാരമായിരുന്നു. ഈ ദുഃഷ്ടനായ ഡ്രാഗണിൽ നിന്നും തന്റെ കന്യകയായ മകളെയും രാജ്യത്തെയും രക്ഷിക്കുന്നവർക്ക് രാജ്യ

www.malankaralibrary.com



ത്തിന്റെ പകുതിയും ഭണ്ഡാര തുകയും കൂടാതെ തന്റെ മകളെയും വിവാഹം ചെയ്യിച്ച് കൊടുത്തുകൊള്ളാമെന്നതായിരുന്നു ആ കൽപ്പന.

പരസ്യം കണ്ട പട്ടാളക്കാരൻ ഗീവറുഗീസ് തന്റെ പേര് വയ്ക്കാതെ ഒരു മറുപടി പരസ്യം ചെയ്തു അത് ഇപ്രകാരമായിരുന്നു.

നസ്രായനായ യേശുക്രിസ്തുവിൽ വിശ്വസിച്ച് മാമ്മോദീസാ സ്വീകരിച്ച് ക്രിസ്ത്യാനികളാകാൻ രാജാവും പ്രജകളും തയ്യാറാണെങ്കിൽ ആ ദുഃഷ്ട ജീവിയിൽ നിന്നും കന്യകയേയും രാജ്യത്തെയും രക്ഷിക്കാം. രാജാവും പ്രജകളും സന്തോഷത്തോടെ ഈ പരസ്യം സ്വീകരിച്ച് അപ്രകാരം ചെയ്ത്കൊള്ളാമെന്ന് വീണ്ടും പരസ്യം ചെയ്തു. എന്നാൽ ആ ദിവസം വരെ രക്ഷിക്കാമെന്ന് പറഞ്ഞ് പരസ്യപ്പെടുത്തിയ ആൾ പ്രത്യക്ഷപ്പെട്ടില്ല. രാജാവും പ്രജകളും അതീവ ദുഃഖിതരായി.

പുറപ്പാട് – വാഗ്ദത്ത ദിവസം തന്നെ കന്യകയേയും– ആടിനെയും ആഹാര സാധനങ്ങളും ആ ദുഃഷ്ടന്റെ വാസസ്ഥലത്തിന് സമീപം എത്തിച്ച ശേഷം എല്ലാവരും ദുഃഖത്തോടെ മടങ്ങിപ്പോയി. മറ്റ് ആരും തന്നെ അവിടെ സമീപത്ത് നില്ക്കാൻ പാടില്ലായിരുന്നു.

അയാൾ അതാ ഒരു പട്ടാളക്കാരൻ തന്റെ പാൽ വെണ്മയുള്ള കുതിരപ്പുറത്ത് തന്റെ ശൂലവുമായി വരുന്നത് രാജകുമാരി കണ്ടു. അവൾ നിന്നതിന്റെ അരികത്ത് കുതിരയുടെ കടിഞ്ഞാൺ പിടിച്ചുനിറുത്തി. ഒറ്റയ്ക്കുനിന്ന രാജകുമാരിയോടെ വിവരം ചോദിച്ചറിഞ്ഞശേഷം ആ പട്ടാളക്കാരൻ ഗീവറുഗീസ് ആ ദുഃഷ്ട ഡ്രാഗൺ എവിടെയെന്ന് ചോദിച്ചപ്പോൾ രാജകുമാരി ചൂണ്ടികാണിച്ചുകൊടുത്തു. ഗീവറുഗീസ് കുതിരപ്പുറത്ത് തന്നെ ചെന്ന് ചതുപ്പുവാതിൽ അടഞ്ഞു കിടക്കുന്ന ഡ്രാഗണിനെ കണ്ടു. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഞാൻ നിന്നെ വിളിക്കുന്നു ദുഃഷ്ടനായ ഡ്രാഗണേ– പുറത്തുവരിക. ആ സർപ്പം ഗർജ്ജിച്ചു കൊണ്ട് പുറത്തുവരികയും അവന്റെ വാൽ പാൽവെണ്മ കുതിരയുടെ കാലിൽ ചുറ്റുകയും ചെയ്തപ്പോൾ ആ ദുഃഷ്ടഡ്രാഗണിന്റെ വായിൽ ഗീവറുഗീസ് പട്ടാള ശൂലം കുത്തിയിറക്കി ആ ദുഷ്ടനെ വധിച്ചു. തന്റെ അരയിലെ വാളുകൊണ്ട് അതിനെ അശേഷം നിഗ്രഹിച്ചു.

അതിന്റെ ശവം മറവുചെയ്യാൻ കൊണ്ടുപോകുന്നതിന് നാല് വണ്ടികൾ ആവശ്യമായിരുന്നത്രേ– അവന്റെ രക്തം വെള്ളത്തിൽ കലർന്നതുമാറി ശുദ്ധജലമാക്കാൻ മൂന്നുദിവസം വേണ്ടിവന്നതായി ചരിത്രകാരൻ രേഖപ്പെടുത്തിയിരിക്കുന്നു.

രാജാവ് – വളരെ സന്തുഷ്ടനായി തന്റെ പരസ്യകല്പന പ്രകാരം ചെയ്യാൻ തീർച്ചപ്പെടുത്തി. ഭണ്ഡാര തുക മുഴുവനും ഗീവറുഗീസിന് കൊടുത്തു

www.malankaralibrary.com



കൊള്ളുവാനും തന്റെ ഏക മകളെ വിവാഹം കഴിപ്പിച്ചു കൊടുക്കുവാനും തന്നെ.

ഗീവറുഗീസ് തനിക്ക് വിവാഹം ആവശ്യമില്ലന്നും സമ്മാനമായ തുക സാധുക്കൾക്കും ദരിദ്രർക്കും ദാനം ചെയ്യുന്നതിനും നിർദ്ദേശിച്ചു. എന്നാൽ രാജാവും പ്രജകളും ക്രിസ്തുമതം സ്വീകരിക്കുക എന്നതിൽ നിന്ന് പിൻമാറാൻ പാടില്ലന്നും ധൈര്യസമേതം പറഞ്ഞു.

പ്രജകൾ അവർക്ക് ലഭിച്ച സൗഭാഗ്യത്തിൽ സന്തുഷ്ടരായി അന്നു തന്നെ-പതിനയ്യായിരത്തിൽ പരം ആളുകൾ മാമ്മോദീസാ സ്വീകരിച്ച് ക്രിസ്തു മതത്തിൽ ചേർന്ന് സത്യ ക്രിസ്ത്യാനികളായി.

രാജാവ് ഗീവറുഗീസിന്റെ രക്തസാക്ഷിത്വത്തിനു ശേഷമാണ് ക്രിസ്തുമതം സ്വീകരിച്ചത്.

ചക്രവർത്തി- കോൺസ്റ്റന്റെസിൽ ചക്രവർത്തി ക്രിസ്തീയ വിശ്വാസം സ്വീകരിക്കുന്നതിന് മുമ്പ്- ഗീവറുഗീസ് (സഹദാ) ഡേഷ്യസിന്റെ മതപീഡനകാലത്ത് പാലസ്തീനായിലെ ഡിയാപ്പോലീസ് എന്ന സ്ഥലത്തുവച്ച് പീഡനം അനുഭവിക്കുകയും രക്തസാക്ഷിയാകുകയും ചെയ്തു. ആറാം നൂറ്റാണ്ടുമുതൽ ലിഡാഡ്രിയാപ്പോലീസ് വി: ഗീവറുഗീസ് സഹദായുടെ തിരുശേഷിപ്പ് നിക്ഷേപിച്ചിരുന്ന സ്ഥലമായി അറിയപ്പെട്ടിരുന്നു

ഹിന്ദുവിശ്വാസം- കാളിയൻ എന്ന കരാളസർപ്പം യമുനാ നദിയിൽ കിടന്ന് പരോപദ്രവം ചെയ്തിരുന്നതിനാൽ ശ്രീകൃഷ്ണൻ അതിനെ മർദ്ദിച്ച് കീഴടക്കി ആ സ്ഥലവാസികളെ രക്ഷിച്ചു എന്ന് ഐതിഹ്യം വിശ്വസിച്ചുപോരുന്ന ഭാരതീയർക്ക്- വി: ഗീവറുഗീസ് സഹദായെക്കുറിച്ചുള്ള ഐതിഹ്യം അവിശ്വനീയമാകുകയില്ലല്ലോ.

ഇംഗ്ലണ്ടിന്റെ മദ്ധ്യസ്ഥൻ- വി: ഗീവറുഗീസ് സഹദായെ പാശ്ചാത്യരും പൗരസ്ത്യരും ഒന്നുപോലെ ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്യുന്നു. വ്യക്തികളും ദേവാലയങ്ങളും മാത്രമല്ല രാജ്യങ്ങളും തങ്ങളുടെ സംരക്ഷകനായി സ്വീകരിച്ചിരിക്കുന്നു. A.D-അഞ്ചാം നൂറ്റാണ്ടിനുമുമ്പുതന്നെ ഇംഗ്ലണ്ടിന്റെ മദ്ധ്യസ്ഥനായി വി: ഗീവറുഗീസ് സഹദ-വണങ്ങപ്പെട്ടിരുന്നു- ആ രാജ്യത്തെ പൂർവ്വകാല നാണയങ്ങളിൽ വി: ഗീവറുഗീസ് സഹദായുടെ രൂപം ആലേഖനം ചെയ്തിരിക്കുന്നതുതന്നെ ഇതിന് തെളിവാണ്.

ആ വിശുദ്ധ ഗീവറുഗീസ്സഹദായുടെ മദ്ധ്യസ്ഥതമൂലം ആത്മീയ സഹായം കിട്ടുന്നു എന്നു മാത്രമല്ല ആ പാൽ വെണ്മ കുതിരയുടെ കുളമ്പടി ശബ്ദം പോലും കേട്ടിരുന്നു എന്ന് അവകാശപ്പെടുന്ന പലരും ഇന്നും നമ്മുടെ നാട്ടിലുണ്ട്.

www.malankaralibrary.com



എന്റെ ചെവിക്ക് കേട്ടവിവരം എന്റെ കുടുംബചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

## വി: ഗീവറുഗീസ് സഹദായുടെ പാൽ വെണ്മയുള്ള കുതിരയുടെ കുളമ്പടികേട്ട സംഭവകഥ

സംഭവം നടന്നത് കൊല്ലവർഷം- 1094- വൃശ്ചികം- 5-ാം തീയതിയാണ്. ആ കാലയളവിൽ എനിക്ക് പത്ത് വയസ് പൂർത്തിയാകാൻ രണ്ട് മാസം കൂടി വേണം.

പരേതനായ എന്റെ വാത്സല്യപിതാവ് കൗങ്ങും പള്ളിൽ കുഞ്ഞുമ്മൻ വർഗ്ഗീസ് കുടുംബസമേതം താമസിച്ചിരുന്നത് കൂടൽ ചന്തയ്ക്കും റോഡിനും സമീപമുള്ള കൗങ്ങുംപള്ളിയിൽ വീട്ടിലായിരുന്നു. പിതാവും മാതാവും ജ്യേഷ്ഠനും ഞാനും എന്റെ സഹോദരിയും. സഹോദരിക്ക് അന്ന് ഒരു വയസ് മാത്രം.

എന്റെ വാത്സല്യപിതാവ് പ്രാർത്ഥനാ ജീവിതക്കാരനും പരിശുദ്ധ ദൈവ മാതാവിനോടും പരി:ഗീവറുഗീസ് സഹദായോടുമുള്ള പ്രത്യേക മദ്ധ്യസ്ഥത യിൽ വിശ്വാസിയും അവരുടെ പെരുന്നാളുകൾ കഴിവുപോലെ അതാത് സമയത്ത് നടത്തിയും വന്നിരുന്നു. കൂടാതെ ഒരു പണ്ഡിതനുമായിരുന്നു-

വ്യാപാരമായിരുന്നു ജോലി. തനിച്ചും കൂട്ടുകൂടിയും വ്യാപാരം നടത്തിയിരുന്നു. കൂട്ടുവ്യാപാരത്തിന് കൂടലിൽ പുതുപറമ്പിൽ പരേതനായ മാത്തനും പൂവണ്ണാൽ പരേതനായ മാത്തുണ്ണിയുമായിരുന്നു പങ്കാളികൾ. ആ കാലയളവിൽ ചെങ്കോട്ടയിൽ നിന്നും ഇവർക്ക് കുറെ മാവിൻ പലകക്കുള്ള ഓർഡർ കിട്ടി- അപ്രകാരം രണ്ട് കാളവണ്ടി പലക കൊണ്ടു കൊടുത്തു. അതിനു ശേഷം പത്തുവണ്ടി പലകയ്ക്കുള്ള ഓർഡറും അഡ്വാൻസും ലഭിച്ചു. അതും പ്രകാരം പലകയും ശേഖരിച്ചു. എന്നാൽ ആ കാലത്ത് കൂടലിൽ ആകെ രണ്ട് കാളവണ്ടിയെ ഉണ്ടായിരുന്നുള്ളൂ. ആയതിനാൽ പത്തനാപുരം പുതുവൽ ഏഴംകുളം എന്നീ സ്ഥലങ്ങളിൽ നിന്നും കാളവണ്ടികൾ വരുത്തി. പലകകൾ കയറ്റി പത്തുവണ്ടികൾ ചെങ്കോട്ടയ്ക്ക് പോയി. രണ്ടു ദിവസത്തിനു ശേഷം അവിടെ എത്തി വ്യാപാരവും കഴിഞ്ഞു. എന്നാൽ തിരിച്ചുപോരാൻ രണ്ടുദിവസം കൂടി വേണ്ടിവന്നു. ഈ അവസരം പകർച്ചവ്യാധിയായ കോളറാ ആ സ്ഥലത്ത് പിടിപ്പെട്ടിരുന്നു. ഞങ്ങൾക്കും കോളറ പിടിച്ചു. ഏഴംകുളത്തു നിന്നു വന്ന വണ്ടിക്കാരിൽ ഒരാൾ മരിച്ചു. മൃതശരീരം കൊണ്ട് വന്ന് പറക്കോട്ട് പള്ളിവക ശവകോട്ടയിൽ അടക്കി. മറ്റ് പലർക്കും കോളറ ബാധിച്ചു. അധികം പേർക്കും അത്ര ശക്തിയായില്ല. എന്റെ പിതാവിനും പുതുപറമ്പിൽ മാത്തനും പൂവണ്ണാൽ മാത്തുണ്ണിക്കും അല്പം കൂടുതലായി ബാധിച്ചു. അവരവരുടെ വീടുകളിൽ കിടപ്പായി. ആ കാലത്ത് കൂടൽ പ്രദേശത്ത് ആശുപ

www.malankaralibrary.com



ത്രിയോ ഡോക്ടറോ ഇല്ലായിരുന്നു. അടൂർ എന്ന സ്ഥലത്ത് ഒരു ഗവർമെന്റ് ആശുപത്രിമാത്രമായിരുന്നു ഉണ്ടായിരുന്നത്. അവിടെ രോഗികളെ എത്തിക്കാനും മറ്റും ബുദ്ധിമുണ്ടായിരുന്നു. കോളറാപകരുന്ന വ്യാധിയായതുകാരണം മറ്റ് ആൾക്കാർക്ക് അടുക്കാനും ഭയമായിരുന്നു.

പിന്നീട് കലഞ്ഞൂർ അമ്പലത്തിന് തെക്കുവശം താമസക്കാരനും ചികിത്സാപാരമ്പര്യവും ഉള്ളയാളുമായ പത്മനാഭൻ കണിയാരെ സമീപിച്ചു. കോളറ പകർച്ചവ്യാധി ആയതിനാൽ രോഗിയെ കണ്ട് ചികിത്സിക്കാൻ ഭയമായിരുന്നു. അതിനാൽ നാട്ടുമരുന്നും ചില അങ്ങാടി മരുന്നും ചേർത്തുള്ള കഷായത്തിന്റെ നീണ്ട കുറിപ്പടി ലഭിച്ചു. അതുപ്രകാരം കഷായം ഉണ്ടാക്കി രോഗികൾക്ക് കൊടുത്തുകൊണ്ടിരുന്നു.

രോഗം മൂലം പൂവണ്ണാൽ മാത്തുണ്ണി-1094-വൃശ്ചികം 5-ാം തീയതി -4-മണിക്ക് കർത്താവിൽ നിദ്ര പ്രാപിച്ചു. ഈ വിവരം -5-മണിയോടുകൂടി എന്റെ പിതാവും അറിഞ്ഞു. കിടന്ന കിടപ്പിൽ നെഞ്ചത്ത് രണ്ടുകൈയ്യുംകൊണ്ട് അടിച്ചുകൊണ്ട് എന്റെ അമ്മേ എന്റെ ഗീവറുഗീസ് സഹദായെ എന്ന് ഉച്ചത്തിൽ നിലവിളിച്ച് പ്രാർത്ഥിക്കുന്നത് അടുത്ത് നിന്ന് കേൾക്കാനും കാണാനും ഇടയായി. അതിനുശേഷം എന്റെ പിതാവ് വളരെ ക്ഷീണിതനായിരുന്നു എന്ന് എന്റെ വാത്സല്യമാതാവ് പറഞ്ഞിരുന്നു. അന്ന് അതായത് 5-ാം തീയതി സന്ധ്യയ്ക്ക് ഞങ്ങൾ ഭക്ഷണം കഴിച്ച് പിതാവിന്റെ അരികിൽ കട്ടിലിനുതാഴെ പായ് വിരിച്ച് കിടന്നു. ഞങ്ങളുടെ അമ്മയും അടുത്തുതന്നെ കിടന്നിരുന്നു. ഒരു ഓട്ട മണ്ണെണ്ണ വിളക്ക് കത്തികൊണ്ടിരുന്നു. ഏകദേശം രാത്രി രണ്ടുമണിക്കുശേഷം. രോഗത്താൽ ക്ഷീണിതനായിരുന്ന ഞങ്ങളുടെ പിതാവ് ചാടി എഴുന്നേറ്റിരുന്ന് രണ്ടുകൈയ്യും നെഞ്ചത്തടിച്ച് എന്റെ ഗീവറുഗീസ് സഹദായെ എന്ന് ഉച്ചത്തിൽ വിളിച്ച് പ്രാർത്ഥിക്കുന്ന ശബ്ദം കേട്ട് ഞാനും എന്റെ ജ്യേഷ്ഠനും ഇളയസഹോദരിയും ഉണർന്നു. അപ്പോൾ ഞങ്ങളുടെ പിതാവ് ഞങ്ങളോട് പറഞ്ഞു നിങ്ങൾ കേൾക്കുന്നില്ലേ ആ കുതിരയുടെ കുളമ്പടി ശബ്ദം ഞങ്ങളുടെ വീടിന് അല്പം തെക്ക് ഒരു തോടും തോടിനു മീതെ തടി പാലവുമായിരുന്നു. ആ പാലത്തിൽ കയറിയ കുളമ്പടി ശബ്ദം ഞങ്ങളുടെ വീട് കഴിഞ്ഞ് അല്പം വടക്കുവശത്തായി ചെറിയ തോടും കലുങ്കും കഴിയും വരെ കേൾക്കാമായിരുന്നു. അതുപോലെ അവിടെ നിന്നു തെക്കോട്ട് തിരിച്ച് തടിപ്പാലം കയറുന്നതുവരെ നല്ലതുപോലെ ഞങ്ങൾ കേട്ടു. അല്പം കഴിഞ്ഞ് ഞങ്ങളുടെ പിതാവ് അമ്മയോടെ കുളിക്കാൻ വെള്ളം ചൂടാക്കാൻ പറഞ്ഞു കുളി കഴിഞ്ഞ് കുറെ ചൂട് കഞ്ഞികുടിച്ചു. വസ്ത്രം മാറി തലേ ദിവസം മരിച്ച പൂവണ്ണാൽ മാത്തുണ്ണിയുടെ വീട്ടിൽ പോയി. അപ്പോഴേക്കും നേരം പ്രഭാതമായിരുന്നു അധികം താമസിയാതെ തന്നെ കൂടൽ സെന്റ് പോൾസ് യാക്കോബായ പള്ളി വികാരി ബ: തോമസ് പാറയ്ക്കൽ അച്ചനും

www.malankaralibrary.com



വന്നുചേർന്നു. മാത്തുണ്ണിയുടെ മൃതശരീരം സെന്റ് പോൾസ് പള്ളി സെമിത്തേരിയിൽ അടക്കം ചെയ്തു. ശവസംസ്ക്കാരശുശ്രൂഷകളിൽ ആദ്യവസാനം എന്റെ പിതാവ് സംബന്ധിച്ചതിനുശേഷം പുതുപ്പറമ്പിൽ മാത്തന്റെ വീട്ടിൽ ചെന്ന് പ്രാർത്ഥിച്ച് മാത്തനെ എഴുന്നേല്പിച്ച് കുറച്ച് കഞ്ഞി കുടിപ്പിച്ചു. തുടർന്ന് വീട്ടിൽ വന്നു. പിന്നീട് എന്റെ പിതാവിനോ പുതുപറമ്പിൽ മാത്തനോ രോഗത്തിന്റെ യാതൊരു വിധകുഴപ്പവും ഇല്ലാതായി. ദൈവകൃപയാൽ രണ്ടു പേരും പഴയജോലിയിൽ പ്രവേശിച്ചു.

പരിശുദ്ധ ഗീവറുഗീസ് സഹദായുടെ ഈ സംഭവകഥ എന്റെകുടുംബചരിത്രത്തിൽ കൊടുത്തിരിക്കുന്നതിനാൽകൂടുതൽ വിവരിക്കുന്നില്ല.

www.malankaralibrary.com

# അനുബന്ധം

## ദു:ഖവെള്ളിയാഴ്ച പാടാവുന്ന പാട്ട്

### പാട്ട് I

1 രക്ഷിതാവിനെ- കാൺക പാപി
നിന്റെ- പേർക്കല്ലയോ- ക്രൂശിന്മേൽ തൂങ്ങുന്നു - (2)

2 കാൽവറി മലമേൽ- നോക്കു നീ-
കാൽകരം ചേർന്നിതാ- ആണിമേൽ തൂങ്ങുന്നു - (2)

3 ധ്യാന പീഠമതിൽ- കയറി
ഉള്ളിലെ കണ്ണുകൾ- കൊണ്ടു നീ കാണുക - (2)

4 പാപത്തിൽ ജീവിക്കും പാപിയേ
നിന്റെ പേർക്കല്ലയോ- തൂങ്ങുന്നീ-രക്ഷകൻ - (2)

5 തള്ളുക നിന്റെ പാപമെല്ലാം
കള്ളമേതും നിനയ്ക്കേണ്ട നി-ന്നുള്ളിൽ നീ - (2)

6 ഉള്ളം- നീ- മുഴുവൻ- തുറന്നു
തള്ളയാം- മേശുവിൽ- കയ്യിലേല്പിക്ക നീ- (2)

### പാട്ട് II

1 ക്രൂശിന്മേൽ ക്രൂശിന്മേൽ കാണുന്നതാരിതാ
പ്രാണനാഥൻ പ്രാണനാഥൻ എൻ പേർക്കായി ചാകുന്നു

2 ആത്മാവെ! പാപത്തിൻ കാഴ്ച നീ കാണുക
ദൈവത്തിൻ പുത്രാ നീ ശാപത്തിലായല്ലോ

www.malankaralibrary.com



3 ഇത്രമാം സ്നേഹത്തെ എത്രനാൾ തള്ളി ഞാൻ
ഈ മഹാ പാപത്തെ ദൈവമെ ഓർക്കല്ലെ

4 പാപത്തേ സ്നേഹിപ്പാൻ ഞാനിനി പോകുമൊ
ദൈവത്തിൽ പൈതലായി ജീവിക്കും ഞാനിനി

5 കഷ്ടങ്ങൾ വന്നാലും നഷ്ടങ്ങൾ വന്നാലും
ക്രൂശിന്മേൽ കാണുന്ന സ്നേഹത്തെ ഓർക്കും ഞാൻ

6 ശത്രുക്കൾ നിന്ദയും ദൂഷ്യവും ചെയ്യുമ്പോൾ
ക്രൂശിന്മേൽ കാണുന്ന സ്നേഹത്തെ ഓർക്കും ഞാൻ

7 പാപത്തിൻ ശോധന കേമമായി വരുമ്പോൾ
ക്രൂശിന്മേൽ കാണുന്ന സ്നേഹത്തെ ഓർക്കും ഞാൻ

8 ആപത്തിൻ ഓളങ്ങൾ സാധുവെ തള്ളുമ്പോൾ
ക്രൂശിന്മേൽ കാണുന്ന സ്നേഹത്തെ ഓർക്കും ഞാൻ

9 ശത്രുത്വം വർദ്ധിച്ചാൽ പീഡകൾ കൂടിയാൽ
ക്രൂശിന്മേൽ കാണുന്ന സ്നേഹത്തെ ഓർക്കും ഞാൻ

10 ആത്മാവെ! ഓർക്ക നീ ഈ മഹാ സ്നേഹത്തെ
ദൈവത്തിൻ പുത്രാ! നീ സാധുവെ സ്നേഹിച്ചു.

## കുടുംബപാരമ്പര്യമുള്ള ഒരു സ്ത്രീയുടെ കഥ

സാധാരണ ധനസ്ഥിതിയുള്ള ഒരു ക്രിസ്തീയ കുടുംബത്തിൽ വിധവയായ ഒരു അമ്മയും- മകനും താമസിച്ചിരുന്നു മകനെ പഠിപ്പിച്ച് എം. എ പാസാക്കി. ഇനിയും മകനെ കൊണ്ട് ഒരു കല്ല്യാണം കഴിപ്പിക്കണം എന്ന അമ്മയുടെ ആഗ്രഹത്താൽ അമ്മയുടെ ഒരു സഹോദരൻ മൂലം ആലോചനയും ആരംഭിച്ചു. എന്നാൽ ഒരു നല്ല കുടുംബത്തിൽ നിന്നും സുന്ദരിയും- ബി.എ-ക്കാരിയുമായ ഒരു പെണ്ണിനെ കൊണ്ട് മകന്റെ വിവാഹം നടത്തുവാൻ അമ്മയ്ക്ക് സാധിച്ചു. ആയതിൽ അമ്മ വളരെ സന്തുഷ്ടയുമാണ്. വിവാഹത്തിനുശേഷം ബന്ധുസല്ക്കാരങ്ങളും സ്വീകരണങ്ങളും അനുമോദനങ്ങളും എല്ലാം കഴിഞ്ഞ് വീട്ടിൽ വന്നു. ഒരു ദിവസം രാവിലെയുള്ള കാപ്പികുടി സമയമായപ്പോൾ മരുമകൾ മേശപ്പുറത്ത് സകലതും കൊണ്ടുവച്ചശേഷം- രണ്ട്- പ്ലേറ്റും- രണ്ട് ഗ്ലാസും കൊണ്ടുവച്ചു. എന്നാൽ അമ്മ കടന്നുവന്നപ്പോൾ- മേശ

www.malankaralibrary.com



പ്പുറത്ത് പലഹാരങ്ങളും കാപ്പിയും ഇരിക്കുന്നതുകണ്ടു. എന്നാൽ അമ്മ മരുമകളോട് രണ്ട് പ്ലേറ്റും രണ്ട് ഗ്ലാസും എന്തിനാണന്ന് ചോദിച്ചു. ഞങ്ങൾക്ക് കാപ്പി കുടിക്കാനാണന്ന് മരുമകൾ പറഞ്ഞു. ഇതുകേട്ട അമ്മ ഗൗരവത്തിൽ ഇതിവിടെ പറ്റുകയില്ല. അവൻ കാപ്പി കുടിച്ചുകഴിഞ്ഞിട്ട് നീ അകത്തുപോയി കാപ്പികുടിച്ച് കൊള്ളണം- എന്ന് ആജ്ഞാപിച്ചിട്ട് പുറത്തുപോയി മരുമകൾ അതനുസരിച്ചു എങ്കിലും ദു:ഖത്തോടെ പോകുമ്പോൾ മുടിഞ്ഞു പോകട്ടെ- എന്ന് പറഞ്ഞുകൊണ്ടാണ് പോയത് എന്നാൽ ഇവരുടെ ഭക്ഷണമുറിയുടെ കിഴക്കുവശത്തെ വാതിലിൽ മനോഹരമായ കൂട്ടിൽ ഒരു പഞ്ചവർണ്ണ തത്തയെ വളർത്തുന്നുണ്ടായിരുന്നു. മരുമകൾ വാതിൽ കടന്ന് അകത്തെക്ക് പോകുമ്പോൾ- മുടിഞ്ഞു-പോകട്ടെ- എന്ന് പറഞ്ഞ വാചകം തത്ത പഠിച്ചു ഏറ്റുപാടി തുടങ്ങി. ആരുടെ എങ്കിലും കാൽ ശബ്ദം കേട്ടാൽ ഉടനെ തന്നെ തത്ത മുടിഞ്ഞുപോകട്ടെ- എന്ന് ശബ്ദിക്കും- ഒരു ദിവസം ഭാര്യാഭർത്താക്കന്മാർ അല്പം നടക്കാനായി ഡ്രസ്സ് മാറി നില്ക്കുന്നതുകണ്ട് അമ്മ നിങ്ങൾ ഇപ്പോൾ എവിടെ പോകുന്നു എന്ന് ചോദിച്ചു - ഞങ്ങൾ അല്പം നടക്കാൻ പോകുകയാണന്ന് മരുമകൾ പറഞ്ഞു- അത് ഇവിടെ പറ്റുകയില്ല എന്ന് അമ്മ ഗൗരവത്തോടെ പറഞ്ഞു. ഇത് കേട്ട മരുമകൾ അതനുസരിച്ച് അകത്തെക്ക് പോകുമ്പോൾ അവൾ, മുടിഞ്ഞ് പോകട്ടെ എന്നുപറഞ്ഞു- എന്തിന് തത്തക്കും അത് മനപാഠമായി. അമ്മേ കണ്ടാലും മറ്റ് ആരെകണ്ടാലും തത്ത ഇതുതന്നെ ആവർത്തിച്ചിരുന്നു- ഇതിൽ ദു:ഖിതയായ അമ്മ- തത്തയെ-കൊല്ലാനൊ-തുറന്നുവിടാനൊ മനസ്സ് തോന്നിയില്ല- മനോഹരമായിട്ട്- പാലും പഴവും കൊടുത്ത് വളർത്തിയ തത്ത- അതെല്ലാം ഓർത്ത് അതിനെ നശിപ്പിക്കാൻ മനസ്സ് തോന്നുന്നുമില്ല.

ഇങ്ങനെ ചിന്തിച്ച് അമ്മ ദു:ഖത്തിൽ കഴിയുമ്പോൾ ഒരു ദിവസം ഇടവക വികാരി അച്ചനും കപ്യാരും കൂടി വീട് സന്ദർശനത്തിനുവന്നു- അച്ചനും കപ്യാരും ചോദിച്ചു സുഖമല്ലേ- മകനും മരുമകളും സുഖമായിരിക്കുന്നല്ലേ- എന്നും മറ്റും ചോദിച്ചു. അമ്മ- എന്റെ ബ: അച്ചാ- ദൈവകൃപയാൽ ഒരു കുറവുമില്ല. മകനും മകളും വളരെ സന്തോഷത്തോടെ ജീവിക്കുന്നു. അതിനുശേഷം അച്ചനും മറ്റും കാപ്പികുടി കഴിഞ്ഞ് നമുക്ക് ഒന്ന് പ്രാർത്ഥിക്കാമെന്നു പറഞ്ഞു. അതിനു മുമ്പായി വീട്ടമ്മ അച്ചാ എനിക്കൊരു ദു:ഖമുണ്ട്. ഇതുകേട്ട അച്ചൻ ആരാഞ്ഞു അതെന്താ- ഞാൻ ഓമനിച്ചുവളർത്തിയ ഒരു തത്തയുണ്ട് അത് എന്നെ കാണുമ്പോൾ മുടിഞ്ഞുപോകട്ടെ- എന്നാണ് ശബ്ദിക്കുന്നത്. അതിനെ കൊല്ലാൻ മനസ്സുവരുന്നില്ല. അച്ചൻ പറഞ്ഞു അത് സാരമില്ല അതിന് ഞാൻ ഒരുവഴി പറഞ്ഞുതരാം. ഞാൻ പള്ളിമേടയിൽ ഒരു തത്തയെ വളർത്തുന്നുണ്ട് അത് എപ്പോഴും ശബ്ദിക്കുന്നത് കർത്താവെ! എന്റെ പ്രാർത്ഥന കേൾക്കണമെ- എന്നാണ് അതിനെ ഞാൻ കൊടുത്തയ

www.malankaralibrary.com



ക്കാംനിങ്ങളുടെ തത്തക്കൂടിനടുത്ത് എന്റെ തത്തകൂട് കൂടി തൂക്കിഇടണം- അത് ശബ്ദിക്കുന്നതുകേട്ട് ഇതും പഠിച്ചുകൊള്ളും. അച്ചൻ പ്രാർത്ഥന നട ത്തിതിരിച്ചുപോയി. പറഞ്ഞ പ്രകാരം അച്ചൻ കൂടൊടുകൂടി തത്തയെ കൊടു ത്തുവിട്ടു. വളരെ സന്തോഷത്തോടെ അമ്മ തന്റെ തത്തകൂടി നടുത്ത് അച്ചന്റെ തത്തകൂടും തൂക്കിയിട്ടു. വീട്ടമ്മയുടെ തത്ത മുടിഞ്ഞു പോകട്ടെ എന്ന് ശബ്ദി ച്ചാൽ ഉടൻ അച്ചന്റെ തത്ത കർത്താവെ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണെ എന്ന് ശബ്ദിക്കും. ഇത് പല പ്രാവശ്യം ആയപ്പോൾ വീട്ടമ്മയ്ക്ക് കൂടുതൽ ദു:ഖമായി- മുടിഞ്ഞുപോകണം എന്ന് പറയുന്നത് കർത്താവ് കേൾക്കണം എന്നായി- താമസിയാതെ തന്നെ അച്ചന്റെ തത്തയെ വീട്ടമ്മ തിരികെ കൊടു ത്തയച്ചു- (ചിന്താവിഷയം എടുത്തുകൊള്ളുക)

## ഒരമ്മ മകനോടുപറഞ്ഞ കഥ

ഒരു കുടുംബത്തിൽ ഒരമ്മക്ക് ഏകമകനുണ്ടായിരുന്നു അവനെകൊണ്ട് വിവാഹവും കഴിപ്പിച്ചു. എന്നാൽ ഭാര്യക്ക് ഭർത്താവിന്റെ വീട്ടിലെ താമസം അത്ര തൃപ്തിയില്ലാതെ വന്നു കാരണം ഭർത്താവിന്റെ വീട്ടിലെക്കാളും സുഖ സൗകര്യങ്ങൾ ഭാര്യയുടെ വീട്ടിലാണ് പശുക്കൾ ആട് മുതലായവ പാൽ ധാരാ ളം കൂടാതെ നാല് സഹോദരങ്ങൾ. നാലുപേരും നല്ല കൃഷിക്കാരും അവ രുടെ പിതാവ് നേരത്തെ മരിച്ചുപോയി. അവരുടെ ഏകസഹോദരി പിന്നെ വിധവയായ അമ്മയോടുകൂടി താമസിക്കുകയായിരുന്നു. എല്ലാം കൊണ്ടും ഭർതൃഭവനത്തെക്കാളും അവളുടെ വീട് അവൾക്ക് സുഖകരമായിരുന്നു. ഇത്രയും സൗകര്യങ്ങൾ ഭർത്താവിന്റെ വീട്ടിൽ ഇല്ലായിരുന്നതിനാൽ അവ ളുടെ വീട്ടിൽ പോകാമെന്നും സുഖമായി അവിടെ താമസിക്കാമെന്നും ഭർത്താ വിനെ അവൾ എന്നും നിർബന്ധിക്കുമായിരുന്നു. പല പ്രാവശ്യത്തെ ഉപദേ ശപ്രകാരം ഭർത്താവ് പോകാൻ തീർച്ചപ്പെടുത്തി. ഒരു തകരപ്പെട്ടിയിൽ കുറെ വസ്ത്രങ്ങളും മറ്റും ശേഖരിച്ച് വാത്സല്യ അമ്മയുടെ അടുത്തുചെന്ന് യാത്ര ചോദിച്ചു. അമ്മേ ഞാൻ ഇവളുടെ വീട്ടിലെക്ക് പോകുകയാണ്. അമ്മ മകന് ഒരു ഉപദേശം കൊടുത്തു. മകനെ എനിക്ക് നിന്നോട് ഒരു കാര്യം പറയാ നുണ്ട് നീ നിന്നെ തന്നെ കാണുമ്പോൾ തിരിച്ച് ഇങ്ങ് പോരണം എന്ന് മാത്രം. അവർ രണ്ടുപേരും കൂടി ഭാര്യാവീട്ടിൽ പോയി. ഭാര്യ വീട്ടിൽ വലിയ സ്വീക രണമായിരുന്നു. സന്ധ്യാഹാരം കഴിഞ്ഞ് പാൽ രാവിലെ പലതരം പലഹാര ങ്ങൾ ഉച്ച ഊണിന് നെയ്യ് വരെ എന്തിനധികം പറയുന്നു പരമസുഖം. അളി യന്മാർ നാലുപേരും കൂലിപ്പണിക്ക് രാവിലെ പോകും. ഒരാഴ്ച ഇങ്ങനെ കഴി ഞ്ഞു. പിന്നീട് അളിയന്മാർ നാലുപേരും അമ്മയോട് പരാതി പറയാൻ തുട ങ്ങി. ഈ തടിമാടനെ ഇങ്ങനെ ഇരുത്തിതീറ്റണമൊ. അവ ഞങ്ങളുടെ കൂടെ പണിക്ക് വന്നാൽ എന്താണ്. പരാതി പലപ്രാവശ്യമായപ്പോൾ വൈകിട്ട് മരു

www.malankaralibrary.com



മകനുകൊടുത്തിരുന്ന പാൽ ഇല്ലാതായി. ഭക്ഷണത്തിലും മാറ്റം വന്നു. കഞ്ഞിയും പ്ലാവിലയുമായി. ഒടുവിൽ കഞ്ഞിവെള്ളം മാത്രമായി. പ്ലാവില കൈയ്യിൽ എടുത്തിട്ട് പാത്രത്തിൽ നോക്കിയപ്പോൾ അതിൽ കണ്ണാടിയിൽ കാണുന്ന പ്രകാരം തന്റെ രൂപം കണ്ടു. അപ്പോൾ അവന്റെ അമ്മ പറഞ്ഞ കാര്യം ഓർത്തു. ആ ക്ഷണത്തിൽ തന്റെ തകരപ്പെട്ടി എടുത്ത് വസ്ത്രങ്ങളും ശേഖരിച്ച് ഭാര്യയെ വിളിച്ച് പറഞ്ഞു. അന്ന് എന്റെ അമ്മ പറഞ്ഞ കാര്യം ഇന്ന് ഞാൻ നേരിൽ കണ്ടു. അതുകൊണ്ട് ഞാൻ എന്റെ വീട്ടിലേക്ക് പോകുകയാണ്. ഇഷ്ടമുണ്ടങ്കിൽ നീയും വരിക.ബുദ്ധിമതിയായ ഭാര്യയും കൂടെ തിരിച്ചു. രണ്ടുപേരും കൂടി അവന്റെ വീട്ടിൽ വന്നു. അമ്മ സന്തോഷത്തോടെ മക്കളെ സ്വീകരിച്ചു.

(ചിന്താവിഷയം എടുത്തുകൊള്ളുക)

## അയൽ വീട്ടിൽ തീയിക്ക് പോയ
## ഒരു പെൺകുട്ടിയുടെ കഥ

തീപ്പെട്ടിയും മറ്റും ഇല്ലാതിരുന്ന പഴയകാലത്ത് മിക്കവീടുകളിലും തീയ് നഷ്ടപ്പെടുക പതിവായിരുന്നു. അങ്ങനെ വരുമ്പോൾ അടുത്ത വീടുകളിൽ പോയി തീ വാങ്ങുന്ന പതിവുണ്ടായിരുന്നു. ഈ കാലയളവിൽ ഒരു സാധു കുടുംബത്തിൽ തീ നഷ്ടപ്പെട്ടു. ആ വീട്ടിലെ മാതാവ് തന്റെ മകളെ തീ-വാങ്ങി കൊണ്ടുവരാനായി അടുത്തുള്ള ഒരു ധനികന്റെ വീട്ടിലേക്ക് അയച്ചു. പെൺകുട്ടി തീയ്ക്ക് ചെന്നപ്പോൾ അവിടെ കണ്ട കാഴ്ച ഒരു സ്വർണ്ണപ്പണിക്കാരൻ പൊന്നുകൊണ്ട് മോതിരം ഉണ്ടാക്കുന്നു അപ്പുറത്ത് പൊൻമാനിനെ വെടിവെച്ച് കൊണ്ടുവന്ന് ഇറച്ചി കഷണിക്കുന്നു. അടുത്തൊരാൾ തേങ്ങാ ആട്ടി കൊണ്ടുവന്ന് പിണ്ണാക്ക് വേറേ മാറ്റി എണ്ണ ഭരണിയിൽ ശേഖരിക്കുന്നു. ഇതെല്ലാം കണ്ടുകൊണ്ട് നിന്നിരുന്ന കുട്ടിയോട് ആ വീട്ടമ്മ ചോദിക്കുന്നു നീ എന്തിനാണ് വന്നത്. പെൺകുട്ടി തീക്കാണ് ചെന്നതെങ്കിലും മിടുക്കിയായ പെൺകുട്ടി പറയുന്നു. തീക്കും പൊന്നിനും പൊൻമാനിറച്ചിക്കും ഉണ്ണിക്ക് ഇറ്റ് എണ്ണക്കും പിണ്ണാക്കിനും എന്തെല്ലാം കൊടുത്തു എന്നറിവില്ല.

(ചിന്താവിഷയം)

നാം പ്രാർത്ഥിക്കുമ്പോൾ ആവശ്യമുള്ളത് ഒന്നുമാത്രം ചോദിക്കാതെ സകലജീവനുള്ളവർക്കും- മരിച്ചുപോയവർക്കും- അയൽ വാസികൾക്കും- രോഗികൾ- ദാരിദ്ര്യത്തിൽ കഴിയുന്നവർ- ബന്ധനത്തിൽ ഇരിക്കുന്നവർ- അഗതികൾ- പരദേശികൾ- ശത്രുക്കൾ- വിധവമാർ- ആരും സഹായത്തിനില്ലാത്തവർ- കന്യാസ്ത്രീകൾ- പട്ടക്കാർ- മേൽപട്ടക്കാർ- സഭ- സഭയുടെ മേലദ്ധ്യൻ- സർവ്വജാതിക്കും- സർവ്വ സൃഷ്ടിക്കുവേണ്ടിയും- നമുക്കു വേണ്ടിയും- പ്രത്യേകിച്ച് സ്വർഗ്ഗീയദാനങ്ങൾക്കുവേണ്ടിയും പ്രാർത്ഥിക്കണം.

www.malankaralibrary.com



## മത്തച്ചന്റെ കഥ

മത്തച്ചൻ സാധാരണ കുടുംബത്തിലെ ഒരംഗമായിരുന്നു. പക്ഷേ മത്തച്ചൻ ഒരു മദ്യപാനികൂടിയായിരുന്നു. എന്നും സന്ധ്യക്ക് ഷാപ്പിൽ പോയി മൂത്തകള്ള് മൂക്ക് മുട്ടെ അടിക്കും. എന്നാൽ മറ്റ് മദ്യപാൻമാരെപ്പോലെ യാതൊരു ഉപദ്രവവും ആർക്കും ഉണ്ടാക്കാറില്ല വീട്ടിൽ വന്നാലും ശാന്തനാണ്. മത്തച്ചന്റെ വീട്ടിൽ വരുന്ന വഴി ഒരു ഇടുക്ക് വഴിയാണ്. രണ്ട് വശത്തും കയ്യാലയുമാണ്. കാൽ ഉറയ്ക്കാതെ രണ്ട് വശത്തുമുള്ള കയ്യാലയിൽ തട്ടിയും മുട്ടിയും ഒരു വിധം വീട്ടിൽ വന്ന് കയറും. അപ്പോഴെക്കും ഭാര്യ അത്താഴമെല്ലാം ക്രമപ്പെടുത്തി വിളമ്പി ചട്ടിയിൽ വച്ചിരിക്കും. പഴയകാലത്ത് സാധാരണ ചട്ടിയിലായിരുന്നല്ലോ കറികളും കഞ്ഞിവെള്ളവും കൈ കഴുകാൻ ചിരട്ട കുടുക്കയിൽ വെള്ളവും ഇരുന്ന് ഊണുകഴിക്കാനായി കുരണ്ടിയും ക്രമപ്പെടുത്തിയിരിക്കും. മത്തച്ചൻ വന്നാലുടനെ കുരണ്ടിയിലിരുന്ന് ആഹാരം കഴിക്കാൻ തുടങ്ങും കുറെ നെഞ്ചത്തും കുറെ പാത്രത്തിലും കുറെ നാലുവശത്തും വീണന്നുവരും. പിന്നീട് എഴുന്നേറ്റ് തന്റെ കട്ടിലേക്ക് പോകും. പായും തലയിണയുമൊന്നും വിരിച്ചെന്നും വരികയില്ല. കിഴക്കോട്ട് തിരിഞ്ഞിരുന്ന് കുരിശുവരച്ച് പ്രാർത്ഥിക്കാൻ തുടങ്ങും. കർത്താവെ മാത്തന് പ്രാർത്ഥിക്കാൻ മനസ്സുണ്ട് പക്ഷേ തലക്ക് തുരുമ്പ് വെളിവില്ലാത്തതിനാൽ മാത്തനിതാ മലക്കുന്നു. (ചിന്താവിഷയം)

ഇന്നത്തെ റ്റി.വി, റേഡിയോ മുതലായവയും സിനിമായും കണ്ട് രസിച്ചതിനുശേഷം ഫാനിന്റെ കീഴിൽ മലക്കുന്നവരല്ലാതെ എത്രയുണ്ട് എന്ന് ചിന്തിച്ചാൽ കൊള്ളാം.

## പക്ഷികളെ വേട്ടയാടുന്ന ഒരു വേട്ടക്കാരന്റെ കഥ

ഒരു വേട്ടക്കാരൻ സാധാരണ കവണിയിൽ കല്ലുവെച്ച് പക്ഷികളെ എറിഞ്ഞുവീഴ്ത്തുക പതിവായിരുന്നു. പതിവുപ്രകാരം ഒരുദിവസം കവണിയും സഞ്ചിയുമായി പുറപ്പെട്ടു മുൻവശത്തെ തോട്ടിൽ നിന്നും മിനുസമുള്ള ഏഴ് കല്ല് പറുക്കി സഞ്ചിയിലിട്ട് വനത്തിൽ പ്രവേശിച്ചപ്പോൾ ഒരു തടാകത്തിന്റെ മറുകരയിൽ വൃക്ഷത്തിന്റെ അഗ്രത്ത് മനോഹരമായ ഒരു പക്ഷി ഇരിക്കുന്നതുകണ്ടു. അവൻ സഞ്ചിയിൽ നിന്ന് ഒരു കല്ല് എടുത്ത് കവണിയിൽ വച്ച് ഉന്നം നോക്കി എറിഞ്ഞു. പക്ഷേ ആ കല്ല് പക്ഷിയുടെ അടുത്ത് എത്തിയിട്ടില്ല. അഗാധമായ ആ തടാകത്തിൽ വീണു. തുടരെ തുടരെ കല്ലുകൾ എടുത്ത് എറിഞ്ഞു. ഒന്നും പക്ഷിയുടെ അടുത്ത് എത്തിയില്ല. ആറ് കല്ലും തീർന്നു ഒരു കല്ല് മാത്രം ശേഷിച്ചു. അതും എറിയാനായി എടുത്തപ്പോൾ അതു മനോഹരം കണ്ട് എറിയാൻ മനസുവന്നില്ല. ആറുകല്ലും തടാകത്തിൽ പോയി ഇതും കൂടി പോയാലൊ എന്ന ചിന്തയിൽ വീട്ടിലെക്ക് മടങ്ങി വരവെ വഴിമദ്ധ്യേ

www.malankaralibrary.com



ഒരു രത്ന വ്യാപാരിയെ കണ്ടു. ഇവന്റെ കയ്യിലെ കല്ല് കണ്ട് രത്നവ്യാപാരി ആവശ്യപ്പെട്ടു. സ്നേഹിതാ ആ കല്ല് തരികയാണങ്കിൽ ഒരു ചാക്ക് പണം തരാം. അവരുതമ്മിൽ വിലപേശി ഒരു ചാക്ക് പണം രണ്ട് ചാക്കായി സമ്മതിച്ചു. അങ്ങനെ കല്ല് കൊടുത്ത് രണ്ട് ചാക്ക് പണം വാങ്ങി. ഒരു ചാക്ക് വീട്ടിൽ കൊണ്ടിട്ടിട്ട് രണ്ടാമത്തെ ചാക്കും വീട്ടിൽ കൊണ്ടിട്ടശേഷം ഇയാൾ അല്പ സമയം ചിന്തിച്ചിട്ട് നെഞ്ചത്തടിച്ച് കരയുന്നതുകണ്ട് ഭാര്യ ചോദിച്ചു ഇത്ര വലിയ ദു:ഖത്തിന്റെ കാരണം. എടീ ഈ രണ്ട് ചുമടുപണം ഒരു കല്ലിനു കിട്ടിയതാ, ഇതുപോലെ ആറ് കല്ല് ഒരു പക്ഷിക്കുവേണ്ടി ഞാൻ എറിഞ്ഞ് അഗാധമായ തടാകത്തിൽ കളഞ്ഞു. ആ കല്ലുകൾ ഞാൻ എറിഞ്ഞ് നഷ്ടപ്പെടുത്താതിരുന്നങ്കിൽ ഇപ്പോൾ എത്രമാത്രം പണം കിട്ടുമായിരുന്നു ഇതോർത്തപ്പോഴുള്ള ദു:ഖമാണ്.

(ചിന്താവിഷയം)

ഇതുപോലെ നമ്മുടെ ജീവിതത്തിൽ ഉണ്ടായിട്ടുള്ള എത്ര എത്ര നല്ല അവസരങ്ങൾ നാം പാഴാക്കി നരകതുല്യമാക്കിയിരിക്കുന്നു. ഇനിയും ശേഷിച്ച സമയമെങ്കിലും ആ വേട്ടക്കാരനെപോലെ പ്രയോജനപ്പെടുത്താം-

## തള്ളയെ അനുസരിക്കാത്ത ആട്ടിൻ കുട്ടിയുടെ കഥ

ബലിയാടുകളെ തങ്ങളുടെ ഇടയന്മാർ തീറ്റിപ്പോറ്റി രാത്രികാലങ്ങളിൽ വിജനപ്രദേശത്ത് കിടയിടുക പതിവായിരുന്നു. എന്നാൽ അതിന്റെ കുട്ടികളെ സ്വരക്ഷക്കുവേണ്ടി പ്രത്യേകമായ കൂട്ടിൽ ഇട്ട് സൂക്ഷിച്ചിരുന്നു. ആ കൂട്ടത്തിൽ മിടുക്കനായ ആട്ടിൻകുട്ടി തന്റെ തള്ളയോടു പറഞ്ഞു അമ്മേ ഇടയന്മാർ ഞങ്ങളെ രാത്രിയിൽ കൂട്ടിലിട്ട് അടക്കുന്നതുകാരണം എനിക്ക് ചാടി കളിക്കുന്നതിന് സാധിക്കുന്നില്ല. അതിനാൽ ഇന്ന് നല്ല ചന്ദ്രപ്രകാശമുള്ള രാത്രിയാകയാൽ ഞാൻ പിടി കൊടുക്കാതെ വെളിയിൽ നില്ക്കും. അമ്മ മകനോട്- മകനെ നമ്മുടെ സുരക്ഷക്കുവേണ്ടിയാണ് അവർ അങ്ങനെ ചെയ്യുന്നത് വെളിയിൽ നിന്നാൽ വല്ല ചെന്നായോ കുറുനരിയോ വന്ന് അപകരിക്കും ആ അമ്മയുടെ വാക്ക് കേൾക്കാതെ അവൻ പുറത്തുനിന്നു. ചാടി ഓടി വെളിച്ചത്ത് നടക്കുമ്പോൾ അതാ ഒരു ചെന്നായ് വന്ന് കടിച്ച് തൂക്കി കൊണ്ടുപോയി. അതിന്റെ കുഞ്ഞുങ്ങൾക്ക് ഭക്ഷണമായി. തള്ളയെ അനുസരിക്കാത്തതിന്റെ ശിക്ഷ.

(ചിന്താവിഷയം)

പരി: സഭയാകുന്ന മാതാവിന്റെ കല്പനകൾ അനുസരിക്കാതെ സ്വതന്ത്രമായി ജീവിച്ചാലുണ്ടാകുന്ന അനുഭവം ഇതാണല്ലോ-

എന്റെ പുത്രാ നിന്റെ പിതാവിന്റെ ഉപദേശത്തെ കേൾക്ക മാതാവിന്റെ കല്പനകൾ ലംഘിക്കരുത്.

www.malankaralibrary.com



## സായിപ്പും മകനും കൂടിയുള്ള ഉല്ലാസ യാത്രയുടെ കഥ

എന്നും- 4- മണിക്ക് ചായകുടി കഴിഞ്ഞ് സായിപ്പും മകനും ഡ്രസ്സ് മാറി- (കോട്ടും പാന്റും ഷൂവും ധരിച്ച്) സായിപ്പും നാലര വയസുള്ള മകൻ സായിപ്പും നടക്കാൻ പുറപ്പെടും, ആ സമയത്ത് പിതാവ് തന്റെ മകന്റെ ഒരു കയ്യിൽ പിടിച്ചിരിക്കും. കാരണം മകന്റെ കാൽ വല്ല കല്ലിലും തട്ടിയാൽ വീഴും തന്നെയുമല്ല കാൽമുട്ടിനോ നെഞ്ചത്തോ മുഖത്തോ വല്ല മുറിവൊ ചതവൊ പറ്റിയേക്കാം. അതിൽ നിന്നും ഒഴിവാക്കാനാണ് താൻ കുഞ്ഞിന്റെ കയ്യിൽ പിടിച്ചിരിക്കുന്നത്. ഒരു ദിവസം മകൻ നിർബന്ധമായി പിതാവിനൊടു പറഞ്ഞു. ഫാദർ എന്റെ കയ്യിൽ പിടിക്കണ്ടാ മകനെ നീ വീണു പോകാൻ ഇടയുണ്ട്. ഇല്ല ഫാദർ ഞാൻ ഫാദറിന്റെ കൈക്ക് പിടിച്ചുകൊള്ളാം. സായിപ്പ് സമ്മതിച്ചു. അന്ന് കുറെ നേരം പോയപ്പോൾ യാദൃശ്ചികമായി ഒരു കല്ലിൽ തട്ടി മകൻ വീണു. അല്പം മുറിവും പറ്റി.

(ചിന്താവിഷയം)

നാം ഓരോരുത്തരുടെയും കൈക്ക് പിടിച്ച് ദൈവം നടത്തുന്നു. നാം സുരക്ഷിതരായി ഈ ലോകത്തിൽ ജീവിക്കുന്നു. എന്നാൽ അനേകർ പിതാവാം ദൈവത്തിന്റെ കൈക്ക് പിടിച്ച് ജീവിക്കാൻ നോക്കുന്നു അവരാണ് അധഃപതിക്കുന്നത്, സഭ വിട്ടുപോകുന്നത്. ആയതിനാൽ സകലവും പിതാവാം ദൈവത്തിൽ സമർപ്പിച്ച് അവിടുത്തെ കല്പനകൾ ആചരിച്ച് നിത്യ ജീവൻ പ്രാപിപ്പാൻ ശ്രമിക്കുക-

## ഒരു സന്യാസിയും സേവകനും കൂടിയുള്ള യാത്രാവിവരം

ഒരു ദൈവഭക്തനായ സന്യാസിയും അദ്ദേഹത്തിന്റെ സേവകനും കൂടി ഒരു യാത്ര പോകുമ്പോൾ വഴിമദ്ധ്യേ ഒരു ഉയർന്ന സ്ഥലത്ത് ഒരു വിലാപം കേട്ടു. സന്യാസി ഒരു വൃക്ഷചുവട്ടിൽ നിന്നിട്ട് സേവകനെ വിലാപം കേട്ട വീട്ടിലേക്ക് അയച്ചു വിവരം അറിഞ്ഞുവരുന്നതിനായി- സേവകൻ ചെന്ന് അന്വേഷിച്ചപ്പോൾ ആ വീട്ടുകാരണവർ മരിച്ചിരിക്കുന്നു എന്നും അതിനെ ചൊല്ലിയുള്ള കരച്ചിലാണെന്നും അറിഞ്ഞുവന്ന് സന്യാസിയെ അറിയിച്ചു. സന്യാസി സേവകനെ വീണ്ടും വിട്ടു. മരിച്ചുപോയ ആളിന്റെ ആത്മാവിനെ ദൈവദൂതന്മാരാണൊ പിശാചാണൊ കൂട്ടിക്കൊണ്ട് പോയതെന്ന് അന്വേഷിച്ചുവരിക. സന്യാസിയുടെ വാക്ക് ലംഘിക്കാനാവാതെ സേവകൻ വീണ്ടും പോയി. അവിടെ ദുഃഖിതരായിരുന്ന ഓരോരുത്തരുടെയും അടുക്കലും മരിച്ച ആളിന്റെ ജീവിതത്തെപ്പറ്റി അന്വേഷിച്ചു. ദുഃഖത്തോടെ ഓരോരുത്തരും വിവരിച്ചു. നല്ല മനുഷ്യനായിരുന്നു അനേകസാധുക്കളെ പോറ്റിയിരുന്നവൻ- പല സാധു പെൺകുട്ടികളുടെ വിവാഹം നടത്തിച്ചിട്ടുള്ളവൻ- പാവങ്ങൾക്ക്

www.malankaralibrary.com



കെട്ടിടം വച്ച് കൊടുത്തിട്ടുള്ളവൻ- പലരുടെയും പുര മേഞ്ഞ് കൊടുപ്പിച്ചവൻ പലർക്കും കിണറ് കുഴിപ്പിച്ച് കൊടുത്തിട്ടുള്ളവൻ സാധുക്കൾക്ക് വസ്ത്രദാനം ചെയ്തിട്ടുള്ളവൻ ഇങ്ങനെ പലഗുണവുമുള്ള ആളാണ് ഞങ്ങൾക്ക് നഷ്ട പ്പെട്ടത്. അതിനാൽ ഞങ്ങൾ എങ്ങനെ ദു:ഖിക്കാതിരിക്കും എന്നറിഞ്ഞു. സേവ കൻ സന്യാസിയുടെ അടുക്കൽ വന്ന് അയാളുടെ ആത്മാവിനെ ദൈവദൂത ന്മാർ കൊണ്ടുപോയി എന്നറീച്ചു. ആയത് എങ്ങനെ അറിഞ്ഞു എന്ന ചോദ്യ ത്തിന് മുൻകാര്യങ്ങൾ എല്ലാം വിവരിച്ചു പറഞ്ഞു. അവർ വീണ്ടും യാത്ര തുടർന്നു.

(ചിന്താവിഷയം)
ചുരുക്കത്തിൽ നന്മ പ്രവർത്തിക്കുക, സ്വർഗ്ഗരാജ്യം നിശ്ചയം.

## കോഴിമുട്ടയുടെ കഥ

കോഴിമുട്ട കുഞ്ഞുങ്ങൾക്കും വൃദ്ധന്മാർക്കും വിദേശികൾക്കും - രോഗി കൾക്കും തൃപ്തികരമായ ഒരു ആഹാരസാധനമാണ്. അത് ഏതുതരത്തിലും പാചകപ്പെടുത്തിയാലും രുചികരവും പോഷകസാധനവുമാണ്. പക്ഷേ അത് ചീഞ്ഞാൽ വളരെ ദുർഗന്ധമാണ്. മുറിയിലായാലും പറമ്പിലായാലും എവി ടെയായാലും ദുർഗന്ധമത്രേ- പിന്നെ അതിന്റെ ദുർഗന്ധം മാറണമെങ്കിൽ ഭൂമിക്കടിയിൽ കുഴിച്ചു മൂടണം. (ചിന്താവിഷയം: തന്നത്താൻ ചിന്തിച്ചുകൊ ള്ളുക)

## കോഴിയെ കട്ടവന്റെ തലയിൽ കോഴിപൂട-

സുപ്രസിദ്ധനായ ഒരു പ്രാസംഗികൻ രണ്ടു മൂന്നുദിവസം ഒരു സ്ഥലത്ത് സുവിശേഷ വേല നടത്താൻ തീരുമാനിച്ചു. ആദ്യ ദിവസത്തെ യോഗത്തിന് അല്പം ദൂരെ നിന്നും രണ്ട് അയൽവാസികൾ കുടുംബസമേതം വന്ന് യോഗ ത്തിൽ സംബന്ധിച്ചു. യോഗം കഴിഞ്ഞ് അതിൽ ഒരു കുടുംബക്കാർ പോയി മറ്റെയാൾ പ്രസംഗത്തിലുള്ള തൃപ്തിമൂലം അവിടെ തങ്ങി. ഉപദേശിയെ കണ്ട് പലതും സംസാരിച്ചുനിന്നു. എന്നാൽ നേരത്തെപോയ അയൽവാസി മറ്റെ ആളിന്റെ വീട്ടിൽ കയറി കോഴിക്കൂട്ടിൽ നിന്നും നല്ല ഒരു പൂവൻ കോഴി യെയും പിടിച്ചുകൊണ്ടുപോയി കൊന്നു പാകം ചെയ്ത് ആഹാരം കഴിച്ചു. കോഴിപ്പൂടയും ശിഷ്ടഭാഗങ്ങളും വാഴചുവട്ടിൽ കുഴിച്ചുമൂടി മണ്ണും ഇട്ടു. മറ്റെ യാൾ വന്നപ്പോൾ കോഴികൂട് തുറന്നു കിടക്കുന്നു. നോക്കിയപ്പോൾ പൂവൻ കോഴി നഷ്ടപ്പെട്ടു-എന്ത് ചെയ്യാം സമാധാനപ്പെട്ടു-

പിറ്റേദിവസത്തെ യോഗത്തിന് കോഴിനഷ്ടപ്പെട്ടയാൾ നേരത്തെ യോഗ സ്ഥലത്ത് എത്തി. പ്രാസംഗികനോട് കോഴിനഷ്ടപ്പെട്ട കാര്യം പറഞ്ഞു.

www.malankaralibrary.com



പ്രാസംഗികൻ എല്ലാം കേട്ടതല്ലാതെ ഒരാശ്വാസവാക്കുപോലും പറഞ്ഞില്ല പതിവുപ്രകാരം യോഗം ആരംഭിച്ചു. ഗൗരവമേറിയ വിഷയത്തിൽ അതാ കോഴിയെ കട്ടവന്റെ തലയിൽ പൂടയിരിക്കുന്നു എന്നുച്ചത്തിൽ പറഞ്ഞു. അത്ര വലിയ ജനകൂട്ടത്തിനിടയിൽ ഇരുന്ന ഒരാൾ മാത്രം തലയിൽ തപ്പി അപ്പോൾ ആളിനെ മനസ്സിലായല്ലോ.

(ചിന്താവിഷയം)

നാം ഓരോരുത്തരും നമ്മുടെ തെറ്റുകൾ എന്ത് ഏത് എന്ന് ഒന്ന് തപ്പി നോക്കിയാൽ കൊള്ളാം.

## സുപ്രസിദ്ധ പ്രാസംഗികന്റെ പരിപാടി

കോട്ടയത്ത് ഒരു മൂന്നു ദിവസത്തെ യോഗത്തിന് പരസ്യം ചെയ്തു. വാഹനങ്ങൾ അധികമില്ലാത്ത കാലത്ത് വളരെ ദൂരങ്ങളിൽ നിന്ന് കാൽ നടയായും വള്ളങ്ങളിലും മറ്റും യോഗത്തിൽ സംബന്ധിക്കുവാൻ വന്നിരുന്നു. ആദ്യ ദിവസം പ്രസംഗികൻ ഒരു പാട്ട് പാടി പ്രാർത്ഥിച്ച് യോഗം ആരംഭിച്ചു. ആദ്യമായി അദ്ദേഹം ഞാൻ ഇന്നുപറയാൻ പോകുന്ന വിഷയം നിങ്ങൾ ഏവർക്കും അറിയാമെന്ന് വിചാരിക്കുന്നു. കൂടിയിരുന്ന ജനം ഞങ്ങൾക്ക് അറിയത്തില്ലായെന്ന് ഏകസ്വരത്തിൽ പറഞ്ഞു. അപ്പോൾ അദ്ദേഹം പറഞ്ഞു അറിയാൻ പാടില്ലാത്തവരുടെ പക്കൽ ഞാൻ പറഞ്ഞാൽ യാതൊരു പ്രയോജനവും ഇല്ലാ. ആയതിനാൽ ഇന്നത്തെ യോഗം അവസാനിപ്പിച്ചിരിക്കുന്നു- നാളെ കൃത്യ സമയത്ത് തന്നെ യോഗം ആരംഭിക്കുന്നതുമാണ് എന്ന് പറഞ്ഞ് ഇറങ്ങപ്പോയി.

എന്നാൽ ജനം മടുത്തില്ല പിറ്റെ ദിവസം നല്ല ആൾകൂട്ടം. പ്രാസംഗികൻ കൃത്യസമയത്ത് തന്നെ വന്ന് മുറപ്രകാരമുള്ള പാട്ടും പ്രാർത്ഥനയും നടത്തിയശേഷം ഇന്ന് ഞാൻ പറയാൻ പോകുന്ന വിഷയം നിങ്ങൾക്ക് ഏവർക്കും അറിയാമല്ലോ എന്ന് തലേ ദിവസം പറഞ്ഞതുപോലെ തന്നെ പറഞ്ഞു. ജനം ഏകസ്വരത്തിൽ ഞങ്ങൾക്ക് അറിയാം എന്നു പറഞ്ഞു. ഉടനെ പ്രാസംഗികൻ- ദൈവത്തിന് സ്തോത്രം - അറിയാവുന്നവരുടെ അടുത്ത് ഞാൻ എന്റെ വിലയേറിയ സമയം എന്തിനുനഷ്ടപ്പെടുത്തുന്നു. ആയതിനാൽ ഇന്നത്തെ യോഗം അവസാനിച്ചിരിക്കുന്നു. നാളെയും കൃത്യസമയത്ത് യോഗം ഉണ്ടായിരിക്കുന്നതാണ് എന്ന് പറഞ്ഞ് ഇറങ്ങിപ്പോയി. കൂടി നിന്ന ജനം വിഷാദത്തോടെ ഒരു തീരുമാനം എടുത്തു നാളെ എല്ലാവരും വരണം. പ്രാസംഗികൻ ചോദിക്കുമ്പോൾ വന്നവരിൽ പകുതി പേർ അറിയാമെന്നും പകുതി പേർ അറിയത്തില്ലായെന്നും പറയണം. ആ തീരുമാനത്തിൽ മൂന്നാം ദിവസവും കൃത്യസമയത്തിന് മുമ്പുതന്നെ ജനം കൂടി. കൃത്യസമയത്തുതന്നെ പ്രാസംഗികൻ പതിവുപോലെ പാട്ടുപാടി പ്രാർത്ഥനയും കഴിഞ്ഞ് ഞാൻ പറ

www.malankaralibrary.com



യാൻ പോകുന്ന വിഷയം നിങ്ങൾക്ക് അറിയാമല്ലോ എന്ന് പ്രസ്താവിച്ചു. ജനത്തിൽ നേർപകുതി അറിയാമെന്നും നേർപകുതി പേർ അറിയുകയില്ല എന്നും ഏകസ്വരത്തിൽ പറഞ്ഞു. ബുദ്ധിമാനായ പ്രാസംഗികൻ ഓ! ദൈവത്തിന് സ്തോത്രം. ഹലെലൂയ്യാ എന്ന് സ്തുതിച്ചിട്ട് ജനങ്ങളൊട് അറിയാവുന്നവർ അറിഞ്ഞുകൂടാത്തവർക്ക് പറഞ്ഞുകൊടുക്കുക. എന്റെ വിലയേറിയ സമയം ദൈവസന്നിധിയിൽ എന്തിന് വ്യഥാ ചിലവാക്കുന്നു എന്ന് പറഞ്ഞിട്ട് യോഗം പിരിച്ചുവിട്ടു. (ചിന്തിച്ചുകൊള്ളുക)

## പാലായിലെ രണ്ടു കത്തോലിക്കാ കുടുംബം

പുത്തൻ വീട്ടിൽ ഏലിയാമ്മ വിധവ മൂന്നുമക്കൾ

പുത്തൻ വീട്ടിൽ കിഴക്കേതിൽതോമ്മാച്ചൻ ഭാര്യാ നാലുമക്കൾ

ഏലിയാമ്മയുടെ കുടുംബം. ഒരു വലിയ വീടാണ് കളപ്പുര- തൊഴുത്ത് പറമ്പിന് ചുറ്റുകയ്യാല. കയ്യാലപുര- പടിപ്പുര. മുതലായവയും- നെൽപാടങ്ങൾ തെങ്ങ്- കുരുമുളക് -കമുക്- മുതലായവയും ധാരാളം. നല്ല സ്ഥിതിഗതിയിൽ ജീവിച്ചുവരുന്നു. കത്തോലിക്കാ ഇടവകയിലെ കുടുംബങ്ങളിൽ ഒന്നാമത്തേതാണ് ഏലിയാമ്മയുടെ കുടുംബം. എന്നാൽ പള്ളിയിൽ പോകുന്നത് ചുരുക്കമാണ്. വല്ലപ്പോഴും ഒന്ന് കയറി എന്നുവരാം. ഇടവകസംബന്ധിച്ച് വല്ല പിരിവുകൾ ഉണ്ടങ്കിൽ നിശ്ചിത തുകയിൽ പകുതി- അല്ലങ്കിൽ കുറച്ചുകൂടി കൊടുത്തയച്ചന്നുവരാം. മുഴുവനും തീർത്തുകൊടുക്കുക പതിവില്ല- അതുപോലെ വല്ല സാധുക്കളൊ- ഭിക്ഷക്കാരോ വന്നാൽ അവരെ സംതൃപ്തിയോടെ അയച്ചിട്ടില്ല. ചിലരെ അല്പം ശകാരിച്ചു എന്നുവരാം- ഏലിയാമ്മയ്ക്ക് മൂന്നുമക്കൾ. രണ്ട് പെണ്ണും ഒരാണും പെൺമക്കളെ പഠിപ്പിച്ച് അവരുടെ നില അനുസരിച്ച് നല്ല കുടുംബത്തിൽ കല്ല്യാണം നടത്തി അയച്ചിരുന്നു. മകനെ ബി.എ ബി.എൽ. വരെ പഠിപ്പിച്ച് ഒരു വക്കീലാക്കി ബി.എ.ക്കാരി പെണ്ണിനെ കൊണ്ട് വിവാഹം കഴിപ്പിച്ച് സുഖമായി താമസിക്കുകയാണ്. റോഡിന് പടിഞ്ഞാറുവശത്താണ് വീട്.

രണ്ടാമത്തെ വീട്ടുകാരൻ തോമ്മാച്ചൻ ഇവരുടെ വീടിനും റോഡിനും കിഴക്കുവശത്താണ് താമസം. തോമ്മാച്ചന് ഒന്നര ഏക്കർ ഭൂമി. അതിൽ പനയോല കൊണ്ട് മേഞ്ഞ ഒരു ചെറിയ വീട്. പറമ്പിൽ കുറെ തെങ്ങും കമുകും- പ്ലാവും കുറെ കുരുമുളകും മാത്രം. എന്നാൽ നല്ല കൃഷിക്കാരനാണ്. ഏത്തവാഴ കുടിവാഴ കപ്പ കാച്ചിൽ ചേന മുതലായവ അവരുടെ രാവിലത്തെ ഭക്ഷണം കൃഷിയിൽ നിന്നുള്ളവ പുഴുങ്ങിയതും കാപ്പിയുമാണ്. കാപ്പിക്കും വിശേഷമുണ്ട്- കാപ്പിതൊണ്ട് ഇട്ട് തിളപ്പിച്ചതും ആവശ്യമെങ്കിൽ അല്പം ചക്കരയും എന്താ പോരെ എന്നാൽ തോമ്മാച്ചൻ തന്റെ ഭാര്യയെ പ്രത്യേകം

www.malankaralibrary.com



ഏർപ്പാടുചെയ്തിട്ടുണ്ട് ആരെങ്കിലും സാധുക്കളൊ- ഭിക്ഷക്കാരോ വന്നാൽ ആദ്യമായി അവർക്ക് ഭക്ഷിക്കാൻ കൊടുക്കണം. പിന്നീട് കാശോ- അരിയോ- കൃഷിസാധനങ്ങളിൽ ഏതെങ്കിലുമോ- കൊടുത്ത് അവരെ അയക്കാവൂ- കൂടാതെ തോമ്മാച്ചന് ഒരു നിഷ്ഠകൂടിയുണ്ട്. കുടുംബസഹിതം എല്ലാവർക്കും കൂടി പള്ളിയിൽ പോകണം. അതിനുപുറമെ ദശാംശം- ആദ്യഫലം എല്ലാം അതാതുസമയത്ത് കൊണ്ടുകൊടുക്കും ഇതിനുപുറമെ വി: കുർബ്ബാന കഴിഞ്ഞാൽ കഴിവതുകാണിക്ക ഇട്ടശേഷം തിരുരൂപത്തിന്റെയും പരി: കന്യകമറിയത്തിന്റെയും മുന്നിൽ ചെന്ന് വണങ്ങി അതിന്മേൽ തൊട്ട് കുരിശുവരച്ച് എന്തോ മന്ത്രിച്ചതിനുശേഷമെ പുറത്തേക്കുപോകുകയുള്ളൂ തന്റെ യാചനക്ക് കഷ്ടിച്ചാൽ ഒരു മിനിട്ടേ വേണ്ടിവരികയുള്ളൂ. തോമ്മാച്ചന്റെ നാലുമക്കളിൽ നാലുപേരും സ്കൂളിൽ പഠിച്ചുകൊണ്ടിരിക്കുകയാണ്. മൂത്തത് ആൺ അതിനിളയത് രണ്ട് പെൺമക്കൾ അതിനിളയത് ഒരാൺ. എല്ലാം കൊണ്ടും സമാധാനവും സന്തോഷവുമുള്ള ഒരു കുടുംബമാണ് തോമ്മാച്ചന്റേത്.

ഏലിയാമ്മയും തോമ്മാച്ചനും അയൽവാസികളാണ് അവർ തമ്മിൽ സൗഹൃദത്തിലും ആയിരുന്നു. ഏതെങ്കിലും ആവശ്യത്തിന് തോമ്മാച്ചനെ വിളിച്ചാൽ ചെല്ലും അവരുടെ പണികളൊക്കെ തോമ്മാച്ചൻ സന്തോഷപൂർവ്വം ചെയ്തുകൊടുക്കും. പക്ഷേ ഏലിയാമ്മ പണക്കാരിയാണന്നുള്ള ചിന്തയിൽ തോമ്മാച്ചനെ വിളിക്കുന്നത് ഒന്ന് ഗ്രഹിച്ചാൽ കൊള്ളാം, എടാ തൊമ്മായെ 'എന്നാണ്' അതിലും തൊമ്മാച്ചന് നീരസമില്ല. വിളിച്ചാൽ ചെല്ലും. പറയുന്നത് തന്നാൽ കഴിവുള്ളത് നിവർത്തിച്ചുകൊടുക്കും. ഈ കാലയളവിൽ തോമ്മാച്ചന്റെ മൂത്തമകൻ പത്താം ക്ലാസിൽ നല്ല മാർക്കോടെ പാസ്സായി. കോളജിൽ വിടാൻ ആഗ്രഹമുണ്ട്. പക്ഷേ നിവർത്തിയില്ല, അന്ന് പാലായിൽ കോളജും ഇല്ല. കോട്ടയത്ത് വിടണം. പോയിവരാൻ പ്രയാസം ഇന്നത്തെപ്പോലെ ബസുകളുമില്ല. ആ നിലയ്ക്ക് കോട്ടയത്ത് താമസിച്ചേ പറ്റുകയുള്ളു. താമസിച്ച് പഠിക്കാൻ നിവൃത്തിയില്ലാത്തതിനാൽ തോമ്മാച്ചൻ വിഷമിച്ചു. അങ്ങനെ ദു:ഖിച്ച് കഴിയവെ തോമ്മാച്ചന്റെ ബന്ധത്തിൽ പെട്ട ഒരളിയൻ അമേരിക്കയിൽ നിന്ന് അവധിക്ക് നാട്ടിൽ വന്നു. തോമ്മാച്ചനെയും കുടുംബത്തെയും കാണാൻ പാലായിലെ വീട്ടിൽ വന്നു. കുശല പ്രശ്നങ്ങൾക്കു ശേഷം ആഹാരവും കഴിച്ച് ഇരിക്കുന്ന കൂട്ടത്തിൽ അമേരിക്കക്കാരൻ അളിയൻ തോമ്മാച്ചന്റെ മക്കളുടെ കാര്യങ്ങൾ ഒക്കെ ചോദിച്ചു. കൂട്ടത്തിൽ മൂത്ത മകന്റെ കാര്യവും പറഞ്ഞു. 10 പാസ്സായി കോളജിൽ വിടാനുള്ള പ്രയാസം പറഞ്ഞപ്പോൾ അമേരിക്കക്കാരൻ അളിയന് അവിടെ സഹായത്തിന് ഒരാളെ ആവശ്യമായിരുന്നതിനാൽ 'അളിയാ മകനെ ഞാൻ കൊണ്ടുപോകട്ടെ അവിടെ വല്ല ജോലിയും തരപ്പെടുത്താൻ ശ്രമിക്കാം' എന്നുപറഞ്ഞു. തോമ്മാച്ചൻ സന്തോഷപൂർവ്വം സമ്മതിച്ചു. ഒരു മാസത്തിനുശേഷം അളിയന്റെ കൂടെ

www.malankaralibrary.com



തോമ്മാച്ചൻ മകനെ അമേരിക്കയിലെക്ക് അയച്ചു. പയ്യൻ അളിയന് വളരെ സഹായിയായി വർത്തിച്ചു. രാത്രി പഠനക്ലാസിൽ വിട്ട് പയ്യനെ പഠിപ്പിച്ചുകൊണ്ടിരുന്നു ആറുമാസത്തിനകം അവന് ഒരു ജോലിയും ലഭിച്ചു. ജോലിയിൽ അവൻ സമർത്ഥനായി ശോഭിച്ചതിനാൽ അധികം താമസിയാതെ തന്നെ ഉദ്യോഗക്കയറ്റവും കിട്ടി നാലക്ക ഡോളർ ശമ്പളക്കാരനുമായി മുറക്ക് വീട്ടിലോട്ട് പണം അയച്ചുകൊണ്ടും ഇരുന്നു.

തോമ്മാച്ചൻ മകന്റെ ശമ്പളം ആദ്യം കിട്ടിയതിൽ നിന്നും പള്ളിക്ക് ഒരു വെള്ളിക്കുരിശും ഒരു തിരു രൂപവും വാങ്ങി നേർച്ച സമർപ്പിച്ചു. പിന്നീട് തോമ്മാച്ചന് ഒരാഗ്രഹം കൃഷികൾ കാട്ടുപന്നി നശിപ്പിക്കുന്നതിനാൽ പറമ്പിനു ചുറ്റും മതിൽ കെട്ടണമെന്നും മുൻ വശത്ത് ഗെയിറ്റ് ഇടണമെന്നും, അതും സാധിച്ചു. തോമ്മാച്ചൻ കോട്ടയത്ത് കണ്ടതുപോലെ ഗേറ്റിന്റെ രണ്ടുവശത്തുമുള്ള തൂണിൽ രണ്ട് ഗർജ്ജിക്കുന്ന സിംഹത്തിന്റെ രൂപവും വയ്ക്കണമെന്ന് ആഗ്രഹിച്ചു. അതും സാധിച്ചു. ഇതെല്ലാം കണ്ട് അയൽപക്കത്തെ ഏലിയാമ്മക്ക് അസൂയ സഹിക്കാൻ നിവർത്തിയില്ലാതായി. പിന്നീട് ഏലിയാമ്മ വല്ല ആവശ്യത്തിനും തോമ്മാച്ചനെ വിളിക്കേണ്ടിവന്നാൽ നേരത്തെ വിളിച്ചിരുന്ന വിളിയിൽ അല്പം മാറ്റം വന്നു എടാ തോമ്മാ എന്നുള്ളതിൽ എടാ എന്നുള്ളത് വിട്ട് തോമ്മായെ എന്നായി. കൂടാതെ ഏലിയാമ്മയ്ക്ക് എപ്പോഴും ഒരു ചിന്ത വെറും പത്താം ക്ലാസ് പഠിച്ച ഈ ചെറുക്കന് അമേരിക്കയിൽ ഇത്രവലിയ ജോലി കിട്ടിയെങ്കിൽ ബി.എ. ബി.എൽ. പഠിച്ച എന്റെ മകൻ വക്കീലിന് അമേരിക്കയിൽ പോയാൽ എത്ര ഡോളർ ആയിരിക്കും കിട്ടുക. അതുകൊണ്ട് വക്കീലിനെ അമേരിക്കയിൽ വിടണം അതിനുള്ള വഴി ചിന്തിച്ചപ്പോൾ തോമ്മാച്ചന്റെ മകൻ പോയ വഴി കണ്ടുപിടിക്കണം . അതിന് തോമ്മാച്ചനെ വശത്താക്കണം എന്നുകണ്ടു.

തോമ്മാച്ചന്റെ പിന്നീടുള്ള ആഗ്രഹം പെൺമക്കൾ രണ്ടുപേരുടെയും വിവാഹം നടത്തണമെന്നായിരുന്നു. അങ്ങനെ അവരുടെ വിവാഹം മാന്യമായി നടത്തി. ഇളയമകനെ ഉന്നതവിദ്യാഭ്യാസത്തിനും അയച്ചു. ഇനി മകൻ അവധിക്ക് വരുമ്പോൾ അവന്റെ കല്ല്യാണവും നടത്തണം. അതിന് മുമ്പ് നല്ല ഒരു കെട്ടിടം പണിയിപ്പിക്കണം എന്നുള്ള ആഗ്രഹത്തിൽ വീടിന് തറകെട്ടിച്ചു. അതുകൂടി കണ്ടപ്പോൾ ഏലിയാമ്മക്ക് അസൂയ മൂത്തു. വക്കീലുമോനെ ഉടനെതന്നെ അമേരിക്കയിൽ അയക്കണം അതിനുള്ള വഴി സൂത്രത്തിൽ തോമ്മാച്ചനിൽ നിന്നും മനസ്സിലാക്കണം. ആ ചിന്തയിൽ ഏലിയാമ്മ- തോമ്മാച്ചനെ വിളിക്കുന്നു ഈ പ്രാവശ്യം വിളിക്കുന്നത് എടാ- തോമ്മാ- എന്നോ- തോമ്മാ- എന്നോ ആയിരുന്നില്ല- എടൊ തോമ്മാ- എന്നായിരുന്നു- തോമ്മാച്ചൻ ചെന്നപ്പോൾ വളരെ സ്നേഹപൂർവ്വം എടൊ തന്റെ മകനെ അമേരിക്കയിൽ വിട്ടത് എങ്ങനാ എന്നോട് വിവരിച്ച് പറയുക. സ്നേഹം കൊണ്ടും സന്തോഷം

www.malankaralibrary.com



കൊണ്ടുമാ ചോദിക്കുന്നത് അറിയാൻ ആഗ്രഹമാണ്. എന്റെ കൊച്ചമ്മേ- എനിക്ക് ഒന്നറിയാം ഞാൻ എന്നും പള്ളിയിൽ പോകുമ്പോൾ കുർബ്ബാന യ്ക്കുശേഷം തിരുരൂപം തൊട്ട് കുരിശുവരച്ച് കൊണ്ട് പ്രാർത്ഥന മുടങ്ങാതെ നടത്തിയിരുന്നു. ദൈവകൃപയാണ്. പരി:മാതാവിന്റെ മുമ്പിലും ഞാൻ പ്രാർത്ഥി ച്ചിരുന്നു. അല്ലാതെ മറ്റൊന്നും എനിക്ക് പറയാനില്ല സന്തോഷത്തോടെ തോമ്മാച്ചനെ യാത്ര പറഞ്ഞശേഷം ഏലിയാമ്മ ഒരു പ്രതിജ്ഞ എടുത്തു എന്നും പള്ളിയിൽ പോകണം തിരുരൂപങ്ങളുടെ മുമ്പിൽ മുട്ടുകുത്തി പ്രാർത്ഥി ക്കണം. പിന്നീട് ഏലിയാമ്മ എല്ലാ ഞായറാഴ്ചകളിലും പള്ളിയിൽ പുതിയ പുതിയ വസ്ത്രങ്ങൾ ധരിച്ച് മോടിയായി പോക്ക് തുടങ്ങി. കുർബ്ബാന കഴി ഞ്ഞാൽ ഏലിയാമ്മ തിരുരൂപത്തിൽ മുത്തി മുട്ടുകുത്തി താഴെപ്പറയുന്ന പ്രകാരം പ്രാർത്ഥിക്കും. എന്റെ മകനെ അമേരിക്കയിൽ അയക്കണമെ എന്നു മാത്രം. ആയത് പലപ്രാവശ്യം ഉരുവിട്ട് പ്രാർത്ഥിച്ചുകൊണ്ടിരിക്കും. സമയം പോകുന്നതേ അറിയുന്നില്ല. ഇതുകാരണം കപ്യാർ വിഷമിച്ചു. ഏലിയാമ്മ ഇറങ്ങാതെ പള്ളി അടച്ചുപൂട്ടാനും പറ്റാതെവന്നു 12 വയസുള്ള കപ്യാരുപ യ്യന് വിശപ്പ് സഹിക്കാതെയും വന്നു. ബ: വികാരി അച്ചൻ പള്ളി അടച്ചുപൂട്ടാ നുള്ള ജോലി അവനെയാണ് ഏല്പിച്ചിട്ടുള്ളതും കപ്യാർക്ക് ഏലി യാമ്മയോടെ ഇറങ്ങിപോകാൻ പറയുന്നത് പ്രയാസവും അവന് സഹി ക്കാൻവയ്യാതെ, വന്നപ്പോൾ ഒരു വിദ്യ കണ്ടുപിടിച്ചു. ഏലിയാമ്മയുടെ പ്രാർത്ഥന അവൻ ഗ്രഹിച്ചു. എന്റെ മോനെ അമേരിക്കയിൽ അയക്കണമെ ഇത് അവൻ മനസിലാക്കികൊണ്ട്, അവൻ മദ്ബഹായിൽ കയറി മറ പൂർണ്ണ മായി വലിച്ചിട്ട് അതിന്റെ മറവിൽ ഇരുന്നുകൊണ്ട് സ്വരം മാറ്റി താഴെ പറ യുന്ന പ്രകാരം പ്രസ്താവിച്ചു. ഏലിയാമ്മെ നിന്റെ മകനെ അമേരിക്കയിൽ വിടാൻ സാധിക്കുകയില്ല. എന്ന് മൂന്ന് പ്രാവശ്യം നീട്ടിപറഞ്ഞു. ഇതുകേട്ട ഏലിയാമ്മ ചാടി എഴുന്നേറ്റ് കുപിതയായി ഇപ്രകാരം ഉച്ചരിച്ചു. നീ എന്റെ മോനെ അമേരിക്കയിൽ വിടണ്ടാ. വെറുതെയല്ല നിന്റെ മോനെ അവർ പിടി ച്ചുകെട്ടി ചമ്മട്ടികൊണ്ട് അടിച്ച് എടുക്കാൻ വയ്യാത്ത കുരിശും വഹിപ്പിച്ച് കൊണ്ടുപോയി ക്രൂശിച്ചത്. എന്റെ മോനെ അമേരിക്കയിൽ വിടണ്ടാ മരി ച്ചിട്ടും വിലാവിൽ കുന്തം കൊണ്ട് കുത്തിയില്ലേ എന്റെ മോനെ അമേരിക്ക യിൽ വിടണ്ടാ എനിക്ക് ഇപ്പോൾ ഒരു കുഴപ്പവുമില്ല. അവൻ നല്ലൊരു വക്കീ ലുമാണ് എന്ന് പറഞ്ഞ് പിറുപിറുത്ത് കൊണ്ട് ഏലിയാമ്മ പള്ളിയിൽ നിന്നും ഇറങ്ങിപോയി.

കപ്യാർ സന്തോഷത്തോടെ പള്ളി അടച്ചുപൂട്ടി താക്കോൽ- ബ: വികാരി അച്ചന്റെ മേശപ്പുറത്ത് കൊണ്ടുവച്ചിട്ട് പോയി. പിന്നീട് ഏലിയാമ്മയുടെ ആ ശല്ല്യം ഉണ്ടായിട്ടേയില്ല.

(ചിന്താവിഷയം)

www.malankaralibrary.com



## പരി: ദൈവമാതാവ് പ്രത്യക്ഷപ്പെട്ടത്.

1952- മുതൽ എല്ലാ സെപ്തംബർ 1-ാം തീയതി മുതൽ 8-ാം തീയതി വരെ എട്ടുനോമ്പ്, അതായത് പരി: ദൈവമാതാവിന്റെ ജനനപ്പെരുനാൾ ആരംഭിച്ചു. (കൂടൽ സെന്റ് പോൾസ് യാക്കോബായ സുറിയാനിപള്ളിയിൽ) തെക്കൻ ഇടവകകളിൽ ഞാനാണ് ആദ്യമായി എട്ടുനോമ്പ് ആരംഭിച്ചത്. പിന്നീട് ആണ്ടുതോറും മുടങ്ങാതെ നടത്തിവരവെ 1955-ൽ നോമ്പിന്റെ അഞ്ചാം ദിവസം അഞ്ചര മണിക്ക് സന്ധ്യാ നമസ്ക്കാരം ആരംഭിച്ചു. ഒമ്പതാം മണിയുടെ പ്രാർത്ഥനാവസരത്തിൽ മറ നീക്കി മദ്ബഹയിൽ ത്രോണോസിൽ തിരി കത്തിക്കുന്നതിന് ഒരു മിനിട്ട് മുമ്പ് പള്ളിയുടെ മദ്ധ്യത്തിൽ ഒരു പ്രകാശം പ്രത്യക്ഷപ്പെട്ടു. ഏതാണ്ട് 4- ഇഞ്ച് വൃത്താകൃതിയിൽ അതിനകത്ത് പരി: ദൈവമാതാവ് ദൈവപുത്രനെ എടുത്തുകൊണ്ടിരിക്കുന്ന രൂപവും ഇതുകണ്ട് പ്രാർത്ഥനയിൽ സംബന്ധിച്ചിരുന്ന വിശ്വാസികൾ 'എന്റെ അമ്മേ' എന്ന് വിളിച്ച് നെഞ്ചത്തടിച്ച് പ്രാർത്ഥിക്കുമ്പോഴാണ് എന്റെ ശ്രദ്ധ പതിയുന്നത്. ശുശ്രൂഷകൻ മറ വലിച്ച് ത്രോണ്ണോസിൽ തിരി കത്തിക്കാനായി ഭയപ്പെട്ടുനിന്നു. ഞാൻ മറവലിച്ചിട്ട് ത്രോണ്ണോസിൽ തിരി കത്തിച്ച് മുത്തി ഇറങ്ങി. അപ്പോൾ മറയിൽ കണ്ട അതേ രൂപം മദ്ബഹയുടെ കിഴക്കേ ഭിത്തിയിൽ പ്രത്യക്ഷപ്പെട്ടു. ഭിത്തിയുടെ വടക്കുനിന്നും തെക്കുവരെയും തെക്കുനിന്നും വടക്കുവരെയും മാറി മാറി മൂന്നുപ്രാവശ്യം ചലിച്ചശേഷം അപ്രത്യക്ഷമായി. പതിവിൻ പ്രകാരം നമസ്ക്കാരം പൂർത്തിയാക്കി കൈ മുത്തി ആളുകൾ പിരിഞ്ഞു. ഈ വാർത്ത കാട്ടുതീ പോലെ പടർന്നു. എതിരാളികളായ ഓർത്തഡോക്സ് സഭാംഗങ്ങളിൽ പ്രമുഖരായവരിൽ ചിലർ ഇത് കേട്ട് എതിർപ്രചരണം നടത്തി. ചുട്ടിവട്ടത്തച്ചൻ കടമറ്റം അച്ചന്റെ ശാഖയിൽ ഉൾപ്പെട്ട ആളാണ്. ആ കടമറ്റത്ത് അച്ചന്റെ ഏതോ വിദ്യയാണിത് കൂടാതെ ആളെ കൂട്ടാനും പണം ഉണ്ടാക്കാനും അച്ചന്റെ ഒരു പണികൂടിയാണിത് എന്നും മറ്റ് ചിലർ പറഞ്ഞു. അച്ചന്റെ അനുജൻ കുഞ്ഞപ്പി കുബുദ്ധിക്കാരനാണ്. പള്ളിയുടെ പടിഞ്ഞാറ് റോഡ് സൈഡിൽ ഒരു വൻ പാലവൃക്ഷമുണ്ട്. അതിൽ വല്ല ഗ്ലോബും ഘടിപ്പിച്ച് സൂര്യപ്രകാശത്തിൽ പ്രത്യക്ഷപ്പെടുത്തുന്നതായിരിക്കാം എന്നും മറ്റും പറഞ്ഞ് പരത്തി. ഏതായാലും ആ അമ്മേ നമുക്കും ഒന്നുകാണണം എന്ന് തീർച്ചപ്പെടുത്തി. നോമ്പിന്റെ ആറാം ദിവസം അഞ്ചരയ്ക്ക് മുമ്പായി ഒരു ഹിന്ദുയുവാവ് ഉൾപ്പെടെ 28 യുവാക്കൾ അമ്മയെ കാണാൻ ഹാജരായി. എന്റെ മനസ്സിൽ ഭീതിയായിരുന്നു. എങ്കിലും പരി: അമ്മയിൽ ആശ്രയിച്ച് പ്രാർത്ഥിച്ചതിനുശേഷം സന്ധ്യാ നമസ്ക്കാരം ആരംഭിച്ചു. തലേ ദിവസം കണ്ടതുപോലെ അതേ രൂപത്തിൽ തന്നെ പ്രത്യക്ഷപ്പെട്ടു. എതിരാളികൾ കണ്ട് വിശ്വസിക്ക മാത്രമല്ല. നേർച്ചകളും ഇട്ട് കൈമുത്തി പോയി. അതിൽ ചിലർ പിന്നീടുള്ള വർഷങ്ങളിലെ എട്ടുനോമ്പിൽ സംബന്ധിക്കുകയും വി: കുർബ്ബാനയ്ക്ക് അപേ

www.malankaralibrary.com



ക്ഷിക്കുകയും നേർച്ചകൾ നൽകുകയും ചെയ്തിട്ടുണ്ട് ദൈവത്തിനുസ്തുതി, ദൈവമാതാവിന് മഹത്വം.

ഈ സംഭവം നേരിൽ കണ്ട ഇടവകാംഗങ്ങളായ പലരും ഇന്നും ജീവിച്ചിരിപ്പുണ്ട്.

**Fr: Geevarghese Kamukumpallil**
Chuttivattam,
Koodal P.O.